ധമ്മപദം.

173

173

123

രണ്ടാം പതിപ്പ് കോപ്പി 1000.

[illegible] വക മലയാളിപ്ലാന്ത പുസ്തകം [illegible]

[illegible] 4 അ.

No: ~~217~~ 215 V. M. School Kottayam
173

ധർമ്മപദം.

K. G. PANIKER.

(ഈ ഗ്രന്ഥത്തിന്റെ സർവ്വാവകാശങ്ങളും
തിരുവനന്തപുരം
ഹിന്ദുമഹിളാമന്ദിരത്തിലേക്കുള്ളതാകുന്നു.)

PRINTED AT
The National Printing House, Tiruvalla.
1106.

മുഖവുര.

ഇതു് എന്റെ സാഹിത്യപരിശ്രമങ്ങളുടെ നാന്ദിയാണ് ഈ കാൎയ്യത്തിൽ എന്നെ സൎവ്വാത്മനാ സഹായിച്ചിട്ടുള്ളതു് ഇതിന്റെ അവതാരികാകാരനായ മഹാത്മാ പീ. ശേഷാദ്രിഅയ്യംവർകളാണ്. അദ്ദേഹത്തിന് എന്റെ പ്രേമപൂൎണ്ണങ്ങളായ പ്രണാമശതങ്ങൾ.

വിനീതൻ.

K. G. Paniker

ii

അവതാരിക.

പാശ്ചാത്ത്യരുടെയും പൌരസ്ത്യരുടെയും ചരിത്രം, ആദശം, സ്ഥിതി മുതലായവയെക്കുറിച്ച് സൂക്ഷ്മവിചിന്തനം ചെയ്യുമ്പോറം അവ തമ്മിൽ വല്യതായ അന്തരം കാണുന്നുണ്ട്. ഒന്ന് ധമ്മപ്രധാനവും സാത്വികവും ശാന്തിതല്പരവും, മററത് കമ്മപ്രധാനവും രാജസവും ഭോഗാസക്തവുമായിരിക്കുന്നു. പ്രധാനമതസ്ഥാപകന്മാർ—അവതാരപുരുഷന്മാരെന്നു വിഖ്യാതരായ മഹാത്മാക്കറം—ഏഷ്യയിൽ മാത്രം ആവിർഭവിച്ചിട്ടുള്ളതുതന്നെ ഇതിന് ഉത്തമദൃഷ്ടാന്തമാണ്. പ്രസ്തുത മഹാത്മാക്കളിൽ പലരും പുണ്യക്ഷേത്രമായ ഭാരതവർഷത്തെ പാവനമാക്കിയതിൽ നിന്ന് വിശാലനിയാമകൻ ഭൂമണ്ഡലത്തിൽ ഭാരതത്തിനു നറംകിയിട്ടുള്ള സ്ഥാനവും കത്തവ്യവും പ്രസ്പഷ്ടമാകുന്നു. ഭാരതത്തിൻെറ ചരിത്രം ധമ്മ (മത) സമന്വയചരിത്രംതന്നെ എന്ന് ഒരു മഹാൻ പറഞ്ഞിട്ടുണ്ട്. ഇത് എത്രയും വാസ്തവമായിരിക്കുന്നു. ഹിന്തുക്കളുടെ പ്രമാണഗ്രന്ഥങ്ങളിൽ വച്ച് ഉൽകൃഷ്ടവും ലോകത്തിലേ അതിപ്രാചീനമായ ഗ്രന്ഥമെന്ന് ആധുനിക വിദ്വാന്മാർ ഐകകണ്ഠ്യേന സമ്മതിച്ചിട്ടുള്ളതുമായ ഋഗ്വേദത്തിൽ തന്നെ ഇതിൻെറ സൂചന കാണുന്നു:—

"ഏകം സത് വിപ്രാബഹുധാവദന്തി,"

(യഥാൎത്ഥസത്യം ഒന്നുമാത്രമാണ്. അതിനേത്തന്നെ വിദ്വാന്മാർ പല പേരിൽ കീൎത്തിക്കുന്നു.)

മതകലഹങ്ങളെ എല്ലാം ശാന്തമാക്കുന്ന ഏക മഹാവാക്യം ഇതാകുന്നു. സൎവ്വോപനിഷത്തുക്കളുടെയും സാരസൎവ്വസ്വം ദോഹനം ചെയ്ത ഭഗവാൻ ശ്രീകൃഷ്ണമൂൎത്തി—ആജന്മബ്രഹ്മചാരിയും പരമഹംസോത്തംസവുമായ ശുകബ്രഹ്മർഷിയാൽ പൂൎണ്ണാവതാരമെന്നു സ്തുതിക്കപ്പെട്ട ശ്രീകൃഷ്ണഭഗവാൻ—ഈ മഹാവാക്യത്തെ—

"യേ യഥാമാംപ്രപദ്യന്തേ
താം സ്തഥൈവഭജാമ്യഹം
മമ വൎത്മാനുവൎത്തന്തേ
മനുഷ്യാഃ പാൎത്ഥ സൎവ്വശഃ"

ആരാര് ഏതേതുപ്രകാരത്തിൽ എന്നെ ഭജിക്കുന്നുവോ അവരേ അതാതു വിധത്തിൽ ഞാൻ അനുഗ്രഹിക്കുന്നു. ഹേപാൎത്ഥ! ഏതു വിധവും ഒടുക്കം എന്നേ പ്രാപിക്കുന്ന പന്ഥാവിൽക്കൂടിയാ

ണ് സകല മനുഷ്യരും ചരിക്കുന്നതു്" എന്നു വ്യാഖ്യാനിച്ചു് അ കാലത്തു് പരസ്പരം കലഹിച്ചുകൊണ്ടിരുന്ന ഭക്തി— ജ്ഞാന— കർമ്മമാർഗ്ഗങ്ങളേ സമന്വയംചെയ്തു. ഭഗവാൻ ഗീതയിൽ അരുളിച്ചെയ്തു—

"സമം പശ്യൻ ഹി സർവ്വത്ര
സമവസ്ഥിത മീശ്വരം
നഹിനസ്ത്യാത്മനാത്മാനം
തതോ യാതി പരാംഗതിം.
ഇഹൈവ തൈർജ്ജിതസ്സർഗ്ഗോ
യേഷാം സാമ്യേസ്ഥിതം മനഃ
നിർദ്ദോഷം ഹി സമം ബ്രഹ്മ
തസ്മാൽ ബ്രഹ്മണി തേ സ്ഥിതാഃ
വിദ്യാവിനയസമ്പന്നേ
ബ്രാഹ്മണേഗവിഹസ്തിനി
ശുനിചൈവശ്വപാകേച
പണ്ഡിതാഃ സമദർശിനഃ."

(എല്ലായിടവും ഒരുപോലെ [illegible]ിതി ചെയ്യുന്ന ഈശ്വരനേ സമത്വേനദർശിച്ചു്, ആത്മാവി[illegible] ആത്മാവിനേ ഹനിക്കാതെ ഇരിക്കുന്നവൻ അനന്തരം പരമപദത്തേ പ്രാപിക്കുന്നു.

യാതൊരുവരുടെ മനസ്സ് സാമ്യത്തിൽ സ്ഥിതിചെയ്യുന്നുവോ അവർ ഇഹലോകത്തിൽ സൃഷ്ടിയേ ജയിച്ചവരാകുന്നു.

വിദ്യാവിനയസമ്പന്നനായ ബ്രാഹ്മണനിലും പശുവിലും, ആനയിലും, പട്ടിയിലും, ചണ്ഡാലനിലും വിദ്വാന്മാർ സമബുദ്ധികളായിരിക്കുന്നു.)

ഇത്യാദിവാക്യങ്ങളുടെ പ്രത്യക്ഷസ്വരൂപമായിട്ടു്, സമത്വം ദയ, അഹിംസ മുതലായ വിശിഷ്ടഗുണങ്ങൾ മൂർത്തീകരിച്ചു് ഭഗവാൻ ശ്രീബുദ്ധൻ അവതരിച്ചു. ഇത്ര മഹത്തരമായ ഒരു ത്യാഗം ലോകചരിത്രത്തിൽ ഇന്നേവരെ ഉണ്ടായിട്ടില്ല. പുത്രവാത്സല്യനിധിയായ പിതാവിനെയും, ധാത്രിയെയും, പ്രാണാധികപ്രിയയായ ധർമ്മപത്നിയേയും, സദ്യോജാതനും വാത്സല്യസങ്കേതവുമായ ഏക പുത്രനെയും, എന്നുവേണ്ട, നിസ്തുല്യമായ രാജൈശ്വര്യത്തേപ്പോലും ലോകമംഗളത്തിനുവേണ്ടി തൃണവൽക്കരിച്ച ആ മഹാപുരുഷൻെറ വിസ്മയനീയമായ ത്യാഗത്തെ സ്മരിക്കുമ്പോൾ ഒരു നവചൈതന്യവും ത്യാഗബുദ്ധിയും ആർക്കു്തന്നെ ഉണ്ടാകയി

ല്ല? അഹോ! എന്തൊരു അമാനുഷമായ ദൃഢപ്രതിജ്ഞ! ബോധിവൃക്ഷത്തിൻെറ ചുവട്ടിലിരുന്നുകൊണ്ട് ആ ധീരാത്മാവ് ഈ പ്രകാരമാണ് ഉച്ചരിച്ചത്.

"ഇഹാസനേ ശുഷ്യതുമേശരീരം
ത്വഗസ്ഥിമാംസം പ്രളയം ചയാതു
അപ്രാപ്യബോധിം ബഹുകല്പദുർല്ലഭാം
നൈവാസനാൽകായമതശ്ചലിഷ്യതേ"

(ലളിതവിസ്തരം)

("ഈ ഇരിക്കുന്ന ഇരുപ്പിൽതന്നെ എൻെറ ശരീരം ശോഷിച്ചുകൊള്ളട്ടെ തൊലിയും എല്ലും മാംസവും ദ്രവിച്ചു പോകട്ടെ. അസംഖ്യയുഗകാലംകൊണ്ടും കിട്ടാൻ പ്രയാസമുള്ള ജ്ഞാനത്തെ പ്രാപിക്കാതെ ഞാൻ ഈ ഇരിപ്പിൽനിന്ന് ഇളകുന്നതല്ല.")

ത്യാഗവും ദൃഢപ്രതിജ്ഞയുമുണ്ടെങ്കിൽ സിദ്ധിയേ പ്രാപിക്കാമെന്ന് അദ്ദേഹത്തിൻെറ ജീവിതം കാണിക്കുന്നു. ഇപ്രകാരം "ബഹുജനഹിതായ ബഹുജനസുഖായ"—ആവിർഭവിച്ച ആ മഹാത്മാവിൻെറ അനുയായികൾ ബുദ്ധമതത്തെ ഹിന്ദുമതത്തിൽ നിന്ന് വേറാക്കിയെങ്കിലും ഭഗവാൻ ശ്രീബുദ്ധനോ, ഹിന്ദുക്കളുടെ പ്രധാനാചാര്യന്മാരോ അപ്രകാരം വിചാരിച്ചിരുന്നില്ല. ക്രിസ്തുദേവൻപറഞ്ഞിരിക്കുന്നതുപോലെ "I come to fulfil and not to destroy"-പുരാതന മതത്തെ നശിപ്പിക്കാനായിട്ടല്ല ഞാൻ അവതരിച്ചത്. പ്രത്യുത, സഫലമാക്കാനാണ്." ശ്രീബുദ്ധഭഗവാൻെറ ഭാവവും അപ്രകാരം തന്നെ ആയിരുന്നുവെന്ന് അദ്ദേഹത്തിൻെറ ജീവിതവും ഉപദേശങ്ങളുമായി പരിചയപ്പെടാൻ ഭാഗ്യം ലഭിച്ചവർക്കെല്ലാം അറിയാവുന്നതാണ്. ജ്ഞാനമൂർത്തിയും വേദാന്തമഹാഗുരുവുമായ ശ്രീമച്ഛങ്കരാചാര്യർ ദശാവതാരസ്തോത്രത്തിൽ ശ്രീബുദ്ധഭഗവാനെ "യോഗിനാം ചക്രവർത്തി" എന്ന് അഭിധാനം ചെയ്തു വന്ദിക്കുന്നു. ഭക്തശിരോമണിയും സുമധുരകവിയുമായ ശ്രീജയദേവൻ ഇപ്രകാരം പാടിയിരിക്കുന്നു. "നിന്ദസി യജ്ഞവിധേരഹഹശ്രുതിജാതം സദയഹൃദയദർശിത പശുഘാതം കേശവധൃതബുദ്ധശരീരജയജഗദീശഹരേ!" വർത്തമാനഭാരതോൽബോധകനും വിശ്വവിജയിയും വേദാന്തകേസരിയുമായ ശ്രീമദ്വിവേകാനന്ദസ്വാമികൾ ശ്രീബുദ്ധഭഗവാനെ ലോകത്തിലേ ഏററവും വലിയ മനുഷ്യൻ- ദൃഢകർമ്മയോഗിയെന്നും, ബുദ്ധമതത്തെ "Rebel child of Hinduism"—ഹിന്ദുമതത്തോടു കലഹിച്ച അതിൻെറ സന്താനമെന്നും പറഞ്ഞിരിക്കുന്നു.

ബുദ്ധമതഗ്രന്ഥങ്ങൾ കഥ, സുത്ത (സൂത്രം) വിനയ അഭി ധമ്മ, എന്നിങ്ങനെ, സാകല്യേന മൂന്നായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഇവയിൽ ധമ്മപദം സുത്തമെന്ന വിഭാഗത്തിൽപെട്ടതാണ്. ഇത് അതിപുരാതനവും വിഖ്യാതവുമായ ഒരു ബുദ്ധമതഗ്രന്ഥമാകുന്നു. സിലോൺ, ബമ്മ, സയാം, ചൈന, ജപ്പാൻ, ടിബററ് ഈ രാജ്യങ്ങളിൽ ഈ ഗ്രന്ഥം അദ്യാപി ഭക്തിപുരസ്സരം അദ്ധ്യയനം ചെയ്യപ്പെട്ടു വരുന്നു. ബുദ്ധമതാനുയായികൾക്ക് ഇത്ര പ്രീതികരമായി മററൊരു ഗ്രന്ഥവുമില്ല. സന്മാൎഗ്ഗത്തിന്റെ ഉൽകൃഷ്ടപ്രതിപാദനത്തിൽ ഇതിനോട് സാമ്യംവഹിക്കുന്ന ഗ്രന്ഥങ്ങൾ അതിവിരളങ്ങൾതന്നെ. ദാർശനിക ജടിലതയാവട്ടെ അസ്പഷ്ടതാദോഷമാകട്ടെ ഇതിൽ കാണപ്പെടുന്നില്ല. ഉപദേശങ്ങൾ സാൎവ്വജനീനവും സകല മതങ്ങൾക്കും അനുയോജ്യവുമാകുന്നു. ഇരുപത്തിആറ് അദ്ധ്യായങ്ങളുള്ള ഈ ഗ്രന്ഥത്തിൽ ഓരോ അദ്ധ്യായത്തിലും സല്ക്കൎമ്മദുഷ്കൎമ്മങ്ങളുടെ വിവേചനമാണ് പ്രധാനമായി പ്രതിപാദിച്ചിട്ടുള്ളതു്. ധമ്മ എന്ന പദത്തിന്, കമ്മം, സംസ്കാരം, സ്വഭാവം, കാൎയ്യകാരണഭാവം, പദാൎത്ഥം ഇത്യാദി പലേ അൎത്ഥങ്ങളുമുണ്ട്. കാൎയ്യകാരണഭാവമെന്നാണ് ഇവിടെ മുഖ്യമായി വിവക്ഷിച്ചിരിക്കുന്നതു്. ധമ്മത്തിന്റെ അഥവാ കമ്മത്തിന്റെ പ്രഭാവം (ശക്തി) ആൎക്കും നീക്കാൻ സാധിക്കുകയില്ല. ആകയാൽ ധമ്മമെന്നാൽ എന്തെന്ന് അറിഞ്ഞിരിക്കേണ്ടതു് സകല ജനങ്ങളുടെയും കൎത്തവ്യമാകുന്നു. ഇതു് ലോകത്തെ ധരിപ്പിക്കുന്നതിനുവേണ്ടി ശ്രീബുദ്ധഭഗവാൻ ധമ്മപദത്തെ ആവിർഭവിപ്പിച്ചു.

ക്രിസ്ത്വാബ്ദം 5-ാംശതകത്തിൽ ബുദ്ധഘോഷൻ പാലിഭാഷയിൽ തന്നെ ധമ്മപദത്തിന് ഒരു ടീക രചിച്ചിട്ടുണ്ട്. ഈ ടീകയിൽ ഓരോ ശ്ലോകത്തിന്റെ വ്യാഖ്യാനത്തിലും ഓരോ ഉപാഖ്യാനം ചേൎത്തിട്ടുണ്ട്. ഈ ഉപാഖ്യാനങ്ങൾ ശ്രീ ബുദ്ധഭഗവാൻ തന്നെ തന്റെ ശിഷ്യന്മാരോട് അരുളിച്ചെയ്തിട്ടുള്ളവയാണെന്ന് ബുദ്ധമതാവലംബികൾ വിശ്വസിച്ചിരിക്കുന്നു. ലാററിൻ, ഫ്രഞ്ച്, ജമ്മൻ, ഇംഗ്ലീഷ് മുതലായ പാശ്ചാത്യഭാഷകളിലും ഈ ഗ്രന്ഥം തർജ്ജിമചെയ്തിട്ടുണ്ട്. വിഖ്യാതനായ പണ്ഡിതൻ മോക്ഷമൂലർ തന്നെയാണ് ഈ ഗ്രന്ഥത്തെ ഇംഗ്ലീഷിൽ തൎജ്ജമചെയ്തു തന്റെ Sacred books of the East series (പൌരസ്ത്യധമ്മഗ്രന്ഥമാല)യിലുൾപ്പെടുത്തി പ്രസിദ്ധംചെയ്തതു്.

ശ്രമണന്മാർ (ബുദ്ധമതഭിക്ഷുക്കൾ) ഉപസമ്പദ(ഉപദേശം) സ്വീകരിക്കുമ്പോൾ ഈ ഗ്രന്ഥം മുഖസ്ഥമാക്കുന്നു.

ഈ ഗ്രന്ഥത്തെപ്പററി ശ്രീമൽ വിവേകാനന്ദസ്വാമികൾ പറഞ്ഞിട്ടുള്ളതു് ഇപ്രകാരമാണ്.

The Restless western atheist or agnostic finds in the gita or in the Dhammapada the only place where his soul can anchor,—ശാന്തി ഇല്ലാത്ത പാശ്ചാത്യനാസ്തികനും അജ്ഞേയവാദിയും തൻെറ ആത്മാവിന് (മനസ്സിന്) വിശ്രമിക്കുവാൻ ഒരൊററ സ്ഥാനം ഗീതയിലോ ധമ്മപദത്തിലോ മാത്രമേ കാൺകയുള്ളൂ.

ശ്രീബുദ്ധഭഗവാൻ ഉപദേശിച്ചിട്ടുള്ളതും ഹിന്ദുക്കൾ ഗീതയേ എന്നതുപോലെ തന്മതാവലംബികൾ ശ്രദ്ധാഭക്തിപുരസ്സരം പാരായണം ചെയ്തുവരുന്നതുമായ 'ധമ്മപദ'മത്രേ പ്രസ്തുത ഗ്രന്ഥം. ഇതിൽ ബുദ്ധമതതത്വങ്ങൾ അതിലളിതവും സരസവുമായ ഭാഷയിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഇതു് ആ കാലത്തു നടപ്പിലിരുന്ന പാലിഭാഷയിലാണ് രചിക്കപ്പെട്ടിട്ടുള്ളതു്. ശ്രീബുദ്ധഭഗവാൻെറ ചില പണ്ഡിതശിഷ്യന്മാർ, സംസ്കൃതത്തിലുപദേശിക്കണമെന്ന് അദ്ദേഹത്തോടപേക്ഷിച്ചപ്പോൾ ആ ദയാമയൻ പറഞ്ഞതു്. "ഞാൻ സാധാരണ ജനങ്ങൾക്കു വേണ്ടിയാണ് വന്നിരിക്കുന്നതു്, "അവരുടെ ഭാഷയിൽ തന്നെ സംസാരിക്കണം" എന്നായിരുന്നു. അഹോ! എന്തൊരു വിശാലഹൃദയം.

അദ്ദേഹത്തിൻെറ ദിവ്യമുഖത്തുനിന്നും വന്നിട്ടുള്ള ഈ വാക്യങ്ങളുടെ (മന്ത്രങ്ങളുടെ) ശക്തി എന്നും സജീവം തന്നെ.

ഇനിയും, പാലിഭാഷ പഠിക്കാനാഗ്രഹിക്കുന്നവർക്കും ഇതുപോലെ പററിയ ഒരു പ്രഥമപാഠാവലി കാൺകയില്ല. ആ ഭാഷ ഭാരതചരിത്രാന്വേഷികൾ അവശ്യം അറിഞ്ഞിരിക്കേണ്ടതാണെന്ന് വിവേകാനന്ദസ്വാമികൾ അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഇതര പ്രാകൃതഭാഷകളേക്കാൾ പ്രസ്തുത ഭാഷ സംസ്കൃതത്തോടു് വളരെ യോജിച്ചതാണെന്നുള്ളതും അതു് പഠിക്കുന്നവർക്കു് ഏററവും സഹായമാണ്. മൂലവും അന്വയവും സംസ്കൃതത്തിൽ പ്രതിശബ്ദവും തർജ്ജമയും ഇതിൽ അനുക്രമമായി ചേർത്തിരിക്കുന്നു.

മഹാഭാരതം, മനുസ്മൃതി മുതലായ ഹിന്ദുമതഗ്രന്ഥങ്ങളിലെ ശ്ലോകങ്ങൾക്കു് അനുരൂപമായി അനവധി വാക്യങ്ങൾ ഇതിൽ കാണുന്നു എന്നുള്ളതും പ്രത്യേകം ശ്രദ്ധേയമാണ്.

ശ്രീബുദ്ധഭഗവാന്റെ ദിവ്യവാണിയെ പാരായണം ചെയ്ത്, സ്വാർത്ഥത്യാഗം, സമത്വം, ദയ, അഹിംസ, സന്മാർഗ്ഗനിഷ്ഠ മുതലായവ ജീവിതത്തിൽ അനുഭവപ്പെടുത്തി ബഹുജനഹിതത്തിനും ബഹുജനസുഖത്തിനുമായി ജീവിക്കുവാൻ പരമകാരുണികനായ ആ തഥാഗതൻ നമ്മെ അനുഗ്രഹിക്കട്ടെ.

പി. ശേഷാദ്രിഅയ്യർ, ബി. എ. ബി. എൽ.
അരിപ്പാട്ട്.

ധമ്മപദം.

യമകവഗ്ഗഃ

പ്രഥമഃ

മൂലം. മനോപൂബ്ബങ്ഗമാ ധമ്മാ
മനോസേട്ഠാമനോമയാ
മനസാചേപദുട്ഠേന
ഭാസതിവാകരോതിവാ
തതോനം ദുക്ഖമന്വേതി
ചക്കംവവഹതോപദം

അന്വയം

മൂലഭാഷാ	സംസ്കൃതം
ധമ്മാ മനോപൂവ്വങ്ഗമാ	ധർമ്മാഃ മനഃ പൂർവ്വങ്ഗമാഃ
മനോസേട്ഠാമനോമയാ	മനശ്ശ്രേഷ്ഠാഃ മനോമയാഃ
പദുട്ഠേനമനസാചേ	പ്രദുഷ്ടേനമനസാചേൽ
ഭാസതിവാ, കരോതിവാ	ഭാഷതേ, കരോതിവാ
തതോചക്കംവഹതൊ	തതഃചക്രംവഹതഃ
പദംവനംദുക്ഖമന്വേതി.	(വൃഷഭസ്യ)പദമിവഏനം ദുഃഖമന്വേതി.

അനുവാദം.

മനസ്സ് വേദനം തുടങ്ങിയ ധർമ്മസമൂഹങ്ങളുടെ പൂർവ്വഗാമിയാണ്. അതു് ധർമ്മസമൂഹങ്ങളിൽവച്ച് ശ്രേഷ്ഠ(പ്രധാന)മാകുന്നു. ധർമ്മം മനസ്സിൽനിന്നു് ഉൽപന്നമാകുന്നു. (മനുഷ്യരുടെസ്വഭാവം അഥവാ, ചിന്ത മനസ്സുമാർഗ്ഗേണ അനുപ്രാണിതവും, പരിചാലിതവുമായിട്ട്, ജീവൻെറ ചൈതസികങ്ങളായ ഭാവങ്ങളെല്ലാം മനസ്സിൽനിന്നും ഉത്ഭവിച്ച് മനസ്സിൻെറ ഭാവത്തെ പ്രാപിക്കു

ന്നു.) ഒരുവൻ ദുഷ്ടമായ മനസ്സുകൊണ്ടു പറകയും പ്രവൎത്തിക്കയും ചെയ്യുന്നുവെങ്കിൽ, ചക്രം ഏതുതൊരുവിധത്തിൽ ഭാരവാഹിയായ വൃഷഭത്തിന്റെ പാദചിഹ്നത്തെ അനുസരിക്കുന്നുവോ അതേവിധത്തിൽ ദുഃഖം അവനെ അനുഗമിക്കുന്നു.

മൂലം (2)

മനോപുബ്ബങ്ഗമാധമ്മാ
മനോസേട്ഠാമനോമയാ
മനസാചേപസന്നേന
ഭാസതിവാകരോതിവാ
തതോനംസുഖമന്വേതി
ഛായാവഅനപായിനീ

അന്വയം.

മൂലഭാഷാ	സംസ്കൃതം
ധമ്മാമനോപുബ്ബങ്ഗമാ	ധൎമ്മാഃമനഃപൂൎവ്വങ്ഗമാഃ
മനോസേട്ഠാമനോമയാ	മനശ്ശ്രേഷ്ഠാഃമനോമയാഃ
പസന്നേനമനസാചേ	പ്രസന്നേനമനസാചേൽ
ഭാസതിവാകരോതിവാ	ഭാഷതേകരോതിവാ
തതോഅനപായിനീഛായാ	തതഃ അനപായിനീഛായാ
വനം സുഖമന്വേതി.	ഇവ ഏനംസുഖമന്വേതി.

അനുവാദം

മനസ്സ് ധൎമ്മസമൂഹങ്ങളുടെ പൂൎവ്വഗാമിയാകുന്നു. ധൎമ്മങ്ങളിൽവച്ച് പ്രധാനവസ്തുവും മനസ്സാകുന്നു. ധൎമ്മം മനസ്സിൽ നിന്ന് ഉൽപന്നമാകുന്നു. ആരൊരുവൻ നിൎമ്മലമനസ്സായിട്ട് പറകയും പ്രവൎത്തിക്കയും ചെയ്യുന്നു, അവനെ സുഖം സദാ ഛായപോലെ അനുഗമിക്കുന്നു.

മൂലം 3.

അക്കോച്ഛിമം അവധിമം
അജിനിമം അഹാസിമെ.
യേചതം ഉപനയ്ഹന്തി
വേരംതേസം നസമ്മതി

മൂ: ഭാ:	സം:—
മം അക്കോഛി, മം അവധി	മാംഅക്രോശീൽ മാം അവ
മം അജിനി,	ധീൽ, മാംഅജൈഷിൽ.
മേ അഹാസി	മെ അഹാർഷിൽ,
യേചതംഉപനയ്ഹന്തി	യേചതൽഉപനഹ്യന്തി
തേസംവേരം ന സമ്മതി	തേഷാംവൈരംനശാമ്യതി.

അനു:—

എന്നെ തിരസ്കരിച്ചു. എന്നെ പ്രഹരിച്ചു. എന്നെ തോല്പിച്ചു. എന്റെ ദ്രവ്യത്തെ അപഹരിച്ചു. എന്നിങ്ങനെ ഉള്ള വിചാരത്തെ ഏതൊരാൾ മനസ്സിൽവച്ച് വളൎത്തുന്നു, അവന്റെ വൈരബുദ്ധി ഒരിക്കലും ശാന്തമാകുകയില്ല.

മൂലം 4.

അക്കോഛി മം അവധിമം
അജിനിമംഅഹാസിമേ.
യേതംനഉപനയ്ഹന്തി
വൈരംതേസ്സൂപസമ്മതി

അന്വയം

മൂ: ഭാ:	സം:-
മംഅക്കോഛി,മംഅവധി	മാംഅക്രോശീൽ,മാംഅവ
മംഅജിനി	ധീൽ, മാം അജൈഷീൽ.
മേ അഹാസി.	മേഅഹാഷീൽ.
യേതംനഉപനയ്ഹന്തി	യേതൽനഉപനഹ്യന്തി
തേഷുവേരംഉപസമ്മതി.	തേഷുവൈരംഉപശാമ്യതി

അനു:-

എന്നെ തിരസ്ക്കരിച്ചു. എന്നെ പ്രഹരിച്ചു. എന്നെ പരാജിതനാക്കി. എന്റെ ദ്രവ്യങ്ങളെ അപഹരിച്ചു. ഇത്യാദി ചിന്തകൾക്ക ഏതൊരാൾ സ്വമനസ്സിൽ സ്ഥാനം അനുവദിച്ചിട്ടില്ല. അവന്റെ വൈരഭാവം ഉപശാന്തമാകുന്നു.

മൂലം 5.

നഹിവേരേണ വേരാണി
സമ്മന്തീധകുദാചനം
അവേരേനചസമ്മന്തി
ഏസധമ്മൊസനന്തനോ

അന്വയം

മൂ: ഭാ:- സം:-

നഹികദാചനം ഇധവേരാനി	നഹികദാചനഇഹവൈരാണി
വേരേനസമ്മന്തി	വൈരേണശാമ്യന്തി
അവേരേനചസമ്മന്തി	അവൈരേണചശാമ്യന്തി
ഏസ സനന്തനോ ധമ്മോ.	ഏഷഃ സനാതനഃ ധമ്മഃ

അൎത്ഥം:—

ഈ ലോകത്തിൽ ഒരിക്കലും വിരോധംകൊണ്ടു വിരോധത്തെ ശമിപ്പിക്കുവാൻ സാദ്ധ്യമല്ല. വിരോധമില്ലായ്മയെക്കൊണ്ടു മാത്രമേ ശത്രുത്വത്തെ ശമിപ്പിക്കുവാൻ കഴികയുള്ളൂ. ഇതു് സനാതനമായ ധമ്മമാകുന്നു.

മൂലം 6.

പരേചനവിജാനന്തി
മയമേത്ഥ യമാമസെ
യേചതത്ഥ വിജാനന്തി
തതോസമ്മന്തിമേധഗാ.

അന്വ:—

മൂ: ഭാ:— സം:—

പരേചനവിജാനന്തി	പരേനവിജാനന്തി
മയംഏത്ഥയമാമസെ	വയമത്രയംസ്യാമഃ
യേചതത്ഥവിജാനന്തി	യേചതത്രവിജാനന്തി
തതോമേധഗാസമ്മന്തി	തതഃ മേധഗാഃ ശാമ്യന്തി

അൎത്ഥം:—

നാം ചിരകാലം ഈ ലോകത്തിൽ ഇരിക്കയില്ലെന്നു് ബുദ്ധിശൂന്യന്മാരായ ജനങ്ങൾ അറിയുന്നില്ല. ഈ വസ്തുത അറിയുന്നവർക്കാകട്ടെ സൎവ്വ കലഹങ്ങളും ഇല്ലാതാകുന്നു.

മൂലം 7.

സുഭാനുപസ്സിം വിഹരന്തം
ഇന്ദ്രിയേസു അസംവുതം
ഭോജനമ്ഹിഅമത്തഞ്ഞും
കുസീതംഹീനവീരിയം
തംവേപസഹതിമാരൊ
വാതോരുക്ഖംവദുബ്ബലം

അന്വയം:—

മൂ: ഭാ:—	സം:—
സുഭാനുപസ്സിംവിഹരന്താം	ശുഭംഅനുപശ്യന്തംവിഹരന്തം
ഇന്ദ്രിയേസു അസംവുതം	ഇന്ദ്രിയേഷു അസംവൃതം
ഭോജനംഹിഅമത്തഞ്ഞൂംകുസീ-	ഭോജനേഅമാത്രാജ്ഞംകുസീദം
തം ഹീനവീരിയംതംവേ	ഹീനവീര്യംപുരുഷം
മാരോദ്ദസ്സ്ബലംരുക്ഖം വാ-	മാരുദ്ദർബ്ബലാവൃക്ഷംവാത
തോവപസഹതി	ഇവപ്രസഹതെ.

അന്വ:—

യാതൊരു വ്യക്തി ബാഹ്യശോഭയെ തേടി അലയുകയും, ഇന്ദ്രിയങ്ങളെ സംയമനം ചെയ്യാതിരിക്കയും, അമിതാഹാരനും അലസനും നിവ്വീര്യനുമായിരിക്കയും ചെയ്യുന്നുവോ അവനെ, വായു ദുർബ്ബലവൃക്ഷത്തെ എന്നപോലെ മാരൻ പരാഹതനാക്കുന്നു.

മൂലം 8.

അസുഭാനുപസ്സിംവിഹരന്തം
ഇന്ദ്രിയേസുസുസംവുതം
ഭോജനംമ്ഹിചമത്തഞ്ഞും
സദ്ധംആരദ്ധവീരിയം;
തംവേനപ്പസഹതീമാരോ
വാതോസേലംവപബ്ബതം.

അന്വയം:—

മൂ: ഭാ:—	സം:—
അസുഭാനുപസ്സിംവിഹരന്താം	അശുഭംഅനുപശ്യന്തംവിഹരന്തം
ഇന്ദ്രിയേസു സുസംവുതംഭോ-	ഇന്ദ്രിയേഷുസുസംവൃതംഭോജനേ
ജനംഹി	മാത്രാജ്ഞംചസശ്രദ്ധംആരബ്ധ
മത്തഞ്ഞുംചസദ്ധംആരദ്ധവീ	വീര്യംപുരുഷംവൈമാരഃ
രിയംതംവേമാരോ	ശൈലംപർവ്വതംവാതഇവ
സേലംപബ്ബതംവാതോവന	നപ്രസഹതെ.
പ്പസഹതി:	

അന: —

യാതൊരു വ്യക്തി ബാഹ്യശോഭയെ അന്വേഷിച്ചു നടക്കാതിരിക്കുകയും, ഇന്ദ്രിയങ്ങളെ സംയമനം ചെയ്തു മിതാഹാരനും ശ്രദ്ധാവാനും കർമ്മകുശലനുമായിരിക്കുകയും ചെയ്യുന്നുവോ അവനെ ശിലാമയമായ പർവ്വതത്തെ വാതമെന്നപോലെ മാരൻ പ്രതിഹനിക്കുന്നില്ല.

മൂലം 9.

അനിക്കസാവോ കാസാവം
യോവത്ഥംപരിദഹേസ്സതി.
അപേതോദമസച്ചേന
നസോകാസാവമരഹതി.

അന്വ: —

മൂ: ഭാഃ —	സം: —
അനിക്കസാവോയോകാസാവം- വത്ഥംപരിദഹേസ്സതി	അനിഷ്കഷായോയഃകാഷായം വസ്ത്രംപരിധാസ്യതി.
ദമസച്ചേന അവേതോസോ കാസാവംന അരഹതി.	ദമസത്യാഭ്യാമപേതഃസഃ കാഷായംന അർഹതി.

അന: —

യാതൊരു വ്യക്തി കാമരാഗാദിദോഷയുക്തനായിട്ടും കാഷായവസ്ത്രത്തെ ധരിക്കുന്നുവോ, ദമഹീനനും സത്യരഹിതനുമായ അവൻ ഒരിക്കലും കാഷായവസ്ത്രം ധരിക്കാൻ അർഹനല്ല.

മൂലം. 10.

യോചവന്തകസാവസ്സ
സീലേഷു സുസമാഹിതോ
ഉപേതോദമസച്ചേന
സവേകാസാവമരഹതി.

അന്വ: —

മൂ: ഭാ: —	സം: —
യോചവന്തകസാവോ, അസ്സ സീലേഷുസുസമാഹിതോ.	യശ്ചവാന്തകഷായഃ അസ്യ ശീലേഷു സുസമാഹിതഃ
ദമസച്ചേനഉപേതോ സവേകാസാവമരഹതി	ദമസത്യാഭ്യാമുപേതഃ സഃവൈകാഷായമർഹതി

അന്വ:—

യാതൊരുവൻ കാമരാഗാദിദോഷശൂന്യനും, ശീല (*) സമൂഹങ്ങളിൽ സുപ്രതിഷ്ഠിതനും ആയിരിക്കുന്നുവൊ, ദാന്തനും സത്യവാനുമായ അവൻ കാഷായവസ്ത്രംധരിക്കാൻ നിശ്ചയമായുംഅർഹനാകുന്നു.

മൂലം. 11.

അസാരേസാരമതിനോ
സാരേചാസാരദസ്സിനോ
തേസാരംനാധിഗച്ഛന്തി-
മിച്ഛാസങ്കപ്പഗോചരാ.

അന്വ:—

മൂ: ഭാ:—
അസാരേസാരമതിനോ.
സാരേച അസാരദസ്സിനോ.
മിച്ഛാസങ്കപ്പഗോചരാ
തേസാരം നാധിഗച്ഛന്തി.

സം:—
അസാരേസാരമതയഃ
സാരേച അസാരദർശിനഃ
മിഥ്യാസങ്കല്പഗോചരാഃ
തേസാരംനഅധിഗഛതി

അന്വ:—

യാവചിലർ അസാരവസ്തുവിനെ സാരമായും സാരത്തെ അസാരമായും വിചാരിക്കുന്നുവോ, മിഥ്യാദൃഷ്ടിക്ക് ആശ്രയദാതാക്കളായ അവർ ഒരിക്കലും സാരത്തെ പ്രാപിക്കുന്നില്ല.

മൂലം 12.

സാരഞ്ചസാരതോജ്ഞത്വാ
അസാരഞ്ച അസാരതോ
തേസാരമധിഗച്ഛന്തി
സമ്മാസങ്കപ്പഗോചരാ

അന്വ:—

മൂ: ഭാ:—
സാരം സാരതോജ്ഞത്വാ
അസാരം ച അസാരതോ
സമ്മാസങ്കപ്പഗോചരാതേ സാരം
അതിഗച്ഛതി

സം:—
സാരം സാരതഃജ്ഞാത്വാ
അസാരം ച അസാരതഃ
സമ്യക്സങ്കല്പഗോചരാഃതേ
സാരംഅധിഗച്ഛതി

* ഇവിടെ ശീലമെന്ന അർത്ഥത്തിൽ ചതുപാരിശുദ്ധിശീല [നാല്ശുദ്ധിശീലങ്ങൾ] ത്തെ ഗ്രഹിക്കണം. ൧. പ്രാതിമോക്ഷസംവരശീലം. ൨. ഇന്ദ്രിയസംവരശീലം. ൩. ആജീവപാരിശുദ്ധി സംവരശീലം. ൪. പ്രത്യയസന്നിശ്രിത സംവരശീലം. ഇവയെ പാരിശുദ്ധി സംവരശീലമെന്നു പറയപ്പെടുന്നു.

അന്വ:—

യാവ ചിലർ സാരവസ്തുവിനെ സാരവസ്തുവെന്നും, അസാര വസ്തുവിനെ അസാരവസ്തുവെന്നും അറിയുന്നുവോ, സമ്യക്സങ്കല്പ ഗോചരന്മാരായ അവർ സാരത്തെ അധിഗമിക്കുന്നു.

മൂലം 13.

യഥാഗാരം ദുച്ഛന്നം
വുട്ഠീസമതി വിജ്ഝതി
ഏവംഅഭാവിതംചിത്തം
രാഗോസമതി വിജ്ഝതി.

അന്വയം

മൂ: ഭാ:—	സം:—
യഥാദുച്ഛന്നം അഗാരം വുട്ഠീ സമതി, വിജ്ഝതിഏവം അഭാ വിതംചിത്തംരാഗോസമതിവിജ്ഝതി	യഥാദുച്ഛന്നംഅഗാരംവൃഷ്ടിഃ സമതിവിധ്യതിഏവംഅഭാ വിതംചിത്തംരാഗഃ സമതി വിധ്യതി

അന്വ:—

വേണ്ടവിധം ആച്ഛാദിതമല്ലാത്ത(ഛിദ്രയുക്തമായിരിക്കുന്ന) ഗൃഹത്തിൽ വൃഷ്ടി ഏതുപ്രകാരം പ്രവേശിക്കുന്നുവോ, അപ്രകാരം ഭാവനാരഹിതമായ (ധ്യാനപരായണതയില്ലാത്ത) ചിത്തത്തിൽ ആസക്തി (രാഗം, ദ്വേഷം, മോഹം തുടങ്ങിയവ) പ്രവേശിക്കുന്നു.

മൂലം 14.

യഥാഗാരം സുച്ഛന്നം
വുട്ഠിനസമതി വിജ്ഝതി
ഏവം സുഭാവിതംചിത്തം
രാഗൊനസമതിവിജ്ഝതി

അന്വയം:—

മൂലഭാ:—	സം:—
യഥാസുച്ഛന്നം അഗാരം വുട്ഠി ന സമതിവിജ്ഝതി ഏവംസുഭാവിതംചിത്തം രാഗോനസമതിവിജ്ഝതി	യഥാസുച്ഛന്നം അഗാരം വൃഷ്ടിഃ ന സമതിവിധ്യതി ഏവംസുഭാവിതംചിത്തം രാഗോനസമതിവിധ്യതി

അന്വ: —

വേണ്ടവിധം അച്ഛാദനം ചെയ്യപ്പെട്ടിരിക്കുന്ന ഗൃഹത്തിൽ, ആ ആച്ഛാദനത്തെ ഭേദിച്ച് എപ്രകാരം വൃഷ്ടി പ്രവേശിക്കാതിരിക്കുന്നുവോ, അപ്രകാരം ഭാവനായുക്തമായ ചിത്തത്തിൽ ആസക്തി പ്രവേശിക്കുന്നില്ല.

മൂലം 15.

ഇധസോചതി പേച്ചസോചതി
പാപകാരീ ഉഭയത്ഥസോചതി
സോ സോചതിസോവിഹഞ്ഞതി
ദിസ്വാകമ്മകിലിട്ഠമത്തനോഃ

അന്വ: —

മൂ: ഭാ: —	സം: —
പാപകാരീ ഇധസോചതി	പാപകാരീഇഹശോചതി
പേച്ചസോചതി, ഉഭയത്ഥസോചതി	പ്രേത്യശോചതി, ഉഭയത്ര ശോചതി
അത്തനോകമ്മകിലിട്ഠം ദിസ്വാ	ആത്മനഃകർമ്മക്ലിഷ്ടംദൃഷ്ട്വാ
സോസോചതി, സോവിഹഞ്ഞതി	സശോചതി, സവിഹന്യതേ

അന്വ: —

പാപം ചെയ്യുന്നവൻ ഇഹലോകത്തിലും പരലോകത്തിലും ദുഃഖിക്കുന്നു. അവൻ തന്റെ ക്ലിഷ്ടകർമ്മത്തെ-അഥവാ മലിനകർമ്മത്തെ കണ്ടിട്ടു ശോചിക്കയും ദുരിതമനുഭവിക്കയും ചെയ്യുന്നു.

മൂലം 16.

ഇധമോദതി, പേച്ചമോദതി
കതപുഞ്ഞോഉഭയത്ഥമോദതി
സോമോദതിസോപമോദതി
ദിസ്വാകമ്മവിസുദ്ധിമത്തനോ-

അന്വ: -

മൂ: ഭാ: -	സം: -
കതപുഞ്ഞോഇധമോദതി	കൃതപുണ്യഃഇഹമോദതേ
പേച്ചമോദതി,	പ്രേത്യമോദതേ.
ഉഭയത്ഥമോദതി	ഉഭയത്രമോദതേ

അത്തനോ,കമ്മവിസുദ്ധിം ദി	ആത്മനഃകമ്മവിശുദ്ധിംദൃഷ്ട്വാ
സ്വാ,സോപമോദതി.	സമോദതേസപ്രമോദതേ.

അന്വ:-

യാതൊരുവൻ പുണ്യകമ്മം ചെയ്യുന്നു അവൻ ഇഹപരലോകങ്ങളിൽ ഒന്നുപോലെ ആനന്ദമനുഭവിക്കുന്നു. അവൻ തൻെറ കമ്മത്തിൻെറ പവിത്രതയേയും, പുണ്യഫലത്തേയും ദശിച്ചിട്ട്, അത്യന്തം ആനന്ദിക്കുന്നു.

മൂലം 17.

ഇധതപ്പതി,പേച്ചതപ്പതി
പാപകാരീഉഭയത്ഥതപ്പതി
പാപംമേകതന്തിതപ്പതി
ഭീയ്യോതപ്പതിദുഗ്ഗതിംഗതോ.

അന്വ:-

മൂ: ഭാ:-	സം:-
പാപകാരീഇധതപ്പതി	പാപകാരീഇഹതപ്യതി
പേച്ചതപ്പതി,ഉഭയത്ഥതപ്പതി	പ്രേത്യതപ്യതി,ഉഭയത്രതപ്യതി
മേപാപംകതന്തിതപ്പതി	മയാപാപംകൃതമിതിതപ്യതി
ദുഗ്ഗതിംഗതോഭീയ്യോതപ്പതി	ദുർഗ്ഗതിംഗതഃഭൂയഃതപ്യതി

അന്വ:-

പാപംചെയ്യുന്നവൻ ഇഹപരലോകങ്ങളിൽ (ഉഭയലോകങ്ങളിലും) സന്താപമനുഭവിക്കുന്നു. "ഞാൻ പാപം ചെയ്തു" എന്നീ വിധമുള്ള ചിന്തയാൽ അവൻ ഈ ലോകത്തിലും, ദുർഗ്ഗതി പ്രാപിച്ച് പരലോകത്തിലും താപം അനുഭവിക്കുന്നു.

മൂലം 18.

ഇധനന്ദതി,പേച്ചനന്ദതി
കതപുഞ്ഞോഉഭയത്ഥനന്ദതി
പുഞ്ഞംമേകതന്തിനന്ദതി
ഭീയോനന്ദതിസുഗ്ഗതിംഗതോ-

അന്വ:-

മൂ: ഭാ:-	സം:
കതപുഞ്ഞോഇധനന്ദതി,	കൃതപുണ്യഃഇഹനന്ദതി
പേച്ചനന്ദതി,ഉഭയത്ഥനന്ദതി	പ്രേത്യനന്ദതി,ഉഭയത്രനന്ദതി

മേപുഞ്ജംകതന്തിനന്ദതി	മയാപുണ്യംകൃതമിതിനന്ദതി
സുഗ്ഗതിംഗതോഭീയ്യോനന്ദതി	സുഗതിംഗതോഭ്രയോനന്ദതി

അനു:-

യാവനൊരുത്തൻ പുണ്യകമ്മം ചെയ്യുന്നുവോ, അവൻ ഇഹപരങ്ങളാകുന്ന ഉഭയലോകങ്ങളിലും ആനന്ദം അനുഭവിക്കുന്നു. "ഞാൻ പുണ്യകമ്മം ചെയ്തു" എന്നുള്ള ചിന്തകൊണ്ടു് ഇഹലോകത്തിലും, സൽഗതി പ്രാപ്തികൊണ്ടു പരലോകത്തിലും അവൻ ആനന്ദം പ്രാപിക്കുന്നു.

മൂലം 19.

ബഹുമ്പിചേസഹിതംഭാസമാനോ
നതക്കരോഹോതിനരോപമത്തോ
ഗോപോവഗാവോഗണയംപരേസം
നഭാഗവാസാമജ്ഞസ്സഹോതി

അന്വ:-

മൂ: ഭാ:-	സം:
ബഹുമ്പിസഹിതംഭാസമാനോ	ബഹ്വീമപിസംഹിതാംഭാഷ
പമത്തോനരോചേ	മാണഃപ്രമത്തോനരശ്ചേൽ
തക്കരോനഹോതി	തൽക്കരോനഭവതി
പരേസംഗാവോഗണയംഗോ-	സഃപരേഷാംഗാഃഗണയൻഗോ
പോവ	പഇവ
സാമജ്ഞസ്സഭാഗവാനഹോതി	ശ്രാമണ്യസ്യഭാഗവാൻനഭവതി

അനു:-

ഗോപൻ അന്യന്റെ പശുക്കളെ എണ്ണിയിട്ടും, അവയുടെ എപ്രകാരം അധികാരിയാകാതെ ഇരിക്കുന്നുവോ, അപ്രകാരം അനേകശാസ്ത്രങ്ങളെ (ബുദ്ധവചനങ്ങളെ) ഉരുക്കഴിക്കയൊ പഠിക്കയൊ ചെയ്തിട്ടും പ്രമാദംനിമിത്തം അതനുസരിച്ച് പ്രവൃത്തി ചെയ്യാതെയിരിക്കുന്ന ഒരു വ്യക്തി (ഭിക്ഷു) ഒരിക്കലും ബുദ്ധശിഷ്യത്വത്തിന് അധികാരിയാകുന്നില്ല.

മൂലം 20.

അപ്പമ്പിചേസഹിതം ഭാസമാനോ
ധമ്മസ്സഹോതിഅനുധമ്മചാരി
രാഗഞ്ചദോസഞ്ചപഹായമോഹം
സമ്മപ്പജാനോസുവിമുത്തചിത്തോ.
അനുപാദിയാനോഇധവാഹുരംവാ
സഭാഗവാസാമഞ്ഞസ്സഹോതി

അന്വ:—

മൂ: ഭാ:-

അപ്പമ്പിസഹിതം ഭാസമാനോ ചേ ധമ്മസ്സ അനുധമ്മചാരി ഹോതി.

രാഗഞ്ച ദോസഞ്ച മോഹഞ്ചപ ഹായ സമ്മപ്പജാനോസുവിമുത്തചിത്തോ അനുപാദിയാനോ

സോഇധ വാഹുരം വാസാമഞ്ഞസ് സഭാഗവാഹോതി.

സം:-

അല്പാമപിസംഹിതാം ഭാഷമാണശ്ചേൽ നരോധമ്മേഷു അനുധമ്മചാരീഭവതി.

രാഗഞ്ച ദോഷഞ്ച മോഹഞ്ച പ്രഹായ സുവിമുക്തചിത്തഃ സമ്യക് പ്രജാനൻ അനുപാദാനഃ

സ ഇഹവാ അമുത്രവാശ്രാമണ്യസ്യ ഭാഗവാൻ ഭവതി.

അത:-

യാതൊരുവൻ അല്പമാത്രമായിട്ട് ശാസ്ത്രവാക്യത്തെ പഠിക്കുകയും, ആ വാക്യത്തെ ജീവിതത്തിൽ അനുഭവപ്പെടുത്തുകയും തദ്വാരാ രാഗമോഹങ്ങളെ ത്യജിച്ചുള്ളസമ്യക്ജ്ഞാനം നിമിത്തം വിമുക്തചിത്തനായും, ഉപാദാനരഹിതനായും തീരുകയും ചെയ്യുന്നുവോ അവൻ ഇഹപരങ്ങളിൽ ശ്രാമണ്യധമ്മത്തിനു ഭാഗഭാക്കായി ഭവിക്കുന്നു.

അപ്രമാദവർഗ്ഗഃ

ദ്വിതീയ.

മൂലം 1.

അപ്പമാദോ അമതപദം.
പമാദോമച്ചുനോപദം
അപ്പമത്താനമീയന്തി
യേപമത്തായഥാമതാ.

മൂലം 2.

ഏതംവിസേസതോജ്ഞത്വാ
അപ്പമാദമ്ഹിപണ്ഡിതാ.
അപ്പമാദേപമോദന്തി
അരിയാനം ഗോചരേരതാ.

3

തേഝായിനോ സാതതികാ
നിച്ചാദൾഹപരക്കമൊ
ഫുസന്തിധീരാനിബ്ബാണാ
യോഗക്ഖേമം അനുത്തരം.

അന്വ:-

മൂ:ലാ: —	സം: —
അപ്പമാദോ അമതപദം.	അപ്രമാദഃ അമൃതപദം.
പമാദോ മച്ചുനോപദം.	പ്രമാദഃമൃത്യോഃപദം
യേപമത്താ തേയഥാമതാ	യേപ്രമത്താഃയഥാമൃതാഃ
അപ്പമത്താനമീയന്തി	അപ്രമത്താനപ്രിയന്തേ.
അപ്പമാദംഹിഏതംവി	അപ്രമാദേ ഏതംവിശേഷ
സേസതോജ്ഞത്വാ	തഃജ്ഞാത്വാ
പണ്ഡിതാഅരിയാനംഗോ	പണ്ഡിതാഃ ആര്യ്യാണാംഗോ
ചരേരതാഅപ്പമാദേ	ചരേരതാഃഅപ്രമാദേ.
പമോദന്തി,	പ്രമോദന്തേ.
ഝായിനോ സാതതികാനിച്ചം	ധ്യായിനഃസാതതികാഃനിത്യം
ദൾഹപരക്കമൊധീരാ	ദൃഢപരാക്രമാഃ ധീരാഃ
തെനിബ്ബാണം അനുത്ത	തേനിർവ്വാണം അനുത്തരം
രംയോഗക്ഖേമംഫുസന്തി	യോഗക്ഷേമംസ്പൃശന്തി.

അന്വ: —

അപ്രമാദം അമൃതത്വത്തിനു മാൎഗ്ഗമാകുന്നു. പ്രമാദം മൃത്യുവിനു മാൎഗ്ഗവുമാകുന്നു. അപ്രമത്തന്മാർ ഒരിക്കലും മരിക്കുന്നില്ല. പ്രമത്തന്മാർ എപ്പോഴും മൃതന്മാർതന്നെയാകുന്നു. അലസന്മാരും പ്രമത്തന്മാരുമായ ഭിക്ഷുക്കൾ മൃത്യുവിനും പുനർജ്ജന്മത്തിനും അധീനന്മാരാകുന്നു. ഈ സത്യത്തെയാവ ചിലർ വിശേഷമായറിഞ്ഞു് അപ്രമാദപരായണരായിട്ട്, സദാ ആൎയ്യഗണത്തിന്റെ ജ്ഞാനത്തിൽ, ധ്യാനനിഷ്ഠരും സതതചേഷ്ടായുക്തരും (ഉദ്യമശീലരും) ദൃഢപരാക്രമികളുമായിരിക്കുന്നു, ആ ധീരപുരുഷന്മാർ പരമശാന്തിസ്വരൂപമായ നിർവ്വാണത്തെ പ്രാപിക്കുന്നു.

മൂലം 4.

ഉട്ഠാനവതോസതിമതോ
സുചികമ്മസ്സനിസമ്മകാരിനോ
സഞ്ഞതസ്സചധമ്മജിവിനോ
അപ്പമത്തസ്സയസോഭിവഡ്ഢതി.

അന്വ:—

മൂ: ഭാ:—	സം:—
ഉട്ഠാനവതോ, സതിമതോ	ഉത്ഥാനവതഃസ്മൃതിമതഃ
സുചികമ്മസ്സനിസമ്മകാരിനോ,	ശുചികമ്മണഃനിശമ്യകാരി- ണഃ
സഞ്ഞതസ്സധമ്മജീവിനോ	സംയതസ്യധമ്മജിവിനശ്ച
അപ്പമത്തസ്സയസോഅഭിവ ഡ്ഢതി.	അപ്രമത്തസ്യചയശഃഅഭി വൎദ്ധതെ.

അന്വ:—

യാതൊരുവൻ എല്ലായ്പോഴും ജാഗരിതനായും, സ്മൃതിമാനായും പവിത്രകൎമ്മിയായും ഇരുന്നു വിചാരപൂൎവ്വമായി കൎമ്മങ്ങളെ ചെയ്യുന്നുവോ, സംയതേന്ദ്രിയനും ധൎമ്മപരായണനും പ്രമാദരഹിതനുമായ ആ പുരുഷന്റെ യശസ്സ് അഭിവൃദ്ധി പ്രാപിക്കുന്നു.

മൂലം 5.

ഉട്ഠാനേ നാപ്പമാദേന-
സഞ്ഞമേനദമേനച
ദീപംകയിരാഥമേധാവീ-
യം ഓഘോനാഭികീരതി

അന്വ:—

മൂ: ഭാ:—	സം:—
ഉട്ഠാനേന, അപ്പമാദേന,	ഉത്ഥാനേന, അപ്രമാദേന
സഞ്ഞമേന, ദമേനച,	സംയമേന, ദമേനച
മേധാവീ, ദീപം, കയിരാഥ	മേധാവീ, ദീപം കുൎയ്യാൽ
യം, ഓഘോ, ന, അഭികീരിതി	യം, ഓഘഃനഭഅഭികിരതി.

അന്വ:—

ജാഗരിതനും, അപ്രമത്തനും, സംയമിയും, ദാന്തനുമായ മേധാവി (ബുദ്ധിമാൻ) തനിക്കവേണ്ടി ജലപ്രവാഹത്തിനുപോലും അഭേദ്യമായ ദീപ (രക്ഷാസ്ഥല)ത്തെ തയ്യാറാക്കാൻ ശക്തനാകുന്നു.

മൂലം 6.

പമാദമനുയുഞ്ജന്തി
ബാലാദുമ്മേധിനോജനാ
അപ്പമാദഞ്ചമേധാവീ
ധനംസേട്ഠംവരക്ഖതി

മൂ: ഭാ:—

ബാലാദുമ്മേധിനോ, ജനാ, പമാദമനുയുഞ്ജന്തി, മേധാവീ, അപ്പമാദഞ്ച, സേട്ഠം, ധനം, വ, രക്ഖതി.

സം:—

ബാലാഃ,ദുർമ്മേധസോ, ജനാഃ പ്രമാദമനുയുഞ്ജന്തി, മേധാവീ അപ്രമാദഞ്ച, ശ്രേഷ്ഠം, ധനം, ഇവ, രക്ഷതി.

അനു: —

ബാലസ്വഭാവികളും, (അജ്ഞന്മാരും) ദുർബുദ്ധികളുമായ വ്യക്തികൾ പ്രമാദത്തെ അനുസരിക്കുന്നു. എന്നാൽ ബുദ്ധിമാന്മാർ അപ്രമാദത്തെ ഉൽകൃഷ്ടമായ ധനത്തെപ്പോലെ പ്രയാസപ്പെട്ടു രക്ഷിക്കുന്നു.

മൂലം 7.

മാപമാദമനുയുഞ്ജേഥ
മാകാമരതിസംഭവം
അപ്പമത്തോഹിഝായന്തോ
പപ്പോതിവിപുലംസുഖം.

അന്വയം: —

മൂ: ഭാ:—

പമാദം മാ, അനുയുഞ്ജേഥ-കാമരതി, സംഭവം, ച, മാ അനുയുഞ്ജേഥ.
അപ്പമത്തോ, ഹി, ഝായന്തോ, വിപുലം, സുഖം പപ്പോതി.

സം:—

പ്രമാദം, മാ അനുയുഞ്ജീത-കാമരതിസംഭവംച, മാഅനുയുഞ്ജീത,
അപ്രമത്തോഹി, ധ്യായൻ, വിപുലംസുഖംപ്രാപ്നോതി.

അനു: —

ഒരിക്കലും പ്രമാദത്തിനു വശംഗതനാകരുതു്. കാമത്തിലും രതിസംഭോഗത്തിലും ആസക്തനാകരുതു്. അപ്രമത്തരും ധ്യാനപരായണരുമായ വ്യക്തികൾ വിപുലമായ സുഖത്തെ (നിർവ്വാണത്തെ) പ്രാപിക്കുന്നു.

മൂലം 8.

പമാദം അപ്പമാദേന
യദാനുദതിപണ്ഡിതോ.
പഞ്ഞാപാസാദമാരുഹ്യ
അസോകോസോകിനിംപജം
പബ്ബതട്ഠോവഭ്രുമ്മട്ഠോ
ധീരോബാലേഅവേക്ഖതി.

അന്വയം:—

മൂ: ഭാ:—	സം:—
യദാപണ്ഡിതോഅപ്പമാദേ	യദാപണ്ഡിതഃഅപ്രമാദേന
ന പമാദം നുദതി	പ്രമാദംനുദതി
അസോകോ, പഞ്ഞാപാസാദം	അശോകഃപ്രജ്ഞാപ്രാസാദം
ആരുഹ്യസോകിനിംപജം	ആരുഹ്യശോകിനീംപ്രജാം
ഭ്രുമ്മട്ഠേ, ബാലേ.,	ഭൂമിസ്ഥിതാൻബാലാൻ
പബ്ബതട്ഠോ,ധീരോ,വ.	പർവ്വതസ്ഥോധീര ഇവ
അവേക്ഖതി	അപേക്ഷതേ.

അർത്ഥം:—

ജ്ഞാനിയായ പുരുഷൻ എപ്പോൾ അപ്രമാദദ്വാരാ പ്രമാദത്തെ ദൂരീകരിക്കുന്നു. അപ്പോൾ അവൻ ശോകഹീനനായി പ്രജ്ഞാസ്വരൂപമായ ഉന്നത പ്രാസാദശിഖരത്തെ ആരോഹണം ചെയ്തിട്ട്, പർവ്വതശിഖരസ്ഥിതനായ ധീരൻ ഭൂമിസ്ഥിതന്മാരായ മൂർഖന്മാരെ ഏതുപ്രകാരം അവലോകനം ചെയ്യുന്നുവോ അപ്രകാരം ശോകഹീനരായ മാനവഗണത്തിന് നേരെ അവൻ ദൃഷ്ടിപാതം ചെയ്യുന്നു.

മൂലം. 9.

അപ്പമത്തോപമത്തേസു
സുത്തേസുബഹുജാഗരോ,
അബലസ്സംവസീഘസ്സോ
ഹിത്വായാതിസുമേധസോ,

അന്വയം:—

മൂ: ഭാ:—

സുമേധസോ,പമത്തേസു
അപ്പമത്തോ, സുത്തേസു
ബഹുജാഗരോ സീഘസ്സോ അ
ബലസ്സം വയാതി

സം:—

സുമേധാഃ പ്രമത്തേഷു
അപ്രമത്തഃ സുപ്തേഷു
ബഹുജാഗരഃ അബലാശ്വം
ഹിത്വാ ശീഘ്രാശ്വ
ഇവയാതി.

അന്വ:—

ശീഘ്രഗാമിയായ അശ്വം ദുർബ്ബലാശ്വത്തെ പിന്നിലാക്കി വിട്ട് പോകുന്നപോലെ, ബുദ്ധിമാനായ മനുഷ്യൻ പ്രമത്തരായ ജനങ്ങളുടെ മദ്ധ്യത്തിൽ അപ്രമത്തനായി പുരോഗമനം ചെയ്യുന്നു.

മൂലം. 10.

അപ്പമാദേനമഘവാ
ദേവാനാം സേട്ഠതംഗതോ
അപ്പമാദം പസംസന്തി
പമാദോഗരഹിതോ സദാ.

മൂ: ഭാ:-

മഘവാഅപ്പമാദേന
ദേവാനാം സേട്ഠതംഗതോ
അപ്പമാദംപസംസന്തി
പമാദോസദാഗരഹിതോ.

സം:-

മഘവാഅപ്രമാദേന
ദേവാനാം ശ്രേഷ്ഠതാംഗതഃ
അപ്രമാദംപ്രശംസന്തി
പ്രമാദംസദാഗർഹിതഃ

അന്വ: —

ഇന്ദ്രൻ അപ്രമാദംകൊണ്ടു ദേവന്മാർക്ക് അധിപതിയായി. പണ്ഡിതന്മാർ അപ്രമാദത്തെ പ്രശംസിക്കുന്നു. പ്രമാദം എല്ലാപ്പോഴും നിന്ദിതമായിട്ടുള്ളതു തന്നെയാകുന്നു.

മൂലം 11.

അപ്പമാദരതോഭിക്ഖു,
പമാദേഭയദസ്സിവാ
സഞ്ഞോജനം അണും ഥൂലം
ഡഹംഅഗ്ഗീവഗച്ഛതി.

മൂ: ഭാ:-	സം:-
അപ്പമാദരതോ,പമാദേ	അപ്രമാദരതഃ പ്രമാദേ
ഭയദസ്സിവാ ഭിക്ഖു,	ഭയദർശീവാഭിക്ഷുഃ
അഗ്ഗീവ അണും ഥൂലം	അഗ്നിതവ അണും സ്ഥൂലം
സജ്ഞോജനംഡഹംഗച്ഛതി	സംയോജനാ ദഹൻ ഗച്ഛതി

അന്വ:—

അപ്രമാദപരായണനും പ്രമാദഭീതവുമായ ഭിക്ഷു അഗ്നിയെപ്പോലെ ക്ഷുദ്രവും ബൃഹത്തുമായ സമസ്ത ബന്ധനങ്ങളെ (ദശവിധേന്ദ്രിയ ബന്ധനങ്ങളേയും ദഹിപ്പിച്ച് പുരോഗമനം ചെയ്യുന്നു.

മൂലം 12.

അപ്പമാദരതോഭിക്ഖു,
പമാദേഭയദസ്സിവാ
അഭബ്ബോപരിഹാനായ
നിബ്ബാണസ്സേവസന്തികേ.

മൂ: ഭാ:-	സം:-
അപ്പമാദരതോപമാദേ	അപ്രമാദരതഃപ്രമാദേ
ഭയദസ്സിവാഭിക്ഖു,	ഭയദർശീവാഭിക്ഷുഃ
പരിഹാനായ അഭബ്ബോ	പരിഹാണായ അഭവ്യഃ
നിബ്ബാണസ്സസന്തികേ ഏവ	നിർവ്വാണസ്യ അന്തികെ ഏവ

അന്വ:-

അപ്രമാദപരായണനും പ്രമാദഭീതവുമായ ഭിക്ഷു ധർമ്മമാർഗ്ഗത്തിൽനിന്ന് ഒരിക്കലും ഭ്രഷ്ടനാകുന്നില്ല. അവൻ നിർവാണത്തിന്റെ നികടവർത്തി തന്നെയാകുന്നു.

ചിത്തവഗ്ഗ്:.

തൃതീയഃ

മൂലം 1.

ഫന്ദനം ചപലംചിത്തം
ദുരക്ഖംദുന്നിവാരയം
ഉജ്ജൂംകരോതി മേധാവീ
ഉസുകാരോവതേജനം

അന്വ:—

മൂ: ഭാ:—
മേധാവീ ഫന്ദനം ചപലം
ദുരക്ഖം ദുന്നിവാരയംചിത്തം
ഉസുകാരോതേജനം വ
ഉജ്ജും കരോതി

സം:—
മേധാവീസ്പന്ദനം ചപലം
ദുരക്ഷ്യംദുന്നിവാര്യംചിത്തം
ഇഷുകാരഃ തേജനം ഇവ
ഋജുകരോതി.

അന്ന:—

ഇഷുകാരൻ (അമ്പുണ്ടാക്കുന്നവൻ) ബാണത്തെ വളവു കൂടാതെയും ഋംഗിയായും ഉണ്ടാക്കുന്നതുപോലെ ബുദ്ധിമാനായ മനുഷ്യൻ സ്പന്ദനസ്വഭാവമുള്ളതും ചഞ്ചലവും ദുരക്ഷ്യവും ദുന്നിവാരവുമായ ചിത്തത്തെ സ്വവശത്തിൽ ആനയിക്കുന്നു.

മൂലം 2.

വാരിജോവഥലേഖിത്തോ
ഓകമോ കത ഉബ്ഭതോ
പരിഫന്ദിത ദം ചിത്തം
മാരധേയ്യാം പഹാതവേ

മൂ: ഭാ:—
ഓകമോകത ഉബ്ഭതോ
ഥലേഖിത്തോ വാരിജോവ
ഇദം ചിത്തംമാരധേയ്യാം
പഹാതവേ പരിഫന്ദതി

സം:—
ഉദകൌകതഃ ഉദ്ധൃതഃ
സ്ഥലേക്ഷിപ്തഃ വാരിജഇവ
ഇദംചിത്തം മാരധേയം
പ്രഹാതും പരിസ്പന്ദതേ.

അന്വ:—

ജലത്തിൽ നിന്നുത്ഭവിച്ചതും സ്ഥലത്തിൽ പ്രക്ഷിപ്തവുമായ മത്സ്യത്തെപ്പോലെ കാമഗുണവിനിർമ്മുക്തമായ ചിത്തം മാരന്റെ രാജ്യത്തെ അതിക്രമിക്കുന്നതിനു വ്യാകുലമാകുന്നു.

മൂലം 3.

ദുന്നിഗ്ഗഹസ്സലഹുനോ
യത്ഥകാമനിപാതിനോ
ചിത്തസ്സദമഥോ സാധൂ
ചിത്തംദന്തംസുഖാവഹം

അന്വ:—

മൂ: ഭാ:	സം:
ദുന്നിഗ്ഗഹസ്സ ലഹുനോ	ദുർന്നിഗ്രഹസ്യലഘുനഃ
യത്ഥകാമനിപാതിനോ	യത്രകാമനിപാതിനഃ
ചിത്തസ്സദമഥോ സാധൂ	ചിത്തസ്യദമയതഃ സാധു
ദന്തംചിത്തം സുഖാവഹം	ദാന്തംചിത്തംസുഖാവഹം

അന്വ:—

ദുർന്നിഗ്രഹവും ലഘുവും യഥേഷ്ടം സഞ്ചാരശീലമുള്ളതുമായ ചഞ്ചലചിത്തത്തെ സംയമനം ചെയ്യുന്നതു ഉത്തമമാകുന്നു. എന്തെന്നാൽ സംയമനം ചെയ്യപ്പെട്ട ചിത്തമാണു സുഖത്തെ പ്രദാനം ചെയ്യുന്നതു്.

മൂലം 4.

സുദുദ്ദസം സു നിപുണം
യത്ഥകാമംനിപാതിനം
ചിത്തം രക്ഖേഥമേധാവീ
ചിത്തം ഗുത്തം സുഖാവഹം

അന്വ:—

മൂ: ഭാ: —	സം: —
മേധാവീസുദുദ്ദസം സുനിപുണം	മേധാവീസുദുർദ്ദൃശം സുനിപുണം
യത്ഥകാമനിപാതിനംചിത്തം	യത്രകാമനിപാതിനംചിത്തം
രക്ഖേഥ; ഗുത്തംചിത്തം	രക്ഷേൽ; ഗുപ്തംചിത്തം
സുഖാവഹം	സുഖാവഹം

അന്വ:—

ദുർബ്ബോദ്ധ്യവും കുടിലവും, യഥേഷ്ടം വിചരിക്കശീലമുള്ളതുമായ മനോവൃത്തിയെക്കുറിച്ച്, ബുദ്ധിമാനായ മനുഷ്യൻ സദാ ലക്ഷ്യപ്രദാനം ചെയ്യേണ്ടതാവശ്യമാണ്. എന്തെന്നാൽ സുരക്ഷിതമായ ചിത്തം സുഖത്തെ പ്രദാനം ചെയ്യുന്നു.

മൂലം 5.

ദൂരങ്ഗമംഏകചരം അസരീരംഗുഹാസയം
യേചിത്തംസഞ്ഞമേസ്സന്തി-മോക്ഖന്തിമാരബന്ധനാ.

അന്വയം.

മൂ: ഭാ:—	സം:—
യേദൂരങ്ഗമം ഏകചരം	യേദൂരംഗമം ഏകചരം
അസരീരംഗുഹാസയം	അശരീരംഗുഹാശയം
ചിത്തംസഞ്ഞമേസ്സന്തി	ചിത്തംസംയസ്യന്തിതേ
മാരബന്ധനാമോക്ഖന്തി	മാരബന്ധനാൽമുച്യന്തേ

അന്വ:—

യാതൊരുവൻ ദൂരംഗമവും ഏകചരവും അശരീരവും ഹൃദയഗുഹാസ്ഥിതവുമായ ചിത്തത്തെ സംയമനം ചെയ്യുന്നുവോ അവൻ മാരൻെറ ബന്ധനത്തിൽ നിന്ന് വിമുക്തനാകുന്നു.

മൂലം 6.

അനവട്ഠിതചിത്തസ്സ
സദ്ധമ്മംഅവിജാനതോ
പരിപ്ലവപസാദസ്സ
പഞ്ഞാനപരിപൂരതി.

അന്വ:—

മൂ: ഭാ:-	സം:—
അനവട്ഠിതചിത്തസ്സ	അനവസ്ഥിതസ്യചിത്തസ്യ
സദ്ധമ്മംഅവിജാനതോ	സദ്ധർമ്മം അവിജാനതഃ
പരിപ്ലവപസാദസ്സ	പരിപ്ലവപ്രസാദസ്യ
പഞ്ഞാനപരിപൂരതി	പ്രജ്ഞാനപരിപൂര്യ്യതെ.

അന്വ: —

യാതൊരുവൻ അസ്ഥിരചിത്തനായിരിക്കുന്നു. യാതൊരുവൻ സദ്ധർമ്മത്തെ അറിയുന്നില്ല. യാതൊരുവൻെറ ഹൃദയം പ്രസാദരഹിതമായിരിക്കുന്നു. അവൻെറ പ്രജ്ഞ ഒരിക്കലും പൂർണ്ണതയെ പ്രാപിക്കുന്നില്ല. അതായത് അവൻ ഒരിക്കലും അർഹത്വത്തെ വേണ്ടവിധം അറിയാൻ ശക്തനാകുന്നില്ല.

മൂലം 7.

അനവസ്സുതചിത്തസ്സ
അനന്വാഹതചേതസോ
പുഞ്ഞപാപപഹീനസ്സ
നത്ഥിജാഗരതോഭയം

അന്വ: —

മൂ: ഭാ: —	സം: —
അനവസ്സുതചിത്തസ്സ	അനവസ്രുതചിത്തസ്യ
അനന്വാഹതചേതസോ	അനന്വാഹതചേതസഃ
പുഞ്ഞപാപപഹീനസ്സ	പുണ്യപാപപ്രഹീണസ്യ
ജാഗരതോഭയംനത്ഥി	ജാഗ്രതഃഭയംനാസ്തി

അന്വ: —

യാതൊരുവൻെറ ചിത്തംവാസനാരഹിതമായിരിക്കുന്നു, യാതൊരുവൻെറ മനസ്സ് ഒരിക്കലും വിചലിതമാകുന്നില്ല, യാതൊരുവൻ പുണ്യപാപരഹിതനായിരിക്കുന്നു, ജാഗരിതനായ അവന്ന് ഒരു ഭയവുമില്ല.

മൂലം 8.

കുമ്ഭൂപമംകായമിമംവിദിത്വാ
നഗരൂപമംചിത്തമിദംഠപേത്വാ
യോജേഥമാരംപഞ്ഞായുധേന
ജിതഞ്ചരക്ഖേ അനിവേസനോസിയാ

അന്വയം.

മൂ: ഭാ: —	സം: —
ഇമംകായംകുമ്ഭൂപമംവിദിത്വാ	ഇമംകായംകുംഭോപമം വിദിത്വാ

ഇമം ചിത്തം നഗരൂപമം ഠപേതപാ	ഇദാ ചിത്തം നഗരോപമം സ്ഥാപയിത്വാ
പജ്ഞായുധേന, മാരംയോ ജേഥ	പ്രജ്ഞായുധേനമാരം യുദ്ധ്യേഥ
ജിതഞ്ചരക്ഖേ, അനിവേ സനോസിയാ-	ജിതഞ്ചരക്ഷേൽ അനിവേ ശനശ്ചസ്യാൽ

അന്ന:-

ദേഹത്തെ കംഭമെന്നപോലെ ക്ഷണഭംഗുരമെന്നറിഞ്ഞു് ചിത്തത്തെ ദുർഗ്ഗംപോലെസുരക്ഷിതമാക്കിയിട്ട പ്രജ്ഞാരൂപമായ അസ്ത്രംകൊണ്ടു മാരനോട്ട യുദ്ധം ചെയ്യണം. ജയിച്ച് ആസക്തിശൂന്യനായി സദാതന്നേ രക്ഷിക്കണം.

മൂലം 9.

അചിരംവതയംകായോ
പഠവിം അധിസേസ്സതി
ഛഡ്ഡോഅപേതവിജ്ഞാണോ
നിരത്ഥംവകലിങ്ഗരം

അന്വയം

മൂ: ഭാ:-	സം:-
അയംകായോവതഛഡ്ഡോ	അയംകായോബതക്ഷുദ്രഃ
അപേതവിജ്ഞാണോനിരത്ഥം	അപേത വിജ്ഞാനഃനിരത്ഥം
കലിങ്ഗരംവഅചിരം	കലിംഗരംഇവഅചിരം
പഠവിംഅധിസേസ്സതി	പൃഥിവിം അധിശേഷ്യതെ.

അന്ന:-

ഹാ! ഈ ശരീരം നശ്വരവും ചേതനാരഹിതവുമായിട്ട് നിസ്സാരമായ ഒരു കാഷ്ഠഖണ്ഡമെന്നപോലെ അചിരേണ പൃഥിവിയിൽ പതിക്കും.

മൂലം

ദിസോദിസംയന്താംകയിരാ	വേരീവാപനപേരിനം
മിച്ഛാപണിഹിതംചിത്താ	പാപിയോനംതതോകരേ

അന്വയം.

മൂ: ഭാ: —	സം: —
ദിസോ ദിസം യന്തം കയിരാ	ദ്വിട്ദ്വിഷം യൽ കുര്യാൽ
വേരീവാപന വേരിനം	വൈരീവാപുനഃ വൈരിണം
മിച്ഛാപണിഹിതം ചിത്തം നം	മിഥ്യാപ്രണിഹിതം ചിത്തം ഏനം
തതോ പാപിയോ കരേ	തതഃ പാപീയാം സം കുര്യാൽ

അന്വ: —

ഹിംസകൻ അപരനായ ഹിംസകനോട് എന്തു ചെയ്യുമൊ വൈരിയായ മനുഷ്യൻ അപരനായ വിദ്വേഷിയോടും എന്തു ചെയ്യുമൊ അതിലും കഷ്ടതരമായ വിപത്ത് വിപഥഗാമിയായ (അശുദ്ധമാർഗ്ഗങ്ങളിൽ കൂടി ചരിക്കുന്ന) ചിത്തം പ്രദാനംചെയ്യും.

മൂലം 11.

നതം മാതാപിതാ കയിരാ- അഞ്ഞേവാപി ച ഞാതകാ
സമ്മാപണിഹിതം ചിത്തം- സേയ്യസോ നം തതോ കരേ

അന്വ: —

മൂ: ഭാ: —	സം: —
നമാതാപിതാ തം കയിരാ	നമാതാപിതരൗ തൽ കുര്യാതാം
അഞ്ഞേവാപി ഞാതകാ ച	അന്യേ വാപി ജ്ഞാതികാശ്ച
തതോ സമ്മാപണിഹിതം ചിത്തം	സമ്യൿ പ്രണിഹിതം ചിത്തം
നം സേയ്യസോ കരേ	ഏനം തതഃ ശ്രേയാം സം കുര്യാൽ

അന്വ: —

മനുഷ്യന് സമ്യൿ പരിപാലിതമായ ചിത്തം ചെയ്യുന്നപോലുള്ള ഉപകാരം സ്വന്തം മാതാപിതാക്കളോ, മററു ആത്മീയജനങ്ങളോ ചെയ്യാൻ ശക്തരാകുന്നില്ല.

പുഷ്പവർഗ്ഗ:

ചതുർത്ഥഃ

മൂലം 1.

കോളമംപഠവിംവിജേസ്സതി-യമലോകഞ്ച ഇമം സദേവകം
കോധമ്മപദം സുദേസിതം-കുസലോപുപ്ഫമിവപചേസ്സതി

അന്വ:—

മൂ: ഭാ: —	സം: —
കോഇമംപഠവിം വിജേസ്സതി	കഃ ഇമാംപൃഥിവിംവിജേഷ്യതേ
ഇമം സദേവകംയമലോകഞ്ച	ഇമംസദേവകം യമലോകഞ്ച
കുസലോപുപ്ഫമിവ കോസു ദേസിതം	കുശലഃ പുഷ്പമിവകഃ സുദശിതം
ധമ്മപദം പചേസ്സതി	ധർമ്മപദം പ്രചേഷ്യതി.

അർത്ഥ:—

ഈ പൃഥിവിയെ ഏതൊരുവൻ ജയിക്കും? യമലോകദേവലോകങ്ങളെയും ഏതൊരുവൻ ജയിക്കും? നിപുണനായ മാലാകാരൻ പുഷ്പനിർവ്വാചനംപോലെ സുപ്രദശിതമായ ധർമ്മമാർഗ്ഗത്തെ ഏതൊരുവൻ അറിയും?

മൂലം 2.

സേകോപഠവിംവിജേസ്സതി—യമലോകഞ്ച ഇമംസദേവകം
സേകോധമ്മപദംസുദേസിതം —കുസലോപുപ്ഫമിവ—
പചേസ്സതി.

അന്വ:—

മൂ: ഭാ: —	സം: —
സേകോപഠവിം വിജേസ്സതി	ശൈക്ഷഃപൃഥിവീംവിജേഷ്യതേ
സദേവകം ഇമം യമലോകഞ്ച	സദേവകംഇമംയമലോകഞ്ച
കുസലോപുപ്ഫമിവസേഖോ	കുശലഃപുഷ്പമിവ ശൈക്ഷഃ
സുദേസിതം ധമ്മപദം പചേസ്സതി	സുദശിതം ധർമ്മപദം പ്രചേഷ്യതി

അർത്ഥ:—

ശൈക്ഷൻ (ആര്യശ്രാവകൻ) ഈ പൃഥിവിയെ ജയിക്കും. ഏതുപ്രകാരം നിപുണനായ മാലാകാരൻ ഉത്തമപുഷ്പങ്ങളെ സംഗ്ര

ഹിക്കുമൊ, അപ്രകാരം അവൻ സുദേശിതമായ ധമ്മപദ (ധമ്മവാക്യ)ത്തെ അറിയും.

മൂലം 3.

ഫേണൂപമംകായമിമംവിദിത്വാ
— മരീചിധമ്മംഅഭിസംബുധാനോ-
ഛേത്വാനമാരസ്സപപുപ്ഫകാനി
അദസ്സനംമച്ചുരാജസ്സഗച്ഛേ.

അന്വ:—

ഇമംകായംഫേണൂപമംവിദി-ത്വാ	ഇമംകായംഫേനോപമം-വിദിത്വാ
മരിചിധമ്മംഅഭിസംബുധാ-നോ	മരിചിധർമ്മംഅഭിസംബു-ധാനഃ
മാരസ്സപപുപ്ഫകാനിഛേ-ത്വാന	മാരസ്യപ്രപുഷ്പകാണിഛി-ത്വാ
മച്ചുരാജസ്സ അദസ്സനം ഗച്ഛേ.	മൃത്യുരാജസ്യഅദർശനം ഗ-ച്ഛേൽ.

അൎഥ:—

ഏതൊരുവൻ ഈ ശരീരത്തെ ഫേനോപമം ക്ഷണഭംഗുരമെന്നറിഞ്ഞു്, കാനൽജലംപോലെ ഇതിനെ മിത്ഥ്യയെന്നു വിചാരിക്കുന്നുവോ, അവൻ മാരന്റെ വിമാനങ്ങളെ ഛേദിച്ചിട്ടു്, (ജീവന്റെ മൂന്നു പ്രാകാരത്തിലുള്ള അവസ്ഥകളെ—അതായതു് കായക്ലേശവിപാകങ്ങളെ നശിപ്പിച്ചിട്ടു്) മൃത്യുരാജന്റെ ദർശനപഥത്തിൽനിന്നു ബഹിർഭൂതനാകുന്നു. (നിർവ്വാണമടയുന്നു.)

മൂലം 4.

പുപ്ഫാനിഹേവവചിനന്തം, വ്യാസത്തമനസംനരം
സുത്തംഗാമംമഹോഘോര, മച്ചുആദായഗച്ഛതി.

അന്വയം.

മൂ: ഭാ:-	സം:-
മച്ചുമഹോഘോസുത്തംഗാമം	മൃത്യുഃമഹോഘഃസുപ്തംഗ്രാമം
ഇവപുപ്ഫാനിഹേവപചി-നന്തം.	ഇവപുഷ്പാണിഹ്യേവപ്രചി-ന്വന്തം
വ്യാസത്തമനസംനരം	വ്യാസക്തമനസംനരം
ആദായഗച്ഛതി	ആദായഗച്ഛതി

അന്വ:-

ജലപ്രവാഹം സുപ്തമായ ഗ്രാമത്തെ എന്നപോലെയും പൂവ റുക്കുന്നവൻ പുഷ്പങ്ങളെ എന്നപോലെയും ശ്രപാദികളിൽ ആസ ക്ത ചിത്തനായ മനുഷ്യനെ മൃത്യു ആദാനംചെയ്യുന്നു.

മൂലം 5.

പുപ്ഫാനിഹേവവചിനന്തം-വ്യാസത്തമനസംനരം
അതിത്തംയേവകാമേസു-അന്തകൊകരുതെവസം

അന്വ:-

മൂ: ഭാ:-	സം:-
അന്തകൊപുഷ്പാണിഹേവ	അന്തകഃപുഷ്പാണിഏവ
പചീനന്തംവ്യംസത്തമനസം	പ്രചിനന്തംവ്യാസക്തമനസം
നരംകാമേസുഅതിത്തം	നരംകാമേഷ്വതൃപ്തം
ഏവവസംകരുതെ	ഏവവശംകരുതെ

അന്വ:-

പൂശേഖരിക്കുന്നവൻ പുഷ്പത്തെ എന്നപോലെ ശ്രപരസാ ദിവിഷയങ്ങളിൽ ആസക്തചിത്തനായ മനുഷ്യനെ അന്തകൻ വാസനപൂർണ്ണമാകാതെ തന്നെ നിഹനിക്കുന്നു.

മൂലം 6.

യഥാപിഭമരോപുപ്ഫം-വണ്ണഗന്ധംഅഹേഠയം
പലേതിരസമാദായ-ഏവംഗാമേമുനീചരേ

അന്വ:-

മൂ: ഭാ:-	സം:-
യഥാപിഭമരോപുപ്ഫം	യഥാഭ്രമരഃപുഷ്പം
വണ്ണഗന്ധംഅഹേഠയം	വർണ്ണഗന്ധൌഅഹേഠയൻ
രസമാദായപലേതി	രസമാദായപലായതേ
ഏവംമുനീഗാമേചരേ	ഏവംമുനിഃഗ്രാമേചരേൽ

അന്വ:—

പുഷ്പത്തിന്റെ വർണ്ണത്തെയോ, ഗന്ധത്തെയോ നഷ്ടമാക്കാ തെ ഭ്രമരം എപ്രകാരം കേവലം മധുമാത്രം എടുത്തുകൊണ്ടു പോ കുന്നുവോ അപ്രകാരം മുനിഗണവും ഗ്രാമമദ്ധ്യത്തിൽസഞ്ചരിക്കുന്നു.

മൂലം 7.

നപരേസംവിലോമാനി-നപരേസംകതാകതം
അത്തനോവഅവേക്ഖേയ്യ-കതാനിഅകതാനിച

അന്വ:--

മൂ: ഭാ:—	സം: —
നപരേസംവിലോമാനി	നപരേഷാംവിലോമാനി
നപരേസംകതാകതം	നപരേഷാംകൃതാകൃതാനി
അത്തനോ,വ,കതാനിഅകതാനിച അവേക്ഖേയ്യ.	ആത്മനഃ ഏവകൃതാനിഅകൃതാനിച അവേക്ഷേത.

അന്വ:—

പരന്മാൎക്കു പരുഷമായൊ മൎമ്മച്ഛേദകമായൊ ഉള്ള വാക്ക പറയുന്നതിൽ മനസ്സ വയ്ക്കരുത്. അന്യന്മാർ എന്തു ചെയ്യുന്നു എന്നോ എന്തു ചെയ്യുമെന്നോ നോക്കരുത്. തന്റെ കൃത്യാകൃത്യങ്ങളെക്കുറിച്ച് നോക്കുന്നതത്രെ ഉചിതം.

മൂലം. 8.

യഥാപിരുചിരംപുപ്ഫം—വണ്ണവന്തം അഗന്ധകം
ഏവംസുഭാസിതാവാചാ—അഫലാഹോതി അകുബ്ബതോ.

അന്വയം

മൂ: ഭാ:—	സം:—
യഥാപിരുചിരംവണ്ണവന്താ	യഥാരുചിരം വണ്ണവൽ
അഗന്ധകംപുപ്ഫം,ഏവം	അഗന്ധകം പുഷ്പം ഏവം
സുഭാസിതാ വാചാ അകുബ്ബതോ	സുഭാഷിതം വാക് അകുർവ്വതഃ
അഫലാഹോതി	അഫലാഭവതി.

അന്വ:—

സുന്ദരവും വർണ്ണയുക്തവുമായ മനോഹരപുഷ്പം ഗന്ധഹീനമായാലെന്നപോലെ, സുഭാഷിതം പ്രവൃത്തിയിൽ പരിണമിച്ചില്ലെങ്കിൽ നിഷ്ഫലമായിത്തീരുന്നു.

മൂലം. 9.

യഥാപിരുചിരംപുപ്ഫം—വണ്ണവന്തംസഗന്ധകം
ഏവംസുഭാസിതാവാചാ—സഫലാഹോതികുബ്ബതോ

അന്വയം

മൂ: ഭാ:—	സം:—
യഥാപിരുചിരംവണ്ണവന്തം	യഥാരുചിരംവണ്ണവൽ
സഗന്ധകംപുപ്ഫം,ഏവം	സഗന്ധകംപുഷ്പ ഏവം
സുഭാസിതാവാചാകവ്വതോ	സുഭാഷിതാവാക്കൃതഃ
സഫലാഭവതി	സഫലാഭവതി

അന:—

സുന്ദരവുംകോമളവണ്ണവുമായ മനോഹരപുഷ്പം സുഗന്ധപുഷ്പമായാലെന്നപോലെ ഉത്തമമായ വാക്ക് ശരിയായി പരിപാലിതമായാൽ സഫലമായിത്തീരുന്നു.

മൂലം 10.

യഥാപിപുപ്ഫരാസിമ്ഹാ-കയിരാമാലാഗ്ഗുണേബഹൂ
ഏവംജാതേനമച്ചേന-കത്തബ്ബംകുസലംബഹൂം

അന്വയം

മൂ. ഭാ.	സം.
യഥാപി പുപ്ഫാസിംഹാ	യഥാപുഷ്പരാശേഃ
ബഹൂമാലാഗ്ഗുണെ കയിരാ	ബഹൂൻമാലാഗ്ഗുണാൻ'കുർയ്യാൽ
ഏവം ജാതേന മച്ചേന	ഏവാംജാതേന മർത്ത്യേന
ബഹൂംകുസലം കത്തബ്ബം	ബഹൂ കുശലം കർത്തവ്യം.

അന:--

പുഷ്പരാശിയിൽ നിന്ന് ഏപ്രകാരം അനേകവിധത്തിലുള്ള മാലകൾ ഉണ്ടാക്കാൻ കഴിയുമൊ. അപ്രകാരം മനുഷ്യജന്മം സ്വീകരിച്ച ഒരുവനാൽ അനേക സൽക്കർമ്മങ്ങൾ സാധിക്കപ്പെടേണ്ടതാകുന്നു.

മൂലം. 11.

നപുപ്ഫഗന്ധോപടിവാതമേതി-നചന്ദനംതഗരമല്ലികാവാ
സതഞ്ചഗന്ധോപടിവാതമേതി-സബ്ബാദിസാസപ്പുരിസോ-
പവാതി

അന്വയം:-

മൂ: ഭാ:-	സം:-
നപുപ്ഫഗന്ധോപടിവാതമേതി	നപുഷ്പഗന്ധഃപ്രതിവാതമേതി
നചന്ദനംതഗരമല്ലികാവാ	നചന്ദനഃതഗരമല്ലികേവാഃ

സതഞ്ചഗന്ധോപടിവാതമേതി   സതാംചഗന്ധഃപ്രതി-
വാതമേതി
സപ്പുരിസോസവ്വാദിസാപവാതി സൽപുരുഷഃസർവ്വാദിശഃപ്രവാതി

അന്വ:-

തഗരം, മല്ലികതുടങ്ങിയുള്ള പുഷ്പങ്ങളുടെ ഗന്ധം വായു വിനെതിരായി പ്രസരിക്കയില്ല. സാധുഗണത്തിന്റെ ഗന്ധം വായുവിനെതിരായി പ്രവഹിക്കുന്നു. സൽപുരുഷന്മാരുടെ യശസ്സൌരഭം സകലദിക്കുകളിലും പ്രവഹിക്കുന്നു.

മൂലം. 12.

ചന്ദനംതഗരംവാപി-ഉപ്പലംഅഥവസ്സികീ
ഏതേസംഗന്ധജാതാനം-സീലഗന്ധോഅനുത്തരോ-

അന്വ:-

മൂ: ഭാ:-	സം:-
ചന്ദനം തഗരം വാപി ഉപ്പലം അഥവസ്സികീ ഏതേസംഗന്ധജാ താനാംസീലഗന്ധോ അനുത്ത രോ-	ചന്ദനംതഗരംവാപിഉൽപലം അഥവാർഷികീ ഏതേഷാംഗന്ധ ജാതാനാം ശീലഗന്ധഃ അനുത്ത രഃ (ഭവതീതിശേഷഃ)

അന്വ:-

ചന്ദനം, തഗരം, പത്മം, വാർഷികി (ചമേലി) ഇവയെല്ലാററിന്റേയും ഗന്ധം സച്ചരിത്രത്തിന്റെ ഗന്ധത്തെ (യശസ്സൌരഭത്തെ) അതിക്രമിക്കയില്ല.

മൂലം 13.

അപ്പമത്തോഅയംഗന്ധോ (വാതി)-യായംതഗരചന്ദനീ
യോചസീലവതംഗന്ധോ-വാതിദേവേസുഉത്തമൊ

അന്വ:-

മൂ: ഭാ:-	സം:-
യോയം തഗര ചന്ദനീ വാതി	യോയംതഗരചന്ദനീവാതി
അയംഗന്ധോഅപ്പമത്തോ	അയംഗന്ധഃഅല്പമാത്രഃ
യോചസിലവതംഗന്ധോ	യഃചശീലവതാംഗന്ധഃ
ഉത്തമോദേവേസുവാതി	ഉത്തമഃദേവേഷുവാതി

അൎത്ഥം:-

തഗരം, ചന്ദനം, മുതലായവയുടെ ഗന്ധം അല്പമാത്രമാകുന്നു. എന്നാൽ ശീലവാൻെറ ഗന്ധം ദേവലോകത്തും വ്യാപിക്കുന്നു.

മൂലം 14.

തേസംസമ്പന്നസീലാനം-അപ്പമാദവിഹാരിനം.
സമ്മദഞ്ഞാവിമുത്താനം-മാരോമഗ്ഗംനവിന്ദതി.

അന്വ:-

മൂ: ഭാ:-	സം:-
സമ്പന്നസീലാനം അപ്പമാദവിഹാരിനം സമ്മദഞ്ഞാവിമുത്താനം.	സമ്പന്നശീലാനാം അപ്രമാദവിഹാരിണാംസമ്യക്ജ്ഞയാവിമുക്താനാം.
തേസംമഗ്ഗംമാരോനവിന്ദതി	തേഷാംമാൎഗ്ഗംമാരഃനവിന്ദതി

അൎത്ഥം:-

ശീലഗുണസമ്പന്നന്മാരും പ്രമാദരാഹിത്യത്തിൽ വിഹരിക്കുന്നവരും സമ്യക്പ്രജ്ഞമൂലം മുക്തന്മാരുമായിരിക്കുന്നവരുടെ മാൎഗ്ഗത്തെ മാരൻ അറിയുന്നില്ല.

മൂലം 15, 16.

യഥാസങ്കാരധാനസ്മിം—ഉതധിതാസ്മിംമഹാപഥെ
പദുമംതത്ഥജായേഥ—സുചിഗന്ധംമനോരമം
ഏവംസങ്കാരഭൂതേസു—അന്ധഭൂതേപുഥുജ്ജനെ
അതിരോചതിപഞ്ഞായ—സമ്മാസംബുദ്ധസാവകൊ.

അന്വയം.

മൂ: ഭാ:-	സം:-
യഥാ സങ്കാരധാനസ്മിം ഉതധിതസ്മിം	യഥാ സങ്കാരധാനേ ഉതധിതെ
മഹാപഥെസുചിഗന്ധംമനോരമം	മഹാപഥെ ശുചിഗന്ധം മനോരമം
പദുമം ജായേഥ, ഏവം സങ്കാരഭൂതേസു	പദ്മം ജായതെ, ഏവം സങ്കാരഭൂതേഷു

അന്ധഭൂതേചൃഥുജ്ജനെസമ്മാ സംബു-	അന്ധഭൂതെ പൃഥഗ്ജനെ സ മൃക്സംബു
ദ്ധസാവകൊപജ്ഞായ അ ത്രോചതി	ദ്ധശ്രാവകഃ പ്രജ്ഞയാ അ തിരോചതെ

അന്വ:—

രാജപഥത്തിൽനിന്നും പരിത്യജിക്കപ്പെട്ട ഛവർജ്ജരാശിയു (ചപ്പുചവറുകളു) ടെ മധ്യത്തിൽനിന്നു സുരഭിലവും മനോഹരവുമായ പുഷ്പം ഉണ്ടാകുന്നതുപോലെ ബുദ്ധശിഷ്യൻ നിസ്സാരലോകരുടെ മധ്യത്തിലും അന്ധപ്രായരും ചാരിത്രഹീനരുമായ വ്യക്തികളുടെ ഇടയ്ക്കും സ്വന്തംപ്രജ്ഞമൂലം പരിശോഭിക്കുന്നു.

ബാലവർഗ്ഗഃ

പഞ്ചമഃ

മൂലം 1.

ദീഘാജാഗരതോരത്തി — ദീഘാസന്തസ്സയോജനം
ദീഘോബാലാനംസംസാരോ — സദ്ധമ്മംഅവിജാനതം.

അന്വ:—

മൂ: ഭാ:—	സം:—
ജാഗരതോ രത്തി ദീഘാ സന്ത-സ്സയോ	ജാഗ്രതഃ രാത്രിഃ ദീർഘാ-ശ്രാന്തസ്യ
സ്സയോജനം ദീർഘം സന്ന. ദ്ധമ്മം അവിജാനതം	യോജനംദീർഘംസദ്ധമ്മം-അവിജാനതാം
ബാലാനംസംസാരോ ദീഘോ	ബാലാനാം’സംസാരോ ദീ-ർഘഃഭവതി

അന്വ:—

എപ്രകാരം ജാഗരിതനു രാത്രിയും വഴിനടന്നു ക്ഷീണിച്ചവനു യോജനയും ദീർഘമായിരിക്കുന്നുവോ, അപ്രകാരം ഇഹപരലോകങ്ങളേയും സത്യധമ്മങ്ങളേയും അറിയാത്ത അജ്ഞന്മാർക്കു സംസാരവും ദീർഘമായി തോന്നുന്നു.

മൂലം 2.

ചരഞ്ചേനാധിഗച്ഛേയ്യ-സേയ്യംസദിസമത്തനോ
ഏകചരിയംദള്ഹംകയിരാ-നത്ഥിബാലേസഹായതാ.

അന്വയം:—

മൂ: ഭാ:-	സം:-
ചരഞ്ചെ അത്തനോ സേയ്യം	ചരൻചേൽ ആത്മനഃ ശ്രേയാംസം
സദിസം ന അധിഗച്ഛേയ്യ	സദൃശം ന അധിഗച്ഛേൽ.
ദ്ലഹം ഏകചരിയം കയിരാ	ദൃഢാം ഏകചര്യ്യം കുര്യാൽ
ബാലേസഹായതാ നത്ഥി	ബാലേസഹായതാനാസ്തി

അൎത്ഥ:-

ഒരുവൻ ധമ്മമാൎഗ്ഗത്തിൽ സഞ്ചരിക്കുമ്പോൾ തന്നേക്കാൾശ്രേഷ്ഠനേയൊ തനിക്കുതുല്യനായ പുരുഷനേയൊ, ലഭിക്കാതിരുന്നാൽ അവൻ ഏകനായി സഞ്ചരിക്കേണ്ടതാകുന്നു. എന്തുകൊണ്ടെന്നാൽ മൂർഖന്മാരുമായുള്ള സംസൎഗ്ഗം ഒരുവിധത്തിലും ഉചിതമല്ല.

മൂലം 3.

പുത്താമത്ഥിധനമ്മത്ഥി-ഇതിബാലോവിഹഞ്ഞതി
അത്താഹിഅത്തനോനത്ഥി-കുതോവുത്തോ കുതോധനം

അന്വയം.

മൂലഭാ:—	സം:—
പുത്താമേഅത്ഥി,ധനംമെഅത്ഥി-	പുത്രാഃമെസന്തിധനംമെഅ-സ്തി
ഇതിബാലോവിഹഞ്ഞതി	ഇതിബാലഃവിഹന്യതേ.
അത്താഹിഅത്തനോനത്ഥി	ആത്മാഹിആത്മനഃനാസ്തി
കുതോപുത്തോകുതോധനം	കുതോപുത്രഃകുതോധനം.

അൎത്ഥ:

എനിക്കു പുത്രന്മാരുണ്ട് ധനമുണ്ട് എന്നെല്ലാം വിചാരിച്ചു മഠയൻ ദുഃഖിക്കുന്നു. താൻതന്നെ തന്റേതല്ല. അപ്പോൾ പുത്രന്മാരൊ ധനമൊ എങ്ങിനെ തന്റേതാകും.

മൂലം 4.

യോബാലോമഞ്ഞതീബാല്യം-പണ്ഡിതോവാപിതേനസോ
ബാലോചപണ്ഡിതമാനീ-സവേബാലോതിവുച്ചതി.

അന്വയം.

മൂ:ഭാ.— സം.—

യോബാലോഅത്തതോബാല്യംമഞ്ഞതി യഃബാലഃബാല്യംമന്യതേ
സോതേനവാപിപണ്ഡിതോ സതേനാപിവാപണ്ഡിതഃ
ബാലോപണ്ഡിതമാനീ ബാലഃപണ്ഡിതമാനീ
സവേബാലോതിപൂച്ചതി സവൈബാലഇതിഉച്യതേ.

അന്ത.—

യാതൊരു മൂർഖൻ തന്റെ അജ്ഞതയെ അറിയുന്നു. അവൻ അത്രമാത്രം ജ്ഞാനിയാകുന്നു. എന്നാൽ ഏതൊരു മഠയൻ സ്വയംപണ്ഡിതനെന്നു അഭിമാനിക്കുന്നു, അവൻ യഥാൎത്ഥത്തിൽ മഠയനെന്നുപറയപ്പെടുന്നു.

മൂ. 5.

യാവജീവമ്പിചേബാലോ-പണ്ഡിതംപയിരുപാസതി
നസോധമ്മംവിജാനാതി-ദബ്ബീസൂപരസംയഥാ

അന്വ.—

മൂ:ഭാ:— സം:—

ബാലോയാവജീവമ്പിപണ്ഡിതം യഥാദർവീസൂപരസംനവിജാനാ
പയിരുപാസതിഃചസോധമ്മം തഥാബാലഃയാവജ്ജീവമ (തി
നവിജാനാതി,യഥാദബ്ബീസൂപ പിചേൽപണ്ഡിതംപൎയ്യുപാസ്തേ
രസംനവിജാനാതി തഥാപിസഃധൎമ്മംനവിജാനാതി,

അന്വ:—

ദവ്വീ (തവി) (എന്നും സൂപരസത്തിൽ തന്നെയിരുന്നാലും) സൂപരസത്തെ ആസ്വദിക്കുന്നില്ല അതുപോലെ ജീവിതകാലം മുഴുവൻ പണ്ഡിതസഹവാസം ലഭിച്ചാലും മഠയൻ ധൎമ്മത്തെ അറിയുകയില്ല.

മൂലം 6.

മുഹുത്തമപിഃചേവിഞ്ഞൂ-പണ്ഡിതംപയിരുപാസതി
ഖിപ്പംധമ്മംവിജാനാതി-ജിവ്ഹാസൂപരസംയഥാ.

അന്വ:—

മൂ:ഭാ:—	സം:—
യഥാജിഹ്വാസൂപരസംഖിപ്പം വിജനാതി,തഥാവിജ്ഞമുഹൂത്തമപി. പണ്ഡിതംപയിരുപാസതി ഖേഖിപ്പംധമ്മംവിജാനാതി	യഥാജിഹ്വാസൂപരസംക്ഷിപ്രം വിജാനാതി,തഥാവിജ്ഞഃ മുഹൂത്തമപി പണ്ഡിതംപര്യുപാസതേ തദാനഃക്ഷിപ്രംധമ്മംവിജാനാതി

ജിഹ്വ(നാക്ക്) സൂപരസത്തെ പെട്ടെന്നു അറിയുന്നതുപോലെ വിജ്ഞൻ പണ്ഡിതനുമായുള്ള അല്പസംസൎഗ്ഗംകൊണ്ടു് ധമ്മത്തെ അറിയുന്നു.

മൂലം 7.

ചരന്തിബാലാദുമ്മേധാ-അമിത്തേനേവഅത്തനാ-
കരോന്താപാവകംകമ്മാ-യംഹോതികട്ടകഫലം.

അന്വ:—

മൂ:ഭാ.—	സം:—
യംകട്ടകപ്ഫലംഹോതിപാവകം	യൽകട്ടകംഫലംഭവതിതൽപാവകം
കമ്മംകരോന്താദുമ്മേധാബാലാ	കമ്മകുവ്വന്തഃദുമ്മേധസഃബാലാഃ
അമിത്തേനേവഅത്തനാചരന്തി	അമിത്രേണൈവആത്മനാചരന്തി

അന്വ:—

അല്പബുദ്ധികളും മറയന്മാരുമായ മനുഷ്യർ ദുഃഖകരമായപാപകമ്മംചെയ്തിട്ടു തങ്ങളെത്തന്നെ തങ്ങൾക്കു ശത്രുക്കളാക്കി വത്തിക്കുന്നു.

മൂലം 8.

നതംകമ്മംകതംസാധു—യംകത്വാഅനുതപ്പതി
യസ്സഅസ്സമുഖോരോദം-വിപാകംപടിസേവതി

അന്വയം

മൂ:ഭാ:—	സം.—
തംകമ്മംകതംനസാധുയംകത്വാ	തൽകർമ്മകൃതംനസാധുയൽകൃത്വാ

അനുതപ്പതിയസ്സവിപാകം	അനുതപ്യതേയസ്യവിപാകം
അസ്സുമുഖോരോദംപടിസേവതി	അശ്രുമുഖഃരുദൻപ്രതിസേവതേ

അനു:—

ഏതൊരുകമ്മംചെയ്താൽ ജനങ്ങൾ അൻതപിക്കേണ്ടിവരുന്നു. ഏതൊരു കമ്മത്തിൻെറ ഫലം കണ്ണീരും കയ്യുമായി അനുഭവിക്കേണ്ടിവരുന്നു. അപ്രകാരമുള്ള കർമ്മം ചെയ്യുന്നതു നന്നല്ല.

മൂലം 9.

തഞ്ചകമ്മംകതംസാധുയംകത്വാനാനുതപ്പതി
യസ്സപതീതോസുമനോ-വിപാകംപടിസേവതി

അന്വയം:—

മൂ:ഭാ—	സം:—
തഞ്ചകമ്മംകതംസാധുയംകത്വാനാനു	തഞ്ചകർമ്മസാധുകൃതം-യൽകൃത്വാനാനുതപ്യതേ
തപ്പതി,യസ്സവിപാകംപതീതോ	യസ്യവിപാകംപ്രതീതഃ(പ്രീതഃ)
സുമനോപടിസേവതി	സുമനാ:പ്രതിസേവതേ.

അനു.—

ഏതൊരു കമ്മം ചെയ്താൽ ജനങ്ങൾ അനുതപിക്കേണ്ടിവരുന്നില്ല, ഏതൊരു കമ്മത്തിൻെറ ഫലം ആനന്ദത്തോടും ഉല്ലാസത്തോടും അനുഭവിക്കപ്പെടുന്നു, അപ്രകാരമുള്ള കമ്മം ചെയ്യുന്നതു ഉത്തമമാകുന്നു.

മൂലം 10.

മധുവാമഞ്ജതീബാലോ-യാവ പാപംനപച്ചതി
യദാചപച്ചതീ പാപം-അഥ (ബാലോ) ദുക്ഖംനിഗച്ഛതി

അന്വ:—

മൂ: ഭാ:—	സം:—
യാവപാപംനപച്ചതിബാലോ	യാവൽപാപംനപച്യതേബാലഃ
മധുവാമഞ്ജതീയദാചപാപം	മധുഃഇവമന്യതേയദാചപാപം പച്യ
പച്ചതിഅഥബാലോദുക്ഖംനിഗച്ഛതി	തെതദാബാലഃദു:ഖംനിഗച്ഛതി

അന്വ:—

പാപം എപ്പോൾ വരെ പരിപക്വമാകാതിരിക്കുന്നു. അഥവാ പാപം ഫലപ്രാപ്തമാകാതിരിക്കുന്നു, അപ്പോൾവരെ മഠയൻ അതിനെ മധുരമെന്നു കരുതുന്നു. എന്നാൽ പാപകർമ്മം ഫലത്തെ പ്രദാനം ചെയ്യുമ്പോൾ അവൻ തൻമൂലമുള്ള ദുഃഖമനുഭവിക്കും.

മൂലം 11.

മാസേമാസേ കുസ്സാഗ്ഗേന-ബാലോ ഭുഞ്ജേഥ ഭോജനം
നസോ സംഖത ധമ്മാനം-കലം അഗ്ഘതി സോലസിം

അന്വ:—

മൂ: ഭാ.—	സം:—
ബാലോമാസേമാസേകുസഗ്ഗേന	ബാലഃ മാസേമാസേകുശാഗ്രേണ
ഭോജനംഭുഞ്ജേഥചേസോസംഖത	ഭോജനം ഭുഞ്ജീത സഃ സംഖ്യാത
ധമ്മാനം സോലസിംകലം ന അ	ധർമ്മാണാം ഷോഡശീം കലാം
ഗ്ഘതി	ന അർഹതി

അന്വ:—

മൂർഖനായ മനുഷ്യൻ മാസന്തോറും കുശാഗ്രം കൊണ്ടു ഭക്ഷണം കഴിച്ചാലും എത്രകൃച്ഛ്ര സാധനകളനുഷ്ഠിച്ചാലും ധർമ്മജ്ഞന്മാരുടെ കലാംശത്തിനുപോലും തുല്യനാകുന്നില്ല.

മൂലം 12.

നഹി പാപംകതം ധമ്മം-സജ്ജൂഖീരം വനഹിമുച്ചതി
ഡഹന്തം ബാലമന്വേതി-ഭസ്മാച്ഛന്നോ വ പാവകോ

അന്വ:

മൂ: ഭാ:—	സം:—
കതംപാപംകമ്മംസജ്ജൂഖീരംവ	കൃതംപാപംകർമ്മസദ്യക്ഷീരമിവ
നഹിമുച്ചതി,ഭസ്മാച്ഛന്നോപാവകോ	നഹിമുഞ്ചതി,ഭസ്മാച്ഛന്നപാവക
വഡഹന്തം ബാലം അന്വേതി	ഇവദഹൻബാലംഅന്വേതി

അന്വ:.

സദ്യഃപ്രാപ്തമായ നൂതനക്ഷീരം പെട്ടെന്നു വികൃതമാകുന്നില്ല. അതുപോലെ ചെയ്യപ്പെട്ട പാപകർമ്മം വേഗം നശിച്ചുപോകു

ന്നില്ല. അതു് വെണ്ണീറിൽ കിടക്കുന്ന അഗ്നിയെപ്പോലെ ദഹിച്ചുകൊണ്ട് ദുഷ്ടനെ പിന്തുടരുന്നു.

മൂലം. 13.

യാവദേവ അനത്ഥായ-ജ്ഞത്തംബാലസ്യജായതി
ഹന്തിബാലസ്യസുക്കംസം-മൂഢാമസ്യവിപാതയം

അന്വയം

മൂ: ഭാ:-	സം:-
ബാലസ്സജ്ഞത്താ യാവദേവ അനത്ഥാ യജായതി, അസ്സമുദ്ധം വിപാതയം ബാലസ്സസുക്കം സംഹന്തി.	ബാലസ്യ യാവദേവജ്ഞപ്തംജ്ഞാനം അനത്ഥായജായതേഅസ്യ മൂർദ്ധാനം പ്രജ്ഞാനാംവിപാതയൻ-മൂർഖസ്യശുക്ലാംശം ഹന്തി.

അന:-

മൂർഖന്റെ ജ്ഞാനൈശ്വര്യങ്ങൾ അവനുതന്നെ അനത്ഥഹേതുക്കളാകുന്നു. അവ അവന്റെ പ്രജ്ഞയാകുന്ന മൂർദ്ധാവിനെ തകർത്തിട്ട് അവന്റെ ശുക്ലാംശത്തെ-സൌഭാഗ്യത്തെ- നശിപ്പിക്കുന്നു.

മൂലം. 14,15.

അസന്തംഭാവനമിച്ഛേയ്യ-പുരേക്ഖാരഞ്ചഭിക്ഖുസു.
ആവാസേസുചഇസ്സരിയം-പൂജാപരകുലേസുച
മമേവകതമഞ്ഞന്തു-ഗിഹീപബ്ബജിതാഉഭോ
മമേവാതിവസാഅസ്സു-കിച്ചാകിച്ചേസു കിസ്മിചി.
ഇതിബാലസ്സസങ്കപ്പോ-ഇച്ഛാമാനോചവഡ്ഢതി.

അന്വയം.

മൂ: ഭാ:-	സം:-
അസന്തംഭാവനമിച്ഛേയ്യ,ഭിക്ഖു പുരേക്ഖാരം, ആവാസേസുച ഇസ്സരിയം,പരകുലേസുചപൂജ ഗിഹീപബ്ബജിതാഉഭോമമേവ	അസൽഭാവനംഇച്ഛേൽ, ഭിക്ഷുഷു പുരസ്കാരം ആവാസേഷുച, ഐശ്വര്യംപരകുലേഷുചപൂജാം ഗൃഹിപ്രവ്രജിതഃ ഉഭൌമമൈവ

കതമഞ്ഞുന്തു കിസ്മിചികിച്ചാകി ച്ചേസു	കൃതംമന്യെതാംകേഷുചിൽകൃത്യാകൃത്യേഷു
മമേവഅതിവസാഅസ്സു ഇതി സ്ഥതി	മമൈവ അതിവശെയസ്സാമ ഇതി
ബാലസ്സസങ്കപ്പോഇച്ഛാമാനോ ചവ.	ബാലസ്യസങ്കല്പഃ ഇച്ഛാമാനഃ ച വർദ്ധതെ.

അന്വ:-

മൂർഖനായ ഭിക്ഷു ഇല്ലാത്ത വസ്തുക്കളെ ആഗ്രഹിക്കയും ഭിക്ഷുക്കളിൽ വച്ച് ശ്രേഷ്ഠനാകാനിച്ഛിക്കയും ചെയ്യുന്നു. സംഘത്തിലാകട്ടെ, വിഹാരങ്ങളിലാകട്ടെ, അധിപതിയാകാൻ ആഗ്രഹിക്കുന്നു. അന്യന്മാരിൽ നിന്നും ബഹുമാനത്തേയും, സൽക്കാരത്തേയുമാഗ്രഹിക്കുന്നു. ഗൃഹസ്ഥനൊ പരിവ്രാജകനൊ ഇതു് ഞാൻ ചെയ്തതാണെന്നു വിചാരിക്കട്ടെ. വലുതോ ചെറുതൊ ആയ ഏതൊന്നു ചെയ്യുമ്പോഴും എന്റെ അനുമതി സ്വീകരിക്കട്ടെ. എന്റെ വശതി അനുസരിക്കട്ടെ ഇത്യാദി ഏതൊരു മൂർഖനായ ഭിക്ഷു സങ്കല്പിക്കുന്നുവോ അവന്റെ ഇച്ഛയും അഹങ്കാരവും വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കും.

അഞ്ഞാഹിലാഭൂപനിസാ–അഞ്ഞാനിബ്ബാനഗാമിനീ
ഏവമേതംഅഭിജ്ഞായ-ഭിക്ഖൂബുദ്ധസ്സസാവകോ
സക്കാരംനാഭിനന്ദേയ്യ–വിവേകമനുബ്രൂഹയെ.

അന്വ:-

മൂ: ഭാ:-	സം:-
അഞ്ഞാഹിലാഭൂപനിസാഅഞ്ഞാ നിബ്ബാനഗാമിനീ,ബുദ്ധസ്സ,സാവകോ	അന്യാഹിലാഭോപനിഷൽഅന്യാ നിർവ്വാണഗാമിനീബുദ്ധസ്യ-ശ്രാവകഃ
ഭിക്ഖൂ,ഏവമേതംഅഭിജ്ഞായ	ഭിക്ഷുഃഏവംഅഭിജ്ഞായ
സക്കാരംനഅഭിനന്ദേയ്യവി-വേകമനുബ്രൂഹയെ	സൽക്കാരംന അഭിനന്ദേൽ-വിവേകം അനുബൃംഹയേൽ.

അന്വ:-

ലാഭത്തിന്റെ മാൎഗ്ഗവും, നിർവ്വാണപ്രാപ്തിക്കുള്ള മാൎഗ്ഗവും ഒന്നല്ലെന്നറിഞ്ഞിട്ട്, ബുദ്ധശിഷ്യനായ ഭിക്ഷു സല്ക്കാരങ്ങളെ കാം

ക്ഷിക്കരുത്. വിവേകമവലംബിച്ച്, സംസാരം, അസച്ചിന്ത, ഉപാധി ഇവയെ പരിത്യജിച്ച് നിർവ്വാണത്തെ അനുസന്ധാനം ചെയ്യണം.

പണ്ഡിതവർഗ്ഗഃ

ഷഷ്ഠഃ

മൂലം. 1.

നിധീനംവപവത്താരം, യംപദസ്സവജ്ജദസ്സീനം
നിഗ്ഗയ്ഹവാദിംമേധാവിം താദിസംപണ്ഡിതംഭജെ
താദിസാ ഭജമാനസ്സ, സേയ്യേ ഹോതിനപാപിയോ.

അന്വയം

മൂ: ഭാ:-	സം:-
നിധീനംപവത്താരം വ	നിധീനാംപ്രവക്താരമിവ
വജ്ജദസ്സിനം നിഗ്ഗയ്ഹ വാദിം	വജ്ജ്യദർശിനംനിഗൃഹ്യവാദിനം
മേധാവിംയംപസ്സേ താദിസം	മേധാവിനംയംപശ്യേൽ താദൃശം
പണ്ഡിതംഭജെ;താദിസം.	പണ്ഡിതംഭജേൽ;താദൃശം പുരുഷം
ഭജമാനസ്സസേയ്യോഹോതിന പാപിയോ.	ഭജമാനസ്യ ശ്രേയഃഭവതി, നപാപിയഃഭവതി.

അനു:-

ഗുപ്തധനങ്ങളെ കാണിച്ചുതരുന്നവനെപ്പോലെ ഏതൊരാൾ വർജ്യവിഷയങ്ങളെ കാണിച്ചുതരുന്നു, ദോഷങ്ങൾ കണ്ടാൽ ഏതൊരാൾ അവയെ ഭത്സിക്കുന്നു ഇപ്രകാരം മേധാവിയായ പണ്ഡിതനെ അനുസരിക്കണം. അപ്രകാരമുള്ള ആചാര്യനെ അനുസരിക്കുന്നതായാൽ ഒരിക്കലും അമംഗളമുണ്ടാകുകയില്ല മംഗളം തന്നെഭവിക്കും.

മൂലം 2.

ഒവദേയ്യാനുസാസേയ്യ, അസബ്ഭാചനിവാരയേ
സതംപിയോഹോതി,അസതംഹോതി അപ്പിയോ.

അന്വയം

പണ്ഡിതോകവദമയ്യഅന	പണ്ഡിതഃ അവവദേവൻ അന
സാസേയ്യ ൻ.ന ബ്ഭാച	ശിഷ്യാൽ അസഭ്യാൽ ച
നിവാരയേ, സോഹിസതം	നിവാരയേൽ, സഹിസതാം
പിയോ	പ്രിയോ
ഹോതി അസതം അപ്പിയോ ഹോതി	ഭവതി, അസതാം ച അപ്രിയഃ ഭവതി

അൎത്ഥം

പണ്ഡിതനായ പുരുഷൻ തിരസ്കരിക്കയും, ശാസിക്കുകയും അന്യായാചരണത്തിൽനിന്ന് നിവൃത്തനാക്കുകയും ചെയ്യും. (അമംഗളധൎമ്മങ്ങളിൽനിന്ന്, നിവൎത്തിപ്പിക്കുകയും, മംഗളധൎമ്മങ്ങളിൽ പ്രതിഷ്ഠിപ്പിക്കുകയും ചെയ്യും.) ഇപ്രകാരമുള്ള പുരുഷൻ നിശ്ചയമായും സജ്ജനങ്ങൾക്കു പ്രിയനായും ദുൎജ്ജനങ്ങൾക്കു അപ്രിയനായും ഭവിക്കും.

മൂലം 3.

നഭജേപാപകേമിത്തേ, നഭജേപുരിസാധമേ
ഭജേഥമിത്തേകല്യാണേ-ഭജേഥപുരിസുത്തമെ

അന്വയം

മൂ: ഭാ:—	സം:-
പാപകേമിത്തേനഭജേ	പാപകാന്മിത്രാണിനഭജേൽ
പുരിസാധമെനഭജേ	പുരുഷാധമാന്നിനഭജേൽ
കല്യാണേമിത്തേഭജേഥ	കല്യാണംനിമത്രാണിഭജേൽ
പുരിസുത്തമെഭജേഥ	പുരുഷോത്തമാന്നിചഭജേൽ

അൎത്ഥം

പാപികളായ മിത്രങ്ങളേയും പുരുഷാധമന്മാരെയും ഭജിക്കരുതു്. മംഗളകാരികളായ മിത്രങ്ങളേയും പുരുഷോത്തമന്മാരെയും ഭജിക്കണം.

മൂലം 4.

ധമ്മപീതിസുഖംസേതി-വിപ്പസന്നേനചേതസാ
അരിയപ്പവേദിതേധമ്മേ-സദാരമതിപണ്ഡിതോ

അന്വയം

മൂ: ഭാ:—	സം: —
ധമ്മപീതിവിപ്പസന്നേനചേത	ധമ്മപീതിഃവിപ്രസന്നേനചേ
സാസുഖംസേതി	തസാസുഖംശേതേ
പണ്ഡിതോഅരിയപ്പവേദി	പണ്ഡിതഃആത്മപ്രവേദിതേ
തേ ധമ്മേസദാരമതി	ധമ്മേസദാരമതെ.

അന്വ:-

ധമ്മപാനം ചെയ്യുന്നവൻ, അതായത് ധാമ്മികനായ പുരുഷൻ ഹൃദയപ്രസാദംകൊണ്ടു സുഖിക്കുന്നു. പണ്ഡിതൻ ആയ്യഗണത്താൽ (ബൌദ്ധസാധനാമാഗ്ഗത്തിൽ ആത്രുഢന്മാർ) പ്രദശിപ്പിക്കപ്പെട്ട ധമ്മമാഗ്ഗത്തിലൂടെ സദാവിചരിക്കുന്നു.

മൂലം 5.

ഉദകംഹിനയന്തിനേത്തികാ,ഉസുകാരാനമയന്തിതേജനം
ദാരുംനമയന്തിതച്ഛകാ,അത്താനംദമയന്തിപണ്ഡിതാ

അന്വയം:-

മൂ: ഭാ:-	സം:-
നേത്തികാഹി ഉദകം നയന്തി	നേതൃകാഹി ഉദകം നയന്തി
ഉസുകാരാതേജനംനമയന്തി	ഇഷുകാരാഃ തേജനം നമയന്തി
തച്ഛകാദാരും നമയന്തി	തക്ഷകാഃദാരും നമയന്തി
പണ്ഡിതാ അത്താനംദമയന്തി	പണ്ഡിതാഃ ആത്മാനം ദമയന്തി

അന്വ:-

നീർച്ചാലുകളുണ്ടാക്കുന്നവർ നിർദ്ദിഷ്ടസ്ഥലത്തേക്കു വെള്ളത്തെ നയിക്കുന്നു. ഇഷുകാരൻ ഇച്ഛപോലെ ശസ്ത്രത്തെ നമിപ്പിക്കുന്നു. തക്ഷന്മാർ വൃക്ഷത്തെ പല പ്രകാരത്തിലുള്ള ഉപകരണങ്ങളാക്കുന്നു. തക്ഷന്മാർ വൃക്ഷത്തെ പല പ്രകാരത്തിലുള്ള ഉപകരണങ്ങളാക്കുന്നു. അപ്രകാരംതന്നെ പണ്ഡിതൻ യഥേഷ്ടം മനസ്സിനെ ദമനം ചെയ്യുന്നു.

മൂലം 6.

സേലോയഥാഏകഘനോ, വാതേനനസമീരതി.
ഏവ്വംനിന്ദാപസംസാസു, നസമിഞ്ജന്തി പണ്ഡിതാ.

അന്വയം.

മൂ: ഭാ:-	സം:-
യഥാഏകഘനോസേലോ വാ തേനനസമീരതി	യഥാഏകഘനഃശൈലഃ വാ തേനനസമീര്യതേ
ഏവം പണ്ഡിതാനിന്ദാ പസം സാസു നസമിജ്ഞ്ജന്തി	ഏവംപണ്ഡിതാഃ നിന്ദാപ്ര ശംസാസുനസമീര്യന്തെ (വിചലിതാഭവന്തി)

അന്വ:-

ഘനവും ശിലാമയവുമായ പവ്വതം കാററടിച്ചാൽ ഇളകാത്തതുപോലെ (സ്ഥിരബുദ്ധികളായ) പണ്ഡിതന്മാർ നിന്ദകൊണ്ടൊ പ്രശംസകൊണ്ടൊ ചലിക്കുന്നില്ല.

മൂലം 7.

യഥാപിര്ഹദോഗംഭീരോ, വിപ്പസന്നോ അനാവിലോ
ഏവംധമ്മാനി സുത്വാന, വിപ്പസീദന്തിപണ്ഡിതാ

അന്വയം:-

മൂ: ഭാ:-	സം:-
യഥാപിഗംഭീരൊ രഹദോ വിപ്പ സന്നോ അനാവിലൊ ഏവം പണ്ഡിതാ ധമ്മാനിസുത്വാന- വിപ്പസീദന്തി	യഥാപിഗംഭീരഃ ഹ്രദഃ വിപ്രസ ന്നഃ അനാവിലഃ ഏവം പണ്ഡിതാഃ ധമ്മാൻ- ശ്രുത്വാ വിപ്രസീദന്തി

അന്വ:-

ഗംഭീരമായ ഹ്രദം എപ്രകാരം നിമ്മലവും പ്രശാന്തവുമായിരിക്കുന്നു. അപ്രകാരം പണ്ഡിതനായ പുരുഷൻ ധമ്മത്തെ ശ്രവിച്ചിട്ട്--ധമ്മമാഗ്ഗത്തിൽ പ്രവേശിച്ചിട്ട് സ്ഥിരനും പ്രശാന്തനുമായിത്തിരുന്നു.

മൂലം 8.

സബ്ബത്ഥവേസപ്പുരിസാചജന്തി
ന കാമകാമാലപയന്തിസന്തോ
സുഖേനഫുട്ഠാഅഥവാദുഖേന
ന ഉച്ചവാചംപണ്ഡിതാദസ്സയന്തി

അന്വയം:-

മൂ. ഭാ:-	സം.-
സപ്പുരിസാ സബ്ബത്ഥ വേച- ജന്തി	സൽപുരുഷാഃ സർവ്വത്രവൈ- ശ്യജന്തി
സന്തോ കാമ കാമാനലപയന്തി	സന്തഃ കാമകാമാഃനലപയ- ന്തി
സുഖേന അഥവാദുഖേന ഫു- ട്ഠാ	സുഖേന അഥവാ ദുഃഖേന- സ്പൃഷ്ടാഃ
പണ്ഡിതാഉച്ചവാചം നദസ്സയ- ന്തി	പണ്ഡിതാഃ ഉച്ചാവചം ന- ദർശയന്തി

അർത്ഥ:-

പണ്ഡിതന്മാർ സർവ്വത്ര ത്യാഗികളാകുന്നു. സാധുക്കൾ കാമ്യവസ്തുക്കളെക്കുറിച്ചു പറയുകപോലും ചെയ്യുകയില്ല. സുഖദുഃഖങ്ങളിൽ ഏതു വന്നാലും പണ്ഡിതനായ മനുഷ്യൻ ഒരിക്കലും ഉദ്ധതനൊ അവനതനൊ ആകുന്നില്ല.

മൂലം 9.

ന അത്തഹേതുന പരസ്സഹേതു
ന പുത്തമിച്ഛേന ധനം ന രട്ഠം
ന ഇച്ഛേയ്യ അധമ്മേനസമിദ്ധിമത്തനോ
സലീലവാപഞ്ഞവാധമ്മികോസിയാ

അന്വയം.-

മൂ. ഭാ.-	സം:-
ന അത്തഹേതു, ന പരസ്സ- ഹേതു	യോന ആത്മഹേതോഃ നചപരസ്യ ഹേതോഃപുത്രമിച്ഛേൽ, ധനമി
ന പുത്തമിച്ഛേ, ന ധ- നം, നരട്ഠം ഇച്ഛേ	ച്ഛേൽ, രാഷ്ട്രമിച്ഛേൽ,
ന അധമ്മേന അത്തനോ- സമിദ്ധിമി-	ന അധർമ്മേണ ആത്മനഃ സമൃ- ദ്ധിംഇ-
ച്ഛേയ്യ, സസീലവാപ- ഞ്ഞ്ജ്ഞാവാ	ച്ഛേൽ, സശീലവാൻപ്രജ്ഞാവാ- ൻ ധാർമ്മികശ്ചസ്യാൽ
ധമ്മികോസിയാ.	

അൎത്ഥം.—

ഏതൊരുവൻ തനിക്കായിട്ടൊ അന്യനുവേണ്ടിയൊ പുത്രനേയൊ ധനത്തേയൊ രാജ്യത്തേയൊ ഇച്ഛിക്കുന്നില്ല, എതൊരുവൻ അധർമ്മപ്രവൃത്തിമൂലം തന്റെ സമൃദ്ധിയെ ആഗ്രഹിക്കുന്നില്ല, അവൻ ശീലഗുണസമ്പന്നനും പ്രജ്ഞാവാനും ധാർമ്മികനുമാകുന്നു.

മൂലം 10, 11.

അപ്പകാതേ മനുസ്സേസു, യേജനാപാരഗാമിനോ
അഥായാഇതരാപജാ, തീരമേവാനുധാവതി
യേ ച ഖോ സമ്മദക്ഖാതേ, ധമ്മേ ധമ്മാനുവത്തിനോ
തേജനാപാരമേസ്സന്തി, മച്ചുധേയ്യം സുദുത്തരം

അന്വയം:—

മൂ: ഭാ:—	സം;—
മനുസ്സേസു,യേജനാപാരഗാമിനോ	മനുഷ്യേഷു യേജനാഃപാരഗാമിനഃ
തേ അപ്പകാ അഥ ഇതരാ പജാ തീരമേവാനുധാവതി	തേ അല്പകാഃ അഥ ഇതരാ പ്രജാഃ തീരമേവ അനുധാവന്തി
യേ ച ഖോ ധമ്മെ സമ്മദക്ഖാതെ	യേ ച ഖലു ധർമ്മേ സമ്യഗാഖ്യാതേ
ധമ്മാനുവത്തിനോ, തേ ജനാ സുദുത്തരം മച്ചുധേയ്യം പാരമെസ്സന്തി	ധർമ്മാനുവർത്തിനൊ, ഭവന്തി തേ ജനാഃ സുദുസ്തരസ്യ മൃത്യുധേയസ്യ പാരം ഏഷ്യന്തി

മനുഷ്യരിൽ വളരെ കുറച്ചുപേർ മാത്രമെ നിർവ്വാണസാഗരത്തിന്റെ പാരം പ്രാപിക്കുന്നുള്ളൂ. മററുള്ളവർ തീരത്തിൽ മാത്രം ഓടിക്കൊണ്ടിരിക്കുന്നു. (അജ്ഞാനത്തിൽ ഉഴലുന്നു) ആരൊരുവർ വഴിപോലെ ഉപദേശിക്കപ്പെട്ട ധർമ്മമനുസരിച്ചു ജീവിക്കുന്നു, അവർ അത്യന്തം ദുസ്തരമായ യമരാജ്യത്തെ അതിക്രമിച്ചു നിർവ്വാണം പ്രാപിക്കുന്നു.

മൂലം 12, 13.

കണ്ഹം ധമ്മം വിപ്പഹായ സുക്കം ഭാവേഥപണ്ഡിതോ
ഓകാ അനോകം ആഗമ്മ, വിവേകേയത്ഥദൂരമം
തത്രാഭിരതിമിച്ഛെയ്യ, ഹിത്വാകാമേ അകിഞ്ചനോ
പരിയോദപേയ്യ അത്താനം ചിത്തക്ലേസേഹിപണ്ഡിതോ.

അന്വയം

മൂ: ഭാ: —	സം: —
പണ്ഡിതോകണ്ഹംധമ്മം വിപ്പഹായ	പണ്ഡിതഃകൃഷ്ണംധൎമ്മംവിപ്രഹായ
സുക്കംഭാവേഥഓകാഅനോകം ആഗമ്മ	ഓകാൻ അനോകംആഗമ്യ ശുക്ലം
യത്ഥദൂരമംതത്രവിവേകഅഭി	ധൎമ്മം ഭാവയത യത്രദൂരമംതത്രവി
രതിം ഇച്ഛേയ്യ	വേകേ നിൎവ്വാണെ അഭിരതിം ഇച്ഛേൽ
കാമേ ഹിത്വാ അകിഞ്ചനോ	കാമാൻഹിത്വാഅകിഞ്ചനഃ
പണ്ഡിതോചിത്തക്ലേസേഹി	പണ്ഡിതഃചിത്തക്ലേശൈഃ ആത്മാ
അത്താനംപരിയോദപേയ്യ	നംപൎയ്യവദാപയേൽ

അനു: —

പണ്ഡിതനായ പുരുഷൻ സംസാരത്തിന്റെ കൃഷ്ണവൎണ്ണമായ-ദുഃഖമയമായ ജീവിതരീതിയെ പരിത്യജിച്ച് പരിവ്രാജകചൎയ്യാസ്വീകാരമായ ശുക്ലവൎണ്ണമായ ജീവിതരീതിയെ-വൈരാഗ്യപൂൎണ്ണവും പുണ്യവുമായ-ജീവിതരീതിയെ സ്വീകരിക്കണം. വിവേകലബ്ധി-നിൎവ്വാണം-അതിദുഷ്ക്കരമാകുന്നു. ആകയാൽ പണ്ഡിതൻ സമസ്തവാസനകളേയും ത്യജിച്ച് മനോമാലിന്യം കളഞ്ഞു് വിവേകത്തിൽ തൽപ്പരനാകണം.

മൂലം 14.

യേസംസംബോധി അംഗേസു, സമ്മാചിത്തംസുഭാവിതം
ആദാനപടിനിസ്സഗ്ഗേ-അനുപാദായയേരതാ
ഖീനാസവാജ്ജുതീമന്തോതേലോകെപരിനിബ്ബുതാ

അന്വയം

മൂ:ഭാ: —	സം: —
യേസംചിത്തംസംബോധിഅങ്ഗേ	യേഷാംചിത്തംസംബോധ്യങ്ഗേഷു
സുസമ്മാസുഭാവിതം	സമ്യക്സുഭാവിതം
ആദാനപടിനിസ്സഗ്ഗേയേഅനുപാ	ആദാനപ്രതിനിസ്സൎഗ്ഗേയേ-അനുപാ
ദായരതാഖീനാസവാജ്ജുതീമ	ദായരതാഃക്ഷീണാശ്രവാഃജ്യോ
ന്തോതേലോകെപരിനിബ്ബുതാ	തിഷ്മന്തഃതേലോകേപരി-നിൎവ്വൃതഃഭവന്തീതിശേഷഃ

അൎത്ഥം:-

യാവചിലരുടെ ചിത്തം സപ്തബോധിഅംഗങ്ങളിലും സു പ്രതിഷ്ഠിതമായിരിക്കുന്നു, യാവചിലർ സ്വീകാരരഹിതമായ ത്യാഗത്തെ സ്വീകരിച്ചിരിക്കുന്നു, ക്ഷീണപാപന്മാരും തേജോമയന്മാരുമായ അവരത്രെ ഇഹലോകത്തിൽ നിർവ്വാണപദം പ്രാപിച്ചവർ. (അവർ ഈ ജന്മത്തിൽ ക്ലേശനിർവ്വാണം ലഭിച്ചവരായിട്ട്, ദേഹത്യാഗാനന്തരം നിരുപാധികമായ നിർവ്വാണം പ്രാപിക്കുന്നു.

അരഹന്തവഗ്ഗഃ

സപ്തമഃ

മൂലം 1.

ഗതദ്ധിനോവിസോകസ്സ,വിപ്പമുത്തസ്സസബ്ബധി
സബ്ബഗന്ഥപ്പഹീണസ്സ,പരിലാഹോനവിജ്ജതി

അന്വയം

മൂ: ഭാഃ-	സംഃ-
ഗതദ്ധിനോ,വിസോകസ്സസബ്ബധി	ഗതാദ്ധ്വനഃവിശോകസ്യ-സർവ്വഥാ
വിപ്പമുത്തസ്സസബ്ബഗന്ഥപ്പഹീണസ്സ	വിപ്രമുക്തസ്യസർവ്വഗ്രന്ഥപ്രഹീണസ്യജനസ്യ
പരിലാഹൊനവിജ്ജതി	പരിദാഹഃനവിദ്യതെഃ

അൎത്ഥം:-

പ്രാപ്യസ്ഥാനത്തെത്തിയവനും ശോകരഹിതനും എല്ലാ പ്രകാരത്തിലും മുക്തനും സകല ഗ്രന്ഥികളും നശിച്ചവനുമായ പുരുഷനു യാതൊരു ദുഃഖവുമില്ല.

മൂലം 2

ഉയ്യുഞ്ജന്തി സതീമന്തോ-നനികേതേരമന്തിതേ.
ഹംസംവപല്ലലംഹിത്വാ-ഓകമോകംജഹന്തിതേ.

അന്വയം

മൂ: ഭാ:-	സം:-
തേ സതീമന്തോ ഉയ്യുഞ്ജന്തി	തേസ്മൃതിമന്തഃ ഉദ്യുഞ്ജന്തി
നികേതേനരമന്തി	നികേതേനരമന്തേ
പല്ലലംഹിത്വാഹംസാവതേ	പല്വലംഹിത്വാഹംസഇവതേ
ഓകമോകംജഹന്തി	ഓകമോകംജഹന്തി

അന്വ: —

യാവചിലർ ഏകാഗ്രമനസ്സുകളായിട്ട്, ധമ്മാഭ്യാസത്തിൽ ഉദ്യുക്തരായിരിക്കുന്നു. നികേതത്തിൽ രമിക്കുന്നില്ല. ഹംസങ്ങൾ പലവലത്തെ ഉപേക്ഷിക്കുന്നതുപോലെ ആ ബുദ്ധഭിക്ഷുക്കൾ ഗൃഹ (വാസ) ത്തെ ഉപേക്ഷിക്കുന്നു.

മൂലം 3.

യേസം സന്നിചയോ നത്ഥി, യേ പരിജ്ഞാതഭോജനാ
സുഞ്ഞതോ അനിമിത്തോച, വിമോക്ഖോയസ്സഗോചരോ
ആകാസേവസകന്താനം, ഗതിതേസം ദുരന്നയാ.

അന്വ:-

മൂ: ഭാ:-	സം:-
യേസം സന്നിചയോ നത്ഥി- യേപരി	യേഷാംസന്നിചയഃ നാസ്തി.യേ- പരിജ്ഞാ
ജ്ഞാതഭോജനാ, സുഞ്ഞ- തോഅനിമിത്തോ-	തഭോജനാഃ ശൂന്യതാരൂപഃ അ- നിമിത്ത
ചവിമോക്ഖോയസ്സഗോച- രോ ആകാസേ	ശ്ച വിമോക്ഷഃ യേഷാംഗോചരഃ ആകാ
ശകുന്താനംവതേസംഗതി- ദുരന്നയാ	ശെ, ശകുന്താനാമിവതേഷാംഗ- തതിദുരന്വയാ

അന്വ: —

യാവ ചിലക്ക് അത്ഥസഞ്ചയമില്ല. യാവ ചിലർ പരിജ്ഞാനത്രയത്തോട്ടകൂടി ഭോജനം ചെയ്യുന്നു. ശൂന്യതാ (രാഗദ്വേഷമോഹങ്ങളുടെ അഭാവ) രൂപവും, അനിമിത്തവുമായ മോക്ഷം യാവ ചിലക്ക് ഗോചരമായിരിക്കുന്നു, ആകാശത്തിൽ പക്ഷികളുടെ ഗതിപോലെ അവരുടെ ഗതി അറിവാൻ ശക്യമല്ല.

മൂലം 4.

യസ്സാസവാപരിക്ഖീണാ, ആഹാരേ ച അനിസ്സിതോ
സുഞ്ഞതോഅനിമിത്തോച, വിമോക്ഖോയസ്സഗോചരോ
ആകാസേവസകുന്താനം, പദംതസ്സദുരന്നയം.

അന്വ:-

മൂ: ഭാ:-	സം:-
യസ്സ ആസവാ പരിക്ഖീണാ-യോച	യസ്യ ആസ്രവാഃ (കാമാദയഃ) പരിക്ഷീണാഃ
ആഹാരേ അനിസ്സിതേ സു-ഞ്ഞതോ	യശ്ച, ആഹാരേ അനി-സ്സൃതഃ ശൂന്യതഃ
അനിമിത്തോച വിമോക്ഖോ-യസ്സഗോ	അനിമിത്തശ്ച വിമോക്ഷഃ യ-സ്യ ഗോച
ചരോ ആകാസേ സകുന്താ-നംവിവ	രഃ ആകാശേശകുന്താനാമി-വ
തസ്സപദം ദുരന്നയം	തസ്യപദം ദുരന്വയം

അന്വ:—

യാവനൊരുത്തന്റെ കാമാദികളായ 'രോഗങ്ങൾ' പ്രക്ഷീണങ്ങളായിരിക്കുന്നു, ഏതൊരുവൻ ആഹാരചതുഷ്ടയത്താൽ വശീകരിക്കപ്പെട്ടുന്നില്ല, ശൂന്യതാരൂപവും, അനിമിത്തവുമായ നിർവ്വാണം ഏതൊരുവന്റെ ഗോചരമായിരിക്കുന്നു, അപ്രകാരമുള്ളവരുടെ ഗതി ആകാശത്തിൽ പക്ഷികളുടെ ഗതിയെന്നവണ്ണം ദുർജ്ഞേയമാകുന്നു.

മൂലം 5.

യസ്സിന്ദ്രിയാനി സമഥംഗതാനി
അസ്സായഥാസാരഥിനാ സുദന്താ
പഹീനമാനസ്സ അനാസവസ്സ
ദേവാപിതസ്സപിഹയന്തിതാദിനോ,

അന്വ:—

മൂ: ഭാ:—	സം:—
സുദന്താ അസ്സാ സാരഥിനാ യ-ഥാ	സുദാന്താ അശ്വാഃ സാരഥിനാ-യഥാ
യസ്സഇന്ദ്രിയാനി സമഥാ ഗതാ-നി	യസ്യഇന്ദ്രിയാണി ശമഥം-(ശാന്തതാം) ഗതാനി

താദിനോ പഹീനമാനസ്സ അ- നാസവസ്സ	പ്രഹീണമാനസ്യ ഗതാഭിമാ- നസ്യ അനാശ്ര
തസ്സദേവാപി പിഹയന്തി	വസ്യനിഷ്കല്മഷസ്യ നസ്യ- ഭാഗ്യായദേ വാഃ അപിസ്പൃഹയന്തി

അശ്വങ്ങൾ സാരഥിയാൽ നിയന്ത്രിതങ്ങളാകുന്നതുപോലെ യാതൊരുവനാൽ ഇന്ദ്രിയങ്ങൾ നിയമനം ചെയ്യപ്പെടുന്നു. അഭിമാനരഹിതനും കളങ്കഹീനനുമായ ആ പുരുഷന്റെ സ്ഥിതി ദേവന്മാർപോലും ആഗ്രഹിക്കുന്നു.

മൂലം 6.

പഠവീസമോനോ വിരുജ്ഝതി,ഇന്ദ്രഖിലൂപമോ താദിസുബ്ബതോ രഹദോവഅപേതകദ്ദമോ, സംസാരാനഭവന്തിതാദിനോ

അന്വയം,

മൂ: ഭാ:-	സം:-
താദിസുവ്വതോ പഠവീസമോ ഇന്ദ്രഖീ	താദൃക്സുവ്രതഃപൃഥിവീസമഃ ഇന്ദ്രകീ
ലൂപമൊ, നോവിരുജ്ഝതി	ലോപമഃനോവിരുദ്ധ്യതേ
അപേതകദ്ദമോരഹദോവഃതാ ദിനോ	നഃ അപേതകർദ്ദമഃ ഹ്രദ ഇ വ, താദൃശസ്യ
സംസാരാനഭവന്തി	സംസാരാഃ നഭവന്തി

അന്വ:-

അപ്രകാരം സുവ്രതനായ പുരുഷൻ പൃഥിവിയേയോ ഇന്ദ്രകിലത്തേയോപോലെ ശുഭാശുഭങ്ങളിലും മാനാപമാനങ്ങളിലും സമഭാവത്തോടും അനുരാഗവിരാഗങ്ങൾ ഇല്ലാതെ പങ്കരഹിതമായ ഹ്രദംപോലെ നിർമ്മലനും, ശാന്തനുമായിരിക്കുന്നു. അപ്രകാരമുള്ള പുരുഷനു പുനർജ്ജന്മം ഉണ്ടാകുകയില്ല. അവൻ പുനരാവൃത്തിശൂന്യമായ നിർവ്വാണപദം പ്രാപിക്കുന്നു.

മൂലം. 7

സന്തംതസ്സമനം ഹോതി—സന്താവാചാചകമ്മഞ്ച
സമ്മദഞ്ഞാവിമുത്തസ്സ,—ഉപസന്തസ്സതാദിനോ

അന്വ:-

മൂ: ഭാ:-	സം:-
സമ്മദഞ്ഞാ വിമുത്തസ്സ ഉപസന്തസ്സ	സമ്യൿപ്രജ്ഞയാവിമുക്തസ്യ ഉപശാന്തസ്യ
താദിനോ തസ്സ മനം സന്തം ഹോതി	താദൃശസ്യ തസ്യ അർഹതഃ മനഃസത് ഭവതി
വാചാച സന്താ കമ്മംച സന്തം ഹോതി	വാൿചസതീ ഭവതീ, കൎമ്മച സത്യം ഭവതി

അൎ:—

സമ്യൿജ്ഞാനത്താൽ വിമുക്തനും ഉപരമം പ്രാപിച്ചവനുമായ വ്യക്തിയുടെ ചിത്തം പ്രശാന്തമാകുന്നു. വാക്കും ശാന്തമാകുന്നു. ഈവിധം കൎമ്മവും ശാന്തമായിത്തീരുന്നു.

മൂലം 8.

അസ്സദ്ധോഅകതഞ്ഞൂ ച - സന്ധിച്ഛേദോ ച യോ നരോ
ഹതാവകാസോ വന്താസോ - സ വേ ഉത്തമപോരിസോ

അന്വ: —

മൂ: ഭാ:-	സം:-
യോ നരോ അസ്സദ്ധോ അകതഞ്ഞൂ ച	യഃ നരഃ അശ്രദ്ധഃ അകൃതജ്ഞഃ
സന്ധിച്ഛേദോ ച ഹതാവകാസോ	സന്ധിച്ഛേദഃ ച ഹതാവകാശഃ
വന്താസോ സ വേ ഉത്തമപോരിസോ	വാന്താശഃ സ്യാൽ സ വൈ ഉത്തമപുരുഷഃ സ്യാൽ

അൎ:—

യാതൊരുപുരുഷൻ അന്യന്മാരുടെ കഥകളിൽ ശ്രദ്ധയില്ലാതെയും നിൎവ്വാണതത്വത്തെ അറിഞ്ഞും സംസാരബന്ധത്തെ ഛേദിച്ചും സത്തോ അസത്തോ ആയ ഭാവബന്ധങ്ങളിൽ നിന്ന് നിവൃത്തനായിട്ടു സകല വാസനകളേയും ഉന്മൂലനം ചെയ്തിരിക്കുന്നു, ആ പുരുഷൻ ഉത്തമനാകുന്നു.

മൂലം 9.

ഗാമേവായദിവാരഞ്ഞേ നിന്നേവായദിവാഥലേ
യത്ഥാരഹന്തോവിഹരന്തി തംഭൂമിംരാമണേയ്യകം

അന്വ:—

ഗാമേവായദിവാഅരജ്ഞേനി ന്നേവാ	ഗ്രാമേവായദിവാ അരണ്യേ നിമ്നേ
യദിപ്ഥലേ യത്ഥ അരഹ ന്തോ വിഹരന്തി	യദിവാസ്ഥലെയത്ര അർഹ ന്തഃ വിഹരന്തി
തംഭൂമിം രാമണേയ്യകം	സാ ഭൂമിഃ രമണീയാ.

അന്വ:-

ഗ്രാമത്തിലോ അഥവാ വനാന്തരത്തിലോ താഴ്ന്ന സ്ഥല ത്തോ ഉയൎന്നസ്ഥലത്തോ ബുദ്ധശിഷ്യന്മാർ എവിടെ വിഹരിക്കു ന്നു, ആ സ്ഥലം രമണീയമാകുന്നു.

മൂ: 10.

രമണീയാനി അരജ്ഞാനി, യത്ഥനരമതി ജനോ
വീതരാഗാരമിസ്സന്തി, നതേകാമഗവേസിനോ.

അന്വയം.

മൂ: ഭാ:—	സം,—
അരജ്ഞാനി രമണീയാനി- യത്ഥജനോ.	അരണ്യാനിരമണീയാനിയേഷു- ജനോ
നരമതി, വീതരാഗാരമിസ്സ ന്തി	നരമതേ തേഷുവീതരാഗാഃ രം സ്യന്തേ
തേകാമ ഗവേസിനോനഃ	തേനഃ കാമഗവേഷിണഃ

അന്വ:—

അരണ്യങ്ങൾ രമണീയങ്ങൾ തന്നെ. ഏതൊന്നിൽ ജന സാമാന്യം രമിക്കുന്നില്ല, അവിടെ രാഗദ്വേഷികളില്ലാത്തവർ ര മിക്കുന്നു. എന്തെന്നാൽ അവർ കാമാന്വേഷികളല്ല.

സഹസ്രവഗ്ഗഃ

അഷ്ടമഃ

മൂ: 1.

സഹസ്സമപി ചേ വാചാ അനത്ഥപദസംഹിതാ
ഏകം അത്ഥപദം സേയ്യോ. യം സുത്വാ ഉപസമ്മതി

അന്വയം.

മൂ: ഭാ:—	സം:—
അനത്ഥപദസംഹിതാ വാചാ സഹസ്സമപി	അനർത്ഥപദസംഹിതാ വാചാ സഹസ്രമപി
ചേ സിയാ, അത്ഥപദം ഏകം സേയ്യോ	ചേൽ സ്യുസ്തഥാപി ഏകം അർത്ഥപദം ശ്രേയഃ
യം സുത്വാ ഉപസമ്മതി	യൽ ശ്രുത്വാ ഉപശാമ്യതി

അന്വ:-

നിരർത്ഥപദങ്ങൾ ചേൎന്ന സഹസ്രം വാക്യങ്ങളേക്കാൾ അർത്ഥപൂൎണ്ണമായ ഒരു വാക്കു തന്നെയാണു ശ്രേഷ്ഠമായിട്ടുള്ളതു്. എന്തെന്നാൽ അതു കേട്ടാൽ ലോകം സമാശ്വസിക്കും.

മൂലം 2.

സഹസ്സമപി ചേ ഗാഥാ അനത്ഥപദസംഹിതാ
ഏകം ഗാഥാപദം സേയ്യോ യം സുത്വാ ഉപസമ്മതി

അ:—

മൂ: ഭാ:—	സം:—
അനത്ഥപദസംഹിതാ ഗാഥാ സഹസ്സമപി	അനർത്ഥപദസംഹിതാ ഗാഥാ സഹസ്രമപി
ചേ, ഏകം ഗാഥാപദം സേയ്യോ.	ചേൽ സ്യുഃ തഥാപി ഏകം ഗാഥാപദം ശ്രേയഃ
യം സുത്വാ ഉപസമ്മതി	യൽ ശ്രുത്വാ ജനഃ ഉപശാമ്യതി.

അന്വ:-

നിരർത്ഥപദങ്ങൾ ചേൎത്തുണ്ടാക്കുന്ന സഹസ്രം ഗാഥകളേക്കാൾ ജനസാമാന്യത്തിനു ശാന്തിയേയും സമാധാനത്തേയും നൽകുന്ന ഒരു ഗാഥാപദമത്രെ ഉത്തമം,

മൂ: 3, 4.

യോചഗാഥാ സതംഭാസേ—അനത്ഥപദസംഹിതാ
ഏകംധമ്മപദം സേയ്യോ—യം സുത്വാ ഉപസമ്മതി
യോസഹസ്സം സഹസ്സേന, സങ്ഗാമേമാനസേജിനെ
ഏകഞ്ചേജേയ്യമത്താനം, സവേസങ്ഗാമജുത്തമോ

അന്വ: —

മൂ: ഭാ:-	സം:-
യോച അനത്ഥപദസംഹിതാ ഗാഥാ	യഃ ച അനൎത്ഥപദസംഹിതാ ഗാഥാ
സതംഭാസേ തസ്സ ഏകംധമ്മ പദം	ശതംഭാഷേത തസ്യ ഏകംധൎമ്മ-പദം ശ്രേയഃ
യം സുത്വാ ഉപസമ്മതി തം സേയ്യോ	യൽശ്രുത്വാ ഉപശാമ്യതി
യോസങ്ഗാമെ സഹസ്സേന സഹസ്രം	യഃ സംഗ്രാമെ സഹസ്രേണ ഗുണിതം സഹസ്രം
മാനസേജിനേ, യോ ഏകമത്താനം	മാനുഷാൻ ജയേൽ യശ്ച ഏക മാത്മാനം
ജേയ്യംസവേസംഗാമജുത്തമൊ	ജയേൽ സവൈ സംഗ്രാമജേതൃ-ണാമുത്തമഃ

അന്വ: —

അനൎത്ഥപദങ്ങൾ ചേൎന്ന അസംഖ്യം ഗാഥകളെ അപേക്ഷിച്ച് ഏതൊന്നു കേട്ടാൽ മനഃശാന്തിയുണ്ടാകുമോ, അപ്രകാരമുള്ള ഒരു ധൎമ്മവചനമത്രേ ശ്രേഷ്ഠമായിട്ടുള്ളതു്. യുദ്ധത്തിൽ ഒരാൾ പരസഹസ്രം ജനങ്ങളെ ജയിക്കുന്നു. ഒരുവൻ സ്വന്തം മനസ്സിനേയും ജയിക്കുന്നു. അവൻ സംഗ്രാമജേതാക്കളിൽ വച്ച് ഉത്തമനാകുന്നു.

മൂലം 5, 6.

അത്താഹവേജിതം സേയ്യോ, യാചായം ഇതരാപജാ
അത്തദന്തസ്സപോസസ്സ, നിച്ചം സഞ്ഞതചാരിനോ
നേ/വ ദേവോ നഗന്ധബ്ബോ, നമാരോ സഹബ്രഹ്മുനാ
ജിതം അപജിതംകയിരാ, തഥാരൂപസ്സ ജന്തുനോ.

അന്വയം

മൂ: ഭാ:—	സം:—
യാചായം ഇതരാപജാ ജിതോ അത്താവേ	യാചേയം ഇതരാ പ്രജാ, ജിതഃ ആത്മാവൈ
സേയ്യോ അത്തദന്തസ്സ നിച്ചം സഞ്ഞതചാരി	ശ്രേയാൻ; ദാന്താത്മനഃ നിത്യം സംയത ചാ
നോ തഥാ രൂപസ്സജന്തുനോ പോസസ്സ	രിണഃ തഥാ രൂപസ്യജന്തോഃ പുരുഷസ്യ
ജിതാന്നേവദേവോഅപജിതം കയിരാ	ജിതം (ജയം) നൈവദേവോപ ജിതം കുര്യാൽ
നഗന്ധബ്ബോന്നബ്രഹ്മുനാസഹ മാരോ	ന ഗന്ധർവ്വഃ നബ്രഹ്മണാസഹ മാരഃ ച

അർത്ഥം:—

സാമാന്യജനത്തെ ജയിക്കുന്നതിനേക്കാൾ ആത്മജയമത്രെ ശ്രേഷ്ഠമായിട്ടുള്ളത്. മനോജയത്താൽ സ്വഭാവസംയമം സിദ്ധിച്ചിട്ടുള്ള മനുഷ്യനെ പരാജിതനാക്കാൻ ദേവഗന്ധർവ്വാദികളോ ബ്രഹ്മാവോ മാരനൊ ശക്തനാകുന്നില്ല.

മൂലം 7.

മാസേമാസേസഹസ്സേന, യോയജേഥ സതംസമം
ഏകഞ്ചഭാവിതത്താനം മുഹുത്തമപിപൂജയെ
സായേവപൂജനം സേയ്യോ, യഞ്ചേ വസ്സസതം ഹുതം

അന്വ:—

മൂ: ഭാ:-	സം:-
യോ സതം സമംമാസേമാസ്സേ സഹസ്സേന	യഃ ശതം സമാഃ മാസേ മാസേ സഹസ്രേണ
യജേഥ, യോച ഏകംഭാവിത ത്താനം	യജേത, യശ്ചഏകം ഭാവിതാ ത്മാനം
മുഹുത്തമപി പൂജയെ യഞ്ചേ വസ്സസതം	മുഹൂർത്തമപി പൂജയേൽ; യത് ചേൽവർഷശതം
ഹുതംസായേവ പൂജനാസേയ്യോ	ഹുതം,സാഏവപൂജനാശ്രേയസി

അർ:-

പ്രതിമാസം ബഹുസഹസ്രം ധനം വ്യയം ചെയ്ത് ഒരു ശ

തവർഷക്കാലം ജയിക്കുന്നതിലും ഉൽകൃഷ്ടമായിട്ടുള്ളതു്. ആത്മഭാവനകൊണ്ടു വിശുദ്ധനായ ഒരു പുണ്യാത്മാവിനെ ഒരു നിമിഷനേരം പൂജിക്കുകയാകുന്നു.

മൂലം 8.

യോചവസ്സസതം ജന്തു, അഗ്ഗിംപരിചരേവനേ
ഏകഞ്ചഭാവിതത്താനം, മുഹൂത്തമപിപൂജയേ
യാസേവപൂജനാസേയ്യോ, യഞ്ചേവസ്സസതം ഹുതം

അന്വ:-

മൂലഭാ:-	സം:
യോചജന്തുവനെഅഗ്ഗിംവസ്സസതം	യശ്ചജന്തുഃ വനെ അഗ്നിംവഷശതം
പരിചരേ,ഭാവിതത്താനം	പരിചരേൽ,അപരശ്ച
ഏകംമുഹുത്തമപിപൂജയേ,	കോപിഭാവി താത്മാനം
യഞ്ചേവസ്സസതംഹുതം	ഏകംമുഹൂത്തമപിപൂ
സായേവപൂജനാസേയ്യോ.	ജയേൽ,യൽവഷശതം
	ഹുതംസൈവപൂജനാശ്രേയസീ.

അന്വ: —

ഒരുവൻ വളരെക്കാലം വനത്തിൽവച്ച് അഗ്നിഹോത്രംചെയ്യുകയും, അവൻതന്നെ വേറൊരിടത്തു് ധമ്മനിഷ്ഠനായ ഒരുവനേ അല്പസമയം പൂജിക്കയും ചെയ്യുന്നു, ഇവ രണ്ടിൽ സാധുപൂജ തുലോം ശ്രേഷ്ഠമാകുന്നു.

മൂ: 9:

യംകിഞ്ചിയിട്ഠംച ഹുതഞ്ചലോകേ
സംവച്ഛരംയജേഥ പുഞ്ഞപേക്ഖോ
സവ്വമ്പിതംനചതുഭാഗമേതി
അഭിവാദനാ ഉജ്ജുഗതേസുസേയ്യോ.

അന്വയം

മൂ: ഭാ: —	സം: —
പുഞ്ഞപേക്ഖോലോകെ	പുണ്യാപേക്ഷഃലോ
യംകിഞ്ചിയിട്ഠംവഹുതം	കെയൽകിഞ്ചിൽഇഷ്ടം
വസംവച്ഛരംയജേഥ	വാഹുതംവാസംവത്സരം

സവ്വമ്പിതംനചതുഭാഗ	യജേത,സവ്മപ്പിതൽ
മേതി,ഉജ്ജുഗതേസു	നചതുർഭാഗമേതിജ്ജു
അഭിവാദനോദസായ്യോ.	ഗതാനാംഅഭിവാദനാശ്രേ
	യസീ

അന്വ:-

പുണ്യമിച്ഛിക്കുന്നവൻ ഏതെങ്കിലും യാഗഹോമാദികൾ ഒരു വത്സരം അനുഷ്ഠിക്കുന്നു. അത് സാധുപൂജയുടെ ചതുർത്ഥാംശമായ പുണ്യത്തേപ്പോലും പ്രദാനംചെയ്യുന്നില്ല; സൽപുരുഷന്മാരുടെ അഭിവാദനം അത്യന്താ ശ്രേയസ്സാകുന്നു.

മൂലം ൧൦.

അഭിവാദനസീലിസ്സ
നിച്ചംവദ്ധാപചായിനോ
ചത്താരോ ധമ്മാവഡ്ഡന്തി
ആയുവണ്ണോ സുഖം ബലം.

അന്വ:-

മൂ: ഭാ:-	സം:-
അഭിവാദന സീലിസ്സ നിച്ചം	അഭിവാദനശീലസ്യനി
വദ്ധാപചായിനോ ആയു	ത്യംവൃദ്ധാപചായിനഃ
വണ്ണോ സുഖം ബലം	ആയുഃ വണ്ണഃ സുഖം,
ഇതി ചത്താരോ	ബലം ഇതി ചത്വാരോ
ധമ്മാ വഡ്ഡന്തി	ധമ്മാഃ വർദ്ധന്തെ.

അന്വ:—

വിനയസ്വഭാവനായും വൃദ്ധോപസേവിയായുമിരിക്കുന്ന മനുഷ്യന് ആയുസ്സ്, വണ്ണം സുഖം, ബലം ഇവ വർദ്ധിക്കുന്നു.

മൂലം 11.

യോചവസ്സ സതം ജീവേ
ദുസ്സീലോ അസമാഹിതോ
ഏകാഹം ജീവിതം സേയ്യോ
സീലവന്തസ്സഝായിനോ

അന്വയം.

മൂ: ഭാ:-

യോദുസ്സിലോ അസമാഹിതോ
വസ്സസതം ജീവേ, സീലവ
ന്തസ്സ ഝായിനോ ഏകാഹം
ജീവിതം സേയ്യോ.

സം:-

യഃ ദുശ്ശീലഃ അസമാഹിതഃ
വർഷശതം ജീവേൽ,
തസ്യജീവിതാൽ ശീല
വതഃധ്യായിനഃ ഏകാഹം
ജീവിതം ശ്രേയഃ

അന്വ:—

ആരൊരുവൻ ചാരിത്രശുദ്ധിയില്ലാതെയും മനസ്സംയമമില്ലാതെയും നൂറു വത്സരം ജീവിക്കുന്നു, അവന്റെ ജീവിതത്തേക്കാൾ ഉൽകൃഷ്ടമായിട്ടുള്ളത് ചാരിത്രമുള്ളവനും ധ്യാനശീലനുമായ പുരുഷന്റെ ഒരു ദിവസത്തെ ജീവിതമാകുന്നു.

മൂലം 12

യോചവസ്സ സതം ജീവേ
ദുപ്പഞ്ഞോ അസമാഹിതോ
ഏകാഹം ജീവിതം സേയ്യോ
പഞ്ഞാവന്തസ്സ ഝായിനോ

അന്വ:—

മൂ: ഭാ:—

യോ ദുപ്പഞ്ഞോ അസ്സമാഹിതോ
വസ്സസതം ജീവേ, പഞ്ഞാ
വന്തസ്സ ഝായിനോ ഏകാഹം
ജീവിതം സേയ്യോ.

സം:—

യഃദുഷ്പ്രജ്ഞഃ അസമാ
ഹിതഃസൻ വർഷശതം
ജീവേൽ, തസ്യജീവിതാൽ
പ്രജ്ഞാവതഃധ്യായിനഃ
ഏകാഹംജീവിതം ശ്രേയഃ

അന്വ:—

ആരൊരുവൻ പ്രജ്ഞാഹീനനായും മനസ്സംയമരഹിതനായും വളരെക്കാലം ജീവിക്കുന്നു, അപ്രകാരമുള്ള പുരുഷന്റെ ജീവിതത്തെ അപേക്ഷിച്ച പ്രജ്ഞാവാനും ധ്യാനപാരായണനുമായ വ്യക്തിയുടെ ഒരു ദിവസത്തെ ജീവിതം ശ്രേഷ്ഠമാകുന്നു.

മൂലം 13.

യോചവസ്സസതം ജീവേ
കുസീതോ ഹീന വീരിയോ
ഏകാഹം ജീവിതം സേയ്യോ
വീരിയ മാരഭതോ ദല്ഹം.

അന്വ:—

മൂ: ഭാ:—	സം:-
യോ കുസീതോ ഹീനവീരിയോ	യഃ കുസീദഃ ഹീനവീര്യഃ
വസ്സസതം ജീവേ, ദല്ഹം	വർഷശതം ജീവേൽ, ദൃഢം
വീരിയം ആരഭതോ ഏകാ	വീര്യമാരഭമാണസ്യ ഏകാ
ഹം ജീവിതം സേയ്യോ.	ഹം ജീവിതം ശ്രേയഃ

അന്വ:-

അലസനും ഹീനവീര്യനുമായിട്ട നൂറു വർഷം ജീവിക്കുന്നവന്റെ ജീവിതത്തെക്കാൾ വീര്യദാർഢ്യത്തോടുകൂടി ഒരു ദിവസം ജീവിക്കുന്നവന്റെ ജീവിതം ഉത്തമമാകുന്നു.

മൂ: 14.

യോചവസ്സ സതം ജീവേ
അപസ്സം ഉദയ വ്യയം,
ഏകാഹം ജീവിതം സേയ്യോ
പസ്സതോ ഉദയ വ്യയം.

അന്വ:-

മൂ: ഭാ-	സം:-
യോച ഉദയവ്യയം അപ	യശ്ച ഉദയവ്യയൌ അപ
സ്സം വസ്സസതം ജീവേ	ശ്യൻ വർഷശതം ജീവേൽ
(തസ്മാത) ഉദയവ്യയം	തസ്യജീവിതാൽ ഉദയവ്യ
പസ്സതോ ഏകാഹം ജീ	യൌ പശ്യതഃ ഏകാഹം ജീ
വിതം സേയ്യോ.	വിതം ശ്രേയഃ

അന്വ:-

ആരൊരുവൻ ഉദയവ്യയങ്ങളെ--ജനനമരണങ്ങളെ--വിചാരിക്കാതെ--അറിയാതെ--ബഹുകാലം ജീവിക്കുന്നു, അവന്റെ ജീവിതത്തേക്കാൾ അത്യന്തദർശിയായ പുരുഷന്റെ ഒരു ദിവസത്തെ ജീവിതം ശ്രേയസ്കരമാകുന്നു.

മൂ: 15.

യോചവസ്സസതംജീവേ
അപസ്സംഅമതം പദം
ഏകാഹം ജീവിതം സേയ്യോ
പസ്സതോ അമതം പദം.

അന്വ:

മൂ: ഭാ:	സം.
യോചഅമതംപദം	യശ്ച അമൃതംപദംഅപശ്യൻ
അപസ്സംവസ്സസതംജീവേ	വർഷശതംജീവേൽ,തസ്യ
അമതംപദംപസ്സതോ	ജീവിതാൽ അമൃതം പദംപശ്യതഃ
ഏകാഹം ജീവിതം	ഏകാഹം ജീവിതാ ശ്രേയഃ
സേയ്യോ.	

അന്വ: —

ആരൊരുവൻ അമൃതംപദത്തെ-നിർവ്വാണത്തേ- ദശിക്കാതെ നൂറുവത്സരം ജീവിക്കുന്നു, അപ്രകാരമുള്ള ജീവിതത്തേക്കാാം നിർവ്വാണപദം ദശിച്ചപുരുഷൻെറ ഒരു ദിവസത്തേ ജീവിതമത്രേ ഉൽകൃഷ്ടമാകുന്നതു്.

മൂ: 16.

യോചവസ്സസതംജീവേ
അപസ്സം ധമ്മ മുത്തമം
ഏകാഹം ജീവിതംസേയ്യോ
പസ്സതോ ധമ്മ മുത്തമം.

അന്വ: —

മൂ: ഭാ.	സാ: —
യോചഉത്തമംധമ്മ അ	യശ്ചധർമ്മംഉത്തമംഅപശ്യൻ
പസ്സംവസ്സസതംജീവേ	വർഷശതംജീവേൽ,തസ്യ
ധമ്മംഉത്തമംപസ്സതോ	ജീവിതാൽഉത്തമംധർമ്മാപ
ഏകാഹം ജീവിതംസേയ്യോ	ശ്യതഃഏകാഹം ജീവിതംശ്രേയഃ

അന്വ: —

ഏതൊരു പുരുഷൻ ഉത്തമമായ ധർമ്മത്തേ-ബുദ്ധദേവനാൽ പ്രദശിതമായ ധർമ്മമാഗ്ഗത്തെ-അറിയാതെ ബഹുകാലം ജീവിക്കുന്നു. അവൻെറ അപ്രകാരമുള്ള ജീവിതത്തേക്കാാം, ഉത്തമമായ ധർമ്മം ഗ്രഹിച്ചിട്ടുള്ള പുരുഷൻെറ ഒരു ദിവസത്തേ ജീവിതമത്രേ ശ്രേഷ്ഠമാകുന്നതു്.

പാപവഗ്ഗ:

നവമഃ

മൂ: 1.

അഭിത്ഥരേഥ കല്യാണേ
പാപാചിത്തം നിവാരയേ
ദന്ധംഹികരോതോ പുഞ്ജോ
പാപസ്മിംരമതീമനോ

അന്വ:—

മൂ: ഭാ:	സം: —
കല്യാണേഅഭിത്ഥരേഥ,	കല്യാണേഅഭിത്വരേത,
പാപാചിത്തംനിവാരയേ,	പാപാൽചിത്തംനിവാരയേൽ
ദന്ധംപുഞ്ഞാകരോതോ	തന്ദ്രിതംപുണ്യംകുർവ്വതഃ
മനോപാപസ്മിംരമതിഹി	മനഃപാപേരമതേ ഹി.

അന്വ: —

സൽക്കർമ്മങ്ങളിൽ സത്വരനാകുക. പാപകർമ്മങ്ങളിൽ നിന്നു മനസ്സിനേ പിന്തിരിക്കുക. അലസനായിട്ടു പുണ്യകർമ്മം ചെയ്യുന്നവന്റെ മനസ്സ് പാപാചരണത്തിൽ തല്പരമാകും.

മൂ: 2

പാപഞ്ചേപുരിസോകയിരാ
നതംകയിരാ പുനപ്പുനം
നതമ്ഹി ഛന്ദം കയിരാഥ
ദുക്ഖോ പാപസ്സ ഉച്ചയോ.

അന്വ:

മൂ: ഭാ:-	സം: —
പാപഞ്ചേപുരിസോകയിരാ	പാപഞ്ചേൽപുരുഷഃ
നതംപുനപ്പുനംകയിരാ,	കുര്യാൽ,നതം പുനഃപുനഃകുര്യാൽ
തമ്ഹിഛന്ദം നകയിരാഥ	തസ്മിൻഛന്ദം ന കുര്യാൽ
പാപസ്സ ഉച്ചയോദുക്ഖോ	പാപസ്യഉച്ചയഃ ദുഃഖഃ

അന്വ: —

പുരുഷൻ പാപം ചെയ്യുന്നുവെങ്കിൽ അതിനെ വീണ്ടും വീണ്ടും ചെയ്യാനിടയാകരുത്. ആ പാപപ്രവൃത്തിയിൽ ആസക്തിവരുത്തരുത്. പാപത്തിൻെറ വർദ്ധന ദുഃഖകരമാകുന്നു. അതു് ഇഹപരങ്ങളിൽ ദുഃഖപ്രദമാകുന്നു.

മൂ: 3.

പുഞ്ഞഞ്ചേപുരിസോകയിരാ
കയിരാഥേനംപുനപ്പുനം
തമ്ഹിഛന്ദംകയിരാഥ
സുഖോപുഞ്ഞസ്സഉച്ചയോ

അന്വ: —

മൂ: ഭാ: —	സം: —
പുഞ്ഞഞ്ചേപുരിസോകയിരാ	പുണ്യഞ്ചേൽപുരുഷഃ
ഏനംപുനപ്പുനംകയിരാഥ	കുര്യാൽ, തൽ:പുന:പുന:കു
തമ്ഹിഛന്ദംകയിരാഥ	ര്യാൽ, തസ്മിൻഛന്ദംകുര്യാൽ
പുഞ്ഞസഉച്ചയോസുഖോ	പുണ്യസ്യഉച്ചയഃസുഖഃ

അന്വ:

പുരുഷൻ പുണ്യകർമ്മം ചെയ്യുന്നുവെങ്കിൽ അതു വീണ്ടും വീണ്ടും ചെയ്യണം. അതിൽ അഭിരുചി വരുത്തണം. എന്തെന്നാൽ പുണ്യസഞ്ചയം ഇഹപരങ്ങളിൽ സുഖകരമാകുന്നു.

മൂ: 4.

പാപോപിപസ്സതിഭദ്രാ
യാവപാപംനപച്ചതി
യദാചപച്ചതിപാപം
അഥപാപോപാപാനിപസ്സതി.

5

ഭദ്രോപിപസ്സതിപാപം
യാവഭദ്രാനപച്ചതി
യദാചപച്ചതിഭദ്രം
അഥഭദ്രാണിപസ്സതി

അന്വയം.

മൂ: ഭാ:-

യാവ പാപം നപച്ചതി പാപോപിഭദ്രം പസ്സതി; യദാച പാപം പച്ചതി അഥവാ പാപോപാപാനി പസ്സതി-യാവ ഭദ്രം നപച്ചതി ഭദ്രോപി പാപം പസ്സതി യദാ ചഭദ്രം പച്ചതി അഥ ഭദ്രോ ഭദ്രാണി പസ്സതി.

സം:-

യാവൽ പാപംന പച്യതേ, താവൽ പാപോപി ഭദ്രം പശ്യതി, യദ, ചപാപം പച്യതെ അഥ പാപഃ പാപാനി പശ്യതി-

യാവൽ ഭദ്രം നപച്യതേ താവൽ ഭദ്രഃ പാപം പശ്യതി യദാ ചഭദ്രം പച്യതെ, ഭദ്രോ ഭദ്രാണി പശ്യതി.

അന്വ:—

ഒരുവനാൽ ചെയ്യപ്പെട്ടിട്ടുള്ള പാപകമ്മം എപ്പോംവരെ ഫലത്തെ പ്രദാനം ചെയ്യാതിരിക്കുന്നുവൊ അപ്പോംവരെ പാപകൃത്തായ പുരുഷൻ സുഖത്തേക്കാണും. എപ്പോം പാപം ഫലത്തേ പ്രദാനം ചെയ്യുന്നുവോ അപ്പോം മുതൽ അവൻ അമംഗളത്തേക്കാണുന്നു. പുണ്യകമ്മം ഏതൊരു സമയം വരെ ഫലത്തെ പ്രദാനം ചെയ്യുന്നില്ലയോ അതുവരെ സജ്ജനംഅശുഭം കാണും. എന്നാൽ എപ്പോം മുതൽ പുണ്യകമ്മം ഫലത്തെ പ്രദാനം ചെയ്യുന്നുവോ അപ്പോം മുതൽ അവൻ (സജ്ജനം) ശോഭനമായ ഫലമനുഭവിക്കുന്നു.—മംഗളത്തെ കാണുന്നു.

മൂലം 6.

മാവമഞ്ഞേഥപാപസ്സ
നമന്തം ആഗമിസ്സതി,
ഉദവിന്ദുനിപാതേന
ഉദകുംഭോപി പൂരതി
ബാലോപൂരതി പാപസ്സ
ഥോകഥോകമ്പി ആചിനം

അന്വയം.

മൂ: ഭാ:-

മന്തം ന ആഗമിസ്സതി ഇതി പാപം മാ അവമഞ്ഞേഥഃ ഉദവിന്ദു നിപാതേന ഉദകുംഭോ

സം:-

മാംതൽ ന ആഗമിഷ്യതീതി പാപം മാ അവമന്യേത, ഉദബിന്ദു നിപാതേന ഉദകുംഭഃ

പിപൂരതി, ഥോകഥോ കമ്പി പാപം ആചിനം ബാലോ പൂരതി.

അപിപൂൎയ്യതെ, തഥാ സ്തോകം സ്തോകമപി പാപം ആചിന്വാൻ ബാലഃ പൂൎയ്യതെ.

അനു:—

പാപം എന്നേ സമീപിക്കയില്ലെന്നു കരുതി പാപത്തെ അവഗണിക്കരുതു്. ജലബിന്ദുക്കൾ വീണു് വലിയ കുടങ്ങൾ പോലും നിറയുന്നു. അതുപോലെ അല്പാല്പമായിട്ടു് പാപമാൎജ്ജിക്കുന്ന മനുഷ്യൻ പാപത്താൽ പൂൎണ്ണനായിത്തീരുന്നു.

മൂലം 7.

മാവമഞ്ഞേഥ പുഞ്ഞസ്സ
ന മന്തം ആഗമിസ്സതി
ഉദവിന്ദുനിപാതേന
ഉദകുംഭോപി പൂരതി.
ധീരോ പൂരതി പുഞ്ഞസ്സ
ഥോകഥോ കമ്പി ആചിനം.

അന്വയം.

മൂ: ഭാ:-

മം തം ന ആഗമിസ്സതി ഇതി പുഞ്ഞം മാ അവമഞ്ഞേഥ, ഉദവിന്ദു നിപാതേന ഉദ കുംഭോപി പൂരതി തഥാഥോ കഥോ കമ്പിപുഞ്ഞം ആചിനം ധീരോ പൂരതി.

സം:-

മാം തൽ ന ആഗമിഷ്യതി ഇതി പുണ്യം മാ അവമന്യേത; ഉദബിന്ദു നിപാതേന ഉദകുംഭഃ അപിപൂൎയ്യതേ, തഥാ സ്തോകം സ്തോകമപി പുണ്യമാചിന്വൻ ധീരഃ പൂൎയ്യതെ.

അനു:—

അല്പമാത്രമായ പുണ്യം ചെയ്താൽ യാതൊരു ഫലവുമുണ്ടാകയില്ലെന്നു വിചാരിച്ചു് ഒരുത്തരും പുണ്യത്തെ അവഹേളിക്കരുതു്. ബിന്ദുക്കളായി വീഴുന്ന ജലം ഘടത്തെ പൂൎണ്ണമാക്കാൻ പൎയ്യാപ്തമാകുന്നതുപോലെ അല്പാല്പമായി പുണ്യമാൎജ്ജിച്ചാലും ബുദ്ധിമാൻ പുണ്യത്താൽ പരിപൂൎണ്ണനായി ഭവിക്കും.

മൂ: 8.

വാണിജോവഭയംമഗ്ഗം
അപ്പസത്ഥോമഹദ്ധനോ
വിസംജീവിതുകാമോവ
പാപാനിപരിവജ്ജയേ.

അന്വ: —

മൂ; ഭാ:	സം: —
ഭയംമഗ്ഗംഅപ്പസത്ഥോ	ഭയം—വിപസങ്കലം — മാ
മഹദ്ധനോവാണിജോ	ഗ്ഗംഅല്പസാർത്ഥ:മഹാധന.
വവിസംജീവിതുകാമോ	വണിക്ഇവ,വിഷംജീവി
വപാപംനിപരിവജ്ജയേ.	തുകാമഇവ —പാപാനിപരിവ-
	ജ്ജയേൽ.

അന്വ:-

ധാരാളം ദ്രവ്യമുണ്ടായിരിക്കയും കൂട്ടുകാർ കുറവായിരിക്കയും ചെയ്താൽ വണിക്ക് ആപത്തുള്ള മാർഗ്ഗത്തെയും ജീവിക്കാനിച്ഛയുള്ള മനുഷ്യൻ വിഷത്തെയും എപ്രകാരം ഉപേക്ഷിക്കുമോ അപ്രകാരം പണ്ഡിതൻ പാപകർമ്മത്തെ പരിത്യജിക്കുന്നു.

മൂ: 9.

പാണിമ്ഹിചേവണോനാസ്സ
ഹരേയ്യപാണിനാവിസം
നാബ്ബണംവിസമന്വേതി
നത്ഥിപാപംഅകുബ്ബതോ.

അന്വ:—

മൂ: ഭാ:-	സം: —
അസ്സപാണിമ്ഹിവണോ	അസ്യപാണൌവ്രണോ
നചേപാണിനാവിസം	നചേൽസ്യാൽതതോയം
ഹരേയ്യ;അവ്വണംവി	പാണിനാവിഷംഹരേൽ;
സംനഅന്വേതിഅകുബ്ബതോ	അവ്രണംവിഷംന അന്വേതി
പാപംനത്ഥി	തഥാഅകുർവത:പാപംനാസ്തി

അന്വ:-

കയ്യിൽ മുറിവ് ഇല്ലെങ്കിൽ ആ കൈകൊണ്ട് വിഷത്തെയും എടുക്കാൻ കഴിയും. മുറിപ്പെടാത്ത മനുഷ്യനെ വിഷം എ

പ്രകാരം ബാധിക്കാതിരിക്കുന്നുവോ അപ്രകാരം പാപം ചെയ്യാത്ത മനുഷ്യനെ പാപവും ബാധിക്കുന്നില്ല.'

മൂലം 10.

യോ അപ്പദുട്ഠസ്സ നരസ്സ ദുസ്സതി
സുദ്ധസ്സ പോസസ്സ അനംഗണസ്സ,
തമേവബാലം പച്ചേതിപാപം
സുഖുമോ രജോ പടിവാതംവ ഖിത്തോ.

അന്വ:-

മൂ: ഭാ:-
യോ അപ്പദുട്ഠസ്സ നരസ്സ
സുദ്ധസ്സ അനംഗണസ്സപോ
സസ്സ ദുസ്സതി, തമേവബാലം
പടിവാതം ഖിത്തോ സുഖു
മോ രജോവപാപം പച്ചേതി

സം:-
യഃ അപ്രദുഷ്ടായ നരായ
ശുദ്ധായഅനംഗായപുരു
ഷായ ദുഷ്യതി, തമേവബാ
ലം പ്രതിവാതം ക്ഷിപ്തം
സൂക്ഷ്മംരജഃഇവപാപം
പ്രത്യേതി

അർ:--

ഏതൊരു മൂർഖൻ നിർദ്ദോഷനും പരിശുദ്ധനുമായ നിർമ്മലാത്മാവിനെ ദുഷിക്കുന്നുവോ, അവനെ കാററടിക്കുന്നതിൻെറ എതിർവശത്തേക്കു പാറുന്ന സൂക്ഷ്മധൂളികളെന്നപോലെ, പാപം അനുഗമിക്കുന്നു.

മൂലം 11.

ഗബ്ഭമേകേ ഉപ്പജ്ജന്തി
നിരയം പാപകമ്മിനോ
സഗ്ഗം സുഗതിനോയന്തി
പരിനിബ്ബന്തി അനാസവാ

അന്വ:

മൂ: ഭാ:-
ഏകേഗബ്ഭം ഉപ്പജ്ജന്തി
പാപകമ്മിനോനിരയം
യന്തി,സുഗതിനോ സഗ്ഗം
യന്തിഅനാസവാപരിനിബ്ബന്തി.

സം:-
ഏകേഗർഭം ഉപപദ്യന്തെ
പാപകർമ്മിണഃനിരയം
യാന്തി,സുഗതയഃസ്വർഗ്ഗം,
അനാസവാഃപരിനിർവ്വാന്തി.

അന:-

ചിലർ വീണ്ടും ഗർഭത്തിൽ ജനിക്കുന്നു. പാപകർമ്മികളായ മററു ചിലർ നരകം പ്രാപിക്കുന്നു. പുണ്യവാന്മാർ സ്വർഗ്ഗത്തെയും വിഷയവാസനാഹീനന്മാർ നിർവ്വാണത്തെയും പ്രാപിക്കുന്നു.

മൂലം: 12.

ന അന്തലിക്ഖേ-നസമുദ്ദമജ്ഝേ
ന പബ്ബതാനം-വിവരംപവിസ്സ
ന വിജ്ജതിസോജഗതിപ്പദേസോ
യത്ഥട്ഠിതോമുഞ്ചെയ്യ പാപകമ്മാ.

അന്വ:-

മൂ: ഭാ:-	സം:-
നഅന്തലിക്ഖേന	നഅന്തരീക്ഷേവാ
സമുദ്ദമജ്ഝേനപബ്ബ	സമുദ്രമദ്ധ്യേനപർവ്
താനംവിവരംപവിസ്സ	താനാംവിവരംപ്രവിശ്യ
ജഗതിസോപ്പദേസോ	ജഗതിസപ്രദേശോ
നവിജ്ജതീയത്ഥട്ഠിതോ	നവിദ്യതെയത്രസ്ഥിതഃ
ജനോപാപകമ്മാമുഞ്ചെയ്യ.	പാപകർമ്മണഃമുച്യതെ.

അന:—

അന്തരീക്ഷമോ, സമുദ്രമോ, പർവ്വതഗുഹയോ ഒന്നും പാപകർമ്മങ്ങളിൽനിന്ന് മോചനം ലഭിക്കുന്നതിനുള്ള രക്ഷാസ്ഥാനമായി ലോകത്തിൽ അറിയപ്പെടുന്നില്ല.

മൂ: 13.

നഅന്തലിക്ഖേ നസമുദ്ദമജ്ഝേ
ന പബ്ബതാനം വിവരം പവിസ്സ
ന വിജ്ജതീസോ ജഗതിപ്പദേസോ
യത്ഥട്ഠിതം നപ്പസഹേഥമച്ചു

അന്വ:—

മൂ: ഭാ:—	സം:—
ന അന്തലിക്ഖേ ന സമുദ്ദ	ന അന്തരീക്ഷേ ന സമുദ്രമ
മജ്ഝേ ന പബ്ബതാനം വി	ദ്ധ്യേ ന പർവതാനാം വിവരം

വരം പവിസ്സ, ജഗതി സോ	പ്രവിശ്യ, ജഗതി സ പ്രദേ
പ്പദേ സോ ന വിജ്ജതീ യ	ശോ നവിദ്യതെ യത്രസ്ഥിതം
ത്ഥട്ഠിതം മച്ചും നപ്പസ	മൃത്യു: ന പ്രസഹേത.
ഹേഥ.	

അർത്ഥ: —

അന്തരീക്ഷമോ സമുദ്രമദ്ധ്യമോ പർവതഗുഹകളോ ഒന്നും മനുഷ്യനേ മൃത്യു ആക്രമിക്കാതിരിക്കുന്നതിനുള്ള സ്ഥലമായിട്ട് ലോകത്തിൽ അറിയപ്പെടുന്നില്ല.

ദണ്ഡവർഗ:

ദശമ:

മൂ: 1.

സവ്വേതസന്തി ദണ്ഡസ്സ
സവ്വേ ഭായന്തി മച്ചുനോ
അത്താനം ഉപമം കത്വാ
ന ഹനേയ്യ ന ഘാതയേ.

അന്വ:

മൂ: ഭാ:	സം:
സവ്വേദണ്ഡസ്സതസന്തി	സർവ്വേദണ്ഡാൽ ത്രസ്യന്തി
സവ്വേമച്ചുനോ ഭായന്തി:	സർവ്വേമൃത്യോഃ ബിഭ്യതി:
അത്താനം ഉപമം കത്വാ	ആത്മാനം ഉപമാനം കൃത്വാ
നഹനേയ്യ ന ഘാതയേ	ന ഹന്യാൽ നഘാതയേൽ

അർത്ഥ: —

സമസ്തജീവരാശികളും ദണ്ഡത്തേ ഭയപ്പെടുന്നു. സകല ജീവികളും മൃത്യുവിനെ ഭയപ്പെടുന്നു. അതുകൊണ്ട് സർവ്വജീവികളെയും തന്നേപ്പോലെ വിചാരിച്ച് (അന്യന്മാർ തനിക്കു സങ്കടമുണ്ടാക്കിയാലെപ്രകാരമിരിക്കും എന്നതാലോചിച്ച്) യാതൊന്നിനേയും സങ്കടപ്പെടുത്തരുത്. യാതൊരു ജീവിയേയും കൊല്ലരുത്.

മൂലം 2.

സവ്വേതസന്തി ദണ്ഡസ്സ
സവ്വേസം ജീവിതം പിയം
അത്താനം ഉപമം കത്വാ
ന ഹനേയ്യ ന ഘാതയേ.

അന്വ: —

ഭാ:—	സം:—
സവ്വേദണ്ഡസ്സതസന്തി	സർവ്വേദണ്ഡാൽ ത്രസ്യന്തി
സവ്വേസം ജീവിതം പിയം	സവ്വേഷാം ജീവിതം പ്രി
അത്താനം ഉപമം കത്വാ	യം, ആത്മാനം ഉപമാനം
നഹനേയ്യ ന ഘാതയേ	കൃത്വാ ന ഹന്യാൽ നഘാതയേൽ

അർത്ഥ:—

എല്ലാവരും ദണ്ഡത്തെ ഭയപ്പെടുന്നു. സകല ജീവികൾക്കും ജീവിതം പ്രിയമാകുന്നു. അതുകൊണ്ട്, സകല പ്രാണികളേയും തന്നേപ്പോലെ വിചാരിച്ച് യാതൊന്നിനേയും ദണ്ഡിക്കയോ ഹനിക്കയൊ ചെയ്യരുത്.

മൂ: 3

സുഖകാമാനിഭൂതാനി-യോദണ്ഡേനവിഹിംസതി
അത്തനോസുഖമേസാനോ-പേച്ചസോനലഭതേസുഖം

മൂ: 4.

സുഖകാമാനിഭൂതാനി-യോദണ്ഡേനനഹിംസതി
അത്തനോസുഖമേസാനോ-പേച്ചസോലഭതേസുഖം

അന്വ:-

മൂ: ഭാ:-	സം:—
അത്തനോസുഖമേസാനോ	ആത്മനഃസുഖംഅന്വി
യോസുഖകാമാനിഭൂതാനി	ഷ്യയഃസുഖകാമാനിഭൂ
ദണ്ഡേനവിഹിംസതി	താനിദണ്ഡേനവിഹിന
സോ പേച്ചസുഖംനലഭതെ	സ്തി. സഃ പ്രേത്യസുഖം
അത്തനോസുഖമേസാനോ	നലഭതേ-
യോ സുഖകാമാനിഭൂതാനി	ആത്മനഃസുഖമിച്ഛൻ
ദണ്ഡേനനഹിംസതി, സോ	യഃസുഖകാമാനിഭൂതാനി
പേച്ചസുഖംലഭതേ-	ദണ്ഡേന നഹിനസ്തി,
	സഃ പ്രേത്യസുഖംലഭതേ-

അനു: —

ഏതൊരുവൻ സ്വന്തം സുഖത്തിനായിട്ട്, സുഖത്തെ ആഗ്രഹിക്കുന്ന ജീവികളെ ദണ്ഡിക്കയും ഹിംസിക്കയും ചെയ്യുന്നു. അവൻ പരലോകത്തിൽ ഒരുവിധത്തിലുള്ള സുഖവും അനുഭവിക്കയില്ല. സ്വന്തം സുഖത്തെ ആഗ്രഹിച്ച് ഏതൊരുവൻ സുഖപ്രാപ്തികളായ ഇതരജീവികളെ ദണ്ഡിക്കയോ ഹിംസിക്കയോ ചെയ്യുന്നില്ല, അവൻ പരലോകത്തിൽ അത്യന്തം സുഖമനുഭവിക്കുന്നു.

മൂ: 5

മാവോചഫരുസംകഞ്ചി-വുത്താപടിവദേയ്യുതം
ദുക്ഖാഹിസാരംഭകഥാ-പടിദണ്ഡാഫുസേയ്യുതം.

മൂ: 6.

സചേനേരേസിഅത്താനം-കംസോഉപഹതോയഥാ
ഏസപത്തോഽസിനിവ്വാണം-സാരമ്ഭോതേനവിജ്ജതി

അന്വ:

മൂ: ഭാ:	സം:-
കഞ്ചിഫരുസംമാവോച;	കഞ്ചിൽപരുഷംമാവോച
വുത്താതം പടിവദേയ്യു:	തൽഉക്താഃത്വാംപ്രതിവ
സാരംഭകഥാഹി ദുക്ഖാ	ദേയുഃസാരംഭകഥാഹിദുഃ
പടിദണ്ഡാതംഫുസേയ്യു,	ഖാഃപ്രതിദണ്ഡാഃത്വാംസ്പൃ
ഉപഹതോ കംസോയഥാ	ശേയുഃ-ഉപഹതംകാംസ്യ
അത്താനാസതാംചേനേ	മിവ ആത്മാനം സത്വാംചേൽ
രേസി,ഏസനിവ്വാണം	ന ഈരയസി. ഏഷഃ നിർവ്വാ
പത്തോസി, സാരം ഭോ	ണംപ്രാപ്തോസി, സംരംഭഃ
തേനവിജ്ജതി.	തേന വിദ്യതേ-

അനു:—

ആരോടും കഠിനവാക്ക പറയരുത്. നീ ആരോടു കഠിനവാക്ക പറയുന്നുവോ അവൻ നിന്നോടുതന്നെ വീണ്ടും കർക്കശവാക്ക പറയും. ക്രോധപൂർണ്ണമായ പ്രത്യുത്തരം ദുഃഖപ്രദമാകുന്നു. ദണ്ഡത്തിന്റെ പ്രതിശബ്ദത്തിലുള്ള ദണ്ഡം നിന്നെത്തന്നെ സ്പർശിക്കും. ഉടഞ്ഞ ഓട്ടിൻഖണ്ഡം എപ്രകാരം ശബ്ദരഹിതമായിരിക്കുന്നുവോ അതുപോലെ നീയും നിശ്ചലനായിരിക്കുക! വൃഥാവാക്ക പറയരുത്. എന്നാൽ നീ നിർവ്വാണം പ്രാപിക്കും. നിനക്ക് ആരോടും വിരോധം വേണ്ട

മൂ: 7

യഥാദണ്ഡേനഗോപാലോ
ഗാവോപാചേതി ഗോചരം
ഏവംജരാ ച മ ച്ചു ച
ആയുംപാചേന്തി പാണിനം.

അന്വ:—

മൂ: ഭാ:-	സം:-
യഥാഗോപാലോദണ്ഡേന	യഥാഗോപാലഃദണ്ഡേനഗാഃ
ഗാവോഗോചരംപാചേതി	ഗോചരംപ്രാജയതി,തഥാ
ഏവംജരാചമച്ചുച	ജരാചമൃത്യുശ്ച പ്രാണിനാം
പാണിനംആയുംപാചേന്തി-	ആയുഃ പ്രാജയതഃ

അന്വ:-

പശുപാലകൻ പശുക്കളെ വടികൊണ്ടടിച്ച് മേച്ചിൽ സ്ഥലത്തേക്ക് എപ്രകാരം നയിക്കുന്നുവോ, അപ്രകാരം ജരയും മൃത്യുവും ജീവികളുടെ ജീവനെ—ആയുസ്സിനെ—അടിച്ചുടിച്ച് മരണത്തിലേക്കു നയിക്കുന്നു.

മൂലം 8.

അഥപാപാനികമ്മാനി
കരംബാലോനബുജ്ഝതി
സേഹികമ്മേഹിദുമ്മേധോ
അഗ്ഗിദഡ്ഢോവതപ്പതി

അന്വ:

മൂ: ഭാ:-	സം:-
അഥബാലോപാപാനി	ബാലഃപാപാനികർമ്മാ
കമ്മാനികരംനബുജ്ഝതി,	ണികുർവ്വൻനബുദ്ധ്യതേ
ദുമ്മേധോസേഹികമ്മേഹി	ദുർമ്മേധാഃസൈ്വഃക
അഗ്ഗിദഡ്ഢോവതപ്പതി	ർമ്മഭിഃ അഗ്നിദഗ്ദ്ധ ഇവ
	തപ്യതേ-

അന്വ:-

മൂർഖൻ (മഠയൻ) പാപകർമ്മങ്ങളെ അറിവില്ലാതെ ചെയ്യുന്നു. ദുർബുദ്ധിയായ മനുഷ്യൻ തന്റെ കർമ്മത്താൽ നരകം പ്രാപിച്ച് അഗ്നിദഗ്ദ്ധനെപ്പോലെ തപിക്കുന്നു.

മൂലം 9.

യ്യോദണ്ഡേനഅദണ്ഡേസു
അപ്പദുട്ഠേസുദുസ്സതി
ദസന്നമഞ്ഞതരംഠാനം
ഖിപ്പമേവനിഗച്ഛതി-

10

വേദനം ഫരുസം ജാനിം
സരീരസ്സ ച ഭേദനം
ഗരുകം വാപി ആബാധം
ചിത്തക്ഖേപം വപാപുണേ.

11

രാജതോവാ ഉപസഗ്ഗം
അബ്ഭക്ഖാനം വ ദാരുണം
പരിക്ഖയം വ ഞാതീനം
ഭോഗാനം വ പഭങ്ഗുണം.

12

അഥവസ്സ അഗാരാനി
അഗ്ഗിഡഹതിപാവകോ
കായസ്സഭേദാ ദുപ്പഞ്ഞോ
നിരയം സോപപജ്ജതി.

അന്വ:-

മൂ: ഭാ:-	സം:-
യോ അദണ്ഡേസു അപ്പ	യഃ അദണ്ഡ്യേഷു അ
ദുട്ഠേസു ദണ്ഡേന ദുസ്സതി,	പ്രദുഷ്ടേഷുദണ്ഡേന
ദസന്നം അഞ്ഞതരം ഠാനം	ദുഷ്യതി, സ ദശാനാമന്യ
ഖിപ്പമേവ നിഗച്ഛതി-	തമം സ്ഥാനം ക്ഷിപ്രമേ
ഫരുസംവേദനം ജാനിം	വ നിഗച്ഛതി പരു
സരീരസ്സഭേദനം ഗരുകം	ഷാം വേദനാം ജ്യാനിം
ആബാധം വാപിചിത്തക്	ശരീരസ്യഭേദനം ഗുരു
ഖേപം വരാജതോ	കാം ആബാധാം വാപി
ഉപസഗ്ഗം വദാരുണം	ചിത്തക്ഷേപം വാ
അബ്ഭക്ഖാനം വഞ്ഞാതീ	രാജതഃ ഉപസർഗ്ഗം
നം പരിക്ഖയം വ ഭോഗാനം	ദാരുണം അഭ്യാഖ്യാനം

പരങ്ങ്ഗുണം വ പാപുണേ-	വാ ജഞാതീനാം
അഥവ അസ്സ അഗാരാനി	പരിക്ഷയം വാ
പാവകോ അഗ്ഗി ഡഹതി	ഭോഗാനാം പ്രഭഞ്ജനം വാ
ദുപ്പജ്ഞോസോ	പ്രാപ്നയാൽ-
കായസ്സഭേദാനിരയം	അഥവാ അസ്യ ആഗാരാണി
ഉപപജ്ജതി	പാവകോ അഗ്നിർദ്ദഹതി
	ദുഷ്പ്രജ്ഞഃ സഃകായസ്യഭേദാൽ
	നിരയം ഉപപദ്യതെ.

അന്ന:-

ഏതൊരു മനുഷ്യൻ നിർദ്ദോഷികളും നിരപരാധികളുമായ വ്യക്തികളെ ദണ്ഡിക്കുന്നു, അവൻ അചിരേണ പത്തുവിധമുള്ള അധോഗതികളിൽ ഒന്നിനെ പ്രാപിക്കും. ഇപ്രകാരമുള്ള മനുഷ്യൻ കഠിനവേദനകളെയോ നാശത്തെയോ അംഗച്ഛേദനത്തെയോ മഹാരോഗത്തെയോ ഉന്മാദത്തെയോ രാജശാസനം മൂലമുള്ള ദുഷ്കീർത്തിയെയോ അവിചാരിതമായ ഏതെങ്കിലും ആപത്തിനെയോ ബന്ധുവിനാശത്തെയോ ധനനാശത്തെയോ പ്രാപിക്കും. അഥവാ അവൻെറ ഗൃഹമാസകലം അഗ്നി ബാധിക്കുകയോ ചെയ്യും. ഈവിധം ദുർബ്ബുദ്ധിയായ മനുഷ്യൻ ദേഹാവസാനത്തിൽ നരകം പ്രാപിക്കുന്നു.

മൂലം 13.

ന നഗ്ഗചരിയാനജടാ ന പങ്കാ
നാനാസകാഥണ്ഡില സായികാവാ
രജോവ ജല്ലം ഉക്കുടികപ്പധാനം
സോധേന്തിമച്ചം അവിതിണ്ണകങ്ഖാ.

അന്വ:

മൂ: ഭാ:	സം:-
ന നഗ്ഗചരിയാ ന ജടാ	ന നഗ്നചര്യാ ന ജടാ
ന പങ്കാ ന അനാസകാ	ന പങ്കാ ന അനശനം
നഥണ്ഡില സായികാവാ	സ്ഥണ്ഡിലശായി കാവാ
നവ രജോവ ജല്ലം	ന രജഃ ജല്ലീയം ചന
ന ഉക്കുടികപ്പധാനം	ഉൽക്കുടി കപ്പധാനം
അവിതിണ്ണകങ്ഖം	അവിതീർണ്ണാകാംക്ഷം
മച്ചം സോധേന്തി.	മർത്ത്യംശോധയന്തി

അന:—

നഗ്നചര്യയോ ജടയോ പങ്കമോ അനശനമോ സ്ഥണ്ഡില ശയനമോ ധൂളികർദ്ദമാദിലേപനമോ യോഗമാർഗ്ഗോക്തമായ ആസനസ്ഥിതിയോ ആശയടങ്ങാത്ത മനുഷ്യനെ ശുദ്ധീകരിക്കാൻപര്യാപ്തമല്ല.

മൂ: 14.

അലങ്കതോചേപിസമംചരേയ്യ
സന്തോദന്തോനിയതോബ്രഹ്മചാരീ
സബ്ബേസുഭൂതേസുനിധായദണ്ഡം
സോബ്രാഹ്മണോസോസമണോസഭിക്ഖു.

അന്വ:

മൂ: ഭാ:-	സം:-
യോഅലങ്കതേചേപി	യഃഅലങ്കൃതഃഅപി
സന്തോദന്തോനിയതോ	ശാന്തഃ ദാന്തഃനിയതഃ
ബ്രഹ്മചാരീ-സബ്ബേസു	ബ്രഹ്മചാരീസർവ്വ
ഭൂതേസുദണ്ഡംനിധായ	ഭൂതേഷുദണ്ഡംനിധായ
ശമംചരേയ്യ,സോബ്രാഹ്മണോ	ശമംചരേൽ,സഃബ്രാഹ്മണഃ
സോസമണോസഭിക്ഖു.	സഃശ്രമണഃസഃഭിക്ഷുഃ

അന:-

ഏതൊരു വ്യക്തി, അലംകൃതനാണെങ്കിലും ശാന്തനും ദാന്തനും സംയമിയും ബ്രഹ്മചാരിയുമായിരിക്കുന്നു, യാതൊരു പ്രാണിയിലും ദണ്ഡം നടത്താതെ-ഒരു ജീവിക്കും സങ്കടമുണ്ടാക്കാതെ-ശമമാചരിക്കുന്നു, അവനത്രെ ബ്രാഹ്മണൻ. അവനത്രേ ശ്രമണൻ. അവനത്രെ ഭിക്ഷു.

മൂ: 15.

ഹിരീനിസേധോപുരിസോ
കോചിലോകസ്മിംവിജ്ജതി
യോനിന്ദംഅപ്പബോധതി
അസ്സോഭദ്രോകസാമിവ.

അന്വ:-

മൂ: ഭാ:-	സം:-
ലോകസ്മിംഹിരീനിസേധോ കോചിപുരിസോവിജ്ജതി, യോഭദ്രോഅസ്സോകസാ മിവനിന്ദംഅപ്പബോധനി	ലോകെ,'ഹ്രീ:'നിഷേധഃ, കശ്ചിൽപുരുഷഃവിദ്യ തെ,യഃഭദ്രേശപുകശാ മിവനിന്ദാംനപ്രബോധതി.

അന്വ:-

ഉത്തമാശ്വം കശാഘാതത്തെ സഹിക്കാത്തതുപോലെ ഏതൊരു മനുഷ്യൻ ലജ്ജകൊണ്ടു നിഷിദ്ധകമ്മങ്ങളിൽനിന്നു വിരമിക്കുന്നു അവൻ നിന്ദയ്ക്കു പാത്രീഭവിക്കുന്നില്ല.

മൂ: 16.

അസ്സോയഥാഭദ്രോകസാനിവിട്ടോ
ആതാപിനോസംവേഗിനോഭവാഥ;
സദ്ധായസീലേനചവീരിയേനച
സമാധിനാധമ്മവിനിച്ഛയേനച
സമ്പന്നവിജ്ജാചരണാപതിസ്സതാ
പഹസ്സഥാദുക്ഖമിദംഅനപ്പകം,

അന്വ:—

മൂ: ഭാ: —	സം: —
കസാനിവിട്ടോ ഭദ്രോ അസ്സോ യഥാ ആതാപിനോ സംവേഗിനോ ഭവാഥ സദ്ധായ സീലേന ച വിരിയേന ച സമാധിനാ ധമ്മ വിനിച്ഛയേന ച സമ്പന്ന വിജ്ജാചരണാപതിസ്സതാ ഇദം അനപ്പകം ദുക്ഖം പ ഹ സ്സഥാ.	കശാനിവിഷ്ടഃഭദ്രഃഅശ്വ ഇവ അതാപിനഃസംവേഗിനഃ ഭവതഃ ശ്രദ്ധയാ ശീലേനച വീര്യേണ ച സമാധിനാ ച ധമ്മവിനിശ്ചയേന ച സമ്പന്ന വിദ്യാചരണാഃ പ്രതിസ്മൃതാഃഇദം അനല്പകംദുഃഖം പ്രഹാസ്യഥ.

അന്വ: —

സുശിക്ഷിതമായ ഉത്തമാശ്വം കശാഹതമായാൽ എപ്രകാരം ദ്രുതഗാമിയും ഉദ്യോഗിയുമാകുന്നുവോ അപ്രകാരം ഉദ്യോഗിയും കാൎയ്യതല്പരന്മാരുമാകണം. ശ്രദ്ധ, ശീലം, വീൎയ്യം, ധ്യാനം, വിചാരം ഇ

വകമ്മാൽ പൂണ്ണജ്ഞാനവും സദാചാരസമ്പന്നതയും സാധിച്ച് ദൃഢസ്മൃതിയോട്ടുകൂടി ഇരുന്നാൽ ഈ വലിയ ദുഃഖത്തെ ജയിക്കാൻ കഴിയും.

മൂ: 17.

ഉദകം ഹി നയന്തി നേത്തികാ
ഉസുകാരാ നമയന്തി തേ ജനം
ദാരും നമയന്തി തച്ഛകാ
അത്താനം നമയന്തി സുവ്വതാ

അന്വ:—

മൂ: ഭാ:—	സം:—
നേത്തികാഹി ഉദകം	നേതൃകാഃ ഹി ഉദകം
നയന്തി, ഉസുകാരാ	നയന്തി, ഇഷുകാരാഃ
തേജനം നമയന്തി	തേജനം നമയന്തി
തച്ഛകാ ദാരും നമയന്തി,	തക്ഷകാഃ ദാരും നമയ
സുവ്വതാ അത്താനം	ന്തി, സുവ്രതാഃ ആത്മാ
ദമയന്തി.	നം ദമയന്തി

അന്വ:-

സേതുകാരികൾ (വരമ്പുണ്ടാക്കുന്നവർ) ജലത്തെ ഇഷ്ടാനുസരണം നയിക്കുന്നു. ബാണമുണ്ടാക്കുന്നവർ ബാണത്തെ ഇഷ്ടംപോലെ വളയ്ക്കുന്നു, ശില്പികൾ വൃക്ഷത്തെ യഥേഷ്ടം പരിഷ്ക്കരിക്കുന്നു. അപ്രകാരം സുവ്രതരായ സാധുക്കൾ മനസ്സിനെ ഇഷ്ടംപോലെ ദമനം ചെയ്യുന്നു.

ദണ്ഡവർഗ്ഗഃ

ദശമഃ

ജരാവർഗ്ഗഃ

(ഏകാദശ)

മൂലം 1.

കോനുഹാസോ കിമാനന്ദോ
നിച്ചം പജ്ജലിതേ സതി
അന്ധകാരേന ഒനദ്ധാ
പദീപം ന ഗവേസ്സഥ.

അന്വ:-

മൂ: ഭാ:-

(ഇമസ്സിം ലോകസന്നിവാസേ)
നിച്ചം പജ്ജലിതേ സതി
കോനു ഹാസോ കിമാനന്ദോ;
അന്ധകാരേനഒനദ്ധാ
പദീപംനഗവേസ്സഥ

സം:-

(അസ്മിൻ ലോകെ) നിത്യം
പ്രജ്വലിതേ സതി (രാഗ
ദ്വേഷാദിഭിരിത്യൎഥ:) കോ
നുഹാസഃ കോ ആനന്ദഃ
അന്ധകാരേണഅവ
നദ്ധാഃപ്രദീപംനഗവേഷയഥ.

അന്വ:-

ഈ ലോകത്തിൽ രാഗദ്വേഷാദികളായ അഗ്നികൾ സദാ ജ്വലിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾക്ക് എന്തൊരാനന്ദമാണ്? നിങ്ങൾ അന്ധകാരത്താൽ ആവൃതരായിരിക്കുന്നുവെങ്കിലും പ്രദീപത്തെ—ജ്ഞാനപ്രദീപത്തെ അന്വേഷിക്കുന്നില്ല

മൂലം 2.

പസ്സചിത്തകതംബിമ്ബം
അരുകായംസമുസ്സിതം
ആതുരംബഹുസങ്കപ്പം
യസ്സനത്ഥിധുവംഠിതി-

അന്വ:-

മൂ: ഭാ:-

ചിത്തകതംഅരുകായം
സമുസ്സിതംആതുരം
ബഹുസങ്കപ്പംബിമ്ബം
പസ്സ,യസ്സധുവംഠിതിനത്ഥി-

സം-

ചിത്രീകൃതംഅരുകായം
സമുച്ഛ്രിതംആതുരംബഹു
സംകല്പംബിംബംകായംപശ്യ
യസ്യധ്രുവാസ്ഥിതിഃനാസ്തി-

അന്വ:-

വസ്ത്രാഭരണവിഭൂഷിതവും വ്രണങ്ങളാൽ (ക്ഷതങ്ങളാൽ) നിറയപ്പെട്ടതും അസ്ഥികളാൽ നേരെ നിവിൎത്തപ്പെട്ടതും രോഗയുക്തവും നാനാസങ്കല്പങ്ങളാലാട്ടക്രുടിയതുമായ ദേഹത്തെ അവലോകനം ചെയ്യുക, അതിന്റെ പരിവൎത്തനരഹിതമായ സ്ഥായിത്വം ഇല്ലതന്നെ.

മൂലം 3.

പരിജിണ്ണമിദംരൂപം
രോഗനിഡ്ഡംപഭങ്ഗുരം
ഭിജ്ജതിപൂതിസന്ദേഹോ
മരണന്തംഹിജീവിതം

അന്വ:-

മൂ: ഭാ:-	സം:-
ഇദംരൂപംപരിജീണ്ണം	ഇദംരൂപംപരിജീണ്ണം
രോഗനിഡ്ഡംപഭങ്ഗുരം,	രോഗനിഷ്ഠംപ്രഭങ്ഗുരം;
പൂതിസന്ദേഹോഭിജ്ജതി;	പൂതിസന്ദേഹോ(പൂതിയുക്തദേഹോ)
ജീവിതംഹിമരണന്തം	ഭിദ്യതേ,ജീവിതംഹി മരണാന്തം

അന്ന:-

ഈ ശരീരം രോഗത്തിൻെറ ഉത്ഭവസ്ഥാനവും ക്ഷയിക്കശീലമുള്ളതും ഭംഗുരവുമാകുന്നു. ദുർഗ്ഗന്ധയുക്തമായ ദേഹം ഭഗ്നമായിത്തീരും. ജീവിതം മരണത്തിൽ അവസാനിക്കുന്നു.

മൂലം 4.

യാനിമാനിഅപത്ഥാനി
അലാപൂനേവസാരദേ
കാപോതകാനിഅട്ഠീനി
താനിദിസ്വാനകാരതി-

അന്വ:-

മൂ: ഭാ:-	സം:-
യാനിമാനിസാരദേഅലാ	യാനീമാനീശരദിഅലാബു
പൂനേവഅപത്ഥാനി	നിവഅപാസ്താനികാപോ
കാപോതകാനിഅട്ഠീനി	തകാനിഅസ്ഥീനി,താനി
താനിദിസ്വാനകാരതി	പശ്യതഃകാരതിഃ?

അന്ന:-

ശരൽക്കാലത്തിലെ ചുരക്കായ്കളെപ്പോലെ ഉപേക്ഷിക്കപ്പെട്ടവയും കപോതങ്ങളേപ്പോലെ ശുഭ്രങ്ങളുമായ ഈ അസ്ഥികളെക്കണ്ടിട്ട് ഇതിനേക്കുറിച്ച് ആക്ക് ആസക്തി ഉണ്ടാകും?

മൂലം 5.

അട്ഠീനം നഗരം കതം
മാംസ ലോഹിത ലേപനം
യത്ഥജരാ ചമച്ചൂ ച
മാനോമക്ഖോ ച ഒഹിതോ

അന്വയം.

മൂ: ഭാ:—

അട്ഠിനം നഗരം
മാംസലോഹിതലേപനം
കതം, യത്ഥ ജരാ ച
മച്ചു മാനോ മക്ഖോ
ച ഓഹിതോ.

സം:—

അസ്ഥ്നാം നഗരംമാംസലോ-
ഹിതലേപനംകൃതം, യത്ര
ജരാ ച മൃത്യുശ്ച മാനശ്ച
മ്രക്ഷശ്ച അവഹിതഃ

അന:—

അസ്ഥികളാൽ നിർമ്മിതവും രക്തമാംസങ്ങളാൽ ലേപനം ചെയ്യപ്പെട്ടതുമായ ശരീര നഗരത്തിൽ ജരാമൃത്യുക്കളും അഹങ്കാരവും കാപട്യവും വാസം ചെയ്യുന്നു.

മൂലം 6.

ജീരന്തിവേ രാജരഥാ സുചിത്താ
അഥോസരീരമ്പിജരം ഉപേതി
സതഞ്ചധമ്മോ ന ജരം ഉപേതി
സന്തോഹ വേപബ്ഭിപ വേദയന്തി

അന്വയം.

മൂ: ഭാ:—

സുചിത്താ രാജ രഥാവേ ജീരന്തി,
അഥോ സരീരമ്പിജരം ഉപേതി,
സതഞ്ച ധമ്മോ നജരം ഉപേതി;
(ഇതി) ഹവേ സന്തോ സബ്ഭി
പവേദയന്തി.

സം:—

സുചിത്രാഃ രാജരഥാഃ വൈ
ജീര്യന്തി അഥ ശരീരമപി
ജരാം ഉപൈതി (ഇതി)സ
ന്തഃ വൈ സദ്ഭ്യഃ പ്രവേ
ദയന്തി.

അന: —

രാജാക്കന്മാരുടെ ഭംഗിയേറിയ രഥങ്ങളും അപ്രകാരം ശരീരങ്ങളും ജീർണ്ണത പ്രാപിക്കുന്നു സജ്ജനങ്ങളുടെ (ബുദ്ധൻ മുതലാ

യ സാധുക്കളുടെ) ധമ്മം ഒരിക്കലും നാശം പ്രാപിക്കുന്നില്ല. ശമധനന്മാരായ പുരുഷന്മാർ സാധുക്കളോട് ഇപ്രകാരമാണ് പറഞ്ഞിട്ടുള്ളതു്.

മൂലം 7.

അപ്പസ്സുതായം പുരിസോ
ബലിവദ്ദോവ ജീരതി
മംസാനി തസ്സ വഡ്ഢന്തി
പഞ്ഞാതസ്സ ന വഡ്ഢതി

അന്വയം.

മൂ: ഭാ:—

അപ്പസ്സുതാ അയം പുരിസോ ബലിവദ്ദോവ ജീരതി; തസ്സ മംസാനി വഡ്ഢന്തി, തസ്സ പഞ്ഞാ ന വഡ്ഢതി.

സം:—

അല്പശ്രുതഃ പുരുഷഃ ബലീവർദ്ദ ഇവ ജീര്യതി, തസ്യ മാംസാനി വർദ്ധന്തേ, തസ്യ പ്രജ്ഞാ നവർദ്ധതേ.

അർ:—

ജ്ഞാനഹീനനായ പുരുഷൻ കേവലം വൃഷഭം എന്നതു പോലെ വൃദ്ധനായിത്തീരുന്നു. അവന്റെ മാംസങ്ങൾ വർദ്ധിച്ചു കൊണ്ടിരിക്കുന്നു. പ്രജ്ഞയാകട്ടെ അല്പംപോലും വർദ്ധിക്കുന്നില്ല.

മൂലം 8

അനേകജാതി സംസാരം
സന്ധാവിസ്സം അനിബ്ബിസം
ഗഹകാരകം ഗവേസന്തോ
ദുക്ഖാ ജാതി പുനപ്പുനം.

മൂലം 9.

ഗഹകാരകദിട്ഠോസി
പുനഗേഹം നകാഹസി
സബ്ബാതേ ഫാസുകാ ഭഗ്ഗാ
ഗഹകൂടം വിസങ്ഖിതം
വിസങ്ഖാരഗതം ചിത്തം
തൺഹാനം ഖയമജ്ഝഗാ.

അന്വ:--

മൂ: ം:—

ഗഹകാരകം ഗവേസന്തോ
അനിബ്ബിസം അനേകജാതി
സംസാരം സന്ധാവിസ്സം,
പുനപ്പുനം ജാതി ദുക്ഖാ,
ഗഹകാരക, ദിട്ഠോസി,
പുന ഗേഹം ന കാഹസി,
തേ സബ്ബാഫാസുകാഭഗ്ഗാ
ഗഹകൂടം വിസങ്ഖിതം,
വിസങ്ഖാരഗതം ചിത്തം
തൺഹാനം ഖയം അജ്ഝഗാ-

സം:—

ഗൃഹകാരകം ഗവേഷ
യൻ അനിവിശമാനഃ
അനേകജാതി സംസാ-
രം സമധാവിഷം, പുനഃ
പുനഃ ജാതിദുഃഖാ-ഗൃ
ഹകാരക, ദൃഷ്ടോ ƒ സി,
പുനഃഗൃഹം നകരിഷ്യ
സി, സർവ്വാഃ തേ പാർശ്വി
കാ ഭഗ്നാഃ ഗൃഹകൂടം
വിസംസ്കൃതം, വി
സംസ്കാരഗതം ചിത്തം
തൃഷ്ണാനാം ക്ഷയം
അദ്ധ്യഗാത്.

അർ: —

ദേഹമാകുന്ന ഗൃഹത്തെ നിൎമ്മിച്ച ആളിനെ അന്വേഷിച്ചു, എന്നാൽ അദ്ദേഹത്തെ കാണാതെ എത്രയോ പ്രാവശ്യം ചുററിത്തിരിഞ്ഞു. എത്രതവണ സംസാരത്തിൽ ജന്മമെടുത്തു, വീണ്ടും വീണ്ടുമുള്ള ഈ ജന്മഗ്രഹണം ദുഃഖകരംതന്നെ. ഹേ ഗൃഹകാരക! ഈ പ്രാവശ്യം നിന്നേക്കണ്ടു. ഇനിയും ഗൃഹനിൎമ്മാണം ചെയ്യാനെളുപ്പമില്ല. നിന്റെ സകല ഗൃഹോപകരണങ്ങളും തകൎന്നുപോയി. ഗൃഹകൂടം നഷ്ടമായിപ്പോയി. നിൎവ്വാണം പ്രാപിച്ചു— സംസ്കാരസമൂഹങ്ങളിൽനിന്നു വിമുക്തമായ—എന്റെ ചിത്തത്തിലുള്ള സകല തൃഷ്ണകളും നശിച്ചിരിക്കുന്നു.

മൂലം 10.

അചരിത്വാ ബ്രഹ്മചരിയം
അലദ്ധായൊബ്ബനേ ധനം
ജിണ്ണകൊഞ്ചാ ƒ വഝായന്തി
ഖീണമച്ഛേവ പല്ലലേ

അന്വ:-

മൂ: ഭാ:-	സം:-
ബ്രഹ്മചരിയം അചരിത്വാ	ബ്രഹ്മചര്യം അചരി-
യൊബ്ബനേ ധനം അലദ്ധാ	ത്വാ യൌവനേ ധനം
ഖീണമച്ഛേപല്ലലേ	അലബ്ധ്വാ ജനാഃ
ജിണ്ണകൊഞ്ചാ ഇവ	ക്ഷീണമത്സ്യേ പല്വലേ
ഝായന്തി	ജീണ്ണ ക്രൌഞ്ചാ ഇവ
	ക്ഷീണന്തി.

അന്വ:—

ബ്രഹ്മചര്യമനുഷ്ഠിക്കാതെയും യൌവനത്തിൽ ധനസമ്പാദനം ചെയ്യാതെയുമിരുന്നാൽ മത്സ്യമില്ലാത്തതായ കുളത്തിലെ വൃദ്ധനായ ക്രൌഞ്ചത്തേപ്പോലെ ചിന്താ (ദുഃഖ) മഗ്നനായിരിക്കുവാനിടയാകും.

മൂലം 11.

അചരിത്വാ ബ്രഹ്മചരിയം
അലദ്ധായൊബ്ബനേ ധനം
സേന്തി ചാപാതിഖീണാ/വ
പുരാണാനി അനുത്ഥുനം.

അന്വ:-

മൂ:ഭാ:-	സം:-
ബ്രഹ്മചരിയംഅചരിത്വാ	ബ്രഹ്മചര്യംഅചരിത്വാ
യൊബ്ബനേധനംഅലദ്ധാ	യൌവനേധനംഅലബ്ധ്വാ
പുരാണാനിഅനുത്ഥനം	പുരാണാനിഅനുതനാൻ

അതിഖീണോചാപേവാ/വസേന്തി അതിക്ഷീണഃചാപഇവശേരതേ

അന്വ:-

ബ്രഹ്മചര്യം അനുഷ്ഠിച്ചില്ലെങ്കിൽ, യൌവനത്തിൽ ധനം സമ്പാദിച്ചില്ലെങ്കിൽ, പഴയകാര്യങ്ങളെ വിചാരിച്ചു അനുശോചിച്ചുകൊണ്ടു ബാണം പൊയ്പോയ വില്ലുപോലെ കിടക്കേണ്ടിവരും.

ജരാവർഗ്ഗഃ ഏകാദശഃ

(അത്തവഗ്ഗഃ)

ആത്മവർഗ്ഗഃ

മൂലം:

മൂലം 1.

അത്താനം ചേപിയം ജഞ്ഞാ
രക്ഖേയ്യതം സുരക്ഖിതം
തിണ്ണമഞ്ഞതരം യാമം
പടിജഗ്ഗേയ്യ പണ്ഡിതോ

അന്വയം.

മൂലഭാ:—	സം:—
അത്താനം ചേപിയം ജഞ്ഞാ	ആത്മാനം ചേൽപ്രിയം ജാനീ
തം സുരക്ഖിതം രക്ഖേയ്യ;	യാൽ, തതഃ തംസുരക്ഷിതം
പണ്ഡിതോ തിണ്ണമഞ്ഞ	രക്ഷേൽ; പണ്ഡിതഃ ത്രയാണാ
തരം യാമം പടിജഗ്ഗേയ്യ	മന്യതരം യാമം പ്രതിജാഗ്രയാൽ

അന്വ:-

ആത്മാവിനേ പ്രിയമായി വിചാരിക്കുന്നുവെങ്കിൽ, അതിനേ വേണ്ടപോലെ രക്ഷിക്കണം; പണ്ഡിതൻ മൂന്നു യാമമുള്ളതിൽ ഒരു യാമമെങ്കിലും ആത്മോന്നതികരങ്ങളായ സൽക്കർമ്മങ്ങൾക്കായിട്ടു വിനിയോഗിക്കണം.

മൂലം 2.

അത്താനമേവപഠമം
പതിരൂപേനിവേസയേ
അഥഞ്ഞമനുസാസേയ്യ
നകിലിസ്സേയ്യ പണ്ഡിതോ

അന്വയം:—

മൂ: ഭാ:-	സം:-
അത്താനമേവപഠമം	ആത്മാനമേവപ്രഥമം
പതിരൂപേനിവേസയേ,	പ്രതിരൂപേ (കർത്തവ്യേ) നിവേ

അഥ അഞ്ഞംഅനുസാസേയ്യ;
പണ്ഡിതോ നകിലിസ്സേയ്യ.

ശയേൽ, അഥ അന്യമനുശി
ഷ്യാൽ; പണ്ഡിതഃ ന ക്ലിശ്യേൽ

അൎത്ഥം:—

യാതൊന്നു കർത്തവ്യമോ അതിൽ താൻ ആദ്യമായി പ്രവേശിച്ച് വിജയം സമ്പാദിച്ച ശേഷമേ അന്യന് ഉപദേശം നൽകാവൂ. വിദ്വാൻ ഇപ്രകാരം ചെയ്യുന്നതായാൽ ക്ലേശമനുഭവിക്കാനിടയാവുകയില്ല.

മൂലം 3.

അത്താനഞ്ചേ തഥാകയിരാ
യഥഞ്ഞമനുസാസതി
സുദന്തോവതദമ്മേഥ
അത്താഹി കിരദുദ്ദമോ.

അന്വയം:

മൂ: ഭാ:—

യഥാ അഞ്ഞമനുസാസതി ത
ഥാ അത്താനം ചേ കയിരാ, സു
ദന്തോ വത ദമ്മേഥ, അത്താ
ഹി കിര ദുദ്ദമോ.

സം:—

യഥാ അന്യമനുശാസ്തി തഥാ
ആത്മാനം ചേൽ കുര്യാൽ സു
ദാന്തഃ ദമയേൽ, ആത്മാഹി
കില ദുർദ്ദമഃ

അൎത്ഥം:.

അന്യന് ഏതൊരു പ്രകാരത്തിൽ ഉപദേശം നൽകുന്നുവോ താനും അപ്രകാരമാകണം. താൻ സംയമിയായാൽ അന്യനെയും നന്നാക്കാൻ കഴിയും. മനസ്സു തുലോം ദുർദ്ദമമാകുന്നു.

മൂലം 4.

അത്താഹി അത്തനോ നാഥോ
കോഹി നാഥോ പരോസിയാ
അത്തനാ വസുദന്തേന
നാഥം ലഭതി ദുല്ലഭം

അന്വയം:—

മൂ: ഭാ.—

അത്താഹി അത്തനോ നാഥോ,
കോഹിപരോ നാഥോസിയാ;
സുദന്തേന അത്തനാ ഏവ ദുല്ല
ഭം നാഥം ല ഭതി.

സം:—

ആത്മാഹി ആത്മനഃ നാഥഃ
കോഹിപരോ നാഥസ്സ്യാൽ,
സുദാന്തേന ആത്മനൈവ
ദുർല്ലഭം നാഥം ലഭതേ.

അൎത്ഥം:—

ആത്മാവു തന്നെ ആത്മാവിന്റെ നാഥൻ. ആത്മാവിന്ന് വേറൊരു നാഥനില്ല. ആത്മസംയമശക്തി ഉണ്ടായാൽ ദുർല്ലഭനായ നാഥനെ ലഭിക്കാൻ കഴിയും.

മൂലം 5.

അത്തനാവകതംപാപം
അത്തജംഅത്തസംഭവം
അഭിമന്ഥതിദുമ്മേധം
വജിരംവഅഹ്മമയംമണിം-

അന്വ:-

മൂ: ഭാ:-
അത്തനാ / വകതംഅ-
ത്തജംഅത്തസംഭവം
പാപംവജിരംഅഹ്മ്
മയംമണിംവദുമ്മേധം
അഭിമന്ഥതി-

സം:-
ആത്മനൈവകൃതം
ആത്മജംആത്മസംഭവം
പാപംവജ്രഃഅശ്മ
യംമണിമിവദുർമ്മേധസം
അഭിമഥ്നാതി.

അൎത്ഥം:-

വജ്രം അശ്മമയമായ രത്നത്തെപ്പോലെ ആത്മകൃതമോ ആത്മജമോ ആത്മസംഭവമോ ആയ പാപവും ബോധരഹിതനായ മനുഷ്യനെ മഥനംചെയ്യുന്നു.

മൂലം 6.

യഅച്ചന്തദുസ്സീല്യം
മാലുവാസാലമിവോതതം
കരോതിസോതഥ / ത്താനം
യഥാനംഇച്ഛതീദിസോ

അന്വ:-

മൂ: ഭാ:-
യസ്സഅശ്ചന്തദുസ്സീല്യം
സോമാലുവാഒതതം
സാലമിവഅത്താനം
തഥാകരോതി,യഥാ
ദിസോനംഇച്ഛതി

സം:-
യസ്യഅത്യന്തദൌശ്ശീല്യം
സഃമാലുവാഅവതതം
സാലമിവആത്മാനംതഥാ
കരോതി,യഥാദ്വിഷഃഏനം
ഇച്ഛന്തി.

അൎത്ഥം: —

മാല്വ ലതാവേഷ്ടിതമായ സാലവൃക്ഷംപോലെ എവനൊരുവ ൻെറ ആത്മാവ് അത്യന്തം ദുഃശീലത്താൽ ആവൃതമായിരിക്കുന്നു, അവൻ അവൻെറ ശത്രു അവനെ ആഗ്രഹിക്കുന്ന വിധത്തിൽ ആ യിത്തീരുന്നു.

മൂലം 7.

സുകരാനി അസാധൂനി
അത്തനോ അഹിതാനി ച
യം വേഹിതഞ്ച സാധുഞ്ച
തം വേ പരമദുക്കരം.

അന്വയം.

മൂ. ഭാ:—	സം: —
അസാധൂനി അത്താനോ അ ഹിതാനി ച സുകരാണി; യം വേഹിതഞ്ച സാധുഞ്ചതം വേ പരമ ദുക്കരം.	അസാധൂനി ആത്മനോ അ ഹിതാനിചസുകാരാണിവൈ ഹിതഞ്ച സാധു ചതൽവൈ പരമ ദുഷ്കരം.

അൎത്ഥം:—

അയോഗ്യങ്ങളും തനിക്ക് ഹിതമല്ലാത്തവയുമായ കൎമ്മങ്ങ ൾ ചെയ്യു വളരെ എളുപ്പമാണ്. എന്നാൽ യുക്തവും ഹിതകര വുമായതു പാലിക്കുക തുലോം ദുഷ്കരമാകുന്നു.

മൂലം 8.

യോ സാസനം അരഹതം
അരിയാനം ധമ്മ ജീവിനം
പടിക്കോസതി ദുമ്മേധോ
ദിട്ഠിം നിസ്സായ പാപികം.
ഫലാനികട്ഠകസ്സേ/വ
അത്തഘഞ്ഞായഫല്ലതി.

അന്വയം.

മൂ: ഭാ: —	സം:—
യോ ദുമ്മേധോ പാപികം ദി ട്ഠിം നിസ്സായ അരിയാനം ധ	യോ ദുമ്മേധാഃ പാപികാം ദൃഷ്ടിം നിശ്രിത്യ ആൎയ്യാണാം

ധമ്മജീവിനം അരഹതം സാസനം പടിക്കോസതി, കട്ഠകസ്സഫലാനിവ അത്തഘഞ്ഞായ ഫല്ലതി.	ധമ്മജീവിനാഞ്ച അർഹതാം ശാസനം പ്രതിക്രുശ്യതി, സഃ കട്ഠകസ്യ ഫലാനീവആത്മഘാത്യായൈയ ഫല്ലതി.

അന:-

ദുഷ്ടബുദ്ധികളായ മനുഷ്യർ മിത്ഥ്യാദൃഷ്ടിയേ ആശ്രയിച്ച് പൂജനീയന്മാരും ധമ്മപരായണന്മാരുമായ ബുദ്ധഭിക്ഷുക്കളുടെ ഉപദേശത്തേ അവഗണിക്കുന്നു. അവർ മുളയുടെ ഫലകാലം പോലെ സ്വന്തനാശത്തിനു വേണ്ടി ഫലിക്കുന്നു.

മൂലം 9.

അത്തനാ *f* വകതം പാപം
അത്തനാ സങ്കിലിസ്സതി
അത്തനാ അകതം പാപം
അത്തനാവവിസുജ്ഝതി
സുദ്ധി അസുദ്ധി പച്ചത്തം
നാ *f* ഞ്ഞോ അഞ്ഞംവി സോധയേ.

അന്വയം.

മൂ: ഭാ: —	സം: —
അത്തനാവപാപംകതം,	ആത്മനൈവപാപംകൃതം
അത്തനാസങ്കിലിസ്സതി	ആത്മനാസംക്ലിശ്യതി
അത്തനാപാപംഅകതംഅത്തനാ വവിസുജ്ഝതി;സുദ്ധിഅസുദ്ധി പച്ചത്തം	ആത്മനാപാപംഅകൃതം,ആത്മനൈവ വിശുദ്ധ്യതിശുദ്ധി:അശുദ്ധി ശ്ചപ്രത്യാത്മം,
നഅഞ്ഞോഅഞ്ഞംവിസോധയേ.	നഅന്യഃഅന്യാംവിശോധയേൽ

അന:-

താൻ പാപം ചെയ്താൽ താൻതന്നെ ദുഃഖമനുഭവിക്കും. താൻ പാപംചെയ്യാതെയിരുന്നാൽ താൻതന്നെ പരിശുദ്ധനായിരിക്കും. ശുദ്ധിയും അശുദ്ധിയും ആത്മനിഷ്ഠമാകുന്നു. അന്യൻ അന്യനെ ശുദ്ധനാക്കുകയില്ല.

മൂലം. 10.

അത്തദത്ഥംപരത്ഥേന
ബഹുനാ/പിനഹാപയേ.
അത്തദത്ഥമഭിഞ്ഞായ
സദത്ഥപസുതോസിയാ.

അന്വ:—

മൂ: ഭാ:-
ബഹുനാപിപരത്ഥേന
അത്തദത്ഥം നഹാപയേ,
അത്തദത്ഥമഭിഞ്ഞായ
സദത്ഥപസുതോസിയാ

സം:-
ബഹുനാപിപരാത്ഥേന
ആത്മനോ/ത്ഥം നഹാപയേൽ
ആത്മാർത്ഥം അഭിജ്ഞായ
സദർത്ഥപ്രസിതഃസ്യാൽ

അന്വ:-

പരാത്ഥമായി പല കത്തവ്യങ്ങളുണ്ടായിരുന്നാലും ഒരു വ്യക്തിക്ക് തന്റെ ആത്മീയാഭ്യുദയകരങ്ങളായ കാര്യങ്ങളെ ഉപേക്ഷിക്കാൻ പാടില്ല. ആത്മമംഗളകരമായ കാര്യത്തെ വേണ്ടവിധം അറിഞ്ഞിട്ട് അതിൽ താല്പര്യത്തോടുകൂടി ഇരിക്കുകയത്രേ ആവശ്യം.

ആത്മവർഗ്ഗഃ
ദ്വാദശഃ

ലോകവർഗ്ഗഃ
ത്രയോദശഃ

മൂലം 1.

ഹീനം ധമ്മം നസേവേയ്യ
പമാദേന ന സംവസേ
മിച്ഛാദിട്ഠിം നസേവേയ്യ
നസിയാലോക വഡ്ഢനോ.

അന്വ: --

മൂ: ഭാ:—
ഹീനം ധമ്മം ന സേവേയ്യ,
പമാദേന ന സംവസേ.

സം:—
ഹീനം ധർമ്മം ന സേവേത,
പ്രമാദേന ന സംവസേത്,

മിഛാദിട്ഠിം ന സേവേയ്യ,	മിത്ഥ്യാദൃഷ്ടിം ന സേവേത
ലോകവഡ്ഢനോ നസിയാ.	ലോകവർദ്ധനഃ ന സ്യാൽ.

അന:—

ഹീനമായ ധമ്മത്തെ ആശ്രയിക്കയോ ധമ്മമാൎഗ്ഗത്തെ വിസ്മരിച്ചു കാലയാപനം ചെയ്യുകയോ മിത്ഥ്യാദൃഷ്ടിയെ ആശ്രയിക്കയോ പുനർജ്ജന്മം ഉണ്ടാകത്തക്കവിധത്തിൽ പ്രവൎത്തിക്കയോ ചെയ്യരുത്.

മൂലം 2.

ഉത്തിട്ഠേനപ്പമജ്ജേയ്യ
ധമ്മംസുചരിതംചരേ
ധമ്മചാരിസുഖംസേതി
അസ്മിംലോകെപരമ്ഹിച.

3

ധമ്മം ചരേ സുചരിതം
നതം ദുച്ചരിതം ചരേ
ധമ്മചാരിസുഖംസേതി
അസ്മിം ലോകേ പരമ്ഹിച

അന്വയം

മൂ: ഭാ:—	സം:—
ഉത്തിട്ഠേന,പ്പമജ്ജേയ്യ	ഉത്തിഷ്ഠേൽ.നപ്രമാദ്യേൽ,
സുചരിതംധമ്മംചരേ,	സുചരിതംധൎമ്മാചരേൽ;
ധമ്മചാരീഅസ്മിംലോകെ	ധൎമ്മചാരീഅസ്മിംലോകെ
പരമ്ഹിചസുഖംസേതി	പരസ്മിംശ്ചസുഖാശേതേ
സുചരിതംധമ്മംചരേ	സുചരിതംധൎമ്മാചരേൽ
നതംദുച്ചരിതംചരേ;	നതൽദുശ്ചരിതംചരേൽ;
ധമ്മചാരീഅസ്മിംലോകെ	ധർമ്മചാരീഅസ്മിൻലോകെ
പരമ്ഹിചസുഖംസേതി	പരസ്മിംശ്ചസുഖാശേതേ

അന:-

എഴുന്നേൽക്കുക! അലസനായിരിക്കരുത്. ഉത്തമമായ ധൎമ്മത്തെ ആചരിക്കുക. ധൎമ്മമാചരിക്കുന്നവൻ ഇഹപരലോകങ്ങളിൽ സുഖമായിരിക്കുന്നു. സത്തായ ധൎമ്മത്തെ അനുഷ്ഠിക്കണം. പാപധൎമ്മത്തെ ആചരിക്കരുത്. ധൎമ്മാനുഷ്ഠാനം ചെയ്യുന്നവൻ ഇഹപരങ്ങളിൽ സന്തുഷ്ടനായിവൎത്തിക്കുന്നു.

മൂലം 4.

യഥാബുബ്ബ്ൂലകം പസ്സേ
യഥാ പസ്സേ മരീചികം
ഏവം ലോകം അവേക്ഖന്തം
മച്ചുരാജാ ന പസ്സതി

അന്വ:—

മൂ: ഭാ:-	സം:-
യഥാബുബ്ബ്ൂലകം പസ്സേ	യഥാ ബുൽബുദകം പശ്യേൽ
യഥാ മരീചികം പസ്സേ	യഥാ മരീചികാം പശ്യേൽ
ഏവം ലോകം അവേക്ഖന്തം	തഥാലോകം അവേക്ഷമാണം
മച്ചുരാജാ ന പസ്സതി	പുരുഷം മൃത്യുരാജാന പശ്യതി

അ൪:—

നീർപ്പോള, മൃഗതൃഷ്ണ (കാനൽജലം) എന്നിവ പോലെ ഈ ലോകത്തേക്കാണുന്ന പുരുഷനേ മൃത്യുരാജൻ ഒരിക്കലും ശേിക്ക കയില്ല.

മൂലം 5.

ഏഥ പസ്സതിമം ലോകം
ചിത്തം രാജരഥൂപമം
യത്ഥ ബാലാ വിസീദന്തി
നത്ഥി സങ്ഗോ വിജാനതം

അന്വ:—

മൂ: ഭാ:—	സം:—
ഏഥ ഇമം ലോകംചിത്തം	ഏത ഇമം ലോകം ചിത്രം
രാജരഥൂപമം പസ്സഥ യത്ഥ	രാജരഥോപമം പശ്യത,
ബാലാ വിസീദന്തി,	യത്രബാലാഃ വിഷീദന്തി,
വിജാനതം സങ്ഗോന്നത്ഥി	വിജാനതാം സങ്ഗഃ നാസ്തി.

അ൪:-

വരുക! ഈ ലോകത്തെ വിചിത്രമായ രാജരഥത്തേപ്പോലെ കാൺക. മൂർഖന്മാർ ഇതിൽ മുഴകി വിഷാദിക്കുന്നു. എന്നാൽ ജ്ഞാനികൾ ഇതിൽ ആസക്തരാകുന്നില്ല.

മൂലം 6

യോചപുബ്ബേപമജ്ജിത്വാ
പച്ഛാസോനപ്പമജ്ജതി
സോഽമം ലോകം പഭാസേതി
അബ്ഭാമുത്തോ വചന്ദിമാ.

അന്വ:

മൂ: ഭാ:-	സം:-
യോച പുബ്ബേ പമജ്ജിത്വാ പച്ഛാ നപ്പമജ്ജതി. സോ അബ്ഭാ മുത്തോ ചന്ദി- മാവ ഇമം ലോകം പഭാസേതി	യഃ പൂർവ്വം പ്രമാദ്യ പശ്ചാൽ ന പ്രമാദ്യതി, സഃ അഭ്രാൽ മുക്തഃ ചന്ദ്രമാ ഇവ ലോകം പ്രഭാ സയതി.

അൎത്ഥ. —

ഏതൊരു വ്യക്തി ആദ്യം പ്രമാദവാനായിരുന്നിട്ട് പിന്നീട് പ്രമാദരഹിതനാകുന്നു, അവൻ മേഘമുക്തനായ ചന്ദ്രനെപ്പോലെ ലോകത്തെ പ്രകാശമാനമാക്കുന്നു.

മൂലം 7.

യസ്സപാപം കതം കമ്മം
കുസലേന പിഥീയതി
സോഽമം ലോകം പഭാസേതി
അബ്ഭാ മുത്തോവ ചന്ദിമാ.

അന്വ:

മൂ: ഭാ:-	സം:-
യസ്സ കതം പാപം കമ്മ കുസലേന പിഥീയതി, സോ അബ്ഭാ മുത്തോ ചന്ദിമാവ ഇമം ലോകം പഭാസേതി	യസ്യ കൃതം പാപം കർമ്മ കുശലേന പ്രഥീയതേ സഃ അഭ്രാൽ മുക്തഃ ചന്ദ്രമാ ഇവ ഇമം ലോകം പ്രഭാസയതി.

അൎത്ഥ:—

ഒരുവനാൽ ചെയ്യപ്പെട്ട പാപകർമ്മം കുശലമായ—അർഹതസമ്പ്രദായമനുസരിച്ചുള്ള—കർമ്മാനുഷ്ഠാനത്താൽ ആവരണം ചെയ്യപ്പെടുന്നു, അവൻ മേഘമുക്തനായ ചന്ദ്രനെപ്പോലെ ലോകത്തെ പ്രകാശിപ്പിക്കുന്നു.

മൂലം 8.

അന്ധഭൂതോഅയംലോകോ
തനുകേഥവിപസ്സതി,
സകുന്തോജാലമുത്തോവ
അപ്പോസഗ്ഗായഗച്ഛതി.

അന്വ:-

മൂ: ഭാ:-	സം:-
അയംലോകോഅന്ധഭൂ	അയംലോകഃ അന്ധഭൂതഃ
തോഅത്ഥ തനുകോവിപ	അത്രതനുകഃവിപശ്യതി
സ്സതി,ജാലമുത്തോസക	ജാലമുക്തഃശകുന്തഇവ
ന്തോവ അപ്പോസഗ്ഗായഗച്ഛതി.	അല്പഃ സ്വൎഗ്ഗായഗച്ഛതി.

അനു:-

ഈ ലോകം അജ്ഞാനതിമിരത്താൽ കേവലം അന്ധമായിരിക്കുന്നു. ഇവിടെ കുറച്ചു പേർ മാത്രം പ്രജ്ഞാചക്ഷുസ്സിന്റെ പ്രഭാവത്താൽ കാഴ്ചയുള്ളവരായിരിക്കുന്നു. വളരെ കുറച്ചുപേർ ജാലമുക്തമായ പക്ഷിയേപ്പോലെ നിൎവ്വാണത്തിനു അർഹന്മാരായിട്ട് സൽഗതി പ്രാപിക്കുന്നു.

മൂലം 9.

ഹംസാദിച്ചപഥേയന്തി
ആകാശേയന്തിഇദ്ധിയാ
നീയന്തിധീരാലോകമ്ഹാ
ജേത്വാമാരംസവാഹിണിം.

അന്വ:-

മൂ: ഭാ:-	സം:-
ഹംസാആദിച്ചപഥേയന്തി,	ഹംസാഃ ആദിത്യപഥേയാന്തി
ഇദ്ധിയാആകാസേയന്തി,	ഋദ്ധ്യാ ആകാശേ യാന്തി
ധീരാസവാഹിണിം	ധീരാഃസവാഹിനീകംമാരംജി
മാരംലോകമ്ഹാനീയന്തി.	ത്വാലോകാൽനീയന്തേ.

അനു:-

ഹംസങ്ങൾ ആദിത്യപഥത്തിലൂടെ സഞ്ചരിക്കുന്നു. ധനസമൃദ്ധികൊണ്ട് ജനങ്ങൾ ആകാശത്തുകൂടെ സഞ്ചാരംചെയ്യുന്നു. ജ്ഞാനികൾ സസൈന്യനായ മാരനെ പരാജിതനാക്കി പൃഥിവിയിൽനിന്നു നീതരായിട്ട് ലോകോത്തരമായ നിൎവ്വാണം പ്രാപിക്കുന്നു.

മൂലം 10.

ഏകം ധമ്മം അതീതസ്സ
മുസ്സാവാദിസ്സ ജന്തുനോ
വിതിണ്ണപരലോകസ്സ
നത്ഥി പാപം അകാരിയം

അന്വ:-

മൂ: ഭാ:-

ഏകം ധമ്മം അതീതസ്സ
മുസ്സാവാദിസ്സ വിതിണ്ണ
പരലോകസ്സജന്തുനോ
അകാരിയം പാപം നത്ഥി

സം:-

ഏകം ധർമ്മമതീതസ്യ മൃഷാ
വാദിനഃ വിതീർണ്ണ പരലോകസ്യ
അകാര്യം പാപം നാസ്തി

അനു:-

സത്യധർമ്മത്തെ ലംഘിക്കുന്നവനും അസത്യഭാഷിയും പരലോകഭയമില്ലാത്തവനുമായ മനുഷ്യന് ചെയ്തുകൂടാത്തതായ പാപം യാതൊന്നുമില്ല.

മൂലം 11.

ന കദരിയാ ദേവലോകം വജന്തി
വാലാഹവേ നപ്പസംസന്തി ദാനം
ധീരോ ച ദാനം അനുമോദമാനോ
തേ നേവസോ ഹോതി സുഖീപരത്ഥാ

അന്വയം

മൂ: ഭാ:—

കദരിയാവേ ദേവലോകം ന
വജന്തി, ബാലാഹവേ ദാനം ന
പസംസന്തി, ധീരോ ച ദാനം
അനുമോദമാനോ തേ നേവസോ
പരത്ഥാ സുഖീ ഹോതി

സം:—

കദര്യാഃ വൈ ദേവലോകം ന
വ്രജന്തി, ബാലാഃഹിവൈദാനം
ന പ്രശംസന്തി, ധീരശ്ചദാനം
അനുമോദമാനഃ തേ നൈവ
പരത്ര സുഖീഭവതി

അനു:—

കൃപണന്മാർ ദേവലോകത്തെ പ്രാപിക്കുന്നില്ല. മൂർഖന്മാർ ദാനശീലത്തെ ഒരിക്കലും പ്രശംസിക്കുന്നില്ല. എന്നാൽ ജ്ഞാനികൾ ദാനത്തെ അനുമോദിക്കയും തദ്വാരാ പരലോകത്തിൽ സുഖിക്കയും ചെയ്യുന്നു.

മൂലം 12.

പഥവ്യാഏകരജ്ജേന
സഗസ്സ ഗമനേനവാ
സവ്വലോകാധിപച്ചേന
സോതാപത്തിഫലംവരം

അന്വയം

മൂ: ഭാ:—	സം:—
പഥവ്യാ ഏകരജ്ജേന	പൃഥിവ്യാഃ ഏകരാജ്യാൽ —
സഗ്ഗസ്സഗമനേന സവ്വ	ഏകാധിപത്യാൽ —സ്വർഗ്ഗ
ലോകാധിപച്ചേന	സ്വഗമനാൽ സവ്വലോകാധിപ
വാസോതാപത്തിഫലംവരം	ത്യാദ്വാ സ്രോതആപത്തിഫലം വരം

അന്വ: —

പൃഥിവിയുടെ ഏകാധിപത്യത്തെയും സ്വർഗ്ഗപ്രാപ്തിയേയും അഥവാ സവ്വലോകാധിപത്യത്തേയും കാൾ സ്രോതാപത്തിഫലം (ബൌദ്ധമാർഗ്ഗസ്വീകരണം) ശ്രേഷ്ഠമാകുന്നു.

ലോകവഗ്ഗഃ

ത്രയോദശഃ

ബുദ്ധവർഗ്ഗഃ

ചതുർദ്ദശഃ

മൂലം 1.

യസ്സജിതം നാവജീയതി
ജിതമസ്സദനായാതി കോചിലോകേ
തംബുദ്ധ മനന്ത ഗോചരം
അപദം കേനപദേനനേസ്സഥ.

മൂലം 2.

യസ്സ ജാലിനീ വിസത്തികാ
തൺഹാനത്ഥികഹിഞ്ചിനേതവേ
തംബുദ്ധമനന്ത ഗോചരം
അപദം കേനപദേനേ തേസ്സഥ.

അന്വയം.

മൂ: ഭാ:—

യസ്സ ജിതം നാവജീയതി യസ്സജിതം ലോകെ കോചിനോ യാതി, തം അനന്തഗോചരം അപദം ബുദ്ധം കേന പദേന നേസ്സഥ.

യസ്സ ജാലിനീ വിസത്തികാ തൺഹാ കഹിഞ്ചി നേതവേ നത്ഥി, തം അനന്തഗോചരം അപദം ബുദ്ധം കേന പദേന നേസ്സഥ.

സം:—

യസ്യജിതം നാവജീയതേ, യസ്യജിതം ലോകേ കശ്ചിൽ ന യാതി, തം അനന്ത ഗോചരം അപദം ബുദ്ധം കേനപാദേന നേഷ്യഥ

യസ്യ കഹചിൽനേതും ജാലിനീ വിഷാത്മികാ തൃഷ്ണാ നാസ്തി, തം അനന്തഗോചരം അപദം ബുദ്ധം കേന പദേന നേഷ്യഥ.

അന:—

യാതൊരുവനാൽ ജയിക്കപ്പെട്ട രാഗദ്വേഷാദി ക്ലേശങ്ങൾ വീണ്ടും ഉത്ഭവിക്കുന്നില്ല, യാതൊരുത്തനാൽ ജയിക്കപ്പെട്ട ക്ലേശങ്ങൾ വീണ്ടും അനുഗമിക്കുന്നില്ല, അനന്തഗോചരനും സൎവ്വജ്ഞനും രാഗാദിദോഷരഹിതനുമായ ആ ബുദ്ധനെ ഏതു മാൎഗ്ഗത്തൂടെ പിൻതുടരണം? ബന്ധകാരിണിയും വിഷാത്മികയുമായ തൃഷ്ണ ഏതൊരുവനേ യഥേഷ്ടം നയിക്കാൻ ശക്തമാകുന്നില്ല, അനന്തഗോചരനും രാഗാദി പദഹീനനും സൎവ്വജ്ഞനുമായ ആ ബുദ്ധനേ ഏതു പ്രകാരം പിൻതുടരണം?

മൂലം 3.

യേ ഝാനപസുതാധീരാ
നേക്ഖമ്മൂപസമേ രതാ,
ദേവാ പിതേ സംപിഹയന്തി
സമ്ബുദ്ധാനം സതീമതം.

അന്വയം.

മൂ: ഭാ:—

യേ ഝാന പസുതാധീരാ നേക്ഖമ്മൂപസമേരതാഃ സതീമതം സമ്ബുദ്ധാനം തേസം ദേവാപി പിഹയന്തി.

സം:—

യേധ്യാന പ്രസിതാഃ ധീരാഃ നൈൎഷ്ക്കമ്യോപശമേരതാഃ സ്മൃതിമതാം സംബുദ്ധാനാം തേഷാം ദേവാ അപി ന സ്പൃഹയന്തി.

അന:—

ഏതേതു ജ്ഞാനികൾ ധ്യാനപരായണരായിട്ട് ശാന്തിയേ-സംസാരത്യാഗം കൊണ്ടുണ്ടായ ശാന്തിയേ—അവലംബിച്ച് നിർവ്വാണം പ്രാപിച്ചിരിക്കുന്നു, സ്മൃതിമാന്മാരും ബോധിജ്ഞാനം ലഭിച്ചവരുമായ അവരുടെ പ്രബുദ്ധത പ്രാപിക്കാൻ ദേവന്മാർ പോലും ആഗ്രഹിക്കുന്നു.

മൂലം 4.

കിച്ഛോ മനുസ്സപടിലാഭോ
കിച്ഛം മച്ചാനം ജീവിതം,
കിച്ഛം സദ്ധമ്മ സവണം
കിച്ഛോ ബുദ്ധാനം ഉപ്പാദോ.

അന്വയം.

മൂ: ഭാ:—	സം:—
മനുസ്സപടിലാഭോ കിച്ഛോ	മനുഷ്യ പ്രതിലാഭഃ കൃച്ഛ്രഃ
മച്ചാനം ജീവിതം കിച്ഛം, സ	മർത്ത്യാനാം ജീവിതം കൃച്ഛ്രം,
ദ്ധമ്മസവണം കിച്ഛം, ബു	സദ്ധർമ്മശ്രവണം കൃച്ഛ്രം, ബു
ദ്ധാനം ഉപ്പാദോകിച്ഛോ.	ദ്ധാനാം ഉല്പാദഃ കൃച്ഛ്രഃ.

അന:—

മനുഷ്യജന്മം ലഭിക്കുകതന്നെ ദുർല്ലഭം. മരിക്കുക സ്വഭാവമായ മനുഷ്യന്റെ ജീവിതവും കഷ്ടതരമാകുന്നു. അപ്രകാരമുള്ള ജീവിതത്തിൽ ധർമ്മശ്രവണം അത്യന്ത ദുർല്ലഭമാകുന്നു. ബുദ്ധന്മാരുടെ ജന്മവും അതിദുർല്ലഭമാകുന്നു.

മൂലം 5.

സബ്ബപാപസ്സ അകരണം
കുസലസ്സ ഉപസമ്പദാ
സചിത്ത പരിയോദപനം
ഏതം ബുദ്ധാന സാസനം

അന്വ:-

മൂ: ഭാ:—	സം:—
സബ്ബപാപസ്സ അകരണം	സർവ്വപാപസ്യ അകരണം
കുസലസ്സ ഉപസമ്പദാ	കുശലസ്യ ഉപസമ്പദാ,

സചിത്തപരിയോദപനം	സ്വചിത്ത പര്യവദാപനം
ഏതം ബുദ്ധാനം ശാസനം.	ഏതൽബുദ്ധാനാംശാസനം

അന്വ:-

യാതൊരുവിധമായ പാപവും ചെയ്യാതിരിക്കുക, പുണ്യകർമ്മങ്ങളെ അനുഷ്ഠിക്കുക, സ്വന്തംമനസ്സിനെ നിമ്മലമാക്കിവയ്ക്കുക ഇവയത്രെ ബുദ്ധന്റെ അനുശാസനം.

മൂലം 6.

ഖന്തീപരമം തപോ തിതിക്ഖാ,
നിബ്ബാണം പരമം വദന്തിബുദ്ധാ,
നഹിപബ്ബജിതോ പരൂപഘാതീ,
സമണോഹോതിപരം വിഹേഠയന്തോ.

മൂലം 7.

അനുപവാദോ അനുപഘാതോ
പാതിമോക്ഖേച സംവരോ,
മത്തഞ്ഞുതാച ഭത്തസ്മിം
പന്തഞ്ച സയനാസനം.
അധിചിത്തേ ച ആയോഗോ
ഏതം ബുദ്ധാന സാസനം.

അന്വ:—

മൂ: ഭാ:-	സം:-
ഖന്തീതിതിക്ഖാ പരമം	ക്ഷാന്തിഃ നാമതിതിക്ഷാ
തപോ, നിബ്ബാണംപ	പരമംതപഃ നിർവ്വാ
രമം (ഇതി) ബുദ്ധാവദന്തി	ണം പരമം ഇതിബുദ്ധാ
പരൂപഘാതീ നഹി	വദന്തി പരോപഘാതീ
പബ്ബജിതോ, പരം വി	നഹി പ്രവ്രജിതഃ പരം
ഹേഠയന്തോ സമണോ	വിഹേഠയൻ നചശ്രമ
ഹോതി_അനുപവാദോ	ണോ ഭവതി. അനുപവാദഃ
അനുപഘാതോ, പാതി	അനുപഘാതഃ പ്രാതിമോ
മോക്ഖേചസംവരോ	ക്ഷേ സംവരശ്ച ഭക്തേ
ഭത്തസ്മിം മത്തഞ്ഞുതാ	മാത്രാജ്ഞതാ ച പ്രാന്തം

ച, പന്തം സയനാസനഞ്ച
അധിചിത്തേ ച ആയോ
ഗോച, ഏതം ബുദ്ധാ
നം സാസനം.

അധിചിത്തേ ച യോഗശ്ച
ഏതൽ ബുദ്ധാനാം ശാസനം.

അന്വ:—

ക്ഷാന്തിയെന്നു പറയപ്പെടുന്ന തിതിക്ഷ പരമമായ തപസ്സാകുന്നു. നിർവ്വാണം ഉൽകൃഷ്ടമെന്നു ബുദ്ധിമാന്മാർ പറയുന്നു. പരദ്രോഹിയായ വ്യക്തി ഭിക്ഷുവല്ല, പരപീഡ ചെയ്യുന്നവൻ ശ്രമണൻ (ബുദ്ധസന്ന്യാസി) ആകുകയില്ല. ആരെയും നിന്ദിക്കരുത്. ആരെയും ദണ്ഡിക്കയുമരുത്, നിയമാനുഷ്ഠാനത്തിലും ശീലങ്ങളിൽ മനസ്സിനെ സ്ഥിരമാക്കി നിത്യം, മിതാഹാരനായിരിക്കയും നിർജ്ജനസ്ഥലത്തു വസിക്കയും മനസ്സിനെ സദാ യോഗനിഷ്ഠയിൽ വയ്ക്കുകയും ചെയ്യണം. ഇതത്രേ ബുദ്ധന്മാരുടെ ഉപദേശം.

മൂലം 8.

നകഹാപണവസ്സേന
തിത്തികാമേസുവിജ്ജതി,
അപ്പസ്സാദാ ദുഖാകാമാ
ഇതിവിഞ്ഞായപണ്ഡിതോ.

മൂ: 9.

അപിദിബ്ബേസുകാമേസു
രതിംസോ നാധി ഗച്ഛതി
തൺഹക്ഖയരതോഹോതി
സമ്മാസം ബുദ്ധ സാവകോ.

അന്വ:—

മൂ: ഭാ:

കഹാപണവസ്സേന കാമേസു തിത്തി ന വിജ്ജതി, കാമാ അപ്പ സ്സാദാദുഖാ ഇതി വിഞ്ഞായ പണ്ഡിതോ. (ഹോതി) സമ്മാസം ബുദ്ധസാവകോ ദിബ്ബേസു അപികാമേസു രതിംന അധിഗച്ഛതി തൺഹക്ഖയരതോ ഹോതി.

സാ:-

കാർഷാപണ വർഷേണകാമേഷു തൃപ്തിർന്നവിദ്യതേ കാമാ അല്പസ്വാദാ ദുഃഖാ; ഇതി വിജ്ഞായ നരഃ ദിവ്യേഷു അപി കാമേഷു തൃപ്തിം നാധി ഗച്ഛതി. പരന്തു തൃഷ്ണാ ക്ഷയരതോ ഭവതി.

അന്വ:—

കാർഷാപണ (ഒരുവക നാണയ)ങ്ങളെ വർഷിച്ചാലും ആഗ്രഹപൂർത്തി ഉണ്ടാകുന്നില്ല. എല്ലാക്കാമങ്ങളും അല്പമാത്രമായ സ്വാദുള്ളവയും ദുഃഖപ്രദങ്ങളുമാകുന്നു. ഇതറിഞ്ഞിട്ട് പണ്ഡിതൻ ദേവോചിതങ്ങളായ വസ്തുക്കളിൽപോലും ആസക്തി വെയ്ക്കുന്നില്ല. ബുദ്ധശിഷ്യന്മാർ തൃഷ്ണാക്ഷയത്തിൽ താല്പര്യമുള്ളവരാകുന്നു.

മൂ: 10.

ബഹൂം വേ സരണം യന്തി
പബ്ബതാനി വനാനിച
ആരാമരുക്ഖ ചേത്യാനി
മനുസ്സാഭയ ത ജ്ജിതാ

മൂലം 11.

നേതംഖോസരണംഖേമം
നേതംസരണമുത്തമം
നേതംസരണമാഗമ്മ
സബ്ബദുക്ഖാപമുച്ചതി.

അന്വ:-

മൂ: ഭാ:-
മനുസ്സാഭയതജ്ജിതാ
പബ്ബതാനിവനാനിആ
രാമരുക്ഖചേത്യാനി
ചബഹൂംവേസരണം
യന്തി-ഏതം ഖോഖേ
മാസരണംന,ഏതം
ഉത്തമംസരണംന,ഏ
തംസരണംആഗമ്മ
ന ബ്ബദുക്ഖാനപമുച്ചതി

സം:-
മനുഷ്യാഃഭയതർജ്ജിതാഃപ
ർവ്വതാനിവനാനിആരാമ
വൃക്ഷചൈത്യാനിച
ബഹൂവൈശരണംയാന്തി,
ഏതൽഖലുക്ഷേമം
ശരണംനഭവതി,ഏതൽ
ഉത്തമംശരണംനഭവതി,
ഏതൽശരണംആഗമ്യ
സർവ്വദുഃഖാൽ നപ്രമുച്യതേ

അന്വ:-

മനുഷ്യർ ഭയവിഹ്വലരായിട്ട് പർവ്വതം, വനം, ഉദ്യാനം, വൃക്ഷം, ചൈത്യം തുടങ്ങിയ പലസ്ഥാനങ്ങളിലും അഭയം പ്രാപിക്കുന്നു. ഇവയൊന്നും ഉത്തമങ്ങളായ അഭയസ്ഥാനങ്ങളല്ല. ഈവിധമുള്ള ആശ്രയങ്ങളും ഉത്തമങ്ങളല്ല. ഇപ്രകാരമുള്ള രക്ഷാസ്ഥാനങ്ങൾ ലഭിച്ചാലും മനുഷ്യൻ ദുഃഖങ്ങളിൽനിന്നു രക്ഷപ്രാപിക്കുകയില്ല.

മൂലം 12.

യോചബുദ്ധഞ്ചധമ്മഞ്ച
സംഘഞ്ചശരണംഗതോ,
ചത്താരിഅരിയസച്ചാനി
സമ്മപ്പഞ്ഞായപസ്സതി

മൂ: 13

ദുക്ഖംദുക്ഖസമുപ്പാദം
ദുക്ഖസ്സചഅതിക്കമം.
അരിയഞ്ചഅട്ഠങ്ഗികംമഗ്ഗം
ദുക്ഖൂപസമഗാമിനം.

മൂ: 14

ഏതംഖോസരണംഖേമം
ഏതംസരണമുത്തമം
ഏതംസരണമാഗമ്മ
സബ്ബദുക്ഖാപമുച്ചതി.

അന്വയം

മൂ: ഭാ:-

യോച ബുദ്ധഞ്ചധമ്മഞ്ച സംഘഞ്ചശരണം ഗതോ ദുക്ഖാ ദുക്ഖസമുപ്പാദം ദുക്ഖസ്സ അതിക്കമഞ്ച, ദുക്ഖൂപ സമഗാമിനം അരിയം അട്ഠങ്ഗികംമഗ്ഗഞ്ച ഇതി ചത്താരി അരിയ സച്ചാനി സമ്മപ്പഞ്ഞായ പസ്സതി, ഏതം ഖോ ഖേമം സരണം. ഏതംഉത്തമം സരണം. ഏതം സരണം ആഗമ്മസബ്ബ ദുക്ഖാപമുച്ചതി.

സം:-

യശ്ചയദി ബുദ്ധഞ്ച ധമ്മഞ്ച സംഘഞ്ചശരണം ഗതഃദുഃഖം ദുഃഖസമുൽപാദം ദുഃഖസ്യ അതിക്രമഞ്ച ദുഃഖോപശമഗാമിനം അഷ്ടം അഷ്ടാങ്ഗികംമാർഗ്ഗംഇതിചത്വാരിആര്യസത്യാനിസമ്യക് പ്രജ്ഞയാപശ്യതി ഏതൽഖലുക്ഷേമം ശരണംഭവതി. ഏതൽഉത്തമംശരണം ഭവതി ഏതൽശരണമാഗമ്യ സർവ്വദുഃഖാൽപ്രമുച്യതെ.

അർത്ഥ: —

ഒരുവൻ ബുദ്ധനെയും ധമ്മത്തെയും സംഘത്തെയും ശരണം പ്രാപിച്ചിട്ട് ദുഃഖം, ദുഃഖത്തിൻെറ ഉൽപത്തി, ദുഃഖത്തിൻെറ അതിക്രമം, ദുഃഖത്തെ ശമിപ്പിക്കുന്നതായ അഷ്ടാങ്ഗമാർഗ്ഗം ഈ നാലു സത്യങ്ങളെ സമ്യക്ജ്ഞാനത്താൽ ദർശിക്കുന്നുവെങ്കിൽ അ

പ്പോൾ ഇതു ദുഃഖരഹിതമായ ആശ്രയമായിത്തീരുന്നു. ഈ ആശ്രയം പ്രാപിച്ചിട്ട മനുഷ്യൻ സർവ്വദുഃഖങ്ങളിൽ നിന്നും വിമുക്തനാകുന്നു.

മൂ: 15.

ദുല്ലഭോ പുരിസാ ജ ജ്ഞോ
നസോ സബ്ബത്ഥ ജായതി
യത്ഥസോ ജായതീ ധീരോ
തം കുലം സുഖ മേ ധതി

അന്വയം

മൂ: ഭാ:-

പുരിസാ ജജ്ഞോ ദുല്ലഭോ, സോ സബ്ബത്ഥ ന ജായതി, യത്ഥ സോ ധീരോ ജായതി തം കലംസുഖമേധതി.

സം:-

പുരുഷാജാനേയഃ ദുർല്ലഭഃ, സഃ സർവത്രനജായതേ, യത്ര സ ധീഃ ജായതെ, തം കലം സുഖം ഏധതേ.

അനു: —

ബുദ്ധനേപ്പോലുള്ള പുരുഷശ്രേഷ്ഠൻ ദുർല്ലഭനാകുന്നു. ഇപ്രകാരമുള്ള പുരുഷൻ എല്ലായിടത്തും ജനിക്കുകയില്ല ഇപ്രകാരമുള്ള മഹത്മാവ് ഏതൊരു കുലത്തിൽ ജനിക്കുന്നുവോ ആ കുലം അഭിവൃദ്ധി പ്രാപിക്കുന്നു.

മൂലം 16.

സുഖോ ബുദ്ധാനം ഉപ്പാദോ
സുഖാ സദ്ധമ്മ ദേസനാ,
സുഖാസംഘസ്സ സാമഗ്ഗി
സമഗ്ഗാനം തപോസുഖോ.

അന്വ:—

മൂ: ഭാ:-

ബുദ്ധാനം ഉപ്പാദോസുഖോ,
സദ്ധമ്മദേസനാ സുഖാ,
സങ്ഘസ്സ സാമഗ്ഗി സുഖാ,
സമഗ്ഗാനം തപോസുഖോ.

സം:-

ബുദ്ധാനാം ഉൽപാദഃ സുഖഃ
സദ്ധർമ്മ ദേശനാ സുഖാ,
സംഘസ്യ സാമഗ്രീ സുഖാ,
സമഗ്രാണാം തപഃ സുഖം.

അനു:-

ബുദ്ധന്മാരുടെ ഉത്ഭവം സുഖകരമാകുന്നു. ധർമ്മോപദേശവും സുഖപ്രദമാകുന്നു. സംഘത്തിന്റെ ഐകമത്യം ശ്രേയസ്കരമാകുന്നു. ഐകമത്യമുള്ളവരുടെ തപസ്സും സുഖാവഹമാകുന്നു.

മൂലം 17.

പൂജാരഹേ പൂജയതോ
ബുദ്ധേ യദിവ സാവകേ
പപഞ്ച സമതിക്കന്തേ
തിണ്ണസോകപരിദ്ദവേ.

മൂലം 18.

തേ താദിസേ പൂജയതോ
നിബ്ബുത അകുതോ ഭയേ
നസക്കാ പുഞ്ഞം സംഖാതും
ഇമേത്തമപി കേനചി.

അന്വ:-

മൂ: ഭാ:-	സം:-
പൂജാരഹേബുദ്ധേ	പൂജാർഹാൻബുദ്ധാൻ
യദിവസാവകേ	യദിവാശ്രാവകാൻ
പൂജയതോ,പപഞ്ച	പ്രപഞ്ചസമതിക്രാന്താൻ
സമതിക്കന്തേതിണ്ണ	തീണ്ണശോകപരിദ്രവാൻ
സോകപരിദ്ദവേതാ	താദൃശാൻനിവൃതാൻഅ
ദിസേനിബ്ബുത	കുതോഭയാൻതാൻപൂജ
അകുതോഭയേതേ	യതഃനാസ്യഇയന്മാത്ര
പൂജയതോഇമേത്തമപിപുഞ്ഞം	മപിപുണ്യംസംഖ്യാതും
സംഖാതുംനകേനചിസക്കാ-	നകേനചിൽശക്യം.

അർ:-

പൂജനീയന്മാരായ ബുദ്ധന്മാരെയോ അഥവാ അവരുടെ ശിഷ്യന്മാരായ ഭിക്ഷുക്കളെയോ തൃഷ്ണയെയും ദൃശ്യപ്രപഞ്ചത്തെയും അതിവർത്തിച്ച് നിർഭയം ജീവിക്കുന്ന നിർവൃതന്മാരെയോ പൂജിക്കുന്ന മനുഷ്യന്റെ പുണ്യം ഇത്രമാത്രമെന്നു നിശ്ചയിക്കുക ആരാലും സാദ്ധ്യമല്ല.

ബുദ്ധവഗ്ഗഃ

ചതുർദ്ദശഃ

പ്രഥമപരിച്ഛേദഃ

സമാപ്തഃ

സുഖവർഗ:

പഞ്ചദശഃ

മൂ: 1.

സു സുഖം ബത ജീവാമ
വേരിനേസു അവേരിനോ,
വേരിനേസു മനുസ്സേസു
വിഹരാമ അവേരിനോ.

2

സു സുഖം ബത ജീവാമ
ആതുരേസു അനാതുരോ
ആതുരേസു മനുസ്സേസു
വിഹരാമ അനാതുരാ

3

സുസുഖം ബതജീവാമ
ഉസ്സുകേസു അനുസ്സുകാ
ഉസ്സുകേസു മനുസ്സേസു
വിഹരാമ അനുസ്സുകാ

അന്വയം

മൂ: ഭാ:-

വേരിനേസു അവേരിനോസു സുഖം ബത ജീവാമ, വേരിനേസു മനുസ്സേസു അവേരിനോ വിഹരാമ; ആതുരേസു അനാതുരാസു സുഖം ബത ജീവാമ: ആതുരേസു മനുസ്സേസു അനാതുരാ വിഹരാമഃ ഉ

സം:-

വൈരിഷു അവൈരിണഃ സു സുഖം ബത ജീവാമഃ വൈരിഷു മനുഷ്യേഷു അവൈരിണഃ വിഹരാമഃ ആതുരേഷു അനാതുരാഃ സുസുഖം ബത ജീവാമഃ ആതുരേഷു മനുഷ്യേഷു അനാതുരാഃ വിഹരാമഃ ഉത്സുകേഷു

സ്സുകേസു അനസ്സുകാ സുസു ഖം ബത ജീവാമ, ഉസ്സുകേ സുമനസ്സേസു, അനസ്സ കാ വിഹരാമ.	അനുത്സുകാഃ സുസുഖം ബത ജീവാമഃ ഉത്സുകേഷുമനുഷ്യേ ഷു അനുത്സുകാഃ സന്തഃ വിഹ രാമഃ--വിചരാമഃ

അനു:-

ശത്രുക്കളുടെ ഇടയിൽ നാം ശത്രുത്വമില്ലാത്തവരായി ജീവിക്കുന്നു, വിദ്വേഷികളും അസൂയാലുക്കളുമായ മനുഷ്യരുടെ കൂട്ടത്തിൽ വിദ്വേഷശൂന്യരായിട്ടും സഞ്ചരിക്കുന്നു. ലോഭരാഗാദി ദോഷയുക്തരായ ജനങ്ങളുടെ മദ്ധ്യത്തിൽ അനാതുരരായിട്ട നാം സുഖമായി ജീവിക്കുന്നു. ആതുരന്മാരുടെ കൂട്ടത്തിൽ അനാതുരരായും ആസക്തരായ ജനങ്ങളുടെ മദ്ധ്യത്തിൽ അനാസക്തരായും ജീവിക്കുന്നു. ആസക്തരായ ജനങ്ങളുടെ കൂട്ടത്തിൽ ആസക്തിരഹിതരായും സഞ്ചരിക്കുന്നു.

മൂ: 4.

സുസുഖം ബതജീവാമ
യേസംനോ നത്ഥി കിഞ്ചനം,
പീതിഭക്ഖാ ഭവിസ്സാമ
ദേവാ ആഭസ്സരാ യഥാ. ൨൦൦.

അന്വ:—

മൂ: ഭാ:—	സം:-
യേസം നോകിഞ്ചന നത്ഥി,	യേഷാം നഃ കിഞ്ചന നാസ്തി
തേ വയം സുസുഖം ബതജീ- വാമ;	തേവയം സുസുഖം ബത- ജീവാമ
ആഭസ്സരാ ദേവാ യഥാ	യഥാ ആഭാസ്വരാഃ ദേവാഃ
പീതിഭക്ഖാ ഭവിസ്സാമ.	തഥാവയം പ്രീതിഭക്ഷ്യാഃ- ഭവിഷ്യാമഃ

അനു:-

നമ്മിൽ ഏതൊരുത്തർക്ക് രാഗദ്വേഷാദി ദോഷങ്ങൾ ലവലേശംപോലും ഇല്ലാതിരിക്കുന്നു, അപ്പ്രകാരമുള്ള നാം സുഖമായി ജീവിക്കുന്നു. വരുക! തേജോമയമൂർത്തികളായ ദേവന്മാരെപ്പോലെ നമുക്ക പ്രീതിയും ആനന്ദവുമനുഭവിക്കാം.

മൂലം 5.

ജയംവേരം പസവതി
ദുക്ഖംസേതി പരാജിതോ
ഉപസന്തോ സുഖംസേതി
ഹിത്വാജയ പരാജയം.

അന്വ:-

മൂ: ഭാ-	സം:-
ജയം വേരം പസവതി	ജയഃ വൈരം പ്രസൂതെ,
പരാജിതോ ദുക്ഖം സേതി;	പരാജിതഃ ദുഃഖം ശേതേ,
ഉപസന്തോ ജയ്യപരാ-	ഉപശാന്തഃ ജയപരാജ
ജയം ഹിത്വാ സുഖം സേതി.	യൌഹിത്വാ സുഖം ശേതേ

അന്വ:-

ജയം വിരോധത്തെ ഉണ്ടാക്കുന്നു. പരാജിതൻ ദുഃഖിക്കുന്നു, രാഗദ്വേഷങ്ങളില്ലാത്ത പുരുഷൻ ജയപരാജയങ്ങളില്ലാതെ സുഖിയായി ഭവിക്കുന്നു.

മൂലം 6.

നത്ഥിരാഗസമോ അഗ്ഗി
നത്ഥിദോസസമോ കലി
നത്ഥി ഖന്ധാദി സാദുക്ഖാ
നത്ഥി സന്തിപരം സുഖം

അന്വ:-

മൂ: ഭാ:-	സം:-
രാഗസമോ അഗ്ഗി നത്ഥി	രാഗസമഃ അഗ്നിർന്നാസ്തി,
ദോസസമോ കലിനത്ഥി.	ദ്വേഷസമഃ കലിഃ നാസ്തി,
ഖന്ധാദി സാദുക്ഖാനത്ഥി	സ്കന്ധസദൃശം (പഞ്ചസ്കന്ധ-
സന്തിപരമം സുഖം നത്ഥി.	തുല്യം
	ദുഃഖം നാസ്തി, ശാന്തേഃ പരം
	സുഖം നാസ്തി.

അന്വ:—

ആസക്തിക്കു തുല്യമായ അഗ്നി വേറെ ഇല്ല. ദ്വേഷത്തിനു സമമായ പാപവുമില്ല. പഞ്ചസ്കന്ധസദൃശമായ ദുഃഖവും ശാന്തിയേക്കാൾ ശ്രേഷ്ഠമായ സുഖവും ഇല്ലതന്നെ.

മൂലം 7.

ജിഘച്ഛാ പരമാരോഗാ,
സങ്ഘാരാ പരമാദുഖാ
എത്തം ഞത്വാ യഥാഭ്രുതം
നിബ്ബാണം പരമം സുഖം.

അന്വ:---

മൂ: ഭാ.	സാ:—
ജിഘച്ഛാ പരമാരോഗാ,	ജിഘൃക്ഷാ പരമഃ രോഗഃ
സങ്ഘാരാ പരമഃദുഖാ	സംസ്കാരഃ ദുഃഖം, എതൽ
എത്തം യഥാഭ്രുതം ഞത്വാ	യഥാഭ്രുതം ജ്ഞാത്വ,
പരമം സുഖം നിബ്ബാണം	പരമം സുഖം നിർവ്വാണം
പ്പാപ്പോതി.	പ്രാപ്നോതി—പണ്ഡിത
	ഇതിശേഷഃ

അന്വ: –

ലോഭം വലിയ രോഗമാകുന്നു, സംസ്കാരം അത്യന്തം ദുഃഖവുമാകുന്നു, ഇതിന്റെ യാഥാർത്ഥ്യത്തെ ഗ്രഹിച്ചിട്ട് വിദ്വാൻ പരമാനന്ദത്തെ—നിർവാണത്തെ പ്രാപിക്കുന്നു.

മൂ: 8.

ആരോഗ്യപരമാലാഭാ
സന്തുട്ഠീ പരമം ധനം
വിസ്സാസ പരമാ ഞാതീ
നിബ്ബാണം പരമം സുഖം

അന്വ:-

മൂ: ഭാ:-	സം:-
ആരോഗ്യപരമാലാഭാ,	ആരോഗ്യഃപരമാഃലാഭാഃ
സന്തുട്ഠീപരമംധനം,	സന്തുഷ്ടിഃപരമംധനം,
വിസ്സാസപരമാഞാതീ	വിശ്വാസഃപരമഃജ്ഞാതി,
നിബ്ബാണംപരമംസുഖം.	നിർവ്വാണഃപരമംസുഖം.

അന്വ:-

ആരോഗ്യമത്രേ വലിയ ലാഭം, സന്തോഷം തന്നെയാണ് വലിയ ധനം, വിശ്വാസം ഉത്തമബന്ധുവും നിർവ്വാണം പരമാനന്ദവുമാകുന്നു.

മൂലം 9.

പവിവേകരസംപീതാ
രസംഉപസമസ്സച
നിദ്ദരോഹോതിനിപ്പാപോ
ധമ്മപീതിരസംപിബം.

അന്വ:-

മൂ: ഭാ:-	സം:-
പവിവേകരസംഉപ	പ്രവിവേകരസംഉപശമസ്യ
സമസ്സചരസംപീതാ	ചരസംപീതായമ്മപീതി
ധമ്മപീതിരസംപിബംനിദ്ദരോ	രസംപിബൻനിർദ്ദരോ
ഹോതി,നിപ്പാപോഹോതി-	ഭവതിനിഷ്പാപോഭവതി.

അന്ന:-

ഏതൊരാൾ വിവേകത്തിൻെറയും ഉപശമത്തിൻെറയും മാധുര്യം അനുഭവിച്ചിരിക്കുന്നു, അവൻ ധമ്മപാനരൂപമായ മധുവിനേ ആസ്വദിച്ചിട്ട് നിർഭയനും പാപരഹിതനുമാകുന്നു.

മൂലം 10

സാധുദസ്സനമരിയാനം
സന്നിവാസോസദാസുഖോ
അദസ്സനേനബാലാനാം
നിച്ചമേവസുഖീസിയാ

11

ബാലസങ്ഗതചാരീഹി
ദീഘമദ്ധാനംസോചതി
ദുക്ഖോബാലേഹിസംവാസോ
അമിത്തേനേവസബ്ബദാ
ധീരോചസുഖസംവാസോ
ഞാതീനംവ സമാഗമോ

അന്വ:-

മൂ: ഭാ:-	സം:-
അരിയാനം ദസ്സനം സാധു,	ആര്യാണാം ദശനം സാധു,
സന്നിവാസോ സദാ സുഖോ	(തേഷാം) സന്നിവാസഃ സദാ
ബാലാനം അദസ്സനേന നിച്ച	സുഖഃബാലാനാം അദശനേന
മേവ സുഖീസിയാ ബാലസ	നിത്യമേവസുഖീസ്യാൽ

ങ്ഗത ചാരീഹിദീഘം അദ്ധാനംസോചതി അമിത്തേനേവ ബാലേഹി സംവാസോസവ്വദാ ദുക്ഖോ, ജ്ഞാതീനം സമാഗമോവ ധീരോച സുഖസംവാസോ.

ബാല-സങ്ഗത-ചാരീഹി ദീർഘം അദ്ധാനം ശോചതി, അമിത്രേണേവബാലൈഃ സംവാസഃ സർവ്വദാ ദുഃഖഃ ജ്ഞാതീനാം സമാഗമ ഇവ ധീരഃ ചസുഖസംവാസഃ

അന:—

ആര്യന്മാരുടെ ദർശനം ശ്രേയസ്കരമാകുന്നു. അവരോട്ടുള്ള സഹവാസവും അപ്രകാരം ഉത്തമമാകുന്നു. മൂർഖന്മാരെ ദർശിക്കാതിരുന്നാൽ എന്നും സുഖമായിരിക്കാം. ഏതൊരാൾ മൂർഖന്മാരോട്ട സഹവസിക്കുന്നുവോ അവൻ ദീർഘകാലം ദു:ഖിക്കാനിടയാകും. ശത്രുവിനോട്ടുള്ള സഹവാസംപോലെ അജ്ഞസഹവാസം സദാ ദുഃഖകരമാകുന്നു. സ്വന്തം ജനങ്ങളോട്ടുള്ള സംസർഗ്ഗംപോലെ ജ്ഞാനികളുമായുള്ള സഹവാസം ഏററവും സുഖപ്രദമാകുന്നു.

മൂ: 12.

തസ്മാഹി, ധീരഞ്ച പജ്ഞഞ്ച ബഹുസ്സുതഞ്ച
ധോരയ്ഹസീലം വതവന്തമരിയം
തം താദിസം സപ്പുരിസം സുമേധം
ഭജേഥ നക്ഖത്തപഥം വ ചന്ദിമാ.

അന്വയം.

മൂലം:—

തസ്മാഹിധീരഞ്ച പജ്ഞഞ്ച ബഹുസ്സുതഞ്ച ധോരയ്ഹസീലം ച വതവന്തം ച അരിയം ച താദിസം സപ്പുരിസം സുമേധംതം ചന്ദിമാനക്ഖത്തപഥംവഭജേഥ.

സം:—

തസ്മാദ്ധി ധീരഞ്ച പ്രാജ്ഞഞ്ച ബഹുശ്രുതഞ്ച ധുർശീലം (കഷ്ടസഹിഷ്ണും) വ്രതവന്തം ആർയ്യം താദൃശം തം സൽപുരുഷം ചന്ദ്രമാനക്ഷത്ര പഥമിവ ഭജേരൻ.

അന:—

അതിനാൽ, ചന്ദ്രൻ താരാപഥത്തിൽ സഞ്ചരിക്കുന്നതുപോലെ, ഏതൊരു ധീരൻ പ്രജ്ഞാസമ്പന്നനും നിഗമാഗമങ്ങളെ അറിഞ്ഞവനും അർഹത്പ്രാപ്തിരൂപമായ ഭാരത്തെ വഹിക്കുന്നവനും വ്രതപരായണനും ആര്യനുമായിരിക്കുന്നുവോ, അപ്രകാരം ബുദ്ധിമാനും ഉത്തമനുമായ വ്യക്തിയേ അനുഗമിക്കണം; ഭജിക്കണം.

സുഖവഗ്ഗഃ പഞ്ചദശഃ

പ്രിയവർഗ്ഗഃ

(ഷോഡശഃ)

മൂലം 1.

അയോഗേയുഞ്ജമത്താനം
യോഗസ്മിഞ്ച അയോജയം
അത്ഥംഹിത്വാപിയഗ്ഗാഹീ
പിഹേതത്താനുയോഗിനം.

2

മാപിയേഹിസമാഗച്ഛി
അപ്പിയേഹികുദാചനം,
പിയാനംഅദസ്സനംദുക്ഖം
അപ്പിയാനഞ്ചദസ്സനം.

3

തസ്മാപിയംനകയിരാഥ
പിയാപായോഹിപാപകോ
ഗന്ഥാതേസംനവിജ്ജന്തി
യേസംനത്ഥിപിയാപ്പിയം.

അന്വ:-

മൂ: ഭാ:-

അയോഗേഅത്താനം
യുഞ്ജംയോഗസ്മിഞ്ച
അയോജയംഅത്ഥംഹിത്വാ
പിയഗ്ഗാഹീഅത്താനുയോ
ഗിനംപിഹേത-
പിയേഹിഅപ്പിയേഹി
കുദാചനംമാസമാഗച്ഛി,
പിയാനംഅദസ്സനംഅ
പ്പിയാനഞ്ചദസ്സനംദുക്ഖം

സം:-

അയോഗേആത്മാനംയു
ഞ്ജൻയോഗേച അയോ
ജയൻ, അർത്ഥംഹിത്വാ
പ്രിയഗ്രാഹീആത്മാനുയോഗി
നംസ്പൃഹയേൽ-
പ്രിയൈഃഅപ്രിയൈഃകദാ
ചനമാസമാഗച്ഛ,പ്രിയാണാം
അദർശനംഅപ്രിയാണാഞ്ച
ദർശനംദുഃഖംതസ്മാൽപ്രിയം

തസ്മാപിയംനകയിരാഥ	നകയ്യാൽപ്രിയാപായഃപാപകഃ
പിയാപായോഹിപാപകോ,	യേഷാംപ്രിയാപ്രിയേ
യേസംപിയാപ്പിയംനത്ഥി,തേ	നസ്സഃതേഷാംഗ്രന്ഥാഃ
തേ സംഗന്ഥാനവിജ്ജന്തി.	നവിദ്യന്തെ.

അന്വ:-

ഏതൊരാൾ അയോഗ്യവസ്തുവിൽ താല്പര്യത്തോടുകൂടിയും യോഗ്യവസ്തുവിൽ ആഗ്രഹമില്ലാതെയും തന്റെ ലക്ഷ്യത്തെ ത്യജിച്ച് പ്രിയ പദാത്ഥങ്ങളിൽ ആസക്തിയോടുകൂടി ഇരിക്കുന്നു, ആ മനുഷ്യൻ ആത്മയോഗതൽപരൻ സ്പൃഹണീയനത്രേ. (ആത്മയോഗതൽപരന്റെ അവസ്ഥ കണ്ട് അതു പ്രാപിക്കാൻ അവന് ആഗ്രഹമുണ്ടാകുന്നു.) പ്രിയമോ അപ്രിയമോ ആയ വസ്തുവിൽ ഒരിക്കലും ആസക്തനാകരുത്. പ്രിയ വസ്തുവിന്റെ അദർനവും അപ്രിയ വസ്തുവിന്റെ ദർശനവും ദുഃഖകരമാകുന്നു. ആകയാൽ, ഒരു വസ്തുവിനെയാവട്ടെ വ്യക്തിയെ ആവട്ടെ സ്നേഹിക്കരുത്. പ്രിയവസ്തുവിന്റെ വിയോഗം യഥാത്ഥത്തിൽ അശുഭമുണ്ടാക്കുന്നതാകുന്നു. പ്രിയവും അപ്രിയവും ഇല്ലാത്തവക്ക് യാതൊരു ബന്ധനവും ഇല്ല.

മൂലം 4.

പിയതോജായതേസോകോ
പിയതോജായതേഭയം
പിയതോവിപ്പമുത്തസ്സ
നത്ഥിസോകോകുതോഭയം.

അന്വ:-

മൂ: ഭാ:-	സം:-
പിയതോസോകോജായതെ,	പ്രിയതഃശോകഃജായതെ,
പിയതോഭയംജായതെ,	പ്രിയതോഭയംജായതെ,
പിയതോവിപ്പമുത്തസ്സ	പ്രിയതോവിപ്രമുക്തസ്യ
സോകോനത്ഥികുതോഭയം-	ശോകഃനാസ്തികുതഃഭയം

അന്വ:—

പ്രിയത്തിൽനിന്നും ശോകമുണ്ടാകുന്നു, പ്രിയത്തിൽനിന്ന് ഭയമുണ്ടാകുന്നു. പ്രിയരഹിതനായ വ്യക്തിക്ക് ദുഃഖമില്ല. ഭയത്തിനു പിന്നെ സ്ഥാനമെവിടെ?

മൂ: 5.

പേമതോ ജായതേ സോൎകാ
പേമതോ ജായതേ ഭയം.
പേമതോ വിപ്പമുത്തസ്സ
നത്ഥിസോകോ കുതോ ഭയം?

അന്വയം

മൂ: ഭാ:—	സം: —
പേമതോ സോകോ ജായതെ, പേമതോഭയം ജായതെ, പേമ തോ വിപ്പമുത്തസ്സസോകോ ന ത്ഥി കുതോ ഭയം?	പ്രേമതഃ ശോകഃ ജായതെ, പ്രേമതോ ഭയം ജായതെ, പ്രേമതഃവിപ്രമുക്തസ്യ ശോ കോ നാസ്തി കുതോ ഭയം.

അൎത്ഥം:—

പ്രേമത്തിൽ നിന്നു ശോകമുണ്ടാകുന്നു, പ്രേമത്തിൽ നിന്ന് ഭയമുണ്ടാകുന്നു. പ്രേമത്തിൽ നിന്നു മുക്തനായ പുരുഷനു ശോക മേ ഇല്ല, അപ്പ്രകാരമുള്ള പുരുഷനിൽ ഭയത്തിനു സ്ഥാനമെവിടെ?

മൂ: 6.

രതിയാ ജായതേ സോകേ
രതിയാ ജായതേ ഭയം,
രതിയാ വിപ്പമുത്തസ്സ
സോകോ നത്ഥി കുതോ ഭയം

അന്വ:

മൂ: ഭാ:	സം.
രതിയാ സോകോ ജായതെ, ര തിയാ ഭയം ജായതെ, രതി യാ വിപ്പമുത്തസ്സ സോകോ നത്ഥി കുതോ ഭയം.	രത്യാ ശോകോ ജായതെ രത്യാ ഭയം ജായതെ, രത്യാവി പ്രമു ക്തസ്യ ശോകോനാസ്തി കുതഃ ഭയം.

അൎത്ഥ:—

രതികൊണ്ട് ദുഃഖമുണ്ടാകുന്നു, രതികൊണ്ട് ഭയമുണ്ടാ കുന്നു. രതിയോടു വിമുക്തനായിരിക്കുന്നവന് ശോകമില്ല. അവ നിൽ ഭയത്തിനു സ്ഥാനവുമില്ല.

മൂലം 7.

കാമതോ ജായതേ സോകോ
കാമതോ ജായതേ ഭയം.
കാമതോ വിപ്പമുത്തസ്സ
നത്ഥി സോകോ കുതോഭയം.

അന്വയം

മൂ: ഭാ:-

കാമതോ സോകോ ജായതെ കാമതോ ഭയം ജായതെ, കാമതോ വിപ്പമുത്തസ്സ സോകോ നത്ഥി കുതോ ഭയം.

സം:-

കാമതഃ ശോകഃ ജായതെ, കാമതഃ ഭയം ജായതെ, കാമതഃ വിപ്രമുക്തസ്യ ശോകോനാസ്തി കുതോ ഭയം?

അന്ത:—

കാമം നിമിത്തം ശോകമുണ്ടാകുന്നു, കാമത്തിൽ നിന്നു ഭയമുണ്ടാകുന്നു, കാമത്തിൽ നിന്നു വിമുക്തനായ വ്യക്തിക്ക് ശോകവുമില്ല. ഭയവുമില്ല.

മൂലം. 8.

തൺഹായ ജായതേ സോകോ
തൺഹായ ജായതേ ഭയം
തൺഹായ വിപ്പമുത്തസ്സ
സോകോ നത്ഥി കുതോ ഭയം.

അന്വയം

മൂ: ഭാ: —

തൺഹായസോകോ ജായതെ, തൺഹായ ഭയം ജായതെ, തൺഹായ വിപ്പമുത്തസ്സസോകോനത്ഥി കുതോ ഭയം.

സം: —

തൃഷ്ണയാ ശോകഃ ജായതെ, തൃഷ്ണയാ ഭയം ജായതെ, തൃഷ്ണയാ വിപ്രമുക്തസ്യ ശോകോ നാസ്തികുതോ ഭയം.

അന്ത:-

തൃഷ്ണയാൽ ശോകമുണ്ടാകുന്നു, തൃഷ്ണയാൽ ഭയവും ഉണ്ടാകുന്നു. തൃഷ്ണാരഹിതനായ പുരുഷനു ഭയശോകങ്ങൾ ഇല്ല.

മൂ: 9

സീലദസ്സന സമ്പന്നം
ധമ്മട്ഠം സച്ചവാദിനം
അത്തനോ കമ്മ കുബ്ബാനം
തം ജനോ കുരുതേ പിയം.

അന്വ:—

മൂ: ഭാ:-
ജനോ സീല ദസ്സന സമ്പന്നം
ധമ്മട്ഠം സച്ചവാദിനിം
അത്തനോ കമ്മ കുബ്ബാനം
തംപിയം കുരുതേ.

സം:-
ജനഃശീല ദർശന സമ്പന്നം-
(സ്വസ്വഭാവിനം ജ്ഞാനിനം)
ധർമ്മിഷ്ഠം സത്യവാദിനം
ആത്മനഃ കർമ്മ കുർവ്വാണം
തംപ്രിയം കുരുതേ.

അന്വ:-

സൽസ്വഭാവിയും ജ്ഞാനിയും ധാർമ്മികനും സത്യവാദിയും ആത്മകർമ്മതല്പരനുമായ പുരുഷനെ ലോകം ഇഷ്ടപ്പെടുന്നു.

മൂ: 10.

ഛന്ദജാതോ അനക്ഖാതെ
മനസാ ച ഫുടോ സിയാ,
കാമേസുച അപ്പടി ബദ്ധ ചിത്തോ
ഉദ്ധം സോ തോതിവുച്ചതി,

അന്വ:

മൂ: ഭാ:-
അനക്ഖാതെ ഛന്ദജാതോ
മനസാചഫുടോ സിയാ,
കാമേസുച അപ്പടി ബദ്ധചി-
ത്തോ
ഉദ്ധംസോ തോതിവുച്ചതി.

സം:-
യഃ അനാഖ്യാതേ ഛന്ദജാതഃ
മനസാ ച സ്ഫുരിതഃ സ്യാൽ,
കാമേഷു ച അപ്രതി ബദ്ധചി-
ത്തഃ
സഃ ഊർദ്ധ്വസ്രോതാഃ ഇതി-
ഉച്യതേ.

അന്വ:—

ഏതൊരാൾ അനാഖ്യാതവസ്തുവിൽ (നിർവ്വാണത്തിൽ) ആ ഗ്രഹത്തോടുകൂടി ഇരിക്കുന്നു, ഏതൊരാളിന്റെ മനസ്സ് ചിന്താ

പൂൎണ്ണമായിട്ട് അനാഗാമിത്വം നിമിത്തം കാമ്യവസ്തുക്കളിൽ ആസക്തിശൂന്യമായിരിക്കുന്നു, അപ്രകാരമുള്ള വ്യക്തിയെ ഊൎദ്ധ്വസ്രോതസ്സെന്നും ഊൎദ്ധ്വഗാമിയെന്നും പറയുന്നു.

മൂ: 11.

ചിരപ്പവാസിം പുരിസം
ദൂരതോ സോത്ഥിമാഗതം
ഞാതിമിത്താ സുഹജ്ജാച
അഭിനന്ദന്തി ആഗതം.

12

തഥേവ കതപുഞ്ഞമ്പി
അസ്മാലോകാ പരംഗതം
പുഞ്ഞാനിപതി ഗൺഹന്തി
പിയം ഞാതീവ ആഗതം.

അന്വ:

മൂ: ഭാ:-	സം:-
ചിരപ്പവാസിം ദൂരതോ സോ-	ചിരപ്രവാസിനം ദൂരതഃ
ത്ഥിമാഗതം പുരിസംഞാതി	സ്വസ്തിആഗതം ജ്ഞാതി
മിത്താ സുഹജ്ജാ ച	മിത്രാണി സുഹൃദശ്ച
അഭിനന്ദന്തി.	അഭിനന്ദന്തി.
തഥേവ അസ്മാലോകാ	തഥൈവ അസ്മാൽ ലോകാൽ
പരംഗതം കത പുഞ്ഞമ്പി	പരംഗതം കൃതപുണ്യമപി
ആഗതം പിയം ഞാതീവ	ആഗതം പ്രിയം പുണ്യാനി
പുഞ്ഞാനി പത ഗൺഹന്തി.	ജ്ഞാതിരിവ പ്രതിഗൃഹ്ണ-ന്തി.

അന്വ:-

ചിരപ്രവാസിയായ പുരുഷൻ ദൂരദേശത്തുനിന്നും സുഖമായി തിരിച്ചുവരുമ്പോൾ അവന്റെ ജ്ഞാതികളും ബന്ധുക്കളും സ്നേഹിതന്മാരും എപ്രകാരം അവനെ അഭിനന്ദിക്കുന്നുവോ, അപ്രകാരം പുണ്യവാനായ മനുഷ്യൻ ഇഹലോകത്തുനിന്നും പരലോകം പ്രാപിച്ചാൽ ബന്ധമിത്രാദികളേപ്പോലെ അവന്റെ പുണ്യങ്ങൾ അവനെ എതിരേറ്റു സ്വീകരിക്കുന്നു.

പ്രിയവൎഗ്ഗഃ

ഷോഡശഃ

ക്രോധവർഗ്ഗ:

സപ്തദശഃ

മൂലം 8.

കോധം ജഹേവിപ്പജഹേയ്യമാനം
സംഞ്ഞോ ജനം സബ്ബമതിക്കമേയ്യ
തം നാമരൂപസ്മിംഅസഞ്ജമാനം
അകിഞ്ചനം നാനുപതന്തി ദുക്ഖാ.

അന്വ:—

മൂ: ഭാ:-
കോധം ജഹേ, മാനം
വിപ്പജഹേയ്യ, സബ്ബം
സംഞ്ഞോ ജനം അതിക്ക
മേയ്യ, നാമരൂപസ്മിം അ
സജ്ജമാനം അകിഞ്ചനം
തം ദുക്ഖാ നാനുപതന്തി.

സം:-
ക്രോധംജഹ്യാൽ, മാനം വിപ്ര
ജഹ്യാൽ, സർവ്വം സംയോജനം
അതിക്രമേത, നാമരൂപയോഃ
അസജ്യമാനം അകിഞ്ചനം
തം ദുഃഖാനി ന അനുതപന്തി.

അന്വ:-

കോപത്തെയും അഹങ്കാരത്തെയും പരിത്യജിക്കണം. കാമ രാഗാദികളായ സമസ്തബന്ധങ്ങളെയും അതിക്രമിക്കണം. നാമരൂപങ്ങളിൽ ആസക്തിയില്ലാത്ത അകിഞ്ചനനായ പുരുഷനെ ദുഃഖങ്ങൾ അനുഗമിക്കയില്ല

മൂ: 2.

യോവേ ഉപ്പതിതം കോധം
രഥം ഭന്തം വധാരയേ
തമഹംസാരഥിം ബ്രൂമി
രസ്മിഗ്ഗാഹോ'തരോജനോ.

അന്വ:

മൂ: ഭാ:-
യോവേഉപ്പതിതംകോധംഭന്തം
രഥംവധാരയേ,തമഹം
സാരഥിംബ്രൂമി;ഇതരോ
ജനോരശ്മിഗ്ഗാഹോ

സം:-
യോവൈഉല്പതിതംക്രോധം
ഭാന്തം (ഭ്രമന്തം)രഥമിവ
ധാരയേൽ,തംഅഹം
സാരഥിംബ്രവീമി;ഇതരോ
ജനഃകേവലാംരശ്മിഗ്രാഹഃ

അൎത്ഥ:-

ഏതൊരു പുമാൻ പെട്ടെന്നുണ്ടാകുന്ന കോപത്തെ ഓടിപ്പോകുന്ന രഥത്തെ എന്നപോലെ നിൎത്തുന്നു, അവനെ യഥാൎത്ഥ സാരഥിയെന്നു ഞാൻ പറയുന്നു. മററുള്ളവർ കേവലം ലഗാൻ പിടിക്കുന്നവർ മാത്രമാകുന്നു.

മൂലം 3.

അക്കോധേനജിനേകോധം
അസാധുംസാധുനാജിനേ
ജിനേകദരിയംദാനേന
സച്ചേനഅലികവാദിനം.

അന്വ:-

മൂ: ഭാ:-	സം:-
കോധംഅക്കോധേന	ക്രോധംഅക്രോധേനജയേൽ,
ജിനേ,അസാധുംസാധു	അസാധുംസാധുനാ(സൽകൎമ്മണാ)
നാജിനേ,കദരിയംദാ	ജയേൽ,കദൎയ്യംദാനേന
നേനജിനേ,അലിക	ജയേൽ,അലികവാദിനം
വാദിനംസച്ചേനജിനേ-	സത്യേനജയേൽ-

അൎത്ഥ:-

കോപത്തെ ക്ഷമകൊണ്ടും അസാധുവിനെ സാധുത്വംകൊണ്ടും ലുബ്ദ്ധനെ ദാനംകൊണ്ടും അസത്യവാദിയെ സത്യത്താലും ജയിക്കണം.

മൂലം. 4.

സച്ചംഭണേനകുജ്ഝേയ്യ
ദജ്ജാപ്പസ്മിമ്പിയാചിതോ
ഏതേഹിതീഹിഠാനേഹി
ഗച്ഛേദേവാനസന്തികേ.

അന്വ:-

മൂ: ഭാ:-	സം:-
സച്ചംഭണേ,നകുജ്ഝേയ്യ,	സത്യംഭണേൽ,നക്രുദ്ധ്യേൽ,
അപ്പസ്മിമ്പിയാചിതോ	അല്പേപിയാചിതഃദദ്യാൽ
ദജ്ജാ,ഏതേഹിതീഹി	ഏതൈഃത്രിഭിഃസ്ഥാനൈഃ
ഠാനേഹിദേവാനസന്തി	ദേവനാംഅന്തികേ
കേഗച്ഛേ	ഗച്ഛേൽ.

അനു:-

സത്യം പറയണം, ഒരിക്കലും കോപിക്കരുത്. യാചിക്കുന്ന വക്ക് അല്പമായ പദാൎത്ഥമായാലും ദാനം ചെയ്യണം. ഈ മൂന്നു മാൎഗ്ഗങ്ങൾ വഴിയായിട്ട് ദേവന്മാരുടെ സന്നിധിയെ പ്രാപിക്കണം.

മൂലം 5.

അഹിംസകായേമുനയോ
നിച്ചംകായേനസംവുതാ,
തേയന്തിഅച്ചുതംഠാനം
യത്ഥഗന്ത്വാനസോചരേ.

അന്വ:-

മൂ: ഭാ:-	സം:-
യേമുനയോഅഹിംസകാ,	യേമുനയഃഅഹിംസകാഃനി
നിച്ചംകായേനസംവുതാ,	ത്യംകായേനസംവൃതാഃ
തേഅച്ചുതംഠാനംയന്തി,	തേഅച്യുതംസ്ഥാനം
യത്ഥഗന്ത്വാനസോചരേ.	യന്തിയത്രഗത്വാനശോചതി

അനു:-

അഹിംസാനിരതന്മാരും സംയതാത്മാക്കളുമായ മുനികൾ, ദുഃഖരഹിതവും ശാശ്വതവുമായ നിൎവ്വാണപദത്തെ പ്രാപിക്കുന്നു.

മൂലം 6.

സദാജാഗരമാനാനം
അഹോരത്താനുസിക്ഖിനം,
നിബ്ബാണം അധിമുത്താനം
അത്ഥം ഗച്ഛന്തി ആസവാ

അന്വ:-

മൂ: ഭാ:-	സം:-
സദാ ജാഗരമാനാനം	സദാ ജാഗ്രതാം അഹോരാത്ര
അഹോരത്താനു സിക്ഖിനം	മധീയമാനാനാം നിൎവ്വാണം
നിബ്ബാണം അധിമുത്താനം	അധിമുക്താനാം ആശ്രവാഃ
ആസവാ അത്ഥം ഗച്ഛന്തി	അസ്തം ഗച്ഛന്തി

അൎത്ഥ:—

പ്രമാദലേശം കൂടാതെ സദാ ജാഗരൂകന്മാരായിരിക്കുന്നവരുടെയും രാപ്പകൽ അദ്ധ്യയനശീലന്മാരായിരിക്കുന്നവരുടെയും നിൎവ്വാണലബ്ധിക്കായി പ്രയത്നിക്കുന്നവരുടെയും ദോഷങ്ങൾ തനിയെ നശിച്ചുപോകുന്നു.

മൂലം 7.

പൊരാണമേതം അതുല
നേതം അജ്ജതനാമിവ
നിന്ദന്തി തുൺഹീമാസീനം
നിന്ദന്തിബഹുഭാണിനം
മിതഭാണിനമ്പി നിന്ദന്തി
നത്ഥിലോകെ അനിന്ദിതോ

8

ന ചാഹു നച ഭവിസ്സതി
ന ചേതരഹിവിജ്ജതി
ഏകന്തം നിന്ദിതോപോസോ
ഏകന്തം വാ പസംസിതോ

അന്വ:—

മൂ: ഭാ:—	സം:—
ഹേ അതുല ഏതമ്	ഹേ അതുല! ഏതൽപുരാണം
പൊരാണമ് നേതമ്	നൈതൽ അദ്യതനമേവ നരാഃ
അജ്ജതനാമിവ, തുണ്ഹീ	തൂഷ്ണീമാസീനം നിന്ദന്തി
മാസീനം നിന്ദന്തി,	ബഹുഭാണിനം നിന്ദന്തി
ബഹുഭാണിനം നിന്ദന്തി,	മിതഭാഷിണമപിനിന്ദന്തി,
മിതഭാണിനമ്പിനിന്ദന്തി,	ലോകേ അനിന്ദിതഃ നാസ്തി
ലോകെഅനിന്ദിതോ നത്ഥി,	ഏകാന്തം നിന്ദിത പുരുഷഃ
ഏകന്തംനിന്ദിതോപോസോ	ഏകാന്തം വാ പ്രശംസിതഃ
ഏകന്തം വാപസംസിതോ	ന ച അഭൂൽ നചഭവിഷ്യതി.
ന ചാഹുന ച ഭവിസ്സതി;	നച ഏതർഹി അധുനാ-
ന ചേതരഹി വിജ്ജതി	വൎത്തതേ

അൎത്ഥ:—

ഹേ അതുല! ഇതു് പുരാതനമാണു്. ഇന്നുള്ളതല്ല. എന്തെന്നാൽ, ലോകത്തിൽ മൌനിയായിരിക്കുന്നവനെയും വളരെ പറയുന്നവനെയും മിതഭാഷിയായവനെയും നിന്ദിക്കുന്നു ലോകത്തി

ൽ നിന്ദിക്കപ്പെടാത്ത മനുഷ്യർ ആരും തന്നെ ഇല്ല. എന്നാൽ പ്രശംസിക്കപ്പെടുന്നവനോ നിന്ദിക്കപ്പെടുന്നവനോ മാത്രമായിട്ടുള്ള ഒരു പുരുഷനും ഒരിടത്തുമില്ല; ഉണ്ടാകയുമില്ല, ഉണ്ടായിട്ടുമില്ല.

മൂലം: 9.

യഞ്ചെവിഞ്ഞൂ പസംസന്തി
അനുവിച്ചസുവേസുവേ
അച്ഛിദ്ദവുത്തിംമേധാവിം
പഞ്ഞാസീല സമാഹിതാം

10

നേക്ഖം ജമ്മോനദസ്സേവ
കോതം നിന്ദിതുമരഹതി,
ദേവാപിനം പസംസന്തി
ബ്രഹ്മുണാപി പസംസിതോ.

അന്വയം.

മൂ: ഭാ: —

വിഞ്ഞൂ സുവേസുവേ അനുവിച്ചയഞ്ചെ പുരസിം അച്ഛിദ്ദവുത്തിം മേധാവിംപഞ്ഞാസീലസമാഹിതം പസംസന്തി ജമ്മോ നദസ്സനേക്ഖമിവതം കോ നിന്ദിതു മരഹതി ദേവാപിതം പസംസന്തി ബ്രമ്മുണാപി പസംസിതോ.

സം:—

വിജ്ഞാ: ശ്വഃ ശ്വഃ അനുവിച്യ-യജ്ഞ അഛിദ്രവൃത്തിം പ്രജ്ഞാശീലസമാഹിതം മേധാവിനം പ്രശംസന്തി, ജംബുനദസ്യ നിഷ്കമിവതം കഃ നിന്ദിതു മർഹതി, ദേവാഃ അപിതം പ്രശംസന്തി സഃ ബ്രഹ്മണാ അപി പ്രശംസിതഃ-

അർ:-

വിദ്വാന്മാർ വിവേകപൂർവ്വം നിത്യവും ഏതൊരാളെയും നിർമ്മലസ്വഭാവൻ, ബുദ്ധിമാൻ, മേധാവി, സൌശീല്യസമ്പന്നൻ എന്നിങ്ങനെ പ്രശംസിക്കുന്നു. സ്വർണ്ണനാണ്യത്തെ എന്നതുപോലെ ആ പുരുഷനെ ആരും ധിക്കരിക്കാൻ ശക്തരാവുകയില്ല. ദേവന്മാരും ബ്രഹ്മാവും അവനെ പ്രശംസിക്കും.

മൂലം 11.

കായപ്പകോപംരക്ഖേയ്യ
കായേന സംവൃതോസിയാ,
കായദുച്ചരിതംഹിത്വാ
കായേന ചസുരിതാ ചരേ

12

വചീപകോപം രക്ഖേയ്യ
വാചായസംവുതോസിയാ
വചീദുച്ചരിതംഹിത്വാ
വാചായസുചരിതംചരേ.

13

മനോപ്പകോപംരക്ഖേയ്യ
മനസാസംവുതോസിയാ
മനോദുച്ചരിതംഹിത്വാ
മനസാസുചരിതംചരേ

14

കായേനസംവുതാധീരാ
അഥോവാചായസംവുതാ
മനസാസംവുതാധീരാ
തേവേസുപരിസംവുതാ-

അന്വ:-

മൂ: ഭാ:-	സം:-
കായപ്പകോപംരക്ഖേയ്യ,	കായപ്രകോപംരക്ഷേൽ,
കായേനസംവുതോസിയാ,	കായേനസംവൃതഃസ്യാൽ,
കായദുച്ചരിതംഹിത്വാ	കായദുശ്ചരിതംഹിത്വാ
കായേനസുചരിതംചരേ,	കായേനസുചരിതംചരേൽ
വചിപകോപംരക്ഖേയ്യ,	വചഃപ്രകോപംരക്ഷേൽ,
വാചായസംവുതോസിയാ,	വാചാസംവൃതഃസ്യാൽ
വചീദുച്ചരിതംഹിത്വാ,	വചോദുശ്ചരിതംഹിത്വാ
വാചായസുചരിതംചരേ,	വാചാസുചരിതംചരേൽ
മനോപ്പകോപംരക്ഖേ	മനഃപ്രകോപംരക്ഷേൽ,
യ്യ,മനസാസംവുതോസി	മനസാസംവൃതഃസ്യാൽ
യാ,മനോദുച്ചരിതംഹി	മനോദുശ്ചരിതംഹിത്വാ

ത്വാമനസാസുചരിതം ചരേ,യേധീരാകായേ നസംവുതാ,അഥോ വാചായസംവുതാ,മന-സാസംവുതാ,ധീരാ,തേ-വേസുപരിസംവുതാ-

മനസാസുചരിതംചരേൽ, യേധീരാഃകായേന്സം വൃതാഃഅഥവാചാസം-വൃതാഃ,മനസാചസംവൃതാഃതേധീരാഃവൈസുപരിസംവൃതാഃ

അന്വ:-

ശരീരത്തിൻെറ പ്രകോപത്തെ നിവാരണം ചെയ്തിട്ട് സംയതശരീരനാകണം. കായികങ്ങളായ ദുഷ്കാൎയ്യങ്ങളെയും കാമങ്ങളിലുള്ള മിത്ഥ്യാചാരത്തെയും ത്യജിച്ചിട്ട് കായികമായ കശലത്തേ സാധിക്കണം. വാക്കിലുള്ള കോപത്തേ നിവാരണം ചെയ്ത് വാക്കകളെ സംയമം ചെയ്യണം. വാക്കകൊണ്ടുള്ള ദുർവ്യാപാരങ്ങളെ—അസത്യഭാഷണം, പരദോഷകഥനം, ഇവ ഉപേക്ഷിച്ച് വാക്കകൊണ്ടുള്ള സൽക്കാൎയ്യങ്ങളെ അനുഷ്ഠിക്കണം. മനസ്സിൽ നിന്നും കോപത്തെ അകററണം, മനസ്സിനെ എല്ലായ്പോഴും സംയമം ചെയ്യണം, മനസ്സിൻെറ ദുഷ്കൃത്യങ്ങളെ — അജ്ഞാനം, നാസ്തികത, ദ്രോഹചിന്ത — ഉപേക്ഷിച്ച് തദ്വാരാ സൽക്കൎമ്മാനുഷ്ഠാനം ചെയ്യണം. കായവാങ്മനസ്സുകളെ വേണ്ടവിധം സംയമനം ചെയ്തിട്ടുള്ള ധീരന്മാരത്രേ യഥാൎത്ഥസംയമികൾ.

ക്രോവഗ്ഗഃ

സപ്തദശ്

മലവൎഗ്ഗഃ

അഷ്ടാദശഃ

മൂലം 1.

പണ്ഡുപലാസോവ *f* ദാനിസി
യമപുരിസാ *f* പിചതം ഉപട്ഠിതാ
ഉയ്യോഗമുഖേ ചതിട്ഠസി
പാഥേയ്യമ്പി ച തേന വിജ്ജതി

2

സോകരോഹി ദീപമത്തനോ
ഖിപ്പം വായമ, പണ്ഡിതോഭവ
നിദ്ധന്തമലോ അനങ്ഗണോ
ദിബ്ബം അരിയ ഭൂമിമേഹിസി.

അന്വ:

മൂ: ഭാ:-	സം:-
(ത്വം) ഇദാനി പണ്ഡുപ	ത്വം ഇദാനീംപണ്ഡുപലാശ
ലാസോവ അസിയമപുരിസാ	ഇവ അസി, യമപുരുഷാഃ
അപിചതംഉപട്ഠിത (ത്വം)	അപി ച ത്വാംഉപസ്ഥിതാഃ
ഉയ്യോഗമുഖേ ച തിട്ഠസി;	ത്വം ഉദ്യോഗമുഖേതിഷ്ഠസി,
തേ പാഥേയ്യമ്പിന വിജ്ജ-	തേ പാഥേയമപിന വിദ്യതെ,
തി. സോ (ത്വം) അത്തനോ	സഃ ത്വം ആത്മനഃ ദ്വീപം
ദീപം കരോഹിഖിപ്പം വായമ,	കുരു: ക്ഷിപ്രം വ്യായച്ഛസ്വ;
പണ്ഡിതോ ഭവ, നിദ്ധന്ത	പണ്ഡിതോ ഭവ, നിർദ്ധൂത
മലോ അനങ്ഗണോ ദിബ്ബം	മലഃ അനങ്ഗനഃ ഭൂത്വാ ദി-
അരിയഭൂമിം ഏഹിസി.	വ്യാം ആര്യഭൂമിം ഏഷ്യസി

അന്വ: —

നീ ഇപ്പോഴം ജീർണ്ണവും പാണ്ഡുവർണ്ണവുമായ ഇലപോലെ ആയിരിക്കുന്നു, യമദൂതന്മർ നിൻറടുത്തെത്തിയിരിക്കുന്നു. നീ ഗമനദ്വാരത്തിൽ എത്തിയിരിക്കുന്നു. നിനക്ക് പാഥേയവും യാതൊന്നുമില്ല. നീ നിനക്കു വേണ്ടി സൽക്കർമ്മരൂപമായ ആശ്രയസ്ഥാനം ഉണ്ടാക്കുക. സത്വരം പരിശ്രമിക്കുക. പെട്ടെന്നു ജ്ഞാനസമ്പാദനം ചെയ്യുക. നി എപ്പോഴം പാപരഹിതനാകുന്നുവോ അപ്പോഴം നിനക്ക് ദിവ്യമായ ആര്യലോകത്തിൽ പ്രവേശിക്കാം. (ജനനമരണരൂപമായ സംസാരസിന്ധുവിൻെറ മറുകര പ്രാപിക്കാം)

മൂലം 3.

ഉപനീതവയോചദാനിസി
സമ്പയാതോ/സിയമസ്സസന്തികേ,
വാസോ/പി ചതേ നത്ഥി,
അന്തരാ പാഥേയ്യമ്പിചതേന വിജ്ജതി.

4

സോകരോഹി ദീപമത്തനോ
ഖിപ്പം വായമ പണ്ഡിതോ ഭവ
നിദ്ധന്തമലോ അനങ്ഗണോ
ന പുനജാതി ജരം ഉപേഹിസി.

അന്വ:—

മൂ: ഭാ:—

ദാനി ഉപനീത വയോച
അസി, യമസ്സ സന്തികം സ
മ്പയാതോഽസി അന്തരാ
വാസോപിതേ നത്ഥി
പാഥേയ്യമ്പി ച തേന
വിജ്ജതി, സോ അത്ത
നോ ദീപം കരോഹി,
ഖിപ്പം വായമ, പണ്ഡി
തോ ഭവ—നിദ്ധന്തമലോ
അനങ്ഗണോ പുന
ജാതി ജരം ന ഉപേഹിസി.

സം:—

ഇദാനീം ഉപനീതവയാശ്ച
അസി, യമസ്യ അന്തികം സമ്പ്ര
യാതോഽസി, അന്തരാ വാ
സോഽപി തേ നാസ്തി, പാ
ഥേയമപി ച തേ ന വിദ്യതേ,
സ ത്വം ആത്മനഃ ദ്വീപം കു
രു, ക്ഷിപ്രം വ്യായച്ഛസ്വ
പണ്ഡിതോ ഭവ; നിർദ്ധൂത
മലഃ അനങ്ഗണഃ ഭൂത്വാ
പുനഃ ജാതി ജരേ ന ഉപേഷ്യസി

അന്വ.—

നീ ഇപ്പോൾ വാർദ്ധക്യത്തിൽ പ്രവേശിച്ച് മൃത്യുവിന്റെ സന്നിധി പ്രാപിച്ചിരിക്കുന്നു. മാർഗ്ഗമദ്ധ്യത്തിൽ നിനക്കു യാതൊരാശ്രയവുമില്ല നിനക്കു പാഥേയംപോലുമില്ല. അതിനാൽ നീ നിനക്ക് ആശ്രയസ്ഥാനമുണ്ടാക്കുക, സത്വരം പരിശ്രമിക്കുക, ശീഘ്രതയോടെ പഠിച്ച് ജ്ഞാനം സമ്പാദിക്കുക, നീ പാപരഹിതനും പരിശുദ്ധനുമാകുമ്പോൾ വീണ്ടും 'ജന്മജരാവ്യാധി'കൾ നിന്നെ ബാധിക്കുകയില്ല. നീ പുനരാവൃത്തിരഹിതമായ മാർഗ്ഗം പ്രാപിക്കും.

മൂലം 5.

അനുപുബ്ബേനമേധാവീ
ഥോകഥോകംഖണേഖണേ,
കമ്മാരോരജതസ്സേവ
നിദ്ധമേമലമത്തനോ-

അന്വ:-

മൂ: ഭാ:-

മേധാവീ അത്തനോമലം
കമ്മാരോരജതസ്സമലമിവ
അനുപുബ്ബേനഥോകഥോകം
ഖണേഖണേനിദ്ധമേ-

സം:-

മേധാവീ ആത്മനഃമലം
കർമ്മകാരഃരജതസ്യമലമിവ
ആനുപൂർവ്വ്യേണസ്തോകം സ്തോകം
ക്ഷണേക്ഷണേനിർദ്ധമേത്

അന:-

കമ്മകാരൻ രജതത്തിന്റെ മലം ദൂരീകരിക്കുന്നതുപോലെ മേധാവിയായ പുരുഷൻ തന്റെ പാപത്തേ നിമിഷംതോറും ക്രമേണ അല്പാല്പമായി നശിപ്പിക്കണം.

മൂലം 7.

അയസാവമലം സമുട്ഠിതം
തട്ടട്ഠായതമേവഖാദതി,
ഏവംഅതിധോനചാരിനം
സാനികമ്മാനിനയന്തിദുഗ്ഗതിം.

അന്വ:-

മൂ: ഭാ:-

അയസാമലംവസമുട്ഠി
തംതമേവഖാദതി,
ഏവംഅതിധോനചാരി
നംസാനികമ്മാനിദുഗ്ഗതിം
നയന്തി-

സം:-

അയസഃമലംസമുത്ഥായതൽ
തദേവഖാദതിഏവം
സ്വാനികമ്മാണിഅതിധാ
നചാരിണം (അതിധാവന
ശീലംദുഗ്ഗതിംനയന്തി.

അന:-

ഇരുമ്പിൽനിന്നുണ്ടാകുന്ന തുരുമ്പു് ഇരുമ്പിനെ നശിപ്പിക്കുന്നതുപോലെ, തന്റെ അധികാരസീമകളെ അതിലംഘിച്ചു നടക്കുന്ന വ്യക്തിയേ അവന്റെ കമ്മങ്ങൾ തന്നെ ദുഗ്ഗതിയിലേക്കു നയിക്കുന്നു.

മൂലം 7.

അസജ്ഝായമലാമന്താ
അനുട്ഠാനമലാഘരാ,
മലംവണ്ണസ്സകോസജ്ജം
പമാദോരക്ഖതോമലം.-

അന്വ:—

മൂ: ഭാ:-

മന്താഅസജ്ഝായമലാ,
ഘരാഅനുട്ഠാനമലാ,

സം:-

മന്ത്രാഃ അസ്വാദ്ധ്യായമലാഃ
ഗൃഹാഃ അനുത്ഥാനമലാഃ

വണ്ണസ്സ ദുകോസജ്ജംമലം,	വണ്ണസ്യ(ദേഹസ്യ)കൌസീ
രക്ഖതോപമാദോ	ദ്യം(അലസ്യം)മലംരക്ഷ
മലം.	തഃപ്രമാദഃമലം.

അനു:-

ആവത്തികഴിക്കാതിരിക്കുക, മന്ത്രങ്ങൾക്കും, വെടിപ്പുവരുത്താഴിക ഗൃഹത്തിനും, ആലസ്യം ദേഹത്തിനും, സൂക്ഷ്മക്കുറവു രക്ഷാകത്താവിനും മലമാകുന്നു.

മൂലം 8.

മലിത്ഥിയാദുച്ചരിതം
മച്ഛേരംദദതോമലം
മലാവേപാപകാധമ്മാ
അസ്മിംലോകെപരമ്ഹിച.

9

തതോമലാമലതരം
അവിജ്ജാപരമംമലം
ഏതംമലംപഹത്വാന
നിമ്മലാഹോതഭിക്ഖവോ.

അനു:-

മൂ: ഭാ:-	സം:-
ഇത്ഥിയാദുച്ചരിതംമലം	സ്ത്രീയാഃദുശ്ചരിതംമലം,
ദദതോമച്ഛേരം	ദദതഃമാത്സര്യംമലം,അ-
മലം,അസ്മിംലോകെ	സ്മിൻലോകെപരസ്മിംശ്ച
പരമ്ഹിചപാപകാ	പാപധമ്മാഃമലാനി,തതഃ
ധമ്മാവേമലാതതോമ	മലതരംമലം,അ-
ലതരംമലാ,അവിജ്ജാ	വിദ്യാപരമംമലംഹേഭിക്ഷ
പരമംമലംഭിക്ഖവോ	വഃഏതൽമലംപ്രഹായ
ഏതംമലംപഹത്വാനനിമ്മലാ.	നിമ്മലാഃഭവത:-

അനു:-

സ്ത്രീകൾക്കു് ചാരിത്രദോഷം മലമാകുന്നു. ദാതാവിനു് ഗവ്വമത്രേ മലം. പാപകമ്മം ഇഹപരങ്ങളിൽ മലമാകുന്നു. ഇവയേക്കാൾ നികൃഷ്ടമായ മലം അവിദ്യയാകുന്നു. ഹേ! ഭിക്ഷുക്കൾ! നിങ്ങൾ ഈ അവിദ്യാമലത്തെ കളഞ്ഞു് നിമ്മലരാകുവിൻ.

മൂലം 10.

സുജീവംഅഫിരീകേന
കാകസൂരേനധംസിനാ
പക്ഖന്ദിനാപഗവ്ഭേന
സംങ്കിലിട്ഠേനജീവിതം.

അന്വ:-

മൂ: ഭാ:-	സം:-
അഹിരികേനകാകസൂരേന	അഹ്രികേനകാകശ്ശൂരേണ
ധംസിനാപക്ഖന്ദിനാപഗ	ധ്വംസിനാപ്രസ്കന്ദിനാപ്ര-
വ്ഭേനസങ്കിലിട്ഠേന	ഗത്ഭേനസംക്ലിഷ്ടേന
ജീവിതംസുജീവം.	ജീവിതംസുജീവം

അന്ന:-

ഏതൊരാൾ പാപകർമ്മങ്ങളെക്കുറിച്ചു ലജ്ജയോ ഭയമോ ഇല്ലാതെ ആത്മപ്രശംസ ചെയ്യും പരനിന്ദ ചെയ്യും ജീവിക്കുന്നു. കാകശ്ശൂരനം—കാക്കയേപ്പോലെ ലജ്ജയില്ലാതെ സർവ്വഥാ ഭ്രഷ്ടനായി തൻെറയും അന്യൻെറയും ലാഭത്തെ നശിപ്പിച്ച് പാപിഷ്ഠനായി ജീവിക്കുന്നു. ആ മനുഷ്യൻെറ ജീവിതം സ്വച്ഛന്ദം കഴിയുന്നു.

മൂലം 11.

ഹിരിമതാ ച ദുജ്ജീവം
നിച്ചംസുചിഗവേസിനാ
അലീനേനപ്പഗബ്ഭേന
സുദ്ധാജീവേന പസ്സതാ.

അന്വ:-

മൂ: ഭാ:-	സം:-
ഹിരീമതാനിച്ചം സുചിഗ	ഹ്രീമതാ് നിത്യം ശുചിഗ-
വേസിനാ അലീനേന	വേഷിണാ അലീനേന
അപ്പഗബ്ഭേന സുദ്ധാജീവേന	അപ്രഗത്ഭേന ശുദ്ധാ
പസ്സതാ ച ദുജ്ജീവം.	ജീവേന പശ്യതാ ജീവനം
	ദുർജ്ജീവം.

അന്വ:-

വിനയസ്വഭാവിയും ശൌചാന്വേഷിയും അനാസക്തനും അപ്രഗത്ഭനുമായ ഏതൊരാൾ ശുദ്ധമായ ജീവിതത്തെ സാരമെന്നറിയുന്നു. അപ്രകാരമുള്ള പുരുഷൻ ദുഃഖിയായി ജീവിക്കുന്നു.

മൂലം 12.

യോപാണമതിമാപേതി
മുസാവാദഞ്ച ഭാസതി,
ലോകെ അദിന്നം ആദിയതി
പരദാരഞ്ച ഗച്ഛതി.

13

സുരാമേരയ പാനഞ്ച
യോനരോ അനുയുഞ്ജതി
ഇധേ/വമേസോ ലോകസ്മിം
മൂലം ഖനതി അത്തനോ.

14

ഏവമ്ഭോ പുരിസ ജാനാഹി
പാപധമ്മാ അസഞ്ഞതാ
മാതം ലോഭോ അധമ്മോ ച
ചിരമ് ദുക്ഖായ രന്ധയും.

അന്വയം.

മൂ: ഭാ:—

യോ പാണമതിമാപേതി, മുസാവാദം ചഭാസതി, ലോകെ അദിന്നം ആദിയതി, പരദാരഞ്ചഗച്ഛതി, യോനരോ സുരാമേരയപാനഞ്ച അനുയുഞ്ജതി, ഏവം ഏസോ ഇധലോകസ്മിം അത്തനോ മൂലം ഖനതി, ഭോ! പുരിസ! അസഞ്ഞതാ പാപധമ്മാ ഏവമ് ജാനാഹി, തം ലോഭാ അധമ്മോ ച ചിരം ദുക്ഖായ മാരന്ധയും,

സം:—

യഃ പ്രാണാൻ അതിപാതയതി മൃഷാവാദഞ്ചഭാഷതെ, ലോകെ അദത്തം ആദത്തെ. പരദാരാംശ്ചഗച്ഛതി, യോ നരഃ സുരാമൈരേയപാനഞ്ച അനുയുനക്തി, ഏവം ഇഹ ലോകേ ആത്മനഃ മൂലംഖനതി ഭോ! പുരുഷ! അസംയതാഃ പാപധർമ്മാണഃ ഏവം ജാനീഹി ത്വാം ലോഭഃ അധർമ്മശ്ച ചിരം ദുഃഖായമാരന്ധ്യാൽ.

അന്വ:—

ഏതൊരാൾ പ്രാണികളെ ഹിംസിക്കുക, അസത്യം പറയുക, മോഷ്ടിക്കുക, പരദാരങ്ങളെ പ്രാപിക്കുക, മദ്യപാനം ചെയ്യുക മുതലായവ ചെയ്യുന്നു, അവൻ ഈ ലോകത്തിൽ തന്റെ—ഉത്തമധമ്മത്തിന്റെ മൂലം ചുഴക്കുന്നു—താൻ തന്നെ തന്റെ അധഃപതനത്തിനു കാരണമാകുന്നു.—ഹേ മനുഷ്യ! ഇപ്രകാരമുള്ള മനുഷ്യരെ സംയമമില്ലാത്തവരും നീചസ്വഭാവികളുമെന്നറിയണം. ലോഭവും അധമ്മവും ദുഃഖകരമാകത്തക്കവണ്ണം ദീർഘകാലം നിന്നെ ആബദ്ധനാക്കരുത്.

മൂലം 15.

ദദന്തിവേയഥാസദ്ധം
യഥാപസാദനംജനോ
തത്ഥയോമംകുഭവതി
പരേസംപാനഭോജനേ
നസോദിവാ വാരാത്തിംവാ
സമാധിം അധിഗച്ഛതി.

16

യസ്സചതം സമുച്ഛിന്നം
മൂലഘച്ചം സമൂഹതം.
സവേദിവാ വാരാത്തിംവാ
സമാധിം അധിഗച്ഛതി.

അന്വ:-

മൂ: ഭാ:-

ജനോവേയഥാസദ്ധം
യഥാപസാദനം ദദന്തി,
തത്ഥയോപരേസം പാന
ഭോജനേമങ്കുഭവതി, സോ-
ദിവാവാരാത്തിംവാ സമാധിം
ന അധിഗച്ഛതി—യസ്സ
ച ഏതം സമുച്ഛിന്നം മൂല-
ഘച്ചം സമൂഹതം സവേ-
ദിവാവാരാത്തിംവാ
സമാധിം അധിഗച്ഛതി.

സം:-

ജനാഃ വൈയഥാശ്രദ്ധം
യഥാ പ്രസാദനം ദദതി,
തത്രയഃ പരേഷാം പാന
ഭോ ജനയോഃ മങ്കു(ക്രുദ്ധഃ)
ഭവതി, സഃദിവാവാ
രാത്രൌ വാ സമാധിം
(ശാന്തിം)ന അധിഗച്ഛതി
യസ്യച ഏതൽസമുച്ഛിന്നം
മൂലഘാതം സമുദ്ധാതം,
സഃ വൈദിവാവാരാത്രൌവാ
സമാധിം അധിഗച്ഛതി.

അനു: —

ജനങ്ങൾ തങ്ങളുടെ മനോഭാവം പോലെ യഥാശക്തി ദാനം ചെയ്യുന്നു. എന്നാൽ, ഏതൊരു ഭിക്ഷു അന്യരുടെ പാനഭോജനങ്ങൾ കണ്ട് അതിൽ അസന്തുഷ്ടി പ്രദർശിപ്പിക്കുന്നുവോ ആ വ്യക്തിക്ക് പകലും രാത്രിയിലും സമാധി ലഭിക്കുന്നില്ല. ഈ അസന്തുഷ്ടിയെ നിശ്ശേഷം നശിപ്പിച്ചിരിക്കുന്ന വ്യക്തിക്കു അഹോരാത്രം സമാധി ലഭിക്കുന്നു.

മൂ: 17.

നത്ഥി രാഗസമോ അഗ്ഗി
നത്ഥിദോസസമോ ഗഹോ
നത്ഥിമോഹസമം ജാലം
നത്ഥിതൺഹാ സമാ നദീ

അന്വ: —

മൂ: ഭാ: —	സം: —
രാഗസമോ അഗ്ഗി നത്ഥി, ദോസസമോ ഗഹോ നത്ഥി; മോഹസമം ജാലം നത്ഥി; തൺഹാസമാനദീ നത്ഥി,	രാഗസമഃ അഗ്നിർനാസ്തി, ദ്വേഷസമഃ ഗ്രാഹഃ നാസ്തി, മോഹസമം ജാലം നാസ്തി തൃഷ്ണാസമാനദീ നാസ്തി.

അനു: —

ആസക്തിക്കു സദൃശമായ അഗ്നിയും ദ്വേഷത്തിനു തുല്യമായ നക്രവും, മോഹത്തിനു സമാനമായ ബന്ധനവും തൃഷ്ണ (ആശ)യ്ക്കു തുല്യമായ നദിയും ഇല്ല.

മൂ: 18.

സുദസ്സം വജ്ജ മഞ്ഞേസം
അത്തനോ പന ദുദ്ദസം
പരേ സം ഹിസോ വജ്ജാനി
ഒപുണാതി യഥാ ഭുസം.
അത്തനോ പന ഛാദേതി
കലിംവ കിതവാ സഠോ

അന്വ: -

മൂ: ഭാ: -	സം: -
അഞ്ഞേസം വജ്ജം സുദസ്സം അത്തനോ പന ദുദ്ദസം,	അന്യേഷാം വർജ്യം, സുദർശം, ആത്മനഃ, പുനഃ ദുർദ്ദശം, സഃ

സോ പരേസം ഹിവജ്ജാനി യഥാഭുസം ഒപുണാതി; സഠോ കിതവാ കലിം വ അത്തനോ ഛാദേതി.

പരേഷാം ഹി വർജ്ജ്യാനി യഥാ തുഷം അവ പുനാതി, (ധുനോതി), ശഠഃ (ശകുനഘാതിസകോ വ്യാധഃ) കിതവാൽ (ഛാദനാൽ) കലിം (സ്വശരീരം) ഇവ ആത്മനഃ (പാപാനി) ഛാദയതി.

അനു:-

അന്യന്മാരുടെ ദോഷങ്ങളെ പെട്ടെന്നു കാണ്മാൻ കഴിയുന്നു. സ്വന്താ ദോഷങ്ങൾ തുലോം ദുർദ്ദർശങ്ങളുമായിരിക്കുന്നു. ജനങ്ങൾ പരന്മാരുടെ ദോഷങ്ങളെ ഉമിയെപ്പോലെ പാറിച്ചു വലുതാക്കുന്നു. എന്നാൽ ശഠനായ മനുഷ്യൻ, പക്ഷിവേട്ടക്കാരനായ വ്യാധൻ വൃക്ഷശാഖകളെക്കൊണ്ടു് സ്വശരീരത്തെ മറയ്ക്കുന്നതുപോലെ സ്വന്തദോഷങ്ങളെ സ്വയം മറയ്ക്കുന്നു.

മൂലം 19.

പരവജ്ജാനു പസ്സിസ്സ
നിച്ചം ഉജ്ഝാന സഞ്ഞിനോ
ആസവാ തസ്സ വഡ്ഢന്തി
ആരാസോ ആസവക്ഖയാ.

അന്വ:-

മൂ: ഭാ:-

പരവജ്ജാനു പസ്സിസ്സ, നിച്ചം ഉജ്ഝാനസഞ്ഞിനോ തസ്സ ആസവാ വഡ്ഢന്തി, സോ ആസവക്ഖയാ ആരാ.

സം:-

പരവർജ്ജ്യാനുദർശിനഃ നിത്യം ഉദ്ധ്യാനസംജ്ഞിനഃ തസ്യ ആസ്രവാഃ വർദ്ധന്തേ, സഃ ആസ്രവക്ഷയാൽ ആരാൽ (തിഷ്ഠതീതിശേഷഃ)

അനു:-

ഏതൊരാൾ പരദോഷങ്ങളെ സദാ അന്വേഷിക്കുന്നവനായും, പരനിന്ദയിൽ സന്തോഷമുള്ളവനായുമിരിക്കുന്നു, അവനു് പാപങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അവൻ പാപക്ഷയത്തിൽ നിന്നു് അകലെ നിൽക്കുന്നു.

മൂലം 20.

ആകാസേ ച പദം നത്ഥി
സമണോ നത്ഥി ബാഹിരേ
പപഞ്ചാഭിരതാ പജാ
നിപ്പപഞ്ചാ തഥാ ഗതാ.

മൂലം 21.

ആകാസേ ച പദം നത്ഥി
സമണോ നത്ഥി ബാഹിരോ
സങ്ഖാരാ സസ്സ്‌താനത്ഥി
നത്ഥി ബുദ്ധാനമിഞ്ജിതം.

അന്വ:-

മൂ: ഭാ:-

ആകാസേ പദം നത്ഥി
ബാഹിരേ സമണോ നത്ഥി,
പജാപപഞ്ചാഭിരതാ
തഥാഗതാ നിപ്പപഞ്ചാ
ആകാസേ പദം നത്ഥി,
ബാഹിരോ സമണോ നത്ഥി,
സസ്സതാ സങ്ഖാരാനത്ഥി,
ബുദ്ധാനം ഇഞ്ജിതം നത്ഥി.

സം:-

യഥാ ആകാശേ പദം നാസ്തി;
തഥാ ബഹിഃ ശ്രമണോ നാസ്തി;
പ്രജാഃ പ്രപഞ്ചാഭിരതാഃ
തഥാ ഗതാസ്തു നിഷ്പ്രപഞ്ചാഃ
ആകാശേ പദം നാസ്തി,
തഥാ ബഹിഃ ശ്രമണഃ നാസ്തി,
ശാശ്വതാഃ സംസ്കാരാഃ ന
സന്തി, ബുദ്ധാനാം ഇംഗിതം
വിചലിതം നാസ്തി.

അർ:—

എപ്രകാരം ആകാശത്തിൽ സഞ്ചാരമാർഗ്ഗമില്ലാതിരിക്കുന്നുവോ അപ്രകാരം എന്റെ ശാസനങ്ങൾക്ക് ഉൾപ്പെടാതെ ശ്രമണനാകാൻ സാധിക്കയില്ല. സാധാരണ ജനങ്ങൾ തൃഷ്ണ മുതലായ പ്രാപഞ്ചികവിഷയങ്ങൾക്ക് അധീനരായിരിക്കുന്നു. തഥാഗതന്മാരാകട്ടെ പ്രപഞ്ചാതീതന്മാരാകുന്നു. ആകാശത്തിൽ സ്ഥാനം ഇല്ലാത്തതുപോലെ എന്റെ ശാസനങ്ങൾക്കപ്പുറത്തുനിന്നു ശ്രമണനാകാനും സാദ്ധ്യമല്ല. സംസ്കാരങ്ങൾ നിത്യങ്ങളല്ല. ബുദ്ധന്മാർ ഒരിക്കലും വിചലിതരാകുന്നില്ല

മലവർഗ:

അഷ്ടാദശഃ

ധൎമ്മസ്ഥവൎഗ്ഗഃ

(ഏകോനവിംശത്)

മൂലം 1.

നതേനഹോതി ധമ്മട്ഠോ
യേനത്ഥം സഹസാനയേ
യോച അത്ഥം അനത്ഥഞ്ച
ഉഭോ നിച്ഛേയ്യ പണ്ഡിതോ.

മൂലം 2.

അസാഹസേന ധമ്മേന
സമേന നയതി പരേ
ധമ്മസ്സ ഗുത്തോ മേധാവി
ധമ്മട്ഠോതി പവുച്ചതി

അന്വയ:-

മൂ: ഭാ:-

യേനഅത്ഥംസഹ സാനയേ
തേനധമ്മട്ഠോന ഹോതി,
യോചഅത്ഥം അനത്ഥം ച
ഉഭോനിച്ഛേയ്യപണ്ഡിതോ,
അസാഹസേന ധമ്മേനസ
മേനപരേ നയതീ, ധമ്മസ്സ
ഗുത്തോമേധാവീധമ്മട്ഠോ-
തിപവുച്ചതി.

സം:-

യേന അൎത്ഥംസഹസാ
നയേൽ,തേനധൎമ്മസ്ഥഃനഭ
വതി,യഃ അൎത്ഥംഅനൎത്ഥഞ്ച
ഉഭൌനിശ്ചിനുയാൽ,സഃ
പണ്ഡിതഃ അസാഹസേന
ധൎമ്മേണസമേനപരാൻനയതി,
ധൎമ്മേണഗുപ്തഃമേധാവീ
ധൎമ്മസ്ഥഃഇതിപ്രോച്യതേ-

അൎത്ഥ.-

ന്യായരഹിതമായോ ബലപ്രയോഗത്താലോ അന്യൻെറ വസ്തുക്കളെ സ്വായത്തമാക്കുന്നുവെങ്കിൽ അപ്രകാരമുള്ള പുരുഷൻ ധൎമ്മസ്ഥനാകയില്ല. അൎത്ഥത്തെയും അൎത്ഥമില്ലായ്മയെയും തുല്യമായി വിചാരിക്കുന്ന പുരുഷൻ പണ്ഡിതനാകുന്നു. ധൎമ്മമായും ന്യാ

യമായും അന്യന്മാരെ നയിക്കുന്നവനും ധൎമ്മത്താൽ സുരക്ഷിതനായുമിരിക്കുന്ന ബുദ്ധിയുള്ള മനുഷ്യനെ ധാൎമ്മികനെന്നു പറയപ്പെടുന്നു.

മൂലം 3.

നതേനപണ്ഡിതോഹോതി
യാവതാബഹ്ഹുഭാസതി
ഖേമീഅവേരീഅഭയോ
പണ്ഡിതോതിപമുച്ചതി.

അന്വ:-

മൂ: ഭാ:—	സം:—
യാവതാ ബഹ്ഹു ഭാസതി തേന പണ്ഡിതോ ന ഹോതി, ഖേമീ അവേരീ അഭയോ പണ്ഡിതോ പമുച്ചതി.	യാവതാബഹ്ഹു ഭാഷതെ, താവതാ പണ്ഡിത: ന ഭവതിഃ ക്ഷേമി അതവരീ അഭയഃ പണ്ഡിതഃ ഇതിപ്രോച്യതെ.

അൎത്ഥ:-

ഒരുവൻ ബഹ്ഹുഭാഷണം ചെയ്യുന്നതു കൊണ്ടു പണ്ഡിതനാകുന്നില്ല, ശാന്തനും സൽകൎമ്മനിരതനും ആരോടും ദ്വേഷമില്ലാത്തവനും തൻമൂലം ഭയരഹിതനുമായ പുരുഷനേ പണ്ഡിതനെന്നു പറയുന്നു.

മൂ: 4.

ന താ വതാ ധമ്മ ധരോ
യാവതാ ബഹ്ഹു ഭാസതി
യോച അപ്പമ്പി സുതാന
ധമ്മം കായേന പസ്സതി
സവേ ധമ്മ ധരോ ഹോതി
യോ ധമ്മം നപ്പമജ്ജതി.

അന്വ:-

മൂ: ഭാ:-	സം:-
യാവതാ ബഹ്ഹുഭാസതി താവതാ ധമ്മ ധരോ ന ഹോതി, യോച അപ്പമ്പി	യാവതാ ബഹ്ഹുഭാഷതെ താവതാനഃ ധൎമ്മധരഃ ന ഭവതി, യശ്ച അല്പമപി

ധമ്മം സുത്വാന കായേന
പസ്സതി, സവേ ധമ്മധ
രോഹോതി, യോ ധമ്മം
നപ്പമജ്ജതി.

ധർമ്മം ശ്രുത്വാ-കായേനപ-
ശ്യതി സ്വൈവെ ധർമ്മധരഃ
ഭവതി യഃ ധർമ്മാൽ ന
പ്രമാദ്യതി.

അന:-

അതിഭാഷണം ചെയ്യുന്നതുനിമിത്തം ഒരുവൻ ധാർമ്മികനാകുന്നില്ല. അല്പമാത്രമായെങ്കിലും ധർമ്മോപദേശം ശ്രവിച്ച് അതിന്റെ സാക്ഷാല്ക്കരിക്കുന്നവൻ നിശ്ചയമായും ധർമ്മിഷ്ഠനായിത്തീരുന്നു. അവൻ ധർമ്മത്തിൽ നിന്ന് ഒരിക്കലും ഭ്രംശിക്കുന്നില്ല.

മൂ: 5.

നതേനഥേ രോഹോതി
യേനസ്സ പലിതംസിരോ
പരിപക്കോ വയോതസ്സ
മോഘജിണ്ണോതിവുച്ചതി.

അന്വയം

മൂലം:-

യേനഅസ്സസിരോപലി
തം തേന ഥേരോന
ഹോതി, തസ്സ വയോ
പരിപക്കോ മോഘ
ജിണ്ണോതിവുച്ചതി.

സം:-

യേനഅസ്യശിരഃപലിതം
തേനസ്ഥവിരഃന ഭവതി.
തസ്യവയഃ പരിപക്വം,
(സഃ) മോഘജീർണ്ണ
ഇത്യുച്യതെ.

അന:-

ഒരുവന്റെ ശിരസ്സു നരച്ചതുകൊണ്ട് അവൻ വൃദ്ധനാകുന്നില്ല. അവന് വളരെ വയസ്സായി എന്നു മാത്രം. അപ്രകാരമുള്ള മനുഷ്യനെ 'വ്യർത്ഥാ വൃദ്ധൻ' എന്നു പറയുന്നു.

മൂലം 6.

യമ്ഹി സച്ചഞ്ച ധമ്മോച
അഹിംസാ സഞ്ഞമോദമോ
സവേവന്തമലോധീരോ
ഥേരോതി പവുച്ചതി.

അന്വയം

മൂ: ഭാ.

യമ്ഹിസച്ചഞ്ചധമ്മോച
അഹിംസാ സഞ്ഞമോദമോ
സവേ വന്ത മലോധീരോ
ഥേരോ ഇതിപ
വുച്ചതി.

സം:-

യസ്മിൻ സത്യഞ്ചധർമ്മഃ ച
അഹിംസാച സംയമഃ
ദമശ്ച (സന്തി),വാന്തമലഃ
ധീരഃ സഃ വൈസ്ഥവിര
ഇതി പ്രോച്യതെ.

അന:—

സത്യം ധർമ്മം, അഹിംസ, സംയമം, ദമം ഇവകളുള്ളവനും കന്മഷരഹിതനുമായ ധീരനേ സ്ഥവിര (വൃദ്ധ)നെന്നു പറയുന്നു.

ഏതൊരു വ്യക്തി പതിനാറുവിധത്തിൽ നാല് ആര്യസത്യങ്ങളെ ജ്ഞാനത്താൽ സാക്ഷാൽക്കരിച്ചിരിക്കുന്നു, ലോകോത്തരമായ നവവിധധർമ്മം ഏതൊരാളിൽ കാണപ്പെടുന്നു, ഏതൊരാൾ അഹിംസാതല്പരനായും ശീലവാനായും ഇന്ദ്രിയനിഗ്രഹമുള്ളവനായുമിരിക്കുന്നു, നാലുപ്രകാരത്തിലുമുള്ള ജ്ഞാനത്താൽ നിർധൂതകന്മഷനും ധീരനും സ്ഥിരസ്വഭാവിയുമായ ആ പുരുഷനേ വൃദ്ധനെന്നു പറയുന്നു.

മൂലം 7.

നവാക്കരണമത്തേന
വണ്ണപോക്ഖരതായവാ
സാധുരൂപോനരോഹോതി
ഇസ്സുകീമച്ഛരീസഠോ.

8

യസ്സചേതംസമുച്ഛിന്നം
മൂലഘച്ചം സമൂഹതം,
സവന്തദോസോമേധാവീ
സാധുരൂപോതിവുച്ചതി.

അന്വ:-

മൂ: ഭാ:-

ഇസ്സുകീമച്ഛരീസഠോനരോ
വാക്കരണമത്തേനവണ്ണപോ-
ക്ഖരതായവാസാധുരൂപോന-
ഹോതി.യസ്സചേതംസമുച്ഛി-

സം:-

ഈർഷുകഃമത്സരഃശഠഃനരഃ
വാക്കരണമാത്രേണവർണ്ണപു-
ഷ്കലതയാവാസാധുരൂപഃന
ഭവതി-യസ്യചഏതൽസർവ്വ

ന്നംമൂലംഘച്ചംസമൂഹ.തം	ച്ഛിന്നംമൂലഘാതംസമുദ്ധാതം
വന്തദോഃസാമേധാവീസോ	വാന്തദോഷഃമേധാവീസഃ
സാധുത്രുപോതിവുച്ചതി.	സാധുരൂപഇത്യുച്യതെ.

അന്വ:-

ഈൎഷ്യയുള്ളവനും മത്സരസ്വഭാവിയുമായ ദുഷ്ടൻ കേവലം സാധു ശബ്ദോച്ചാരണം കൊണ്ടോ ശരീരസൌന്ദൎയ്യംകൊണ്ടോ സാധുവായി ഭവിക്കുന്നില്ല. ഏതൊരു വ്യക്തിമുൻപറയപ്പെട്ട ദോഷങ്ങളെ നിശ്ശേഷം നശിപ്പിച്ചിരിക്കുന്നു, നിൎദ്ധൂതകന്മഷനും മേധാവിയുമായ ആ പുരുഷനേ സാധുവെന്നു പറയുന്നു.

മൂലം 9.

നമുണ്ഡകേനസമണോ
അവ്വതോഅലികംഭണം,
ഇച്ഛാലോഭസമാപന്നോ
സമണോകിംഭവിസ്സതി.

10

യോചസമേതിപാപാനി
അണുംഥൂലാനിസവ്വസോ
സമിതത്താഹിപാപാനം
സമണോ/തിപവുച്ചതി.

അന്വ:-

മൂ: ഭാ:-	സം:-
അലികം ഭണം അവ്വതോ മുണ്ഡകേന സമണോന (ഹോതി) ഇച്ഛാലോഭസമാപന്നോ സമണോകിം ഭവിസ്സതി-യോച അണും ഥൂലാനി പാപാനിസവ്വ സോസമേതി (സോ) ഹി പാപാനം സമിതത്താസ മണോ/തിപവുച്ചതി.	അളീകംഭണൻഅവ്രതഃമുണ്ഡകേനശ്രമണഃനഭവതി,ഇച്ഛാലോഭസമാപന്നഃകിംശ്രമണഃഭവിഷ്യതി-യശ്ചഅണൂനിസ്ഥൂലാനിവാപാപാനിസൎവ്വശഃശമയതിസഹിപാപാനാംശമിതത്വാൽശ്രമണഇതിപ്രോച്യതെ.

അന്വ:-

അസത്യവാദിയും വ്രതരഹിതനുമായ പുരുഷൻ ശിരസ്സ് മുണ്ഡനം ചെയ്യുകകൊണ്ടുമാത്രം ശ്രമണനാകുന്നില്ല. വാസനകളും

ലോഭവുമുള്ള പുരുഷൻ എങ്ങിനെ ശ്രമണനാകും? എവ്വതൊരാൾ സമസ്തപാപങ്ങളെയും ഉന്മൂലനം ചെയ്തിരിക്കുന്നു, അപ്രകാരമുള്ള വ്യക്തിയെ പാപശമനം നിമിത്തം ശ്രമണനെന്നു പറയുന്നു.

മൂലം 11.

നതേന ഭിക്ഖു സോഹോതി
യാവതാഭിക്ഖതേ പരേ
വിസ്സംധമ്മം സമാദായ
ഭിക്ഖു ഹോതി ന താവതാ.

അന്വ:

മൂ :ഭാ:-	സം:-
യാവതാ പരേ ഭിക്ഖതേ	യാവതാപരാൻ ഭിക്ഷതേ,
തേന സോ ഭിക്ഖൂ ന ഹോതി	താവതാ സഃ ഭിക്ഷുഃ ന ഭവതി
വിസ്സം ധമ്മം സമാദായ	വിഷമം ധർമ്മാ സമാദായ
ഭിക്ഖൂഹോതി ന താവതാ.	ഭിക്ഷുഃ ഭവതി ന താവതാ.

അനു:—

അന്യന്മാരിൽനിന്നു ഭിക്ഷ സ്വീകരിക്കുന്നതുകൊണ്ടു മാത്രം ഒരുവൻ ഭിക്ഷുവാകുന്നില്ല. ധർമ്മവൈപരീത്യമായ ചര്യാസ്വീകാരത്താൽ ഒരുവനും ഭിക്ഷുവായി ഭവിക്കുന്നില്ല.

മൂലം 12.

യോഽധപുഞ്ഞഞ്ചപാപഞ്ച
വാഹിത്വാ ബ്രഹ്മചരിയവാ,
സങ്ഖായലോകേ ചരതി
സവേഭിക്ഖൂതി വുച്ചതി.

അന്വ:

മൂ: ഭാ:-	സം:-
യോധപുഞ്ഞഞ്ച പാപഞ്ച	യഃ ഇഹ പുണ്യഞ്ച പാപഞ്ച
വാഹിത്വാ ബ്രഹ്മചരിയവാ,	വാഹയിത്വാ ബ്രഹ്മചര്യവാൻ
യോ ലോകേ സങ്ഖായ ചരതി,	ഭവതി ലോകെ സംഖ്യയാ
	(ജ്ഞാനേന സഹ) ചരതി
സവേഭിക്ഖൂതി വുച്ചതി.	സഃവൈ ഭിക്ഷുരിത്യു ച്യതെ.

അൎത്ഥ:—

ഏതൊരാൾ പാപപുണ്യങ്ങൾക്ക് അതീതനായി ജ്ഞാന പാരായണനായി ബ്രഹ്മചൎയ്യം പരിക്കുന്നു, ആ പുരുഷനെ ഭിക്ഷു, വെന്നു പറയുന്നു.

മൂലം 13.

നമോനേന മുനീഫോതി
മുല്ഹരൂപോ അവിദ്ദസു
യോച തുല്ം വപഗ്ഗയ്ഹ
വരമാദായപണ്ഡിതോ

-14

പാപാനിപരിവജ്ജേതി
സമുനീതേനസോമുനി
യോമുനാതിഉഭോലോകെ
മുനീതേനപവുച്ചതി.

അന്വ:-

മൂ: ഭാ:-	സം:-
മുൽഹരൂപോ അവിദ്ദസു	മൂഢരൂപഃ അവിദ്വാൻ
മോനേന ന മുനീ ഫോതി	മൌനേന ന മുനി ഭവതി
യോചപണ്ഡിതോ തുലം	യശ്ചപണ്ഡിതഃ തുലാം
പഗ്ഗയ്ഹവ വരമാദായ	പ്രഗൃഹ്യഇവ വരം ആദായ
പാപാനി പരിവജ്ജേതി	പാപാനി പരിവൎജ്ജയതി,
സമുനീ, തേന സോ മുനിഃ	സഃ മുനിഃ ഭവതി, യഃ മന്യ
യോ മുനാതി തേന ഉഭോ	തേ തേന ഉഭയോഃ ലോകയോഃ
ലോകെ മുനി ഇതിപവുച്ചതി.	മുനിരിതി പ്രോച്യതെ.

അൎത്ഥ:—

മൂഢനും പാമരനും ആയ മനുഷ്യൻ മൌനംകൊണ്ടു മുനിയാകുന്നില്ല. ഏതൊരു പുരുഷൻ പണ്ഡിതനായിട്ട് തുലാദണ്ഡത്തെ എടുത്ത് പുണ്യത്തെ സ്വീകരിച്ച് പാപത്തെ പരിത്യജിക്കുന്നു, അവൻ മുനിയായിത്തീരുന്നു. മനനശീലമുള്ള ജ്ഞാനി ഇഹപരങ്ങളിൽ മുനിയെന്നു പറയപ്പെടുന്നു.

മൂ: 15.

നതേന അരിയോഹോതി
യേനപാണാനി ഹിംസതി
അഹിംസാ സബ്ബപാണാനം
അരിയോതി പവുച്ചതി.

അന്വയം.

മൂ: ഭാ:—

യേന പാണാനി ഹിംസതി, തേന അരിയോ ന ഹോതി, സബ്ബപാണാനം അഹിംസാ അരിയോതി പവുച്ചതി.

സം:—

യേന പ്രാണാൻ ഹിനസ്തി, തേന ആര്യ്യ: ന ഭവതി. സർവ്വപ്രാണാനാം അഹിംസയാ ആര്യ്യ ഇതിപ്രോച്യതെ.

അന.—

പ്രാണിഹിംസ ചെയ്യുന്നവൻ ആര്യനാകുന്നില്ല. സകല ജീവികളിലും അഹിംസാവ്രതം പാലിക്കുന്നവനേ മാത്രം ആര്യനെന്നു പറയുന്നു.

മൂ: 16.

ന സീലവ്വത മത്തേന
ബാഹുസച്ചേന വാപുനഃ
അഥവാ സമാധിലാഭേന
വിവിച്ച സയനേന വാ

17

ഫുസാമിനേ ക്ഖമ്മ സുഖം
അപുഥുജ്ജന സേവിതം
ഭിക്ഖു വിസ്സാസമാപാദി
അപ്പത്തോ ആസവക്ഖയം

അന്വ:—

മൂ: ഭാ:—

ന സീലവ്വതമത്തേനബാഹു സച്ചേന വാ പുന അഥവാ സമാധിലാഭേന വിവിച്ച സയനേനവാ അപുഥുജ്ജന സേവിതം നേ-

സം:—

ന ശീലവ്രതമാത്രേണ ബാഹുസത്യേന (ബഹുശ്രുതം ശാസ്ത്രം യസ്യ സ ബഹുശ്രുത: തസ്യഭാവ ഇതി ബാഹുശ്രുത്യം, തേന) വാ പുനഃ അഥവാ സമാധിലാഭേന വിവി

ക്ഖമ്മസുഖം ഫുസാമി. ഭിക്ഖു് ആസവക്ഖയം അപ്പത്തോ വിസ്സാസം മാ ആപാദി.

ച്യശയനേന വാ അപൃഥഗ്ജന സേവിതം നൈഷ്കർമ്മ്യസുഖം സ്പൃശാമി ഇതി ഭിക്ഷോഃ ആശ്രവക്ഷയം അപ്രാപ്തഃ വിശ്വാസം മാ പ്രാപ്നുഹി.

അന്വ:-

ഹേ ഭിക്ഷു! പാപക്ഷയം വരുന്നതുവരെ (നാലുപരിശുദ്ധി യാകുന്ന) ശീലംകൊണ്ടോ പാണ്ഡിത്യംകൊണ്ടോ സമാധിലാഭത്താലോ ഏകാന്തവാസത്താലോ ആര്യസേവിതമായ നൈഷ്കർമ്മ്യസുഖം ലഭിച്ചുവെന്നു വിശ്വസിക്കരുത്.

മാർഗവർഗ:

വിംശതി.

മൂലം 1.

മഗ്ഗാനട്ഠംഗികോസേട്ഠോ
സച്ചാനംചതുരോപദാ
വിരാഗോസേട്ഠോധമ്മാനം
ദ്വിപദാനഞ്ചചക്ഖുമാ-

2

ഏസോവമഗ്ഗോനത്ഥഞ്ഞോ
ദസ്സനസ്സവിസുദ്ധിയാ
ഏതംഹിതുമ്ഹേപടിപജ്ജഥ
മാരസ്സേതംപമോഹനം.

അന്വ:-

മൂ: ഭാ:-

മഗ്ഗാനംഅട്ഠങ്ഗികോസേട്ഠോ,
സച്ചാനംചതുരോപദാ,
ധമ്മാനംവിരാഗോസേട്ഠോ,
ദ്വിപദാനഞ്ചചക്ഖുമാ,
ഏസോവമഗ്ഗോ, ന-

സം:-

മാർഗ്ഗാണാംഅഷ്ടാങ്ഗികഃശ്രേഷ്ഠഃ
സത്യാനാംചത്വാരിപദാനി
ധർമ്മാണാംവിരാഗഃശ്രേഷ്ഠഃ
ദ്വിപദാനാഞ്ചചക്ഷുഷ്മാൻ
ഏഷഃഏവമാർഗ്ഗഃ,ദർശനസ്യ

സ്സനസ്സവിസുദ്ധിയാഅജ്ജ്ഞോ	വിശുദ്ധയേഅന്യനോസ്തി.
നത്ഥി,തുമ്ഹേഏതംഹി	യൂയംഏതംഹിപ്രതിപദ്യ
പടിപജ്ജഥ,ഏതംഹി	ധ്വം,ഏഷഃമാരസ്യ
മാരസ്സപമോഹനം.	പ്രമോഹനഃ

അന്വ:—

സകല മാൎഗ്ഗങ്ങളിലും വച്ച് അഷ്ടാംഗികമാൎഗ്ഗം ഉത്തമമാകുന്നു. സത്യങ്ങളിൽ വച്ച് നാലു് ആൎയ്യസത്യങ്ങളും ധൎമ്മങ്ങളിൽ വച്ച് വൈരാഗ്യവും ഉൽകൃഷ്ടമാകുന്നു. മനുഷ്യരിൽവച്ചു ചക്ഷുഷ്മാൻ (ബുദ്ധൻ) ശ്രേഷ്ഠനാകുന്നു. ഈ അഷ്ടാങ്ഗികമായ മാൎഗ്ഗം ആശ്രയിക്കത്തക്കതായ ഏക മാൎഗ്ഗമാകുന്നു. സമ്യൿദൃഷ്ടിക്ക് മററു മാൎഗ്ഗമില്ല മാരനെ മോഹിപ്പിക്കുന്നതു് ഇതുതന്നെയാകുന്നു. ഇതിനേത്തന്നെ നിങ്ങൾ അവലംബിക്കുവിൻ.

മൂലം 3.

ഏതംഹിതുമ്ഹേ പടിപന്നാ
ദുക്ഖസ്സന്തം കരിസ്സഥ
അക്ഖാതോ വേ മയാ മഗ്ഗോ
അജ്ഞായ സല്ല സ സ്ഥനം.

4

തുമ്ഹേഹികിച്ചം ആതപ്പം
അക്ഖാതാ രോ തഥാഗതാ
പടിപന്നാപമോക്ഖന്തി
ഝായിനോ മാരബന്ധനാ.

അന്വ:-

മൂ: ഭാ:-	സം:—
തുമ്ഹേ ഏതം ഹി പടിപന്നാ	യൂയം ഏതസ്മിൻ ഹി പ്രതിപന്നാഃ
ദുക്ഖസ്സന്തം കരിസ്സഥ	ദുഃഖസ്യ അന്തം കരിഷ്യഥ
സല്ലസന്ഥനം അജ്ഞായ	ശല്യസംസ്ഥാനം ജ്ഞാത്വാ
മയാമഗ്ഗോവേ അക്ഖാതോ.	മയാമാൎഗ്ഗഃ ആഖ്യാതഃവൈ-
തുമ്ഹേ ഹി ആതപ്പം കിച്ചം	യുഷ്മാഭിഃ ആതപ്യം കൎത്തവ്യം,
തഥാഗതാ അക്ഖാതാരോ;	തഥാഗതാഃ ആഖ്യാതാരഃ
പടിപന്നാ ഝായിനോ	മാൎഗ്ഗപ്രതിപന്നാഃ ധ്യായിനഃ
മാരബന്ധനാ പമോക്ഖന്തി.	മാരബന്ധനാൽ പ്രമോക്ഷ്യന്തി.

അന: —

നിങ്ങൾ ഈ മാൎഗ്ഗം സ്വീകരിച്ച് ദുഃഖം ശമിപ്പിക്കുക; രാഗാദികളായ ദോഷങ്ങളുടെ സ്ഥിതിയേക്കുറിച്ച് അറിഞ്ഞിട്ട് ഈ മാൎഗ്ഗം എന്നാൽ നിർദ്ദേശിക്കപ്പെട്ടു. നിങ്ങൾ ഇതിൽ ഉദ്യമിക്കേണ്ടതാകുന്നു. ബുദ്ധന്മാർ കേവലം ധൎമ്മോപദേഷ്ടാക്കളാകുന്നു. ഈ മാൎഗ്ഗമവലംബിച്ച് ധ്യാനനിഷ്ഠരായിരിക്കുന്ന വ്യക്തികൾ മാരന്റെ ബന്ധനങ്ങളിൽനിന്ന് വിമുക്തരായിത്തീരുന്നു.

മൂലം 5.

സബ്ബേസങ്ഖാരാ അനിച്ചാതി
യദാ പഞ്ഞായ പസ്സതി
അഥ നിബ്ബിന്ദതി ദുക്ഖേ
ഏസമഗ്ഗോ വിസുദ്ധിയാ.

അന്വ: —

മൂ: ഭാ: -	സം: -
സബ്ബേസങ്ഖാരാ അനിച്ചാതി	സൎവ്വേസംസ്കാരാഃ അനിത്യാ
യദാ പഞ്ഞായ പസ്സതി	ഇതിയദാ പ്രജ്ഞയാ പശ്യതി
അഥദുക്ഖേ നിബ്ബിന്ദതി	തദാ സഃ ദുഃഖാനി നിർവ്വിന്ദതി,
ഏസാ വിസുദ്ധിയാ മഗ്ഗോ.	ഏഷ വിശുദ്ധേഃ മാൎഗ്ഗഃ -

അന: —

സകല സംസ്കാരങ്ങളും അനിത്യങ്ങളെന്ന് സമ്യക്ജ്ഞാനത്താൽ ഒരുവൻ അറിയുമ്പോൾ അവൻ സമസ്തദുഃഖങ്ങളിൽനിന്നും നിർവ്വേദം പ്രാപിക്കുന്നു. ഇതു് പരിശുദ്ധമായ മാൎഗ്ഗമാകുന്നു.

മൂ: 6

സബ്ബേസങ്ഖാരാ ദുക്ഖാതി
യദാ പഞ്ഞായ പസ്സതി
അഥനിബ്ബിന്ദതി ദുക്ഖേ.
ഏസമഗ്ഗോ വിസുദ്ധിയാ

അന്വ: —

മൂ: ഭാ: -	സം: —
സബ്ബേസങ്ഖാരാ ദുക്ഖാതി	സൎവ്വേസംസ്കാരാഃ ദുഃഖാഃ ഇതി
യദാ പഞ്ഞായ പസ്സതി	യദാ പ്രജ്ഞയാ പശ്യതി.

അഥദുക്ഖേ നിബ്ബിന്ദതി.	തദാ ദുഃഖാനി നിർവ്വിന്ദതി
ഏസ വിസുദ്ധിയാമഗ്ഗോ,	ഏഷ വിശുദ്ധേഃ മാർഗ്ഗഃ

അന്വ:—

സംസ്കാരങ്ങളെല്ലാം ദു:ഖകരങ്ങളാണെന്നു മനുഷ്യൻ ജ്ഞാനദൃഷ്ടികൊണ്ടറിയുമ്പോൾ അവൻ സകല ദുഃഖങ്ങളിൽനിന്നും നിർവ്വേദം പ്രാപിക്കും. വിശുദ്ധി ലഭിക്കുന്നതിന് ഇതു് ഉത്തമമായ മാർഗ്ഗമാകുന്നു.

മൂ: 7.

സബ്ബേ ധമ്മ അനത്താതി
യദാ പഞ്ഞായ പസ്സതി,
അഥ നിബ്ബിന്ദതി ദുക്ഖേ
ഏസമഗ്ഗോ വി സുദ്ധിയാ.

അന്വ:—

മൂ: ഭാ:—	സം:—
സബ്ബേധമ്മാഅനത്താതി	സർവ്വേ ധർമ്മാഃ അനാത്മാ
യദാപഞ്ഞായപസ്സതി	ന ഇതിയദാപ്രജ്ഞയാപശ്യ
അഥദുക്ഖേനിബ്ബിന്ദതി	തി. തദാദുഃഖാനിനിർവ്വിന്ദതി
ഏസവിസുദ്ധിയാമഗ്ഗോ	ഏഷവിശുദ്ധേഃമാർഗ്ഗഃ

അന്വ:—

സകല ധർമ്മങ്ങളും അനാത്മവസ്തുക്കളാണെന്ന് മനുഷ്യൻ ജ്ഞാനത്താൽ അറിയുമ്പോൾ അവൻ സകല ദുഃഖങ്ങളിൽനിന്നും നിർവേദം പ്രാപിക്കുന്നു. ഇതത്രേ വിശുദ്ധിലാഭത്തിനുള്ള മാർഗ്ഗം.

മൂ: 8.

ഉട്ഠാന കാലമ്ഹി അനുട്ഠഹാനോ
യുവാ ബലീ ആലസിയം ഉപേതോ
സംസന്ന സങ്കപ്പമനോ കുസീതോ
പഞ്ഞായ മഗ്ഗം അലസോന വിന്ദതി

അന്വ:—

മൂ: ഭാ:—	സം:—
ഉട്ഠാന കാലമ്ഹി അനു	ഉത്ഥാന കാലേ അനുത്തിഷ്ഠൻ
ട്ഠഹാനോ, യുവാ ബലീ	യുവാബലി ആലസ്യം ഉപേതഃ

ആലസിയം ഉപേതോ, സംസന്ന സങ്കപ്പ മനോകസീതോ, അലസോ പഇഞായ മഗ്ഗം ന വിന്ദതി.

അസന്ന സങ്കല്പ മനാഃ കുസീദഃ അലസശ്ച പ്രജ്ഞായാ: മാർഗ്ഗം ന വിന്ദതി.

അൎഥ;-

ഏതൊരു പുരുഷൻ ഉദ്യമം ചെയ്യേണ്ട കാലത്ത് ഉദ്യമം ചെയ്യാതിരിക്കുന്നു, യുവാവും ബലിഷ്ഠനുമാണെങ്കിലും അലസനായിരിക്കുന്നു, ഏതൊരുവൻെറ ചിത്തം കാമാദികളായ ദോഷങ്ങളാൽ കലുഷിതമായിരിക്കുന്നു, വീര്യഹീനനും അലസനുമായ ആ പുരുഷന് ജ്ഞാനമാർഗ്ഗം ലഭിക്കുക സാദ്ധ്യമല്ല.

മൂ: 9.

വാചാനുരക്ഖീമനസാ സുസംവുതോ
കാ യേന ച അകുസലം ന കയിരാ
ഏതേ തയോ കമ്മ പഥേ വിസോധയേ
ആരാധയേ മഗ്ഗ മിസിപ്പ വേദിതം

അന്വയം.

മൂ: ഛാ.-

വാചാനുരക്ഖീ, മനസാ സുസംവുതോ കായേന ച അകുസലം ന കയിരാ ഏതേ തയോ കമ്മ പഥേ വിസോധയേ ഇസിപ്പവേദിതം മഗ്ഗം ആരാധയേ.

സം:-

വാചാനുരക്ഷീ മനസാസു സംവൃത: കായേന ച അകുശലം ന കുര്യാൽ ഏതാൻ ത്രീൻ കൎമ്മപഥാൻ വിശോധയേൽ, ഋഷി പ്രവേദിതം മാൎഗ്ഗം ആരാധയേൽ

അൎഥ:-

വാൿസംയമത്തെയും മനസ്സംയമത്തെയും ശീലിക്കണം. ശരീരംകൊണ്ട് അയോഗ്യമായ കൎമ്മം ചെയ്യരുത്. ഈ മൂന്നു കൎമ്മമാൎഗ്ഗങ്ങളെ വിശുദ്ധമാക്കിക്കൊണ്ട് ഋഷി പ്രദൎശിതമായ മാൎഗ്ഗത്തിൽ സഞ്ചരിക്കണം.

മൂലം 10.

യോഗാവേജായതീഭൂരി
അയോഗാഭൂരിസങ്ഖയോ
ഏതംദ്വേധാപഥംഞതാ
ഭവായവിഭവായച
തഥത്താനംനിവേസേയ്യ
യഥാഭൂരിപവഡ്ഢതി.

അന്വ:-

മൂ: ഭാ:-	സം:-
യോഗാംവെഭൂരിജായതീ	യോഗാൽവൈഭൂരി(ജ്ഞാനം)
അയോഗാഭൂരി സങ്ഖയോ	ജായതേ,അയോഗാൽഭൂരിസം
ഭവായവിഭവായചഏ്യ	ക്ഷയഃ,ഭവായചഃവിഭവായ്
തംദ്വേധാപഥംജ്ഞ	ചഏ്യതംദ്വേധാപഥം
ത്വാതഥാത്താനം	ജ്ഞാത്വാതഥാത്മാ
നിവേസേയ്യയഥാഭൂരി	നംനിവേശയേൽ-യഥാ
പവഡ്ഡതി.	ഭൂരിപ്രവർദ്ധതെ.

അന്വ:-

യോഗത്തിൽനിന്നു ജ്ഞാനവും അയോഗത്തിൽ നിന്ന് ജ്ഞാനഹാനിയുമുണ്ടാകുന്നു. ഭവവിഭവ (ലാഭാലാഭ)ങ്ങളെ ലഭിക്കുന്നതിന് ഉപായഭൂതങ്ങളായ ഈ മാർഗ്ഗങ്ങളെ അറിഞ്ഞിട്ട് എപ്രകാരമായാൽ ജ്ഞാനവൃദ്ധിയുണ്ടാകുമോ അപ്രകാരം യുക്തമായ മാർഗ്ഗത്തിൽ മനസ്സവയ്ക്കണം.

മൂല-11.

വനംഛിന്ദഥമാരുക്ഖം
വനതോജായതീഭയം
ഛേത്വാവനഞ്ചവനഥഞ്ച
നിബ്ബനാഹോഥഭിക്ഖവോ.

12

യാവംഹിവനഥോനഛിജ്ജതി
അനുമത്തോപിനരസ്സനാരിസു
പടിവദ്ധമനോവതാവസോ
വച്ഛോഖീരപകോവമാതരി-

അന്വ:-

മൂ: ഭാ:-	സം:-
വനംഛിന്ദഥമാരുക്ഖം,	വനംഛിന്ദി,മാവൃക്ഷം
വനതോഭയംജായതി,	വനതഃഭയംജായതെ.ഹേ
ഹേഭിക്ഖവോവനഞ്ച	ഭിക്ഷവഃവനഞ്ചവനഥഞ്ച
വനഥഞ്ചഛേത്വാനി	(ക്ഷുദ്രവനംച)ഛിത്വാനി
ബ്ബനാഹോഥ,യാവം	ർവ്വാണാഭവത:-യാവദ്ധി
ഹിനരസ്സനാരിസുഅ	നരസ്യനാരിഷുഅണുമാ

നമത്തോപിവനാഥോ	ത്രോപി(വനഥഃ'(അന്തരാഗഃ)
നച്ഛിജ്ജതി താവ	നച്ഛിദ്യതെ താവൽസഃ
സോഖീരപകോവ	ക്ഷീരപാകഃവത്സഃമാത
ച്ഛേമാതരിവപടിവ	രിഇവപ്രതിബദ്ധമ
ദ്ധമനോഹോതി.	നാഃ(ഭവതി)

അന്വ: —

വാസനകളാകുന്ന വനത്തേ ഛേദിച്ചുകളയുക! എന്നാൽ വൃക്ഷത്തേ ഛേദിക്കരുത്. വനത്തിൽനിന്നും ഭയം ഉണ്ടാകുന്നു. ഹേ ഭിക്ഷുക്കൾ! നിങ്ങൾ വനത്തെയും മററു ക്ഷുദ്രവനങ്ങളെയും ഛേദിച്ച് വാസനാരഹിതചിത്തരായി നിവ്വാണം പ്രാപിക്കുവിൻ! മനുഷ്യന് സ്ത്രീകളിൽ അല്പമായിട്ടെങ്കിലും ആസക്തി ഉണ്ടെങ്കിൽ, മുല കുടിക്കുന്ന പശുക്കുട്ടി പശുവിൽ ആസക്തിയോടു ഇരിക്കുന്നതുപോലെ അവനും ബദ്ധഹൃദയനായിരിക്കുന്നു.

മൂ: 13,

ഉച്ഛിന്ദ സിനേഹമത്തനോ
കുമുദം സാരദികം വ പാണിനാ
സന്തിമഗ്ഗമേ വബ്രൂഹയ
നിബ്ബാനം സുഗതേ ന ദേസിതം.

അന്വയം.

മൂ: ഭാ:-	സം:-
പാണിനാ സാരദികം കുമുദംവ അത്തനോ സിനേഹം ഉച്ഛിന്ദഃ സന്തിമഗ്ഗ മേവ ബ്രൂഹയ, നിബ്ബാനം സുഗതേന ദേസിതം.	പാണിനാ ശാരദികം കുമുദമിവ ആത്മനഃ സ്നേഹമുഛിന്ധി, ശാന്തി മാഗ്ഗമേവ ബൃംഹയ, സുഗതേന നിവ്വാണം ദശിതം.

അന്വ:-

കയ്യുകൊണ്ടു ശരൽക്കാലത്തിലേ കുമുദത്തേ എന്നപോലെ സ്നേഹത്തേ ഛേദിച്ചുകളയുക. ശാന്തിമാഗ്ഗത്തേ അവലംബിക്കുക. ശ്രീബുദ്ധൻ നിവ്വാണമാഗ്ഗത്തേ പ്രദശിപ്പിച്ചിരിക്കുന്നു.

മൂ: 14.

ഇധവസ്സം വസിസ്സാമി
ഇധഹേമന്ത ഗിംഹ്മിസു
ഇതിബാലോവിചിന്തേതി
അന്തരായം നബുജ്ഝതി.

അന്വ:-

മൂ: ഭാ.

ഇധവസ്സം വസിസ്സാമി ഇധ ഹേമന്ത ഗിംഹ്മിസു, ബാലോ വിചിന്തേതി അന്തരായം ന ബുജ്ഝതി.

സം:-

ഇഹ വർഷാസു വസിഷ്യാമി, ഇഹഹേമന്തഗ്രീഷ്മയോ: വസിഷ്യാമി. ഇതിബാല: വിചിന്തയതി. അന്തരായം ന ബുദ്ധ്യതെ.

അനു:-

വർഷകാലത്തു് ഇവിടെ വസിക്കണം, മഞ്ഞുകാലത്തും വേനൽക്കാലത്തും ഇവിടെത്തന്നെ വസിക്കണം. ഇപ്രകാരം മൂർഖൻ (മഠയൻ) ചിന്തിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ, ജീവിതം എന്നു് അവസാനിക്കുമെന്നുള്ളതു് അവൻ അറിയുന്നതേ ഇല്ല.

മൂലം 15.

തം പുത്ത പസു സമ്മതം
വ്യാസത്ത മനസം നരം
സുത്തംഗാമം മഹോഘോവ
മച്ചുആദായ ഗച്ഛതി.

അന്വ:-

മൂ: ഭാ:-

പുത്തപസു സമ്മതം
വ്യാസത്തമനസം തം നരം
മഹോഘോ സുത്തം ഗാമം വ മച്ചു ആദായഗച്ഛതി

സം:-

പുത്രപശു സമ്മത്തം
വ്യാസക്തമനസം തം നരം
സുപ്തംഗ്രാമം മഹൌഘഃ
ഇവ മൃത്യു ആദായഗച്ഛതി

അനു:-

വലിയ ജലപ്രവാഹം നിദ്രാവിഷ്ടമായ ഗ്രാമത്തേ ഗ്രസിച്ചു് ഒഴുകുന്നതുപോലെ പുത്രൻ പശു മുതലായവയിൽ ആസക്തചിത്തനായ പുരുഷൻ മൃത്യുവിനാൽ ഗ്രസിക്കപ്പെടുന്നു.

മൂലം 16.

ന സന്തി പുത്താ താണായ
ന പിതാ നപി ബന്ധവാ
അന്തകേനാധി പന്നസ്സ
നത്ഥിജ്ഞാതിസു താണതാ.

അന്വ:-

മൂ: ഭാ:-
ന താണായ പുത്താ സന്തി
ന പിതാ ന പി ബന്ധവാ
സന്തി അന്തകേന അധിപ
ന്നസ്സ ജ്ഞാതിസു താണതാ
നത്ഥി.

സം:-
ന ത്രാണായ പുത്രാഃ സന്തി
ന പിതാ നാ പി ബാന്ധവാഃ
സന്തി അന്തകേന അധിപ
ന്നസ്യ ജ്ഞാതിഷു ത്രാണതാ
നാസ്തി.

അന്വ:-

അന്തകനാൽ ഗ്രഹിക്കപ്പെട്ടവനേ രക്ഷിക്കുന്നതിനു പുത്രന്മാരോ പിതാവോ ബന്ധുക്കളോ ഇല്ല. അപ്രകാരമുള്ള വ്യക്തിക്ക് സ്വജനങ്ങളിൽനിന്ന് യാതൊരു രക്ഷയും ലഭിക്കുന്നില്ല.

മൂ: 17

ഏതമത്ഥവസംജ്ഞത്വാ
പണ്ഡിതോസീലസംവൃതോ
നിവ്വാണഗമനം മഗ്ഗം
ഖിപ്പമേവവിസോധയേ

അന്വയം

മൂ: ഭാ:-
പണ്ഡിതോസിലസംവൃ
തോഏതം അത്ഥവസം
ജ്ഞത്വാഖിപ്പമേവ
നിവ്വാണഗമനംമഗ്ഗം
വിസോധയേ

സം: -
പണ്ഡിതഃശീലസംവൃതഃ
ഏതംഅത്ഥവശംജ്ഞാ-
ത്വാക്ഷിപ്രമേവനിവ്വാ
ണഗമനംമാഗ്ഗംവിശോധ
യേൽ-

അന്വ: -

പണ്ഡിതനും ശുദ്ധശീലങ്ങളാൽ സുരക്ഷിതനുമായ പുരുഷൻ ഈ വാക്യാത്ഥമറിഞ്ഞു് അചിരേണ നിവ്വാണപ്രാപ്തിക്ക് പര്യാപ്തമായ മാഗ്ഗത്തെ പരിശോധിക്കണം — പരിപാലിക്കണം-അവലംബിക്കണം.

പ്രകീർണ്ണവർഗ്ഗഃ

(ഏകവിംശതി)

മൂ: 1

മത്താസുഖ പരിച്ചാഗാ
പസ്സേചേവിപുലംസുഖം
ചജേമത്താസുഖംധീരോ
സമ്പസ്സംവിപുലംസുഖം.

അനുയം

മൂ: ഭാ:-	സം:-
ധീരോമത്താസുഖപരി	ധീരഃമാത്രാസുഖപരിത്യാഗാൽ
ച്ചാഗാചേവിപുലംസുഖാം	ചേൽവിപുലം സുഖാംപശ്യേൽ
പസ്സേ,വിപുലംസുഖാസ	വിപുലംസുഖംസമ്പശ്യൻ
മ്പസ്സംമത്താസുഖംചജേ	മാത്രാസുഖാത്യജേൽ.

അൻ:—

ജ്ഞാനിയായ പുരുഷൻ ക്ഷണികമായ വിഷയസുഖത്തെ വിട്ടു ശാശ്വതമായ പരമസുഖത്തെ അനുഭവഗോചരമാക്കണം. ശാശ്വതമായ നിർവ്വാണസുഖമറിഞ്ഞിട്ടു സാമാന്യമായ വിഷയസുഖത്തെ സമ്പൂർണ്ണം പരിത്യജിക്കണം.

മൂ: 2.

പരദുക്ഖൂപദാനേന
യോത്തനോ സുഖമിച്ഛതി
വേരസംസഗ്ഗസംസട്ടോ
വേരാസോനപരിമുച്ചതി.

അനു:-

മൂ: ഭാ:-	സം:
പരദുക്ഖൂപദാ നേനയോ അ	പരദുഃഖോ പദാനേനയഃ ആ
ത്തനോസുഖം ഇച്ഛതി, വേര	ത്മനഃ സുഖം ഇച്ഛതി. വൈ

സംസഗ്ഗ് സംസട്ടോ സോവേ രാന പരിമുച്ചതി. | രസംസഗ്ഗ് സംസ്സൃഷ്ടഃ സഃ വൈരാൽ ന പരിമു ച്യതെ.

അന്വ:-

ഏതൊരു പുരുഷൻ അന്യരെ ദുഃഖിപ്പിച്ചും സ്വന്തംസുഖമാഗ്രഹിക്കുന്നു, വിദ്വേഷത്തിന്റെ സംസർഗ്ഗത്താൽ കലുഷഹൃദയനായ അവൻ ഒരിക്കലും വിദ്വേഷത്തിൽ നിന്നു വിമുക്തനാകുന്നില്ല.

മൂലം 3.

യംഹികിച്ചംതദപവിദ്ധം
അകിച്ചംപനകയിരതി,
ഉന്നലാനംപമത്താനം
തേസംവഡ്ഢന്തിആസവാ-

4

യേസഞ്ചസുസമാരദ്ധാ
നിച്ചംകായഗതാസതി
അതിച്ചന്തേനസേവന്തി
കിച്ചേസാതച്ചകാരിനോ
സതാനംസമ്പജാനാനം
അത്ഥംഗച്ഛന്തിആസവാ-

അന്വ:-

മൂ: ഭാ:-

യംഹികിച്ചംതൽഅപവിദ്ധം,അകിച്ചം പനകയിരതി,ഉന്നലാനം പമത്താനം തേസംആസവാവഡ്ഢന്തി-യേസഞ്ചകായഗതാസതി നിച്ചം സുസമാരദ്ധാ അകിച്ചന്തേനസേവന്തി,കിച്ചേ സാതച്ച കാരിനോ സതാനം സമ്പജാനാനം ആസവാ അത്ഥം ഗച്ഛന്തി.

സം:-

യൽഹികൃത്യംതൽഅപവിദ്ധംഅകൃത്യം പുനഃകുർവീരൻ ഉന്മലാനാംപ്രമത്താനാംതേഷാം ആസവാവർദ്ധന്തേ-യേഷാഞ്ചകായഗതാസ്മൃതിഃ നിത്യംസുസമാരബ്ധാതേ അകൃത്യം നസേവന്തെ കൃത്യേ സാതത്യകാരിണാം സതാം സമ്പ്രജാനാനാം ആസവാഃ അന്തംഗച്ഛന്തി-

അന്വ:-

തന്റെ കർത്തവ്യമുപേക്ഷിച്ച് അകൃത്യാ പ്രവർത്തിക്കുന്ന അഹങ്കാരിയും പ്രമത്തനുമായ പുരുഷന് പാപങ്ങൾ വർദ്ധിക്കുന്നു,

ശരീരത്തെയും അതിന്റെ ഉപാദാനങ്ങളെയും കുറിച്ച് വേണ്ടവണ്ണം ചിന്തിച്ച് അയോഗ്യങ്ങളായ കർമ്മങ്ങളെ ത്യജിച്ച് കർത്തവ്യപാലനത്തിൽ അത്യന്തം താല്പര്യത്തോടുകൂടിയിരിക്കുന്ന ജ്ഞാനികൾക്ക് പാപം ക്രമേണ ശാന്തമാകുന്നു

മൂലം 5.

മാതരംപിതരംഹന്ത്വാ
രാജാനോദ്വേചഖത്തിയേ
രട്ഠംസാനുചരംഹന്ത്വാ
അനീഘോയാതിബ്രാഹ്മണോ-

അന്വ:-

മൂ: ഭാ:-	സം:-
മാതരംപിതരംദ്വേഖത്തിയേ	മാതരംപിതരംദ്വൌക്ഷ
രാജാനോഹന്ത്വാച	ത്രിയരാജാനൌഹത്വാസാ
സാനുചരംരട്ഠംഹന്ത്വാ	നുചരണംരാഷ്ട്രംചഹത്വാ
അനീഘോബ്രാഹ്മണോയാതി-	ബ്രാഹ്മണഃഅനഘഃയാതി-

അനു:-

തൃഷ്ണയാകുന്ന മാതാവിനെയും അഹങ്കാരമാകുന്ന പിതാവിനേയും ശാശ്വതവും ഉച്ഛേദദൃഷ്ടിയുമാകുന്ന രണ്ടു ക്ഷത്രിയ രാജാക്കന്മാരെയും ദ്വാദശായതനമാകുന്ന സാനുചരരാജ്യത്തെയും നശിപ്പിച്ചിട്ട് ബ്രാഹ്മണൻ പാപരഹിതനായി സഞ്ചരിക്കുന്നു.

മൂലം 6.

മാതരംപിതരംഹന്ത്വാ
രാജാനോദ്വേചസോത്ഥിയേ
വേയ്യഗ്ഘപഞ്ചമംഹന്ത്വാ
അനീഘോയാതിബ്രാഹ്മണോ-

അന്വ:-

മൂ: ഭാ:-	സം:-
മാതരംപിതരംദ്വേസോത്ഥി	മാതരംപിതരംദ്വൌശ്രോത്രി
യേരാജാനോഹന്ത്വാവേയ്യഗ്ഘ	യരാജാനൌഹത്വാവ്യാഘ്ര
പഞ്ചമംഹന്ത്വാബ്രാഹ്മണോ	പഞ്ചമംചഹത്വാബ്രാഹ്മ
അനീഘോയാതി-	ണഃഅനഘഃയാതി-

അന്വ:-

മാതാവായ തൃഷ്ണയെയും പിതാവായ അഹങ്കാരത്തെയും ശാശ്വതവും ഉച്ഛേദദൃഷ്ടിയുമാകുന്ന രണ്ടു ശ്രോത്രിയ രാജാക്കന്മാരെയും കാമം, അഹങ്കാരം, ഹിംസ, ആലസ്യം, സന്ദേഹം എന്നീ പഞ്ചവ്യാഘ്രങ്ങളെയും നശിപ്പിച്ച് ബ്രാഹ്മണൻ നിഷ്പാപനായി സഞ്ചരിക്കുന്നു.

മൂലം 7.

സുപ്പബുദ്ധംപബുജ്ഝന്തി.
സദാഗോതമസാവകാ
യേസംദിവാചരത്തോച
നിച്ചംബുദ്ധഗതാസതി.

8

സുപ്പബുദ്ധംപബുജ്ഝന്തി
സദാഗോതമസാവകാ
യേസംദിവാചരത്തോച
നിച്ചംധമ്മഗതാസതി.

9

സുപ്പബുദ്ധംപബുജ്ഝന്തി
സദാഗോതമസാവകാ
യേസംദിവാചരത്തോച
നിച്ചംസങ്ഘഗതാസതി-

അന്വ:-

മൂ: ഭാ:-	സം:-
യേസംദിവാചരത്തോച	യേഷാംദിവാചരാത്രൌച
നിച്ചംബുദ്ധഗതാസതി.	നിത്യംബുദ്ധഗതാസ്മൃതിഃതേ
തേഗോതമസാവകാസദാ	ഗൌതമശ്രാവകാഃസദാസു
സുപ്പബുദ്ധംപബുജ്ഝന്തി.	പ്രബുദ്ധംപ്രബുദ്ധ്യന്തെ-
യേസംദിവാചരത്തോച	യേഷാംദിവാചരാത്രൌച
നിച്ചംധമ്മഗതാസതി.തേ	നിത്യംധർമ്മഗതാസ്മൃതിഃതേ
ഗോതമസാവകാസദ.സുപ്പ	ഗൌതമശ്രാവകാഃസദാസു
ബുദ്ധംപബുജ്ഝന്തി-	പ്രബുദ്ധംപ്രബുദ്ധ്യന്തെ.
യേസംദിവാചരത്തോച	യേഷാംദിവാചരാത്രൌച
നിച്ചംസങ്ഘഗതാസതി,തേ	നിത്യംസംഘഗതാസ്മൃതിഃതേ
ഗോതമസാവകാസദാ	ഗൌതമശ്രാവകാഃസദാസു
സുപ്പബുദ്ധംപ്പബുജ്ഝന്തി-	പ്രബുദ്ധംപ്രബുദ്ധ്യന്തെ.

അന്വ:-

ബുദ്ധനെയും ബുദ്ധധമ്മത്തെയും ബുദ്ധസംഘത്തേയും സദാ സ്മരിച്ചുകൊണ്ടിരിക്കുന്ന ബുദ്ധശിഷ്യന്മാർ എല്ലായ്പോഴും ഉണൎന്നു തന്നെ ഇരിക്കുന്നു.

മൂലം 10.

സുപ്പബുദ്ധംപബുജ്ഝന്തി.
സദാഗോതമസാവകാ
യേസം ദിവാ ചരത്തോച
നിച്ചം കായഗതാസതി.

11

സുപ്പബുദ്ധം പബുജ്ഝന്തി
സദാഗോതമസാവകാ
യേസംദിവാ ചരത്തോച (൩൦൦)
അഹിംസായ രതോമനോ

12

സുപ്പബുദ്ധം പബുജ്ഝന്തി
സദാഗോതമസാവകാ
യേസംദിവാ ചരത്തോച
ഭാവനായരതോ മനോ.

അന്വ:—

മൂ: ഭാ:—

യേസംദിവാ ചരത്തോച
നിച്ചംകായഗതാസതി
തേ ഗോതമസാവകാ സദാ
സുപ്പബുദ്ധം പബുജ്ഝന്തി,
യേസംമനോദിവാചരത്തോ
ച അഹിംസായ രതോ തേ
ഗോതമസാവകാ സദാസു
പ്പബുദ്ധം പബുജ്ഝന്തി-യേ
സംമനോ ദിവാചരത്തോ
ച ഭാവനായ രതോ തേ
ഗോതമസാവകാ സദാ
സുപ്പബുദ്ധം പബുജ്ഝന്തി.

സം:-

യേഷാംദിവാ ചരാത്രൗച
നിത്യംകായഗതാസ്മൃതിഃ
തേ ഗൌതമശ്രാവകാഃ സദാ
സുപ്രബുദ്ധം പ്രബുദ്ധ്യന്തെ.
യേഷാംമനഃ ദിവാചരാത്രൌ
ച അഹിംസയാരതം, തേ
ഗൌതമശ്രാവകാഃ സദാസു
പ്രബുദ്ധം പ്രബുദ്ധ്യന്തെ-യേ
ഷാംമനഃ ദിവാചരാ ത്രൌച
ഭാവനയാരതം, തേ ഗൌതമ
ശ്രാവകാഃ സദാ സുപ്രബുദ്ധം
പ്രബുദ്ധ്യന്തെ.

അന്വ:-

യാവ ചില ഗൌതമശിഷ്യന്മാർ ദിവാരാത്രം കായഗതമായ അനുസ്മൃതിയെ ഭാവനം ചെയ്യുന്നു, യാവ ചിലർ സദാ അഹിംസാതല്പന്മാരായിരിക്കുന്നു, യാവ ചിലർ സദാ ഭാവനാ—ധ്യാന—നിരതരായിരിക്കുന്നു, ഇവർ സദാ പ്രബുദ്ധരായിരിക്കുന്നു.

മൂലം 13.

ദുപ്പവ്വജ്ജം ദുരഭിരമം
ദുരാവാസാഘരാദുഖാ
ദുക്ഖോ/സമാനസംവാസോ
ദുക്ഖാനുപതിതദ്ധഗ്ഗു
തസ്മാന ച അദ്ധഗ്ഗുസിയാ
ചന ദുക്ഖാനാ പതിതോസിയ

അന്വ:-

മൂ: ഭാ:-	സം:-
ദുപ്പവ്വജ്ജം ദുരഭിരമാ	ദുഷ്പ്രവ്രജ്യം ദുരഭിരാമം
ദുരാവാസാഘരാദുഖാ,	ദുരാവാസം ഗൃഹംദുഃഖം
അസമാനസംവാസോ	അസമാനസംവാസോ ദുഃഖഃ
ദുക്ഖോ, അദ്ധഗ്ഗുദുക്ഖാ	അദ്ധ്വഗഃ ദു:ഖാനുപതിതഃ
നുപതിതോ, തസ്മാ അ	തസ്മാൽ അദ്ധ്വഗഃ പയ്യട
ദ്ധഗ്ഗുനചസിയാ ദുക്ഖാ	കോ നസ്യാൽ, ദു:ഖാനുപ
നു പതിതാനചസിയാ	തിതശ്ചനസ്യാൽ

അന്വ:-

ദു:ഖത്തോടുകൂടി സ്വീകരിക്കപ്പെട്ട സന്യാസം ദു:ഖകരവും ഭോഗസുഖവിഹീനവുമാകുന്നു. എന്തെന്നാൽ, പരിവ്രാജകന് ഭിക്ഷയും ശീലപാലനവും അത്യന്തം കഷ്ടകരമാകുന്നു. വാസയോഗ്യമല്ലാത്ത ഗൃഹത്തിലേ വാസവും സമന്മാരല്ലാത്തവരോടുള്ള സഹവാസവും ദുഃഖകരമാകുന്നു. പുനർജ്ജന്മരൂപമായ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുക അതികഷ്ടമാകുന്നു. ഈ കാരണങ്ങളാൽ പുനർജ്ജന്മത്തെ ഉണ്ടാക്കുന്ന മാർഗ്ഗത്തെ തുടരുകയോ ദു:ഖനിമഗ്നനാകുകയോ അരുത്.

മൂലം 14.

സദ്ധോസീലേനസമ്പന്നോ
യസോഭോഗസമപ്പിതോ
യം യം പദേ സംഭജതി
തത്ഥതത്ഥേവപൂജിതോ

അന്വയം

മൂ: ഭാ: —	സം: —
സദ്ധോസീലേന	ശ്രാദ്ധഃശീലേനസമ്പന്നഃ
സമ്പന്നോയസോഭോ	യശോഭോഗസമപ്പിതഃ
ഗസമപ്പിതോയംയം	യംയംപ്രദേശംഭജതേ
പദേസംഭജതിതത്ഥ	തത്രതത്രൈവപൂജിതഃ
തത്ഥഏവപൂജിതോ-	(ഭവതി)

അന്വ: —

ശ്രദ്ധാലുവും ശീലഗുണസമ്പന്നനും യശസ്വിയും ധനവാനുമായ പുരുഷൻ എവിടെ സഞ്ചരിക്കുന്നുവോ അവിടെ അവൻ പൂജിതനായി ഭവിക്കുന്നു.

മൂ: 15

ദൂരേ സന്തോപകാസേന്തി
ഹിമവന്തോവപബ്ബതോ
അസന്തേത്ഥനദിസ്സന്തി
രത്തിഖിത്തായഥാസരാ-

അന്വയം

മൂ; ഭാ: —	സം:—
സന്തോ ദൂരെഹിമവന്ത	സന്തഃദൂരെഹിമവാൻ
പബ്ബതോഇവപകാ	പവ്വതഇവ പ്രകാശന്തേ
സേന്തി,ഏത്ഥഅസ	അത്രഅസന്തുരാത്രി
ന്തോരത്തിഖിത്താ	ക്ഷിപ്താഃശരായഥാ
സരായഥാനദിസ്സന്തി	നദൃശ്യന്തേ-

അന്വ:—

സജ്ജനങ്ങൾ ഹിമവാൻപവ്വതംപോലെ ദൂരത്തിൽ പ്രകാശിക്കുന്നു. അസത്തുക്കൾ രാത്രിയിൽവിട്ട ശരംപോലെ കാണപ്പെടുന്നില്ല.

മൂ: 16

ഏകാസനംഏകസേയ്യം
ഏകോചരമതന്ദിതോ
ഏകോദമയമത്താനം
വനന്തേരമിതോസിയാ-

അന്വ:-

മൂ: ഭാ:-

ഏകാസനംഏകസേയ്യം ഏകോ ചരം അതന്ദിതോ ഏകോ അ ത്താനം ദമയം വനന്തേ രമിതോ സിയാ

സം:-

ഏകാസനഃഏകശയ്യഃ
ഏകഃ അതന്ദ്രിതഃ ചരൻ
ഏകഃ ആത്മാനംദമയൻ
വനാന്തേ രമിതഃ സ്യാൽ.

അന്വ:—

ഏകാസനോപവിഷ്ടനം ഏകശയ്യാശായിയും ആലസ്യ ര ഹിതനം ഏകനായി സഞ്ചരിക്ക ശീലമുള്ളവനം മനഃസംയമമുള്ള വനമായ പുരുഷൻ വാനപ്രസ്ഥാശ്രമത്തിൽ—നിജ്ജനത്തിൽ— പ്രീതിയെ പ്രാപിക്കം.

പ്രകീണ്ണവഗ്ഗഃ
ഏകവിംശതിതമഃ

നിരയവർഗഃ

ദ്വാവിംശതിതമഃ

മൂ: 1.

അഭൂതവാദീനിരയംഉപേതി
യോവാപികത്വാനകരോമീ'തിചാഹ
ഉഭോപിതേപേച്ചസമാഭവന്തി
നിഹീനകമ്മാമനജാപരത്ഥ

അന്വ:—

മൂ: ഭാ:-

അഭൂതവാദീനിരയംഉപേതി യോ വാപികത്വാ നകരോ മീ'തിആഹ, നിഹീനകമ്മാ

സം:-

അസത്യകഥന ശീലഃനിരയം ഉ പൈതി,യഃകൃത്വാനകരോമിഇ തിആഹ, നിഹീന കമ്മാണൌ

യേ ഉഭോപിമനജാപേച്ച	തെഉഭൌ അപിമനജൌ പ്രേ
പ:ത്ഥസമാഭവന്തി.	ത്യപരത്രസമാനൌഭവതഃ

അൎത്ഥം:—

അസത്യം പറയുന്നവൻ നരകം പ്രാപിക്കുന്നു. ഒരുവൻ എന്തെങ്കിലും കാൎയ്യം ചെയ്തിട്ട് 'ഞാൻ അങ്ങിനെ ചെയ്തില്ല്' എന്നു പറയുന്നു. അവനും നരകം പ്രാപിക്കും. ഹീനകൎമ്മം ചെയ്യുന്ന അവരിരുവരും പരലോകത്തിൽ ഒരുപോലെ ദുഃഖമനുഭവിക്കും.

മൂലം 2.

കാസാവകണ്ഠാബഹവോ
പാപധമ്മാ അസഞ്ഞതാ
പാപാപാപേഹികമ്മേഹി
നിരയന്തേ ഉപ്പജ്ജരേ.

അന്വ:

മൂ: ഭാ:	സം.
കാസാവകണ്ഠാ ബഹവോ	കാഷായകന്ധാഃ പാപധ
പാപധമ്മാ അസഞ്ഞതാ	ൎമ്മാണഃ അസംയതാഃ പാ
ബഹവോ തേ പാപാ	പാഃ പാപൈഃ കൎമ്മഭിഃ
പാപേഹി കമ്മേഹി നി	നിരയേ ഉൽപദ്യന്തെ
രയം ഉപ്പജ്ജരേ.	

അൎത്ഥം:—

ദുർവൃത്തന്മാരും ഇന്ദ്രിയനിഗ്രഹമില്ലാത്തവരുമായ വ്യക്തികൾ കാഷായവസ്ത്രം ധരിച്ചാലും അവർ അവരുടെ പാപകൎമ്മങ്ങളാൽ നരകത്തിൽ പതിക്കുന്നു.

മൂ: 3.

സേയ്യോ അയോഗുലോഭുത്തോ
തത്തോ അഗ്ഗിസിഖൂപമോ
യഞ്ചെഭുഞ്ജേയ്യദുസ്സീലോ
രട്ഠപിണ്ഡം അസഞ്ഞതോ

അന്വയം

മൂ: ഭാ:—	സം: —
ദുസ്സീലോ അസഞ്ഞതോ രട്ഠപിണ്ഡം ചേ ഭുഞ്ജേയ്യ തത്തോ അഗ്ഗിസിഖൂ പമോ അയോഗുലോ ഭുത്തോ സേയ്യോ.	ദുശ്ശീലഃ അസംയതഃ രാഷ്ട്രപി ണ്ഡം ചേൽ ഭുഞ്ജീത തതഃ അഗ്നിശിഖോപമാ അയോഗുളികാഭുക്താശ്രേയ സീ, (തപ്തലോഹഗുളികാഭ ക്ഷണം ശ്രേയസ്കരമിത്യർത്ഥഃ

അന്വ:—

ദുശ്ശീലനും ഇന്ദ്രിയസംയമമില്ലാത്തവനുമായ വ്യക്തിയ്ക്കു് അന്യന്മാരാൽ നൽകപ്പെടുന്ന ഭിക്ഷാന്നഭക്ഷണത്തേക്കാൾ ജ്വലിക്കുന്ന അഗ്നിശിഖപോലുള്ള ലോഹഗുളികകൾ ഭക്ഷിക്കുകയത്രേ ഉത്തമം

മൂലം 4.

ചത്താരിഠാനാനിനരോപമത്തോ
ആപജ്ജതിപരദാരൂപസേവീ
അപുഞ്ഞലാഭം ന നികാമസേയ്യം
നിന്ദം തതീയം നിരയം ചതുത്ഥം.

5

അപുഞ്ഞലാഭോ ച ഗതീചപാപികാ
ഭീതസ്സഭീതായ രതീചഥോകികാ
രാജാ ച ദണ്ഡം ഗരുകം പണേതി
തസ്മാനരോ പരദാരം ന സേവേ

അന്വ:-

മൂ: ഭാ: —	സം: —
പരദാരൂപസേവീ പമത്തോ നരോ ചത്താരിഠാനാനി ആപജ്ജതി, യഥാ അപുഞ്ഞലാഭം ന- നികാമസേയ്യം തതീയം നിന്ദം, ചതുത്ഥം നിരയം യാതി അപുഞ്ഞലാഭോ ച പാപികാചഗതി, ഭീതസ്സ ഭീതായ രതീ ചഥോകികാ,	പരദാരോപസേവീ പ്രമ ത്തഃ നരഃ ചത്വാരി സ്ഥാനാ നി ആപദ്യതേ, യഥാ അപുണ്യലാഭം ന നികാ മശയ്യം തൃതീയതഃ നിന്ദാം ചതുർത്ഥതഃ നിരയം യാതി. അപുണ്യലാഭശ്ച പാപികാ ചഗതിഃ, ഭീതസ്യ ഭീതായാശ്ച രതിഃ ചസ്തോകികാ, രാജാച

രാജാച ഗരുകം ദണ്ഡം
പണേതി, തസ്മാന്നരോ
പരദാരം ന സേവേ.

ഗുരുകം ദണ്ഡാ പ്രണയതി
തസ്മാൽ നരഃ പരദാരാൻ
ന സേവേത.

അന്വ:-

പരസ്ത്രീസംസർഗ്ഗം ചെയ്യുന്നവനായ പ്രമത്തപുരുഷൻ അപുണ്യം, അനിദ്ര, നിന്ദ, നരകം ഈ നാലു ഗതികളെ പ്രാപിക്കുന്നു. അവൻ പാപത്തെയും തന്മൂലം അധോഗതിയെയും പ്രാപിക്കും. വ്യഭിചാരവൃത്തിയുടെ അച്ഛശ്യമായ പാപാവേഗത്താൽ ഭയവിഹ്വലരായ സ്ത്രീപുരുഷന്മാരുടെ രതിയും അത്യല്പമാകുന്നു. രാജാവും അവരെ കഠിനമായി ശിക്ഷിക്കും. അതിനാൽ മനുഷ്യൎക്ക് പരദാരഗമനം ഒരിക്കലും ഉചിതമല്ല.

മൂ: 6.

കുസായഥാദുൎഗ്ഗഹിതോ
ഹത്ഥമേവാനുകന്തതി
സാമഞ്ഞം ദുപ്പരാമട്ഠം
നിരയായ ഉപകഡ്ഢതി.

അന്വ:-

മൂ: ഭാ:-

കുസോദുൎഗ്ഗഹിതോ ഹത്ഥം
ഏവ യഥാ അനുകന്തതി
ഏവം തഥാ സാമഞ്ഞ
ദുപ്പരാമട്ഠം നിരയായ ഉപ
കഡ്ഢതി.

സം:-

കുശഃ ദുൎഗ്ഗൃഹീതഃ ഹസ്തമേവ യ
ഥാ അനുകൃന്തതി, ഏവം തഥാ
ശ്രാമണ്യം ദുഷ്പരാമൃഷ്ടം
നിരയായ ഉപദ്ധ്യതേ.

അന്വ:-

അവധാനതകൂടാതെ കുശത്തൃണത്തെ പിടിക്കുന്നതായാൽ കൈകൾ മുറിപ്പെടുന്നതുപോലെ അപൂൎണ്ണവും അശ്ലഥവുമായ ഭാവത്തിൽ ബൗദ്ധധൎമ്മത്തെ പാലിക്കുന്നതായാൽ അപ്രകാരമുള്ള പുരുഷൻ നരകം പ്രാപിക്കുന്നു.

മൂലം 7.

യംകിഞ്ചിസിഥിലം കമ്മം
സങ്കിലിട്ഠം ച യം വതം
സങ്കസ്സരം ബ്രഹ്മചരിയം
നതംഹോതിമഹപ്ഫലം

അന്വയം

മൂ: ഭാ: —	സം: —
യം കിഞ്ചികമ്മസിഥിലം	യൽ കിഞ്ചിൽ കമ്മശിഥിലം
യംവസംങ്കിലിട്ഠം തം സ-	യൽ വ്രതം വാ സംക്ലിഷ്ടം
ങ്കസ്സരം ബ്രഹ്മചരിയം തം	സങ്കൃച്ഛ്രം ബ്രഹ്മചര്യം തൽ
മഹപ്ഫലം നഹോതി.	മഹാഫലം ന ഭവതി.

അന്വ:-

ശ്രദ്ധാപൂർവ്വം ചെയ്യാത്ത കർമ്മവും, ശ്രദ്ധികൂടാതെ അനുഷ്ഠിക്കുന്ന വ്രതവും, അത്യന്തം കഷ്ടസാദ്ധ്യമായ ബ്രഹ്മചര്യവും ഉൽകൃഷ്ടമായ ഫലത്തെ പ്രദാനം ചെയ്യുകയില്ല.

മൂലം 8.

കയിരഞ്ചെ കയിരാഥേനം
ദൾഹമേനം പരക്കമെ.
സിഥിലോഹി പരിബ്ബാജോ
ഭിയ്യോ ആകിരതേ രജം.

അന്വയം

മൂ: ഭാ:-	സം:-
കയിരാചേ ഏതംദ	കുര്യാൽചേൽഏതൽദൃഢപരാക്രമൈഃ
ല്ഹംപരക്കമേഹികയിരാഥ	കുർവ്വീതശിഥിലഃപരിവ്രാജകഃഭൂയഃ
സിഥിലോപരിബ്ബാജോഭിയ്യോരജംആകിരതേ	രജഃആകിരതേ.

അന്വ:-

ഏതെങ്കിലുമൊരു കർമ്മം ചെയ്യുന്നുവെങ്കിൽ അതു് ശക്തിയായി പ്രവർത്തിക്കണം. അലസനായ പരിവ്രാജകൻ ബൌദ്ധധർമ്മം കളങ്കിതമാക്കുന്നു.

മൂ: 9.

അകതംദുക്കതം സേയ്യോ
പച്ഛാതപതിദുക്കതം
കതഞ്ചസുകതംസേയ്യോ
യംകത്വാനാനുതപ്പതി-

അന്വ:

മൂ: ഭാ:-	സം:-
ദുക്കതംഃപ്യക്കതംസേയ്യോ	ദുഷ്കൃതംഅകൃതംശ്രേയഃ ദുഷ്കൃ-
ദുക്കതംപച്ഛാതപതി.	തംപശ്ചാൽതപതിസുകൃതം
സുകതംകതഞ്ചസേയ്യോ	കൃതംചശ്രേയഃയൽകൃത്വാ ന
യംകത്വാനഅനുതപ്പതി	അനുതപ്യതെ

അന്വ:—

ദുഷ്ക്കർമ്മം ചെയ്യാതിരിക്കയാണുത്തമം. കാരണം, അതുനിമിത്തം പിന്നീട്ട ദുഃഖിക്കാനിടയാകുന്നു. സൽക്കർമ്മംചെയ്യുക ഉത്തമമാകുന്നു. എന്തെന്നാൽ അതുനിമിത്തം പശ്ചാത്തപിക്കാനിടയാവുകയില്ല.

മൂ: 10.

നഗരംയഥാപച്ചന്തം
ഗുത്തംസന്തരബാഹിരം
ഏവംഗോപേഥഅത്താനം
ഖണോവേമാഉപച്ചഗാ
ഖണാതീതാഹിസോചന്തി
നിരയമ്ഹിസമപ്പിതാ

അന്വ:—

മൂ: ഭാ:-	സം:-
പച്ചന്തംസന്തരബാഹിരം	പ്രത്യന്തംസാന്തർബ്ബാഹ്യം
ഗുത്തംനഗരംയഥാഏവം	ഗുപ്തംനഗരംയഥാഏവം
അത്താനംഗോപേഥ	ആത്മാനംഗോപയേൽ
ഖണോവേമംഉപ-	ക്ഷണംവൈമാഉപാത്യഗാഃ
ച്ചഗാ;ഹിഖണാതീ-	ഹിക്ഷണാതീതാഃ നിരയേ
താനിരയമ്ഹിസമപ്പിതാ	സമർപ്പിതാഃശോചന്തി-
സോചന്തി—	

അന്വ:-

സീമാന്തനഗരത്തേ അകത്തും പുറത്തും സുരക്ഷിതമാക്കി സൂക്ഷിക്കുന്നതുപോലെ തന്നേ സദാ രക്ഷിക്കണം. ഒരു നിമിഷം പോലും വൃഥാ കളയരുത്. ഏതൊരാൾ ക്ഷണനേരം വൃഥാ നശിപ്പിക്കുന്നു, അവൻ നരകം പ്രാപിച്ച് ദുഃഖിക്കും.

മൂലം 11.

അലജ്ജിതായേ ലജ്ജന്തി
ലജ്ജിതായേ നലജ്ജരേ
മിച്ഛാദിട്ഠി സമാദാനാ
സത്താഗച്ഛന്തി ദുഗ്ഗതിം

അന്വ:—

മൂ: ഭാ:—	സം:—
അലജ്ജിതായേലജ്ജന്തി	അലജ്ജിതാഃ യേ ലജ്ജന്തേ
ലജ്ജിതാ യേ ന ലജ്ജരേ	ലജ്ജിതാഃ യേ നലജ്ജന്തേഃ
മിച്ഛാദിട്ഠിസമാദാനാ	മിത്ഥ്യാദൃഷ്ടിം സമാദദാനാഃ
സത്താ ദുഗ്ഗതിം ഗച്ഛന്തി	സത്വാഃ ദുര്ഗ്ഗതിം ഗച്ഛന്തി

അന്വ:—

ലജ്ജാകരങ്ങളല്ലാത്ത കാര്യ്യങ്ങളിൽ ലജ്ജയോടുക്രടിയും ലജ്ജാകരങ്ങളായ കാര്യ്യങ്ങളിൽ ലജ്ജിക്കാതെയും മിത്ഥ്യാദൃഷ്ടികളായി ബുദ്ധവാക്യങ്ങളിൽ വിശ്വാസമില്ലാത്തവരായിരിക്കുന്നവർ ദുർഗ്ഗതി പ്രാപിക്കുന്നു.

മൂലം 12.

അഭയേ ച ഭയദസ്സിനോ
ഭയേ ച അഭയദസ്സിനോ
മിച്ഛാദിട്ഠിസമാദാനാ
സത്താഗച്ഛന്തി ദുഗ്ഗതിം

അന്വ:—

മൂ: ഭാ:-	സം:-
അഭയേചഭയദസ്സി	അഭയേചഭയദർശിനഃ ഭയേച
നോ ഭയേച അഭയദസ്സി	അഭയ ദർശിനഃമിത്ഥ്യാദൃഷ്ടിം
നോ മിച്ഛാദിട്ഠിസമാദാ-	സമാദദാനാഃസത്വാഃദുർഗ്ഗതിം
നാ സത്താദുഗ്ഗതിംഗച്ഛന്തി	ഗച്ഛന്തി.

അന്വ:-

ഭയരഹിതമായ കാര്യ്യത്തിൽ ഭയപ്പെടുകയും ഭയസങ്കുലമായ —ഭയപ്പെടേണ്ടതായ— കാര്യ്യത്തിൽ നിർഭയനായിരിക്കയുംചെയ്യുന്ന മിത്ഥ്യാദൃഷ്ടി ഉള്ള പുരുഷൻ നരകം പ്രാപിക്കുന്നു.

മൂലം 13.

അവജ്ജെവജ്ജമതിനോ
വജ്ജെചാവജ്ജദസ്സിനോ
മിച്ഛാദിട്ഠിസമാദാനാ
സത്താഗച്ഛന്തി ദുഗ്ഗതിം.

അന്വ:-

മൂ: ഭാ:-
അവജ്ജെ വജ്ജമതിനോ
വജ്ജെ ച അവജ്ജ ദസ്സി
നോ മിച്ഛാദിട്ഠിസമാദാ-
നാ സത്താദുഗ്ഗതിംഗച്ഛന്തി.

സം:-
അവർജ്യേവർജ്യമതയഃ വർജ്യേ
ച അവർജ്യദശിനഃമിത്ഥ്യാദൃ-
ഷ്ടിംസമാദദാനാഃ സത്വാഃ ദുർഗ്
തിംഗച്ഛന്തി.

അന്വ:—

വർജ്യങ്ങളായ കാൎയ്യങ്ങളെ വർജ്ജിക്കാതെയും വർജ്യങ്ങളല്ലാത്തവയേ വർജ്ജിച്ചും ജീവിക്കുന്ന മിത്ഥ്യാദൃഷ്ടിയുള്ളവക്കു നരകം തന്നെ അനുഭവം.

മൂ: 14.

വജ്ജഞ്ചവജ്ജതോഞ്ഞത്വാ
അവജ്ജഞ്ചഅവജ്ജതോ
സമ്മാദിട്ഠിസമാദാനാ
സത്താഗച്ഛന്തിസുഗ്ഗതിം

അന്വ:-

മൂ: ഭാ:-
വജ്ജംചവജ്ജതോഅവജ്ജം
ചഅവജ്ജതോഞ്ഞത്വാ
സമ്മാദിട്ഠിസമാദാനാ
സത്താസുഗ്ഗതിംഗച്ഛന്തി-

സം:-
വർജ്യംവർജ്യതഃ അവർജ്യംച
അവർജ്യതഃജ്ഞാത്വാസമ്യക്
സമാദദാനാഃസത്വാഃസുഗതിം
ഗച്ഛന്തി-

അന്വ:-

ത്യാജ്യഗ്രാഹ്യങ്ങളെയും വർജ്യാവർജ്യങ്ങളെയും വഴിപോലറിഞ്ഞു സമ്യക്ദൃഷ്ടി സമ്പന്നരായിട്ടുള്ളവർ സൽഗതിപ്രാപിക്കുന്നു.

നിരയവഗ്ഗഃ
ദ്വാവിംശതിതമഃ

നാഗവഗ്ഗഃ

(ത്രയോവിംശതിതമഃ)

മൂലം 1.

അഹംനാഗോവസംഗാമേ
ചാപതോപതിതംസരം
അതിവാക്യംതിതിക്ഖിസ്സം
ദുസ്സീലോഹിബഹുജ്ജനോ.

അന്വ:-

മൂ: ഭാ:-	സം:-
ഹിബഹുജ്ജനോദുസ്സീലോ	ഹിബഹവഃജനാഃദുശ്ശീലാഃഅതഃ
സംഗാമേചാപതോപതിതം	സംഗ്രാമേചാപതഃപതിതം
സരംനാഗോവഅഹം	ശരംനാഗഃഇവഅഹം
അതിവാക്യംതിതിക്ഖിസ്സം.	അതിവാക്യംതിതിക്ഷിഷ്യേ-

അർത്ഥ:-

യുദ്ധഭൂമിയിൽവച്ച് ഗജവീരൻ സ്വശരീരത്തിൽ വന്നുതറയ്ക്കുന്ന ബാണങ്ങളെ ക്ഷമയോടുകൂടി സഹിക്കുന്നതുപോലെ ഞാനും ദുർജ്ജനങ്ങളിൽനിന്നു വരുന്ന പരുഷവാക്കുകളെ ക്ഷമാപൂർവ്വം സഹിക്കുന്നു. കാരണം, ഈ ലോകത്തിൽ അധികവും ദുസ്സ്വഭാവികളായ ജനങ്ങളാകുന്നു.

മൂ: 2.

ദന്തംനയന്തിസമിതിം
ദന്തംരാജാഽഭിരൂഹതി
ദന്തോസേട്ഠോമനുസ്സേസു
യോഽതിവാക്യംതിതിക്ഖതി

അന്വ:—

മൂ: ഭാ:-	സം:-
യഥാദന്തംസമിതിംനയന്തി,	യഥാദാന്തംസമിതംനയന്തി,രാ-
രാജാപിദന്തംഅഭിരൂഹതി,	ജാപിദാന്തംഅഭിരോഹതി,
യോഅതിവാക്യംതിതിക്ഖതി,	ഏവംയഃഅതിവാക്യംതിതി-
സോമനുസ്സേസുസേട്ഠോ-	ക്ഷതേസഃമനുഷ്യേഷുശ്രേഷ്ഠഃ-

അനു:-

പരിചയിപ്പിച്ചിട്ടുള്ള ആനകൾ, ഉത്സവം യുദ്ധയാത്ര മുതലായവയിൽ ജനങ്ങളുടെ മദ്ധ്യത്തുകൂടിപ്പോകുന്നു. പഴക്കിയ ആനയിൽ കയറി രാജാവും സഞ്ചരിക്കുന്നു. അപ്രകാരം മനുഷ്യരിൽ വച്ചുമനസ്സമാധാനം ലഭിച്ചിട്ടുള്ളവനത്രേ ഉത്തമൻ, എന്തെന്നാൽ അവൻ ദുർജ്ജനങ്ങളുടെ പരുഷവാക്കുകളെ തിതിക്ഷയോടുകൂടി സഹിക്കുന്നു.

മൂലം 3.

വരംഅസ്സതരാദന്താ
ആജാനീയാചസിന്ധവാ
കുഞ്ജരാചമഹാനാഗാ
അത്തദന്തോതതോവരം.

അന്വ:-

മൂ: ഭാ:-	സം:-
ദന്താഅസ്സതരാവരം	ദാന്താഃ അശ്വതരാഃ വരം,
ആജാനീയാസിന്ധവാചവരം,	ആജാനേയാഃ ദാന്താഃ സൈ-
മഹാനാഗാകുഞ്ജരാചവരം.	ന്ധവാഃ ദാന്താഃ മഹാനാഗാഃ
തതോഅത്തദന്തോവരം.	വരം, തതഃ ആത്മദാന്തഃവരം.

അനു:-

ദണ്ഡനങ്ങളെയും ദുഃഖങ്ങളെയും സഹിക്കത്തക്കവിധം പരിശീലനം നൽകിയിട്ടുള്ള കോവർകഴുതകളും മററു ഉത്തമാശ്വങ്ങളും ഗജങ്ങളും തുലോം സഹനശക്തിയുള്ളവയായിരുന്നാൽ നന്നായിരിക്കും. എന്നാൽ മനസ്സംയമമുള്ളവൻ ഇവയെ എല്ലാററിനേയുംകാൾ ഉൽകൃഷ്ടനാകുന്നു.

മൂലം 4.

നഹിഏതേന ഹിയാനേഹി
ഗച്ഛേയ്യഅഗതംദിസം
യഥാfത്തനാസുദന്തേന
ദന്തോദന്തേനഗച്ഛതി.

അന്വ:-

മൂ: ഭാ:-	സം:-
ദഃന്തോഭന്തേനസുദന്തേന	ദാന്തഃദാന്തേനസുദാന്തേന
അത്തനായഥാഅഗതം	ആത്മനായഥാഅഗതാംദിശം
ദിസംഗച്ഛതി,ഏതേഹിയാ	ഗച്ഛതി,ഏതൈഃയാനൈഃ
നേഹിനഹിഗച്ഛേയ്യ.	നഹിഗച്ഛേൽ.

അന്വ:-

ശാന്തഹൃദയനായ മനുഷ്യൻ മനസ്സംയമം കൊണ്ടുമാത്രം പ്രാപിക്കുന്നതായ അഗമ്യസ്ഥാനത്തെ—നിർവാണത്തെ-ഈ മുൻ പറഞ്ഞ വാഹനങ്ങൾ വഴി ഒരിക്കലും പ്രാപിക്കാവുന്നതല്ല.

മൂലം 5.

ധനപാലകോനാമകുഞ്ജരോ
കടുകപ്പഭേദനോദുന്നിവാരയോ
ബദ്ധോകവലംനഭുഞ്ജതി
സുമരതിനാഗവനസ്സകുഞ്ജരോ .

അന്വ:-

മൂലഭാ:—	സം:—
കടുകപ്പഭേദനോ ദുന്നിവാരയോ	കടകപ്രഭേദേന ദുന്നിവാരഃ
ധനപാലകോ നാമകുഞ്ജരോ	ധനപാലകോ നാമകുഞ്ജരഃ
ബദ്ധോ കവലം നഭുഞ്ജതി,	ബദ്ധഃ കബളം നഭുങ്ക്തേ
കുഞ്ജരോ നാഗവനസ്സസുമരതി	കുഞ്ജരഃ നാഗവനമേവസ്മരതി.

അന്വ:—

മദം പൊട്ടുകയാൽ ദുന്നിവാരനായ ധനപാലനെന്നു പേരുള്ള ഗജം കെട്ടപ്പെട്ടിരിക്കുമ്പോൾ തൃണംപോലും ഭക്ഷിക്കുന്നില്ല. അതു് ആനകളുടെ താവളത്തേത്തന്നെ സ്മരിക്കുന്നു.

മൂലം 6.

മിദ്ധീയദാഹോതിമഹഗ്ഘസോച
ദിദ്ദായിതാസമ്പരിവത്തസായീ
മഹാവരാഹോവനിവാപപുട്ഠോ
പുനപ്പുനംഗബ്ഭമുപേതിമന്ദോ

അന്വ:—

മൂ: ഭാ:—

യദാമിദ്ധീമഹഗ്ഘസോച
ഘോതി നിവാപപുട്ഠോമ
ഹാവരാഹോ വ നിദ്ദായി
താ സമ്പരിവത്തസായി
സോ മന്ദോ പുനപ്പുനം
ഗബ്ഭം ഉപേതി

സം:—

യദാമൃദ്ധീ മഹാഘസശ്ച
ഭവതി, തദാ സഃ നിവാപപു-
ഷ്ടഃ മഹാവരാഹ ഇവനിദ്രാ
യിതഃ സമ്പരിവത്തശായീ ച
സമന്ദഃ പുനഃ പുനഃ ഗർഭം
ഉതപതി

അന്വ:—

സ്വഭാവേന തന്നെ അലസനം ബഹുഭോക്താവുമായ പുരുഷൻ ഗ്രാമസൂകരംപോലെ സദാ നിദ്രാലുവായിരിക്കും. അത്ത് അങ്ങോട്ടും ഇങ്ങോട്ടും ഉരുളുന്നു. അതുകൊണ്ട് അനിത്യാദിലക്ഷണത്രയസംബന്നമായ ഭാവനയേ വേണ്ടവിധം ആലോചിപ്പാൻ അവൻ ശക്തനാകുന്നില്ല. തന്മൂലം വീണ്ടും വീണ്ടും ജന്മമെടുക്കുന്നു.

മൂ: 7.

ഇദംപുരേചിത്തമചാരിചാരികം
യേ നിച്ഛകം യത്ഥകാമം യഥാസുഖം
തദജ്ജഹം നിഗ്ഗഹേസ്സാമി യോനിസോ
ഹത്ഥിപ്പഭിന്നം വിയ അങ്കുസഗ്ഗഹോ

അന്വ:—

മൂ: ഭാ:—

ഇദംചിത്തം പുരേ യേ നിച്ഛ
കം യത്ഥകാമം യഥാസുഖം
ചാരികം അചാരിതം അജ്ജ
അഹംയോനിസോ, പഭിന്നം
ഹത്ഥി അങ്കുസഗ്ഗഹോ വിയ
നിഗ്ഗഹേസ്സാമി

സം:—

ഇദംചിത്തം പുരാ യഥേച്ഛം
യഥാകാമം യഥാസുഖം ചാ
രികം അചരൽ, തൽ അദ്യ
അഹം യോനിശഃ പ്രഭിന്നം
ഹസ്തിനം അങ്കുശഗ്രാഹഃ
ഇവ നിഗ്രഹിഷ്യാമി

അന്വ:—

ഈ ചിത്തം മുമ്പ് ഇഷ്ടംപോലെ അങ്ങുമിങ്ങും അലഞ്ഞുതിരിഞ്ഞും അങ്കുശധാരിയായ പാപ്പാൻ മദഗജത്തേ എന്നതുപോലെ ഞാനും ഗുണദോഷവിചാരപൂർവകം ഈ ചിത്തത്തെ ശാന്തമാക്കി എനിക്കധീനമാക്കുന്നുണ്ട്.

മൂലം 8.

അപ്പമാദരതാഹോഥ
സചിത്തമനുരക്ഖഥ
ദുഗ്ഗാ ഉദ്ധരതത്താനം
പങ്കേസത്തോവകുഞ്ജരോ

അന്വ:—

മൂലഭാ:—	സം:—
അപ്പമാദരതാഹോഥ,	അപ്രമാദരതഃ ഭവത,
സചിത്തമനുരക്ഖഥ,	സ്വചിത്തം അനുരക്ഷത,
പങ്കേസത്തോ കുഞ്ജരോ വ	പങ്കസക്തഃ കുഞ്ജരഃ ഇവ
അത്താനം ദുഗ്ഗാ ഉദ്ധരഥ.	ആത്മാനം ദുൎഗ്ഗാൽ ഉദ്ധരത.

അനു:—

പ്രമാദരഹിതനായിട്ട് (ഭ്രമാന്ധകാരരൂപമായ വിപത്തിൽ നിന്ന്) സ്വചിത്തത്തെ രക്ഷിക്കുക. പങ്കസക്തനായ ആനയെ എന്നപോലെ സ്വാത്മാവിനെ പാപമാൎഗ്ഗത്തിൽനിന്നും ഉദ്ധരിക്കുക.

മൂ: 9

സചേലഭേഥനിപകം സഹായം
സദ്ധിംചരം സാധുവിഹാരിധീരം
അഭിഭൂയ്യ സബ്ബാനി പരിസ്സയാനി
ചരേയ്യ തേന അത്തമനോ സതീമാ.

അന്വ:-

മൂ: ഭാ:-	സം:-
നിപകം സാധു വിഹാരി	നിപകം സാധുവിഹാരി-
ധീരം സഹായം സചേ	ണം ധീരം സഹായം സചേൽ
ലഭേഥ, സബ്ബാനി പരി	ലഭേത, തർഹി സൎവ്വാൻ
സ്സയാനി അഭിഭൂയ്യതേന	പരിശ്രയാൻ അഭിഭൂയ
സദ്ധിംചരം അത്തമനോ	തേന സാർദ്ധം ചരൻ
സതീമാ ചരേയ്യ.	ആത്തമനാഃസ്മൃതിമാൻ ചരേൽ

അനു:-

നീ പ്രാജ്ഞനും സദാചാരനിരതനും പണ്ഡിതനുമായ ബന്ധുവിന്റെ സാഹചര്യം സമ്പാദിക്കുന്നുവെങ്കിൽ ദുഃഖങ്ങളും അദ്ദ

ശൃങ്ങളമായ സകല വിപത്തുകളെയും ജയിച്ച് സന്തുഷ്ടനും വീ ര്യവാനുമായിട്ട് സുഖവാസം ചെയ്യാൻ സാധിക്കും.

മൂലം 10.

നോചേലഭേഥനിപകംസഹായം
സദ്ധിംചരംസാധുവിഹാരിധീരം
രാജാവരട്ഠംവിജിതംപഹായ
ഏകോചരേമാതങ്ഗ്ഗരഞ്ഞേവനാഗോ.

അന്വ:-

മൂ: ഭാ:-	സം:-
നിപകംസദ്ധിംചരംസാധു	നിപകം(പ്രജ്ഞാസമ്പന്നം)
വിഹാരിധീരംസഹായംചേ	സാർദ്ധംചരന്തംസാധുവിഹാ-
നോലഭേഥ,വിജിതം	രിണംധീരംസഹായംചേൽ
രട്ഠംപഹായരാജാവ	നലഭേത,വിജിതംരാഷ്ട്രംപ്രഹായ
അരഞ്ഞേമാതങ്ഗനാഗോ	രാജാഇവഅരണ്യേമാതങ്ഗഃ
വഏകോചരേ-	നാഗഃഇവഏകഃചരേൽ-

അന്വ:-

രാജാവ് താൻ ജയിച്ചുകീഴടക്കിയ രാജ്യമുപേക്ഷിച്ച് പരി വ്രാജകനായി ഏകാന്തവാസം ചെയ്യുന്നതുപോലെയും, മത്തഗജം വനത്തിൽ ഏകനായി സഞ്ചരിക്കുന്നതുപോലെയും മനുഷ്യൻ സദാചാരതല്പരന്മാരായ പ്രാജ്ഞന്മാരുടെ സാഹചര്യം ലഭിക്കാതി രിക്കുന്നുവെങ്കിൽ ഏകനായി സഞ്ചരിക്കയത്രേ ഉത്തമം.

മൂലം 11.

ഏകസ്സചരിതംസേയ്യോ
നത്ഥിബാലേസഹായിതാ,
ഏകോചരേനചപാപാനികയിരാ
അപ്പോസ്സുക്കോമാതങ്ഗരഞ്ഞേവനാഗോ.

അന്വ:-

മൂ: ഭാ:-	സം:-
ഏകസ്സചരിതംസേയ്യോബാലേ	ഏകസ്യചരിതംശ്രേയഃബാ
സഹായിതാനത്ഥിഏകോചരേ,	ലേസഹായതാനാസ്തി, ഏകഃ

പരപാനിനചകയിരാഅരഞ്ഞേമാ	ചരേൽ പാപാനിന കയ്യാൽ
തങ്ഗനാഗോവഅപ്പോസ്സ	അരണ്യേമാതങ്ഗനാശഃഇവ
ക്കോചരേ.	അല്പോത്സുകഃചരേൽ.

അനഃ-

ഏകനായി വസിക്കുകയത്രേ ഉത്തമം. അജ്ഞന്മാരോട്ടുകൂടി ഇരുന്നാൽ അതു നിമിത്തം യാതൊരു ഫലവും ഉണ്ടാവുകയില്ല. ഏകനായി വസിച്ചാലും പാപകമ്മങ്ങളിൽ അഭിരുചി ഉണ്ടാകയോ ദുഷ്കൎമ്മങ്ങളെ ആചരിക്കയോ ചെയ്യരുതു്. വനത്തിൽ സഞ്ചരിക്കുന്ന ആനയേപ്പോലെ ഒന്നിലും ആസക്തി കൂടാതെ സഞ്ചരിക്കണം.

മൂലം 12.

അത്ഥമ്ഹിജാതമ്ഹിസുഖാസഹായാ
തുട്ഠീസുഖായാഇതരീതരേന
പുഞ്ഞംസുഖംജീവിതസങ്ക്ഖയമ്ഹി,
സവ്വസ്സദുക്ഖസ്സസുഖംപഹാനം.

അന്വ:-

മൂ: ഭാ:-	സം:-
അത്ഥമ്ഹിജാതമ്ഹിസഹാ-	അത്ഥേജാതേസഹായാഃ
യാസുഖാ,ഇതരീതരേന	സുഖാഃഇതരേതരേണയാ
വാതുട്ഠീ,സാ സുഖാ;ജീ-	തുഷ്ടിഃസാസുഖാജീവി-
വിതസങ്ക്ഖയമ്ഹിപുഞ്ഞാ	തസംക്ഷയേപുണ്യംസുഖാ
സുഖംസവ്വസ്സദുക്ഖസ്സ	സവ്വസ്യദുഃഖസ്യപ്രഹാ
പഹാനംസുഖം.	ണം സുഖം.

അനഃ-

പ്രയോജനമുണ്ടാകുമ്പോൾ സഹായികളേ ലഭിക്കുന്നതു് വളരെ സന്തോഷമാകുന്നു. അല്പമായോ വലുതായോ ഒന്നു ലഭിച്ചാലും തൃപ്തി ഉണ്ടാകുന്നു. മരണകാലത്തു പുണ്യവും സുഖകരമാകുന്നു. സവ്വദുഃഖങ്ങളെയും ത്യജിക്കുന്നതു് — അർഹത്വം ലഭിക്കുന്നതു് — ഏററവും സുഖകരമാകുന്നു.

മൂ: 13.

സുഖാമത്തേയ്യതാലോകേ
അഥോ പേത്തേയ്യതാസുഖാ
സുഖാ സാമഞ്ഞതാലോകേ
അഥോ ബ്രഹ്മഞ്ഞതാസുഖാ

അന്വ:-

മൂ: ഭാ:-	സം:-
ലോകേ മത്തേയ്യതാ സുഖാ	ലോകേ മാതൃീയതാ സുഖാ
അഥോ പേത്തേയ്യതാസുഖാ	അഥ പിതൃീയതാസുഖാ.
ലോകേ സാമഞ്ഞതാസുഖാ	ലോകേ ശ്രാമണ്യതാ സുഖാ
അഥോ ബ്രഹ്മഞ്ഞതാസുഖാ	അഥ ബ്രഹ്മണ്യതാസുഖാ

അന്വ:-

ലോകത്തിൽ മാതാപിതാക്കന്മാരേ സേവിക്കുന്നതു്—ശുശ്രൂഷിക്കുന്നതു്—ശ്രേയസ്കരമാകുന്നു. ശ്രമണന്മാരെയും ബ്രാഹ്മണരെയും യഥോചിതം സേവിക്കുന്നതും ശ്രേഷ്ഠമാകുന്നു.

മൂ: 14.

സുഖം യാവ ജരാസീലം
സുഖാ സദ്ധാ പതിട്ഠിതാ
സുഖോപഞ്ഞായ പടിലാഭോ
പാപാനം അകരണം സുഖാ

അന്വ:-

മൂ: ഭാ:-	സം.-
സീലം യാവ ജരാസുഖം,	ശീലം യാവൽജരാ സുഖം
സദ്ധാ പതിട്ഠിതാ സുഖാ	ശ്രദ്ധാപ്രതിഷ്ഠിതാസുഖാ
പഞ്ഞായപടിലാഭോ സുഖോ	പ്രജ്ഞായാഃ പ്രതിലാഭഃ സുഖഃ
പാപാനം അകരണംസുഖം	പാപാനാം അകരണം സുഖം

അന്വ:-

വാർദ്ധക്യം വരെയുള്ള പരിശുദ്ധജീവിതവും അചഞ്ചലമായ വിശ്വാസവും പ്രജ്ഞാലാഭവും, പാപലേശരഹിതമായ കൎമ്മാചരണവും ഉൽകൃഷ്ടമാകുന്നു.

നാഗവഗ്ഗഃ
ത്രയോവിംശതിതമഃ

തൃഷ്ണാവർഗ്ഗഃ
(ചതുവിംശതിതമഃ)

മൂ: 1.

മനുജസ്സപമത്തചാരിനോ
തൺഹാവഡ്ഢതിമാലുവാവിയ,
സോപലവതീഹുരാഹുരം
ഫലമിച്ഛംവ വനസ്മിം വാനരോ

അന്വ:-

-മൂലഭാ:-	സം:-
പമത്തചാരിനോ മനുജസ്സ	പ്രമത്തചാരിണഃ മനുജസ്യ
തൺഹാ മാലുവാവിയവഡ്ഢതി	തൃഷ്ണാമാലുവാ ഇവ വർദ്ധതേ
വനസ്മിംഫലം വ ഇച്ഛം വാനരാ	വനേ ഫലമിച്ഛൻ വാനര
വ ഹുരാഹുരം പലവതി	ഇവ സഃ അഹരഹഃ പ്ലവതേ

അനു:-

തത്വജ്ഞാനശൂന്യനായ മനുഷ്യന്റെ തൃഷ്ണ മാൽവാലത പോലെ വർദ്ധിക്കുന്നു. വാനരം വൃക്ഷഫലങ്ങളേക്കൊതിച്ച് ഒന്നിൽ നിന്നു മറ്റൊന്നിലേക്കു ചാട്ടുന്നതുപോലെ ജ്ഞാനരഹിതനായ മനുഷ്യനും കർമ്മഫലങ്ങളെ അനുഭവിക്കുന്നതിനായിട്ട് വീണ്ടും വീണ്ടും ജന്മമെടുക്കുന്നു.

മൂ: 2.

യം ഏസാ സഹതീ ജമ്മീ
തൺഹാലോകേ വിസത്തികാ
സോകാ തസ്സ പവഡ്ഢന്തി
അഭിവഡ്ഢംവ വീരണം

അന്വ:-

മൂലഭാ:-	സം:-
ലോകേവിസത്തികാ ജമ്മീ	ലോകേ വിഷാത്മികാ ജന്മനീ
ഏസാ തൺഹായം	ഏഷാ തൃഷ്ണായം സാഹയതി,
സഹതീതസ്സസോകാ	തസ്യശോകാഃ അഭിവർദ്ധമാനം
അഭിവഡ്ഢന്തി വീരണം വ	വീരണം ഇവ പ്രവർദ്ധന്തെ

അന്വ: —

ലോകത്തിൽ, വിഷംപോലെ വ്യാപനശീലമുള്ള ഈ തൃഷ്ണ ബാധിച്ചവന്, വർഷകാലത്തു വീരണതൃണം വർദ്ധിക്കുന്നതുപോലെ ദുഃഖങ്ങൾ വർദ്ധിക്കുന്നു.

മൂ: 3.

യോചേ൩തംസഹതീജമ്മിം
തൺഹംലോകേദുരച്ചയം
സോകാതൺഹാപാപതന്തി
ഉദബിന്ദൂവപോക്ഖരാ-

അന്വയം

മൂ: ഭ: —
ലോകെജമ്മിംദുരച്ചയം
തംതൺഹംയാചേസ
ഹതീ,പോക്ഖരാഉ
ദബിന്ദൂവതൺഹാസോ
കാപപതന്തി.

സം: —
ലോകേജന്മിനീംദുരത്യയാം
താംതൃഷ്ണാംയഃ ഷസാഹ
യതി,പുഷ്ക്കരാൽഉ-
ദബിന്ദുരിവതസ്മാൽ
ശോകാഃപ്രപതന്തി-

അന്വ. —

ഏതൊരാൾ ഇപ്രകാരം എല്ലായ്പ്പോഴും ഉണ്ടായി വർദ്ധിച്ചുകൊണ്ടിരിക്കുന്നതും അതിക്രമിക്കാൻ അതിവിഷമമുള്ളതുമായ ആ തൃഷ്ണയേ ജയിക്കുന്നു, ജലബിന്ദുക്കൾ താമരയിലയിൽനിന്നെന്നപോലെ അവനിൽനിന്നു ദുഃഖങ്ങൾ വേർപെടുന്നു.

മൂ: 4

തംവോവദാമിഭദ്ദംവോ
യാവന്തേത്ഥസമാഗതാ.
തൺഹായമൂലംഖണഥ
ഉസീരത്ഥോവവീരണം
മാവോനലംവസോതോവ
മാരോഭഞ്ജിപുനപ്പുനം

അന്വയം

മൂ: ഭാ: —
തംയാവന്തേത്ഥസമാ
ഗതാവോഭദ്ദംവദാമി,

സം: —
തൽ,യാവന്തഃഅത്രസമാ
ഗതാഃവഃഭദ്രംവദാമി-

ഉസീരത്ഥോവീരണം	വൈ ഉശീരാത്ഥീവീര-
വതൺഹായമൂലം ഖ	ണമിവത്തൃഷ്ണായാഃമൂലം
ണഥ,സേതോനലംവ	ഖനഥ,സ്രോതഃതല്ം
മാരോവോമാപുനപ്പുനം	ഇവമാരഃവഃമാപുനഃ പു
ഭജഞെി	നഃഭജന്താംതവ:-

അന്ദ: —

ആകയാൽ ഇവിടെ സമാഗതരായ നിങ്ങൾക്ക് മംഗളം ഭ വിക്കട്ടെ, ഉശീരാർത്ഥിവീരണത്തുണത്തെഎന്നപോലെ നിങ്ങൾ തൃഷ്ണയുടെ മൂലത്തെ ഛേദിക്കണം. നദീപ്രവാഹം നളമ്പുല്ലി നേപ്പോലെ മാരൻ കൂടക്കൂടെ നിങ്ങളെ ആക്രമിക്കാനിടയാകരുത്.

മൂ: 5

യഥാപിമൂലേഅനുപദ്ദവേദല്ഹേ
ഛിന്നോപിരുക്ഖോപുനരേവരൂഹതി.
ഏവമ്പിതൺഹാനുസയേഅനൂഹതേ
നിബ്ബത്തതീദുക്ഖമിദംപുനപ്പുനം.

അന്വയം

മൂ. ഭാ. —	സം: —
യഥാഅപിമൂലേഅനു	യഥാഅപി മലേഅനു
പദ്ദവേദല്ഹേ,ഛി	പദ്രവേദൃഢേ ഛിന്നഃ
ന്നോരുക്ഖോപിപുന	അപിവൃക്ഷഃപുനരേവ രോഹ-തി,ഏവമപി
രേവരൂഹതി ഏവമ്പി തൺ	തൃഷ്ണാനുശയേ അനിഹതേ
ഹാനുസയേ അനൂഹതേ	ഇദം ദുഃഖം പുനഃ പുനഃ
ദുക്ഖമിദം പുനപ്പുനം	നിവർത്തതേ.
നിബ്ബത്തതി.	

അന്ദ:—

മൂലം പുഴക്കാതെ ദൃഢമായി നിൽക്കത്തക്കവിധം വൃക്ഷം മു റിച്ചാൽ ആ വൃക്ഷം വീണ്ടും മുളച്ചുവരുന്നതുപോലെ തൃഷ്ണയുടെ മൂലകാരണത്തെ നശിപ്പിക്കാതിരുന്നാൽ വീണ്ടും ദുഃഖമുണ്ടായി ക്കൊണ്ടിരിക്കും.

മൂലം 6.

യസ്സഛത്തിം സതീസോതാ
മനാപസ്സ വനാളസാ,
വാഹാവഹന്തി ദുട്ടിട്ഠിം
സങ്കപ്പാ രാഗ നിസ്സിതാ.

അന്വ:-

മൂ: ഭാ:-

യസ്സഛത്തിം സതീ സോതാ
മനാപസ്സ വനാളസാ
രാഗനിസ്സിതാ സങ്കപ്പാവാഹാ
ദുട്ടിട്ഠിം വഹന്തി.

സം:-

യസ്യഷട്ത്രിംശൽ സ്രോതാംസി
(തൃഷ്ണായാഃ അഷ്ടാദശബാഹ്യദ്വാ
രാണി അഷ്ടാദശ ആന്തരദ്വാരാ
ണി ഇതിഷട്ത്രിംശൽദ്വാരാണി
ഇത്യേകേ) (ചക്ഷുഃശ്രോത്രം,
ഘ്രാണം, ജിഹ്വാ, കായഃ, മനഃ,
രൂപം, ഗന്ധഃ, ശബ്ദഃ, രസഃ, സ്പ
ർശഃ, ധമ്മധാതു, ചക്ഷുർവിജ്ഞാ
നം, ശ്രോത്രവിജ്ഞാനം, ഘ്രാണ
വിജ്ഞാനം, ജിഹ്വാവിജ്ഞാനം,
കായവിജ്ഞാനം, മനോവിജ്ഞാ
നം ഇതി അഷ്ടാദശദ്വാരാണിബാ
ഹ്യാഭ്യന്തരഭേദേനദ്വിധാ ഭൂതാ
ഷട്ത്രിംശൽ സംഖ്യകാനി ഭവ
ന്തീതി ആഭിധാമ്മികാഃ) മനാപ
ശ്രവണാനി (ഹൃദയാപ്യാദപ്രദാ
നി) ഭൂയാംസഃ രാഗ നിസ്സൃതാഃ
സങ്കല്പാഃ വാഹാഃ ദുർദൃഷ്ടിം തം
വഹന്തി.

അന്വ: —

ഏതൊരു വ്യക്തിയുടെ മനോഗതികൾ സുഖാനുഭവത്തി നായിട്ടു മന്ദ വിധത്തിൽ ഓടിക്കൊണ്ടിരിക്കുന്നു, തൃഷ്ണാസംഭൂ തങ്ങളായ ആ—ആശാതരംഗങ്ങൾ ദൃഷ്ടിശൂന്യനായ ആ വ്യക്തി യെ ആപത്തുകളിലേക്ക് അതിശീഘ്രം നയിക്കുന്നു.

മൂലം 7.

സവന്തി സബ്ബധിസോതാ
ലതാ ഉബ്ഭിജ്ജതിട്ഠതി,
തഞ്ചദിസ്വാ ലതം ജാതം
മൂലം പഞ്ഞായ ഛിന്ദഥ.

അന്വ:-

മൂ: ഭാ:-

സോതോസബ്ബധി സവന്തി,
ലതാഉബ്ഭിജ്ജതിട്ഠതി,
തഞ്ചലതം ജാതം ദിസ്വാ
മൂലം പഞ്ഞായ ഛിന്ദഥ.

സം:-

സ്രോതഃ സർവ്വതഃ സ്രവതി,
ലതാ ഉൽഭിത്തിഷ്ഠതി,
താം ച ലതാം ജാതാം
ദൃഷ്ട്വാ മൂലം പ്രജ്ഞയാഛിന്ദഥ.

അന്ത:—

ആശയാകുന്ന നദി നാനാവിഷയങ്ങളിലേക്കും ഒഴുകുന്നു. ആശാലത എല്ലായ്പ്പോഴും മുളച്ചുകൊണ്ടിരിക്കുന്നു. ആ ലത എപ്പോഴെങ്കിലും മുളച്ചുകണ്ടാൽ പ്രജ്ഞയാകുന്ന ആയുധത്താൽ അതിന്റെ മൂലത്തെ ഛേദിച്ചുകളയണം.

മൂലം 8.

സരിതാനിസിനേഹിതാ നിച
സൊമനസ്സാനി ഭവന്തി ജന്തുനോ
തേ സാതസിതാ സുഖേസിനോ
തേവേജാതിജ രൂപഗാനരാ.

അന്വയം.

മൂ: ഭാ:-

ജന്തുനോ സോമനസ്സാനി സരിതാനി സിനേഹിതാനി ച ഭവന്തി, തേസാതസിതാ സുഖേസിനോ തേ നരാ വേജാതി ജരൂപഗാ (ഭവന്തി)

സം:-

ജന്തോഃ സൌമനസ്യാനി സൃതാനി സ്നിഗ്ദ്ധാനി ചഭവന്തി, സ്രോതഃ സൃതാഃ സുഖൈഷിണഃ തേ നരാഃ വൈ ജാതിജരോപഗാഃ ഭവന്തി.

അൎത്ഥം.

ദേഹികൾക്ക് അത്യന്തം പ്രിയമായതു സുഖമാകുന്നു. അവർ ഏതു വസ്തുവിലും സുഖമന്വേഷിക്കുന്നു. ഇപ്രകാരം മനുഷ്യർ മാത്രം സുഖപ്രവാഹത്തിൽ മുഴുകി സുഖാന്വേഷികളായിട്ട് വീണ്ടും വീണ്ടും ജനനമരണങ്ങളെ അനുഭവിക്കുന്നു.

മൂലം 9.

തസിനായപുരക്ഖതാപജാ
പരിസപ്പന്തി സസോവബാധിതോ,
സഞ്ഞോജന സങ്ഗസത്തകാ
ദുക്ഖമുപേന്തി പുനപ്പുനം ചിരായ

അന്വയം.

മൂ: ഭാ: —	സം: —
വാധിതോസസോവ തസിനായ പുരക്ഖതാപജാപരിസപ്പന്തി, സഞ്ഞോജന സങ്ഗസത്തകാ ചിരായ പുനപ്പുനം ദുക്ഖം ഉപേന്തി.	ബദ്ധഃ ശശ ഇവ തൃഷ്ണയാ പുരസ്കൃതാഃ പ്രജാഃ പരിസപ്പന്തി, സംയോജന സങ്ഗസക്തകാഃ ചിരായ പുനഃ പുനഃ ദുഃഖംഉപയാന്തി.

അൎത്ഥ:-

വലയിൽ അകപ്പെട്ട മുയൽപോലെ ആശാഗ്രസ്തരായ മനുഷ്യർ വീണ്ടും വീണ്ടും ക്ലേശിച്ച് വളരെക്കാലം ഇന്ദ്രിയ വിഷയങ്ങളിൽ ആസക്തരായി ദുഃഖിക്കുന്നു.

മൂലം 10.

തസിനായ പുരക്ഖതാപജാ
പരിസപ്പന്തി സസോവബാധിതോ,
തസ്മാ തസിനം വിനോദയേ
ഭിക്ഖു ആകങ്ഖീ വിരാഗമത്തനോ.

അന്വയം.

മൂ: ഭാ: —	സം: —
വാധിതോ സസോ വതസിനായ പുരക്ഖതാപജാ പരിസപ്പ-	ബദ്ധഃ ശശ ഇവ തൃഷ്ണയാ പുരസ്കൃതാഃപ്രജാഃ പരിസ

ന്തി തസ്മാതസിനം വിനോദയേ ഭിക്ഖു അത്തനോ വിരാഗം അകങ്ഖീ.

ർപ്പന്തി, തസ്മാൽ തസ്യാഃ വിനോദായ ഭിക്ഷുഃ ആത്മനഃ വിരാഗം ആകാങ്ക്ഷീ:-

അനു:—

ആശാബദ്ധനായ മനുഷ്യൻ വലയിൽപ്പെട്ട മുയൽപോലെ വീണ്ടും വീണ്ടും ചുററിത്തിരിയുന്നു. അതിനാൽ ഭിക്ഷുവായ പുരുഷൻ തൃഷ്ണാനിവാരണത്തിനായിട്ട് വൈരാഗ്യത്തെ ആഗ്രഹിക്കണം.

മൂലം 11.

യോനിബ്ബനഥോ വനാധിമുത്തോ
വനമുത്തോവനമേവധാവതി.
തം പുഗ്ഗലമേവപസ്സഥ
മുത്തോ ബന്ധന മേവധാവതി.

അന്വയം.

മൂ: ഭാ: —

യോ നിബ്ബനഥോ വനാധിമുത്തോ വനമുത്തോ വനമേവ ധാവതി, തം പുഗ്ഗലമേവ പസ്സഥ മുത്തോ ബന്ധന മേവ ധാവതി.

സം:—

യഃ നിർവ്വാണാർത്ഥീ (വനാൽ ബഹിരാഗന്തും അഭിലാഷീ സൻ; പക്ഷാന്തരേ നിർവ്വാണാർത്ഥീ നിർവ്വാണം അധിഗന്തും പ്രാർത്ഥയമാനസ്സൻ) വനാധി മുക്തഃ (വനാൽ —അരണ്യാൽ അധിമുക്തഃ നിഷ്ക്രാന്തഃ പക്ഷാന്തരേ വനേന അഭിലാഷേണ —അധി മുക്തോ വിഹീനഃ) വനമുക്തഃ (നിസ്പൃഹഃ) വനം ഏവ ധാവതി, തം പുരുഷം പശ്യത, സ: മുക്ത: ബന്ധന മേവ ധാവതി.

അനു:-

മോക്ഷാർത്ഥിയായ പുരുഷൻ നിസ്പൃഹനായിരുന്നിട്ട് വീണ്ടും ആശയ്ക്ക് അധീനനാകുന്നു, എന്നാൽ, അവൻ മുക്തിലാഭത്തിന് അവകാശിയാണെങ്കിലും ആശാബന്ധത്താൽ കേവലം ബ

ലനായിത്തീരുന്നു. നിർവ്വാണാർത്ഥിയായ ഒരുവൻ തൃഷ്ണയേ ത്യജിച്ചു വീണ്ടും അതിനുതന്നെ അധീനനായാൽ അവൻ യഥാർത്ഥത്തിൽ മുക്തനല്ല, ബദ്ധനായിത്തന്നെ ഇരിക്കുന്നു.

മൂലം 12.

ന തം ദള്ഹം ബന്ധനമാഹുധീരാ
യദായസം ദാരുജം പബ്ബജഞ്ച
സാരത്ത രത്താ മണികുണ്ഡലേസു
പുത്തേസു ദാരേസുചയാ അപേക്ഖാ .

അന്വ:

മൂ: ഭാ:-

ധീരാ തം ദള്ഹം ബന്ധനം ന ആഹു യദായസം ദാരുജം പബ്ബജഞ്ച; മണികുണ്ഡലേസു പുത്തേസു ദാരേസു ച യാ അപേക്ഖാ സാരത്തരത്താ ആഹുതി.

സം:-

ധീരാഃ തൽ ബന്ധനാം ദൃഢം ന ആഹുഃ യൽ ആയസം ദാരുജം പർവ്വജം ചമണികുണ്ഡലേഷു പുത്രേഷു ദാരേഷു യാ അപേക്ഷാതാ മേവദൃഢാം ബന്ധനമിതി ആഹുഃ

അർത്ഥ:-

പണ്ഡിതന്മാർ, ലോഹംകൊണ്ടോ തടികൊണ്ടോ കയറു മുതലായവ കൊണ്ടോ ഉള്ള ബന്ധനത്തേ ദൃഢമായ ബന്ധനമെന്നു പറയുന്നില്ല. ഭാര്യാപുത്രാദികൾ മണികുണ്ഡലങ്ങൾ എന്നിവയേക്കുറിച്ചുള്ള അത്യാസക്തിയേത്തന്നെയാണ് ദൃഢമായ ബന്ധനമെന്നു പറയുന്നതു്.

മൂ: 13.

ഏതം ദള്ഹം ബന്ധനമാഹുധീരാ
ഒഹാരിനം സിഥിലം ദുപ്പമുഞ്ചം
ഏതമ്പി ഛേത്വാനപരിബ്ബജന്തി
അനപേക്ഖിനോ കാമസുഖം പഹായ

അന്വ:-

മൂലഭാ:-

ഒഹാരിനം സിഥിലം ദുപ്പമുഞ്ചം ഏതം ബന്ധനംധീരാ ദള്ഹം

സം:

അപഹാരി ശിഥിലം ദുഷ്പ്രമോചം ഏതൽബന്ധനംധീരാഃ

ആഹു ഏതമ്പി ഛേത്വാന	ദൃഢം ആഹുഃ ഏതദപിഛി
കാമസുഖം പഹായ അന	ത്വാ കാമസുഖം പ്രഹായ അന
പേക്ഖിനോ പരിവ്വജന്തി	പേക്ഷിണഃ പരിവ്രജന്തി

അന്വ:-

മനുഷ്യരേ ആകർഷിച്ച് അധഃപതിപ്പിക്കുന്നതും നിസ്സാരവും ഉപേക്ഷിക്കാൻ വളരെ പ്രയാസമുള്ളതുമായ ബന്ധനത്തേയാണ് ബുദ്ധിമാന്മാർ ദൃഢബന്ധനമെന്നു പറയുന്നത്. ആ ബന്ധനത്തേ ഛേദിച്ച് (പുത്രസ്നേഹാദികളെ ത്യജിച്ച്) നിരാശികളായ പുരുഷന്മാർ പരിവ്രാജകഭാവമവലംബിക്കുന്നു.

മൂ: 14.

യേരാഗരത്താനുപതന്തിസോതം
സയം കതം മക്കടകോവജാലം
ഏതമ്പി ഛേത്വാന വജന്തിധീരാ
അനപേക്ഖിനോ സബ്ബദുക്ഖം പഹായ

അന്വ:-

മൂ: ഭാ:-	സം:-
യേ രാഗരത്താസയംകതം	യേ രാഗരക്താഃ സ്രോതഃ
മക്കടകോവജാലം സോതം	അനുപതന്തി-അനുധാവന്തി,
അനുപതന്തി, ധീരാ ഏതമ്പി	(തേ) സ്വയംകൃതം ജാലം
ഛേത്വാന സബ്ബദുക്ഖം	മർക്കടക ഇവ അനുപതന്തി
പഹായ അനപേക്ഖിനോ	ധീരാഃ ഏതദപി ബന്ധനം
വദന്തി.	ഛിത്വാ സർവ്വദുഃഖം പ്രഹായ
	അനപേക്ഷിണഃ വ്രജന്തി.

അന്വ:—

ചിലന്തി, അതിനാൽ ഉണ്ടാക്കപ്പെടുന്നതായ വലയിൽ കുടുങ്ങി അതിൽ വീണുപോകുന്നതുപോലെ രാഗാസക്തരായ മനുഷ്യർ തങ്ങളാൽ ഉണ്ടാക്കപ്പെട്ടുന്ന ആശാസ്രോതസ്സിലകപ്പെട്ട് അതിനെ പിൻതുടരുന്നു. പണ്ഡിതൻ ഈ രാഗമാകുന്ന വലയെ ഛേദിച്ചിട്ട് ആസക്തിരഹിതനായി സർവ്വദുഃഖങ്ങളിൽനിന്നും മുക്തനാകുന്നു.

മൂലം 15.

മുഞ്ചപുരേ മുഞ്ചപച്ഛതോ
മജ്ഝമുഞ്ച ഭവസ്സ പാരഗൂ
സവ്വത്ഥ വിമുത്തമാനസോ
ന പുന ജാതി പ്യരം ഉപേഹസി

അന്വ:—

മൂ: ഭാ:-

പുരേമുഞ്ചപച്ഛതോ മുഞ്ച
ഭവസ്സപാരഗൂ; സവ്വത്ഥ വി
മുത്തമാനസോ ജാതിജരം
ന പുന ഉപേഹിസി.

സം:-

പുരഃമുഞ്ച പശ്ചാൽ മുഞ്ച
മദ്ധ്യേമുഞ്ച ഭവസ്യ പാരഗഃ
സർവ്വഥാ വിമുക്തമാനസഃ
പുനഃജാതി ജരാം ന ഉപൈഷി.

അനു:—

നീ മുമ്പിലോ പിമ്പിലോ മദ്ധ്യഭാഗത്തോ എന്തെല്ലാം നിന്റേതായി കാണുന്നുവോ അവയെ എല്ലാം ത്യജിച്ചു സംസാരത്തിനപ്പുറം പോകുക! സർവ്വഥാ വിമുക്തചിത്തനായാൽ ജരാമരണങ്ങൾ വീണ്ടും നിന്നെ ബാധിക്കുകയില്ല.

മൂലം 16.

വിതക്കപമഥിതസ്സ ജന്തുനോ
തിവ്വരാഗസ്സസുഭാനുപസ്സിനോ
ഭിയ്യോ തൺഹാ പവഡ്ഢതി
ഏസഖോ ദൾഹം കരോതിബന്ധനം

അന്വ:-

മൂ: ഭാ:-

വിതക്കപമഥിസ്സതിവ്വരാഗസ്സ
സുഭാനുപസ്സിനോ ജന്തുനോ
തൺഹാഭിയ്യോപവഡ്ഢതി
ഏസഖോ ബന്ധനം ദൾഹം
കരോതി

സം:-

വിതർക്കപ്രമഥിതസ്യതീവ്ര
രാഗസ്യശുഭാനുദർശിനഃജന്തോ
തൃഷ്ണാ ഭൂയഃ വർദ്ധതേ
ഏഷഃ ഖലുബന്ധനംദൃഢം
കരോതി

അനു:-

സംദേഹത്താൽ ചപലമനസ്സായും രാഗദ്വേഷമോഹങ്ങളാൽ പീഡിതനായും അതിയായ അനുരാഗത്താൽ ഇന്ദ്രിയങ്ങൾ

ക്ക് അധീനനായും സുഖലോലുപനായുമിരിക്കുന്ന മനുഷ്യന് തൃഷ്ണ കലശലായി വർദ്ധിക്കുന്നു. അവൻ നിശ്ചയമായും തൻെറബന്ധത്തെ (സംസാരബന്ധത്തെ) ഏററവും ദൃഢമാക്കുന്നു.

മൂലം 17.

വിതക്കൂപസമേചയോരതോ
അസുഭം ഭാവയതിസദാസതോ
ഏസഖോ വ്യക്തി കാഹിതീ
ഏസച്ഛേജ്ജതി മാരബന്ധനം

അന്വ:-

മൂ: ഭാ:-

യോ ച വിതക്കൂപസമേ
രതോ, സതോസദാ അസു
ഭം ഭാവയതി, ഏസഖോ
മാരബന്ധനം വ്യക്തികാഹിതീ
ഏസച്ഛേജ്ജതി

സം:-

യഃ ച വിതർക്കോപശമേരതഃ
സദാ സ്മൃതഃ അശുഭംഭാവയതി
ഏഷഃ ഖലുമാരബന്ധനം
വ്യന്തീ കരിഷ്യതി, ഏഷഖ
ലുഛേത്സ്യതി

അന്വ:—

ഏതൊരു പുരുഷൻ സന്ദേഹങ്ങളുടെയും രാഗദ്വേഷമോഹങ്ങളുടെയും ഉപശമത്താൽ ആനന്ദിക്കയും എല്ലായ്പ്പോഴും സ്മൃതിയോടുകൂടി ശരീരാദികളുടെ അപവിത്രതയെക്കുറിച്ച് വിചാരിക്കയും ചെയ്യുന്നു, അവൻ മാരൻെറ സർവ്വബന്ധനങ്ങളെയും ധ്വംസിക്കുന്നു.

മൂ: 18.

നിട്ഠങ്ഗതോഅസന്താസീ
വീതതൺഹോഅനങ്ഗണോ
ഉഛിജ്ജഭവസല്ലാനി
അന്തിമോയംസമുസ്സയോ

അന്വയം

മൂ: ഭാ:-

നിഠങ്ഗതോഅസന്താസീ
വീതതൺഹോ അനങ്ഗണോ
ഭവസല്ലാനി ഉച്ഛിജ്ജ,
അയംഅന്തിമോസമുസ്സയോ-

സം:-

നിഷ്ഠാംഗത:അസന്ത്രാസീ
വീതതൃഷ്ണഃ അനങ്ഗനഃ
ഭവശല്യാനിഉത്സൃജ്യ
അയംസമുഛ്റയഃ അന്തിമഃഭവന്തി

അന:—

ഏതൊരു വ്യക്തി ഭയശൂന്യനും തൃഷ്ണാഹീനനും പാപ രഹിതനുമായി, അർഹതപം പ്രാപിച്ചിരിക്കുന്നു, അവൻ സംസാ രദുഃഖം ത്യജിക്കാൻ ശക്തനാകുന്നു. അവൻ വീണ്ടും ശരീരം ധരി ക്കേണ്ടതായി വരികയില്ല.

മൂ: 19

വീതതൺഹോഅനാദാനോ
നിരുത്തിപദകോവിദോ
അക്ഖരാനംസന്നിപാതം
ജഞ്ഞാപൂവ്വാപരാനിച
സവേഅന്തിമസാരീരോ
മഹാപഞ്ഞോതിവുച്ചതി-

അന്വ:-

മൂ: മാ:-

വീതതൺഹോഅനാദാനോ
നിരുത്തിപദകോവിദോ
അക്ഖരാനംസന്നിപാതം
പൂവ്വാപരാനിചജഞ്ഞാസവേ
അന്തിമസാരീരോമഹാ
പഞ്ഞോ—മഹാ
പുരിസോതിവുച്ചതി.

സം:-

വിതതൃഷ്ണഃഅനാദാനഃ
നിരുക്തിപദകോവിദഃ
അക്ഷരാണാംസന്നിപാതം
പൂർവാപരാണിചജാനാതി,
സഃവൈഅന്തിമശാരീരഃ
മഹാ പ്രാജ്ഞഃമഹാപുരുഷഃ
ഇതിഉച്യതേ-

അന:-

തൃഷ്ണാശൂന്യനും ആസക്തി ഇല്ലാത്തവനും ശബ്ദാർത്ഥങ്ങളുടെ മർമ്മം ഗ്രഹിച്ച് പദവാക്യങ്ങളുടെ പ്രയോഗവിധങ്ങളെയും അവ യുടെ പൂർവാപരഭേദത്തെയും അറിഞ്ഞിട്ടുള്ള പുരുഷൻ അന്തിമ ശരീരനാകുന്നു. വിജ്ഞാനിയായ ആ വ്യക്തിയേ മഹാപ്രാജ്ഞ നെന്നും മഹാപുരുഷനെന്നും പറയുന്നു.

മൂലം 20.

സവ്വാഭിഭൂസവ്വവിദൂഹമസ്മി
സവ്വേസുധമ്മേസുഅനൂപലിത്തോ
സവ്വഞ്ജഹോതൺഹക്ഖയേവിമുത്തോ
സയംഅഭിഞ്ഞായകമുദ്ദിസേയ്യം.

അന്വ:-

മൂ: ഭാ:-

സബ്ബാഭിഭൂസബ്ബവിദൂ
സബ്ബേസുധമ്മേസു,അനൂപ
ലിത്തോഅസ്സബ്ബഞ്ജ
ഹോതണ്ഹക്ഖയേവിമു-
ത്തോസയംഅഭിഞ്ഞായകം
ഉദ്ദിസേയ്യം?

സം:-

അഹംസർവ്വാഭിഭൂഃ സർവ്വവിൽ
സർവ്വേഷുധർമ്മേഷു അനുപലിപ്തഃ
സർവ്വംജഹഃതൃഷ്ണാക്ഷയേവിമുക്തഃ
(ഇതി)സ്വയംഅഭിജ്ഞായകം
ഉദ്ദിശേയം?

അന്വ:-

ഞാൻ സകലരിപുക്കളെയും തോല്പിച്ചിരിക്കുന്നു. സർവ്വവിഷയങ്ങളും അറിഞ്ഞിരിക്കുന്നു. ഞാൻ ഒരു വസ്തുവിലും ആഗ്രഹമുള്ളവനല്ല. ഞാൻ സമസ്തവും ത്യജിച്ചിരിക്കുന്നു, ഇത്യാദി സ്വയമേ അറിഞ്ഞിട്ട് ആരെ ഉപദേഷ്ടാവായി സ്വീകരിക്കാം?

൨൧

സബ്ബദാനം ധമ്മദാനം ജിനാതി
സബ്ബം രസം ധമ്മരസോ ജിനാതി
സബ്ബം രതിം ധമ്മരതീ ജിനാതി
തണ്ഹക്ഖയോ സബ്ബ ദുഃഖം ജിനാതി

അന്വ:-

മൂ: ഭാ:-

ധമ്മദാനം സബ്ബദാനം ജി
നാതി, ധമ്മരസോസബ്ബം
രസംജിനാതി, ധമ്മരതീ
സബ്ബം രതിം ജിനാതി, തണ്
ഹക്ഖയോ സബ്ബദുഃഖം ജി
നാതി.

സം:-

ധർമ്മദാനം സർവ്വദാന ജയതി
ധർമ്മരസഃ സർവ്വംരസംജയതി
ധർമ്മരതിഃ സർവ്വരതിം ജയതി
തൃഷ്ണായഃ ക്ഷയഃ സർവ്വദുഃഖം
ജയതി.

അന്വ:-

ധർമ്മോപദേശം നൽകുന്നതിനേക്കാൾ വലുതായ ദാനം ഇല്ല. ധർമ്മത്തിൻെറ മാധുര്യം സകല രസങ്ങളേക്കാളും ഉൽകൃഷ്ടമാകുന്നു. ധർമ്മബോധത്താൽ സിദ്ധിക്കുന്ന ആനന്ദം—സംതൃപ്തി—എല്ലാ ആനന്ദത്തെയും ജയിക്കുന്നു. തൃഷ്ണയുടെ ക്ഷയം സർവ്വദുഃഖങ്ങളെയും ജയിക്കുന്നു.

മൂലം 22.

ഹനന്തിഭോഗാദുമ്മേധം
നോചേപാരഗവേസിനോ
ഭോതഗൺഹായദുമ്മേധോ
ഹന്തിഅജ്ഞെവഅത്തനം

അന്വ:-

മൂ: ഭാ:-	സം:-
ഭോഗാദുമ്മേധംഹനന്തിനോചേ	ഭോഗാഃ ദുമ്മേധസംഘ്നന്തിന
(സോ)പാരഗവേസിനോ;	ചേൽപാരഗവേഷീദു-
ദുമ്മേധോഭോഗതൺഹായ	മ്മേധാഃ·ഭോഗതൃഷ്ണയാ
അജ്ഞെവഅത്തനംഹന്തി.	അന്യഇവആത്മാനംഹന്തി.

അനു:-

ജനനമരണപ്രവാഹരൂപമായ സംസാരത്തെ കടക്കുവാൻ ഇച്ഛയില്ലാത്ത ദുർബുദ്ധിയായ മനുഷ്യനെ ഭോഗങ്ങൾ നശിപ്പിക്കുന്നു. ബുദ്ധിശൂന്യനായ അവൻ ഭോഗതൃഷ്ണയാൽ അന്യനെപ്പോലെ തന്നെ നശിപ്പിക്കുന്നു.

മൂലം 23.

തിണദോസാനിഖേത്താനി
രാഗദോസാഅയംപജാ,
തസ്മാഹിവീതരാഗേസു
ദിന്നംഹോതിമഹപ്ഫലം.

അന്വ:-

മൂ: ഭാ:-	സം:-
ഖേത്താനിതിണദോസാനി	ക്ഷേത്രാണിതൃണദോഷൈഃ
അയംപജാരാഗദോസാ,	ഇയംപ്രജാരാഗദോഷൈഃ
തസ്മാഹിവീതരാഗേസു	തസ്മാൽവീതരാഗേഷുദത്തം
ദിന്നംമഹപ്ഫലംഹോതി	മഹാഫലംഭവതി.

അനു:-

വയലുകൾ കളകളെക്കൊണ്ടു നിറഞ്ഞാൽ നിഷ്ഫലമാകുന്നു. രാഗം വർദ്ധിച്ചിട്ട് ലോകം നശിക്കുന്നു, രാഗരഹിതന്മാരായ സജ്ജനങ്ങൾക്ക് നൾകപ്പെടുന്ന ദാനം വളരെ ഫലമുള്ളതാകുന്നു.

മൂലം 24.

തിണദോസാനിഖേത്താനി
ദോസദോസാഅയംപജാ
തസ്മാഹി വീതദോസേസു
ദിന്നം ഹോതി മഹപ്ഫലം

അന്വ: -

മൂലമാ:-
ഖേത്താനിതിണദോസാനി അയം
പജാദോസദോസാതസ്മാഹി
വീതദോസേസുദിന്നം
മഹപ്ഫലംഹോതി.

സം:-
ക്ഷേത്രാണിതൃണദോഷൈഃ
ഇയംപ്രജാഃദ്വേഷദോഷൈഃ
തസ്മാൽഹിവീതദ്വേഷേഷു
ദത്തംമഹാഫലംഭവതി.

അന്വ:-

വയലുകൾ തൃണബാഹുല്യത്താൽ ഫലശൂന്യങ്ങളാകുന്നു. ദ്വേഷമാകുന്ന ദോഷത്താൽ ജനങ്ങൾ നശിക്കുന്നു. അതിനാൽ ദ്വേഷശൂന്യരായ ജനങ്ങൾക്കു നൾകുന്ന ദാനം ഉൽകൃഷ്ടമായ ഫലത്തെ പ്രദാനം ചെയ്യുന്നു.

മൂ: 25.

തിണദോസാനിഖേത്താനി
മോഹദോസാ അയംപജാ
തസ്മാഹി വീതമോഹേസു
ദിന്നം ഹോതി മഹപ്ഫലം

അന്വ:-

മൂ: മാ:-
ഖേത്താനി തിന്നദോസാനി
അയം പജാ മോഹദോസാ
തസ്മാഹി വീതമോഹേസു
ദിന്നംമഹപ്ഫലം ഹോതി

സം:-
ക്ഷേത്രാണിതൃണദോഷൈ:
ഇയം പ്രജാ മോഹദോഷൈ:
തസ്മാദ്ധിവീതമോഹേഷു
ദത്തം മഹൽഫലം ഭവതി

അന്വ:-

ഭൂമി തൃണബഹുലമായാൽ നിഷ്ഫലമായിത്തീരുന്നു. ജനങ്ങൾ മോഹഗ്രസ്തരായിട്ടും നാശം പ്രാപിക്കുന്നു. അതുകൊണ്ട് മോഹശൂന്യരായ വ്യക്തികൾക്കു നൾകപ്പെടുന്ന ദാനം ഉത്തമമായ ഫലത്തേ പ്രദാനം ചെയ്യുന്നു.

മൂ: 26.

തിണദോസാനിഖേത്താനി
ഇച്ഛാദോസോ അയംപജാ
തസ്മാഹിവിഗതിച്ഛേസു
ദിന്നം ഹോതി മഹപ്ഫലം

അന്വ:—

മൂലഭാ:-	സം:-
ഖേത്താനി തിണദോസാനി	ക്ഷേത്രാണി തൃണദോഷൈ:
അയം പജാ ഇച്ഛാദോസാ	ഇയംപ്രജാ ഇച്ഛാദോഷൈ:
തസ്മാഹി വിഗതിച്ഛേസു	തസ്മാൽ ഹി വിഗതേച്ഛേഷു
ദിന്നം മഹപ്ഫലം ഹോതി	ദത്തം മഹാഫലം ഭവതി

അന്വ:—

ഭൂമി തൃണബഹുലമായാൽ നിഷ്ഫലമായിത്തീരുന്ന ജനങ്ങൾ ഇച്ഛാദോഷത്താൽ—ദുരാഗ്രഹത്താൽ—നശിക്കുന്നു. ആകയാൽ ഇച്ഛാഹീനനായ മനുഷ്യനിൽ അർപ്പിക്കുന്ന ദാനം ഉത്തമവും ഫലപ്രദവുമാകുന്നു.

തൃഷ്ണാവഗ്ഗഃ
(ചതുർവ്വിംശതിതമഃ)

ഭിക്ഷുവഗ്ഗഃ

(പഞ്ചവിംശതിതമഃ)

മൂലം 1.

ചക്ഖുനാ സംവരോസാധു
സാധുസോതേന സംവരോ
ഘാണേന സംവരോ സാധു
സാധു ജിവ്ഹായ സംവരോ

അന്വയം.

മൂ: ഭാ:—	സം:—
ചക്ഖുനാ സംവരോസാധു	ചക്ഷുഷാ സംവര: സാധു:
സോതേന സംവരോ സാധു,	ശ്രോത്രേണ സംവര: സാധു:
ഘാണേന സംവരോ സാധു,	ഘ്രാണേന സംവരഃ സാധു:
ജിവ്ഹായ സംവരോ സാധു	ജിഹ്വയാ സംവര: സാധു

അനു:—

നേത്രം, ശ്രോത്രം, ഘ്രാണം, ജിഹ്വാ ഈ ഇന്ദ്രിയങ്ങളെ സം യമനം ചെയ്യുന്നതു് ഏറ്റവും ഉത്തമമാകുന്നു.

മൂലം 2.

കായേന സംവരോ സാധു
സാധുവാ ചായ സംവരോ
മനസാ സംവരോ സാധു
സാധു സവ്വത്ഥ സംവരോ
സവ്വത്ഥ സംവുതോ ഭിക്ഖു,
സബ്ബദുക്ഖാ പമുച്ചതി.

അന്വയം

മൂ: ഭാ.	സം:-
കായേന സംവരോ സാധു,	കായേനഃ സംവര സാധുഃ,
വാചായ സംവരോ സാധു,	വാചാ സംവരഃ സാധുഃ,
മനസാ സംവരോ സാധു,	മനസാ സംവരഃ സാധുഃ,
സവ്വത്ഥ സംവരോ സാധു,	സവ്ത്ര സംവരഃ സാധു,
സവ്വത്ഥ സംവുതോ ഭിക്ഖു,	സവ്വ്ത്ര സംയതഃ ഭിക്ഷു
സവ്വദുക്ഖാ പമുച്ചതി.	സവ്ദുഃഖാൽ പ്രമുച്യതേ,

അനു:—

മനോ-വാക്കായങ്ങളെ വേണ്ടവിധം സംയമനം ചെയ്യുന്നതു് അത്യന്തം ശുഭാവഹമാകുന്നു. ഏതൊരു ഭിക്ഷു എട്ടുവിഷയങ്ങ ളെ സംയമം ചെയ്യാൻ ശക്തനാകുന്നു, അവൻ സമസ്തക്ലേശങ്ങ ളിൽനിന്നും വിമുക്തനാകുന്നു.

3

ഹത്ഥസഞ്ഞതോപാദസഞ്ഞതോ
വാചായസഞ്ഞതോസഞ്ഞഉത്തമോ
അജ്ഝത്തരതോസമാഹിതോ
ഏകോസന്തുസിതോ തമാഹുഭിക്ഖും-

അന്വ:-

മൂ: ഭാ:-	സം:-
ഹത്ഥസഞ്ഞതോ പാദസ-ഞ്ഞതോ	ഹസ്തസംയതഃ പാദസംയതഃ
വാചായസഞ്ഞതോ സഞ്ഞ-ത്തമോ,	വാചാസംയതഃ സംയതോ-ത്തമഃ
അജ്ഝത്തരതോസമാഹി-തോ	അധ്യാത്മരതഃ സമാഹിതഃ
ഏകോസന്തുസിതോ തം-ഭിക്ഖും ആഹു.	ഏകഃസന്തോഷിതഃ തംഭിക്ഷും-ആഹുഃ

അത:—

ഹസ്തപാദങ്ങളേയും വാക്കിനേയും സംയമനം ചെയ്തിട്ടുള്ളവരത്രേ യഥാർത്ഥ സംയമികൾ—സംയമിശ്രേഷ്ഠന്മാർ. സദാ ആദ്ധ്യാത്മികചിന്താതല്പരന്മാരും സമാധിസമ്പന്നന്മാരും നിസ്സംഗന്മാരും സന്തുഷ്ടചിത്തന്മാരുമായ അവരെ ഭിക്ഷുക്കളെന്നു പറയപ്പെടുന്നു.

മൂ: 4

യോമുഖ സഞ്ഞതോഭിക്ഖൂ
മന്തഭാണീ അനുദ്ധതോ
അത്ഥം ധമ്മഞ്ച ദീപേതി
മധുരം തസ്സ ഭാസിതം

അന്വയം.

മൂ: ഭാ.	സം:
യോഭിക്ഖൂമുഖസഞ്ഞതോ	യഃഭിക്ഷുഃമുഖസംയതഃമന്ത്ര
മന്തഭാണീ, അനുദ്ധതോ;	ഭാണീഅനുദ്ധത: അർത്ഥം
അത്ഥം ധമ്മഞ്ചദീപേതി	ധർമ്മം ചദീപയതി തസ്യഭാ
തസ്സഭാസിതം മധുരം	ഷിതം മധുരം ഭവതി

അത:-

വാക്സംയമത്തോടും അവധാനപൂർവ്വമായ സംഭാഷണത്തോടും ഔദ്ധത്യലേശംകൂടാതെ യഥാർത്ഥതത്വപ്രതിപാദനത്തിൽ സമർത്ഥനായ ഭിക്ഷുവിന്റെ വാക്യം മധുരമായിത്തീരുന്നു.

മൂ: 5.

ധമ്മാരാമോ ധമ്മരതോ
ധമ്മം അനുവിചിന്തയം
ധമ്മാ അനുസ്സരം ഭിക്ഖു,
സദ്ധമ്മാ ന പരിഹായതി

അന്വ:—

മൂ: ഭാ: —

ധമ്മാരാമോ ധമ്മരതോ
ധമ്മം അനുവിചിന്തയം
ധമ്മാ അനുസ്സരം ഭിക്ഖു
സദ്ധമ്മാ ന പരിഹായതി

സം: —

ധമ്മാരാമഃ ധമ്മരതഃ ധമ്മം
അനുവിചിന്തയൻ ധമ്മം
അനുസ്മരൻ ഭിക്ഷുഃ സദ്ധ
മ്മാൽ * ന പരിഹീയതേ

*(ചതപാരി സ്മൃത്യുപസ്ഥാനാനിച ചതപാരിസമ്യൿപ്രഹാണാനിചതപാര ഋദ്ധിപാദാഃ പഞ്ചേന്ദ്രിയാണി പഞ്ചബലാനിസപ്തബോദ്ധ്യങ്ഗാനിആര്യാഷ്ടാങ്ഗികമാർഗ്ഗശ്ചേതി സപ്തത്രിംശൽ ബോധിപാക്ഷിക ധമ്മാഃ, ലാഭഃ അലാഭഃ സുഖം ദുഃഖം യശഃ അയശഃ നിന്ദാ, പ്രശംസാചേത്യഷ്ടൌലോക ധമ്മാഃ ബോധിപാക്ഷികധമ്മാൾ ലൌകികധമ്മാശ്ച.)

അനു:—

ധമ്മനിഷ്ഠനായി സദാ ധമ്മത്തിൽ ആനന്ദിച്ചും ധമ്മഭാവന ചെയ്തും ധമ്മസ്മൃതിയോടുകൂടി വസിക്കുന്ന ഭിക്ഷു ഒരിക്കലും സൽധമ്മത്തിൽനിന്നു പതിച്ചു പോകുകയില്ല.

മൂലം 6.

സലാഭം നാതിമഞ്ഞെയ്യ
നാഞ്ഞെസം പിഹയം ചരേ
അഞ്ഞെസംപിഹയം ഭിക്ഖു,
സമാധിം നാധിഗച്ഛതി.

അന്വ:—

മൂ: ഭാ:—

സലാഭം ന അതിമജ്ഞെയ്യ അജ്ഞെ സംപിഹയം നഭി രേ അജ്ഞെ സംപിഹയം ഭി ക്ഖു സമാധിം ന അധിഗ ച്ഛതി.

സം:—

സ്വലാഭം ന അതിമന്യേത അന്യേഷാം സ്പൃഹണം ന ചരേൽ, അന്യേഷാം സ്പൃ ഹയൻ ഭിക്ഷു സമാധിം ന അധിഗച്ഛതി.

അന:—

തനിക്ക് ലഭിച്ച വസ്തുവിനേപ്പററി അവജ്ഞ തോന്നാതെയും അന്യന്നു ലഭിച്ചതിനേക്കുറിച്ച് ആഗ്രഹമുണ്ടാകാതെയും ഇരിക്കണം. അന്യന്നു ലഭിച്ച വസ്തുവിൽ ഇച്ഛ തോന്നുന്ന ഭിക്ഷു സമാധി ലഭിക്കാൻ അർഹനല്ല.

മൂലം 7.

അപ്പലാഭോപ്പിചേഭിക്ഖൂ
സലാഭം നാതിമജ്ഞതി,
തംവേ ദേവാ പസംസന്തി
സുദ്ധാ ജീവിം അതന്ദിതം.

അന്വയം.

മൂ: ഭാ:—

അപ്പലാഭോപി ചേഭിക്ഖൂ സലാഭം ന അതിമജ്ഞതി, ദേവാ വേതം സുദ്ധാജീവിം അതന്ദിതം പസംസന്തി.

സം:—

അല്പലാഭോപി ചേൽഭിക്ഷുഃ സ്വലാഭം ന അതിമന്യതേ; ദേവാ, തം ശുദ്ധാ ജീവം അതന്ദ്രിതം പ്രശംസന്തി.

അന:—

ഏതൊരു ഭിക്ഷു അല്പമായിട്ടു ലഭിച്ചാൽ പോലും അതിനേ അവഗണിക്കുന്നില്ല, ആലസ്യരഹിതനായി വിശുദ്ധ ജീവിതം നയിക്കുന്ന അവനേ ദേവന്മാർ പോലും പ്രശംസിക്കുന്നു.

മൂ: 8.

സബ്ബസോ നാമ രൂപസ്മിം
യസ്സനത്ഥി മമായിതം
അസതാ ച ന സോചതി
സവേ ഭിക്ഖൂതിവുച്ചതി.

അന്വ:

മൂ: ഭാ:-

സബ്ബസോ നാമരൂപസ്മിം യസ്സ മമായിതാം ന അത്ഥി അസ താ ച നസോചതി സവേ ഭി ക്ഖൂതി വുച്ചതി.

സം:-

സൎവ്വത്ര നാമരൂപേയസ്യമമാ യിതം നാസ്തി, അസതി ചന ശോചതി, സ വൈ ഭിക്ഷുഃ ഇതി ബുദ്ധ്യതേ,

അന്വ:-

എല്ലാപ്രകാരത്തിലുമുള്ള നാമരൂപങ്ങളിലും ആസക്തിയി ല്ലാതെയും, അവ ഇല്ലാത്തതിലോ നശിച്ചു പോകുന്നതിലോ ദുഃഖി ക്കാതെയും ഇരിക്കുന്ന വ്യക്തിയെ ഭിക്ഷുവെന്നു പറയുന്നു.

9.

മേത്താവിഹാരീയോഭിക്ഖൂ
പസന്നോ ബുദ്ധസാസനേ
അധിഗച്ഛേപദം സന്തം
സങ്ഖാരൂപസമം സുഖം

അന്വ:

മൂ: ഭാ:-

യോഭിക്ഖൂ മേത്താവിഹാരീ, ബുദ്ധസാസനേ പസന്നോ സ ങ്ഖാ രൂപസമം സുഖം സ ന്തം പദം അധിഗച്ഛേ.

സം:-

യഃഭിക്ഷുഃ മൈത്രീവിഹാരീ ബുദ്ധശാസനേ പ്രസന്നഃ സം സ്കാരോപശമം സുഖം സൽ പദം അധിഗച്ഛേൽ

അന്വ:-

ഏതൊരു ഭിക്ഷു സകല ജീവികളിലും മൈത്രിയോടുകൂടി ബുദ്ധശാസനങ്ങളെ ശ്രദ്ധാപൂർവം ധരിച്ച് വൎത്തിക്കുന്നു, അവ ന്റെ വാസനകൾ നശിച്ചിട്ട് അവൻ ശാശ്വതമായ പദത്തെ പ്രാപിക്കും.

മൂ: 10.

സിഞ്ചഭിക്ഖൂ ഇമംനാവം
സിത്താതേലഹുമേസ്സതി,
ഛേത്വാരാഗഞ്ചദോസഞ്ച
തതോനിബ്ബാനമേഹിസി.

മൂ: ഭാ:-	അന്വ:	സം:-
ഭിക്ഖു ഇമം നാവം സിഞ്ച		ഭിക്ഷോ! ഇമാംനാവംസിഞ്ച
സിത്താഃതേലഹുംഏസ്സതി,		സിക്താതേലഘുതാംഏഷ്യതി
രാഗഞ്ചദോസഞ്ചഛേത്വാ		രാഗംദ്വേഷംചഛിത്വാ ത
തതോനിബ്ബാനംഏഹിസി.		തഃനിർവ്വാണം ഏഷ്യസി-

അന്വ:-

ഹേ ഭിക്ഷോ! ഈ ദേഹമാകുന്ന തോണിയിലുള്ള മിത്ഥ്യാവിതർക്കാദികളാകുന്ന ജലത്തേ സേചനം ചെയ്താൽ ഇതു ലഘുവായിത്തീരും. അപ്രകാരം രാഗദ്വേഷാദികളേഛേദിച്ച് നീ നിർവ്വാണം പ്രാപിക്കും.

മൂ: 11.

പഞ്ചഛിന്ദേപഞ്ചജഹേ
പഞ്ചവുത്തരിഭാവയേ
പഞ്ചസങ്ഗാതിഗോഭിക്ഖു
ഓഘതിണ്ണോ'തിവുച്ചതി.

മൂ: ഭാ:-	അന്വ:-	സം:-
പഞ്ചഛിന്ദേപഞ്ചജഹേ		പഞ്ചഛിന്ധി,പഞ്ചജഹീഹി,
പഞ്ചവുത്തരിഭാവയേ;		പഞ്ചോത്തരംഭാവയ,പഞ്ച
പഞ്ചസങ്ഗാതിഗോഭിക്ഖു		സങ്ഗാതിഗഃഭിക്ഷുഃഓഘോ
ഓഘതിണ്ണോതിവുച്ചതി-		ത്തീർണ്ണഇതിഉച്യതേ-

അന്വ:-

വിഷയങ്ങളെ അഞ്ചിനേയും ഛേദിക്കുക, വിഷയങ്ങളഞ്ചും പരിത്യജിക്കുക? അഞ്ചുവിഷയങ്ങൾക്കും അതീതമായ വസ്തുവേ ഭാവനചെയ്യുക. ഏതൊരു ഭിക്ഷുവിഷയപഞ്ചകത്തേ അതിക്രമിക്കാൻ ശക്തനാകുന്നു അവൻ ഓഘതീർണ്ണനെന്നു പറയപ്പെടുന്നു.

ഇന്ദ്രിയ വിഷയങ്ങളിൽ ആസക്തനാകരുതു്, സമാധിയെ അവലംബിച്ച് ബാഹ്യദൃഷ്ടിയേ ഉപേക്ഷിക്കുക. ഇന്ദ്രിയ പഞ്ചകത്തിൻെറ വിഷയങ്ങൾക്കും അതീതമായ നിർവ്വാണപദത്തേ ഭാവന ചെയ്യുക. ഏതൊരു ഭിക്ഷുരൂപ രസാദികളായ അഞ്ചുശൃംഖലകളേ അതിക്രമിച്ചിരിക്കുന്നു, അപ്രകാരമുള്ള ഭിക്ഷുവിനേ ഓഘോത്തീർണ്ണനെന്ന്-രാഗദ്വേഷരഹിതനെന്ന് അറിയണം.

മൂലം 12.

ഝായഭിക്ഖൂമാചപാമദോ
മാതേ കാമഗുണേഭമസ്സുചിത്തോ
മാലോഹഗുലം ഗിലീപമത്തോ
മാകന്ദീദുക്ഖമിദന്തി ഡയ്ഹമാനോ

അന്വയം

മൂ: ഭാ:-	സം:-
ഭിക്ഖൂഝായ,മാചപാമദോ,	ഭിക്ഷോ! ധ്യായ! മാചപ്രമാദഃ
തേ ചിത്തം മാകാമഗുണേ	തേ കാമഗുണേ ചിത്തം മാഭ്ര
ഭമസ്സു; പമത്തോലോഹഗുലം	മത്തു, പ്രമത്തഃ ലൌഹഗോള
മാഗിലീ,ഡയ്ഹമാനോദുക്ഖം	കം മാഗില, ദഹ്യമാനഃ ദുഃഖ
ഇദന്തി മാകന്ദീ	മിദമിതി മാക്രന്ദ

അന്വ;-

ഹേ ഭിക്ഷു! നീ ധ്യാനപാരായണനാകുക, നിനക്ക് പ്രമാദം ഉണ്ടാകാതിരിക്കട്ടെ, ശബ്ദാദികളിൽ നിന്റെ ചിത്തം സഞ്ചരിക്കാതിരിക്കട്ടെ. സംസാരാസക്തനായിട്ട് തപ്തലോഹഖണ്ഡത്തെ വിഴുങ്ങാൻ നിനക്ക് ഇടയാകാതിരിക്കട്ടെ

മൂ: 13.

നത്ഥിഝാനം അപഞ്ഞസ്സ
പഞ്ഞാനത്ഥി അഝായതോ
യമ്ഹിഝാനഞ്ച പഞ്ഞാച
സവേ നിബ്ബാന സന്തികേ

അന്വ:-

മൂ: ഭാ:-	സം:
അപഞ്ഞസ്സഝാനം നത്ഥി,	അപ്രജ്ഞസ്യധ്യാനം നാസ്തി
അഝായതോപഞ്ഞാനത്ഥി	അധ്യായതഃ പ്രജ്ഞാ നാസ്തി
യമ്ഹിഝാനഞ്ചപഞ്ഞാ	യസ്മിൻ ധ്യാനം പ്രജ്ഞാച,
ച സവേ നിബ്ബനസന്തികേ	സ്സവൈ നിർവ്വാണാന്തികെ.

അന്വ:—

തത്വജ്ഞാനയുക്തമായ പ്രജ്ഞ ഇല്ലാത്തവന് ധ്യാനം സിദ്ധിക്കുകയില്ല. ധ്യാനം പരിശീലിക്കാതെ പ്രത്യക്ഷാനുഭൂതിയും

ലഭിക്കകയില്ല. ഏതൊരു പുരുഷൻ ധ്യാനത്തോടും പ്രജ്ഞയോടും കൂടി വസിക്കുന്നു, അവൻ നിർവ്വാണത്തിൻെറ സമീപം വസിക്കുന്നു-ജീവൻമുക്തനായിരിക്കുന്നു.

മൂ: 14.

സുജ്ഞാഗാരം പവിട്ഠസ്സ
സന്തചിത്തസ്സഭിക്ഖുനോ
അമാനുസീരതീഹോതി
സമ്മാ ധമ്മം വിപസ്സതോ.

അന്വയം.

മൂ: ഭാ:-	സം:-
സുജ്ഞാഗാരം പവിട്ഠസ്സ	ശൂന്യാഗാരം പ്രവിഷ്ടസ്യ
സന്തചിത്തസ്സ സമ്മാധമ്മം	ശാന്തചിത്തസ്യ സമക്
വിപസ്സതോ ഭിക്ഖുനോ	ധർമ്മം വിപശ്യതഃ ഭിക്ഷോഃ
അമാനുസീരതീഹോതി	അമാനുഷീരതിഃ ഭവതി

അനു:-

രാഗദ്വേഷാദികൾ അല്പംപോലുമില്ലാതെയും, പ്രശാന്തചിത്തനായി വിജനസ്ഥലത്തിരുന്നു ധ്യാനിക്കുന്നതിൽ താല്പര്യമുള്ളവനും വേണ്ടവിധം ധർമ്മബോധം ലഭിച്ചവനുമായ ഭിക്ഷു, ദിവ്യാനന്ദത്തെ അനുഭവിക്കുന്നു

മൂ: 15.

യതോയതോ സമ്മസതി
ഖന്ധാനം ഉദയവ്വയം
ലഭതീപീതിപാമോജ്ജം
അമതം തം വിജാനതം

അന്വ:—

മൂ: ഭാ:-	സം:-
യതോ യതോ ഖന്ധാനം	യതഃ യതഃ സ്കന്ധാനാം
ഉദയവ്വയം സമ്മസതി,	ഉദയവ്യയൌ സംമൃശതി,
അമതം വിജാനതം തംപീതി	അമൃതം വിജാനതാം തൽ
പാമോജ്ജം ലഭതി.	പ്രീതിപ്രാമോദ്യം ലഭതേ.

അന്വ:-

ആ ഭിക്ഷു, രൂപവേദനാദികളായ സ്കന്ധപഞ്ചകത്തിന്റെ ഉൽപത്തിവിലയങ്ങളെ എപ്പോൾ ഭാവന ചെയ്യുന്നുവോ അപ്പോൾ അവൻ നിർവ്വാണം ലഭിച്ചവർക്കുള്ള ആനന്ദാഹ്ലാദങ്ങളെ അനുഭവിക്കുന്നു.

മൂലം 16.

തത്രായമാദി ഭവതി।
ഇധപഞ്ഞസ്സ ഭിക്ഖുനോ,
ഇന്ദ്രിയഗുത്തീ സന്തുട്ഠീ
പാതിമോക്ഖേ ച സംവരോ
മിത്തേഭജസ്സു കല്യാണേ
സുദ്ധാജീവേ അതന്ദിതേ.

അന്വ:-

മൂ: ഭാ:-
ഇന്ദ്രിയഗുത്തീ സന്തുട്ഠീ
പാതിമോക്ഖേ ചസംവരോ
ഇധപഞ്ഞസ്സഭിക്ഖുനോ
തത്ര അയം ആദിഭവതി
സുദ്ധാജീവേ അതന്ദിതേ
കല്യാണമിത്തേഭജസ്സു.

സം:-
തത്രപ്രാജ്ഞസ്യ (പ്രജ്ഞാ
വിശിഷ്ടസ്യേതത്പ്രജ്ഞാന
യുക്തസ്യ ഇതിയാവത്)
ക്ഷേമഃ അത്ര അയം ആദിർഭവതി
ഇന്ദ്രിയഗുപ്തിസന്തുഷ്ടിഃ
പ്രാതിമോക്ഷേ സംവരഃ
ശുദ്ധാജീവം അതന്ദ്രിതം
കല്യാണം മിത്രം ഭജസ്വ.

അന്വ:-

പ്രജ്ഞാസമ്പന്നനായ ഭിക്ഷുവിന് ബുദ്ധശാസനങ്ങളിലുള്ള മുഖ്യ കർത്തവ്യം, ഇന്ദ്രിയസംയമം, മനസ്സന്തോഷം, ധർമ്മപരിപാലനം ഇവയാകുന്നു. വിശിഷ്യ, ആലസ്യരഹിതനും സൽകർമ്മപരായണനും പരിശുദ്ധാജീവിതം നയിക്കുന്നവനുമായ മിത്രത്തെയും ഭജിക്കണം.

മൂലം 17.

പടിസന്ധാരവുതസ്സ
ആചാരകുസലോസിയാ
തതോപാമോജ്ജബഹുലോ
ദുക്ഖസ്സന്തം കരിസ്സതി.

അന്വയം

മൂ: ഭാ:-	സം:-
പടിസന്ധാരവുതസ്സ	പ്രധീസന്ധാര വൃത്തഃ
ആചാരകുസലോസിയാ	ആചാരകുശലഃ ച സൽ
തതോപാമോജ്ജബഹുലോ	തതഃ പ്രാമോദ്യ ബഹുലഃ
ദുക്ഖസ്സന്തം കരിസ്സതി.	ദു:ഖസ്യാന്തം കരിഷ്യസി.

അന്വ:-

നീ മനസ്സൈഥര്യം സമ്പാദിച്ചും കർത്തവ്യാനുഷ്ഠാനത്തിൽ നിപുണനായും ആചാരങ്ങളെ പാലിക്കുന്നതിൽനിന്നുണ്ടാകുന്ന സുഖമനുഭവിച്ചും ദു:ഖത്തെ പൂർണ്ണമായും നശിപ്പിക്കാൻ ശക്തനാകും.

മൂലം 18.

വസ്സികാ വിയ പുപ്ഫാനി
മദ്ദവാനി പമുഞ്ചതി
ഏവം രാഗഞ്ച ദോസഞ്ച
വിപ്പമുഞ്ചേഥ ഭിക്ഖവോ.

അന്വയം

മൂ: ഭാ:-	സം:-
വസ്സികാ മദ്ദവാനിപുപ്ഫാനി	വർഷികാഃ മർദ്ദിതാനി
പമുഞ്ചതി വിയ ഏവം	പുഷ്പാനി പ്രമുഞ്ചന്തി
ഭിക്ഖവോ രാഗഞ്ച ദോസഞ്ച	ഏവംഭിക്ഷവഃ രാഗംദ്വേഷം
വിപ്പമുഞ്ചേഥ.	ച വിമുഞ്ചേയുഃ

അന്വ:-

പുഷ്പിതമായ വൃക്ഷം വാടിയ പൂക്കളെ ത്യജിക്കുന്നതുപോലെ ഭിക്ഷുക്കളും രാഗദ്വേഷാദികളെ പരിത്യജിക്കണം.

മൂലം 19.

സന്തകായോസന്തവാചോ
സന്തവാസുസമാഹിതോ
വന്തലോകാമിസോഭിക്ഖൂ
ഉപസന്തോതിവുച്ചതി.

അന്വ:—

മൂ: ഭാ:—

(ദയാ) ഭിക്ഖു സന്തകായോ സന്ത വാചോ സന്തവാസു സമാഹിതോ, വന്ത ലോകാമിസോ (സോ) ഉപസന്തോതി വുച്ചതി

സം:—

ശാന്തകായഃ ശാന്ത വാക് ശാന്തമനാഃ സുസമാഹിതഃ വാന്തലോകാമിഷഃ ഭിക്ഷുഃ ഉപശാന്തഃ ഇതിബുദ്ധ്യതേ.

അന്വ:—

ശാന്തകായനും, ശാന്തവാക്കും, ശാന്തചിത്തനും, സമാധിസമ്പന്നനും സംസാരാഭിലാഷങ്ങളെ നിശ്ശേഷം പരിത്യജിച്ചവനുമായ ഭിക്ഷു, നിർവൃതനെന്നു പറയപ്പെടുന്നു.

മൂലം 20.

അത്തനാ ചോദയത്താനം
പടിമാസേഅത്തമത്തനാ
സോ അത്തഗുത്തോസതിമാ
സുഖംഭിക്ഖു വിഹാഹിസി

അന്വ: —

മൂ: ഭാ:-

അത്തനാ അത്താനം ചോദയ അത്തനാ അത്തം പടിമാസേ സോ അത്തഗുത്തോ സതിമാ ഭിക്ഖു സുഖം വിഹാഹിസി.

സം:-

ആത്മനാ ആത്മാനം ചോദയ ആത്മനാ ആത്മാനം പ്രതിവസേൽ സഃ ആത്മഗുപ്തഃ സ്മൃതിമാൻ ഭിക്ഷുഃ സുഖം വിഹരിഷ്യസി.

അന്വ:—

സ്വന്തം പ്രജ്ഞാശക്തിയാൽ ചിത്തത്തെ ശീലാദികളുടെ അനുഷ്ഠാനത്തിൽ പരിചയിപ്പിച്ച് സ്വയം ആത്മാരാമനായി വസിക്കണം. ഇപ്രകാരം സ്വരക്ഷയെ ചെയ്തുകൊണ്ട് സ്മൃതിമാനായി വസിക്കുന്ന ഭിക്ഷു, സാനന്ദം വിഹരിക്കുന്നു.

മൂലം 21.

അത്താഹിഅത്തനോനാഥോ
അത്താഹി അത്തനോഗതിഃ
തസ്മാസംഞ്ഞാമയത്താനം
അസ്സംഭദ്രംവവാണിജോ-

അന്വ:—

മൂ: ഭാ:—

അത്താഹി അത്തനോനാഥോ
അത്താഹി അത്തനോഗതി,
തസ്മാവാണിജോഭദ്രം അസ്സം
വ അത്താനം സഞ്ഞാമയ.

സം:—

ആത്മാഹി ആത്മനഃ നാഥഃ
ആത്മാഹി ആത്മനഃ ഗതിഃ
തസ്മാൽ, വണിക്ഭദ്രം അ
ശ്വം ഇവ ആത്മാനം സംയ
മയ.

അന്വ: —

ആത്മാവത്രേ ആത്മാവിന്നു പ്രഭു, ആത്മാവിന് ആശ്രയ വും ആത്മാവാകുന്നു. സുന്ദരമായ അശ്വത്തെ വർത്തകൻ ഭംഗിയായി ബന്ധിക്കുന്നതുപോലെ—നിയന്ത്രിക്കുന്നതുപോലെ—മനുഷ്യൻ ആത്മാവിനേ മനസ്സിനേ സംയമം ചെയ്യണം.

മൂലം 22.

പാമോജ്ജ ബഹുലോഭിക്ഖൂ
പസന്നോബുദ്ധസാസനേ
അധിഗച്ഛേ പദം സന്താ
സങ്ഖാരൂപസമം സുഖം.

അന്വയം.

മൂ: ഭാ. —

പാമോജ്ജബഹുലോ ബുദ്ധ
സാസനേ പസന്നോ ഭിക്ഖു
സങ്ഖാരൂപസമം സുഖം
സന്തം പദം അധിഗച്ഛേ.

സം: —

പ്രാമോദ്യബഹുലഃ ബുദ്ധശാ
സനേ പ്രസന്നോ ഭിക്ഷുഃ സം
സ്കാരോപശമം സുഖം പദം
അധിഗച്ഛേൽ.

അന്വ: —

ആത്മസംയമത്താൽ അത്യാനന്ദമനുഭവിക്കുന്നവനും ബുദ്ധൻെറ ആജ്ഞാപാലനത്തിൽ ഉത്സുകനുമായ ഭിക്ഷു വാസനാക്ഷയത്തെ പ്രദാനം ചെയ്യുന്ന നിർവ്വാണപദത്തെ പ്രാപിക്കും.

മൂ: 23.

യോഹവേ ദഹരോഭിക്ഖൂ
യുഞ്ജതീബുദ്ധസാസനേ
സോfമംലോകം പഭാസേതി
അബ്ഭാമുത്തോവചന്ദിമാ-

മൂ: ഭാ:	അന്വ: സം.
യോഹവേദഹരോഭിക്ഖു	യഃ ഹി വൈ ദഹരഃ (ക്ഷുദ്രഃ)
ബുദ്ധസാസനേയുഞ്ജതി	ഭിക്ഷുഃബുദ്ധശാസനേ യുജ്യതേ,
സോഅബ്ഭാമുത്തോ	സഃ അഭ്രന്മുക്തഃ ചന്ദ്രമാ
ചന്ദിമാ വ ഇമം ലോകം	ഇവ ഇമം ലോകംപ്രഭാസയതി.
പഭാസേതി.	

അനു:-

ഏതൊരു ഭിക്ഷു ഈ സംസാരത്തിൽ ബുദ്ധന്റെ ആജ്ഞാപാലനത്തിൽ സദാ ജാഗ്രൂകനായിരിക്കുന്നു, മേഘമുക്തനായ ചന്ദ്രൻ ലോകത്തേ പ്രകാശിപ്പിക്കുന്നതുപോലെ അവൻ സ്വന്തം ജ്ഞാനപ്രകാശത്താൽ ലോകത്തെ ഏററവും പ്രകാശിപ്പിക്കുന്നു.

ഭിക്ഷുവർഗ്ഗഃ
(പഞ്ചവിംശതിതമഃ)

ബ്രാഹ്മണവർഗ്ഗഃ

മൂ: 1.

ഛിന്ദ സോതം പരക്കമ്മ
കാമേപനുദ ബ്രാഹ്മണാ
സങ്ഘാരാനംഖയം ഞത്വാ
അകതജ്ഞൂസി ബ്രാഹ്മണ!

മൂ: ഭാ:-	അന്വ:- സം.
ബ്രാഹ്മണ!പരക്കമ്മസോതം	ഹേ ബ്രാഹ്മണ!പരാക്രമ്യസ്രോതഃ
ഛിന്ദ,കാമേപനുദബ്രാഹ്മണ,	ഛിന്ധി,കാമാൻഅപനുദ,ഹേ
സങ്ഘാരാനംഖയംഞത്വാ	ബ്രാഹ്മണ!സംസ്കാരാണാം ക്ഷയം
അകതജ്ഞൂ അസി-	ജ്ഞാത്വാഅകൃതജ്ഞഃ അസി-

അനു.-

ഹേ ബ്രാഹ്മണ! പരാക്രമത്താൽ തൃഷ്ണയുടെ പ്രവാഹ വേഗത്തേ രോധിച്ച് വാസനകളെ പരിത്യജിക്കുക, നീ പഞ്ചസ്കന്ധങ്ങളുടെ വിനാശത്തേ സാധിച്ച് നിർവാണപദത്തേ അറിയുക!

മൂ. 2.

യദാദ്വയേസുധമ്മേസു
പാരഗ്ഗൂഹോതിബ്രാഹ്മണോ
അഥസ്സസബ്ബേസംയോഗാ
അത്ഥംഗച്ഛന്തിജാനതോ-

മൂ: ഭാ:-	അന്വ:-	സം:-
സദാബ്രാഹ്മണോദ്വയേസു ധമ്മേസുപാരഗ്ഗൂഹോതി, ജാനതോ അസ്സസബ്ബേസം യോഗാ അത്ഥംഗച്ഛന്തി-		യദാബ്രാഹ്മണഃദ്വയോഃധമ്മയോഃ പാരഗഃഭവതി,ജ്ഞാനതഃ അസ്യസർവ്വേസംയോഗാഃ അന്തംഗച്ഛന്തി-

അത്ഥ:-

ബ്രാഹ്മണൻ, മനസ്സംയമം, ഭാവന എന്നീ രണ്ടു ധമ്മങ്ങളുടെയും പാരത്തേ പ്രാപിക്കമ്പോൾ അവന്റെ സമസ്തബന്ധനങ്ങളും ശിഥിലങ്ങളായിത്തീരുന്നു.

3

യസ്സപാരംഅപാരംവാ
പാരാപാരം ന വിജ്ജതി
വീതദ്ദരംവിസംജ്ഞുത്തം
തമഹംബ്രൂമിബ്രാഹ്മണം

മൂ: ഭാ:	അന്വ:	സം,
യസ്സപാരം അപാരംവാ പാരാപാരം ന വിജ്ജതി, വീതദ്ദരം വിസംജ്ഞുത്തം തം അഹം ബ്രാഹ്മണംബ്രൂമി-		യസ്യപാരം(ചക്ഷുരാദിആദ്ധ്യാത്മികംഷഡായതനം) അപാരം(ബാഹ്യരൂപാദിഷഡായതനം) പാരാപാരം (അഹംകാരമമകാരാദി)നവിദ്യതേ തം അഹംബ്രാഹ്മണംബ്രൂമി-

അത്ഥ:-

ഏതൊരു വ്യക്തിക്ക് ആദ്ധ്യാത്മികവും ബാഹ്യവുമായ ആയതനങ്ങളും, ഞാൻ, എന്റെ എന്നിത്യാദി ഭാവങ്ങളും ഇല്ലാതിരിക്കുന്നു, അപ്രകാരമുള്ള പുരുഷനേ ഞാൻ ബ്രാഹ്മണനെന്നു പറയുന്നു.

മൂ: 4.

ഝായിംവിരജമാസീനം
കതകിച്ചംഅനാസവം
ഉത്തമത്ഥംഅനുപ്പത്തം
തമഹം ബ്രൂമി ബ്രാഹ്മണം

അന്വ:-

മൂ: ഭാ:-	സം:-
ഝായിം വിരജം ആസീനം	ധ്യായിനം വിരജസം ആസീനം
കതകിച്ചം അനാസവം	കൃതകൃത്യം അനാസവം
ഉത്തമത്ഥം അനുപ്പത്തം തം	ഉത്തമാൎത്ഥം അനുപ്രാപ്തം തം
അഹം ബ്രാഹ്മണം ബ്രൂമി	അഹം ബ്രാഹ്മണം ബ്രവീമി

അനു:-

ധ്യാനശീലനും ആസക്തിരഹിതനും ഏകാന്തവാസനിരതനും പാപവിമുക്തനും അർഹൽപദം പ്രാപിച്ചവനും കൎത്തവ്യാനുഷ്ഠാനതല്പരനുമായ മനുഷ്യനേ ഞാൻ ബ്രാഹ്മണനെന്നു പറയുന്നു.

മൂ: 5.

ദിവാതപതി ആദിച്ചോ
രത്തിം ആഭാതിചന്ദിമാ
സന്നദ്ധോഖത്തിയോതപതി
ഝായീതപതിബ്രാഹ്മണോ
അഥസബ്ബമഹോരത്തിം
ബുദ്ധോതപതിതേജസാ

അന്വ:-

മൂ: ഭാ:-	സം:-
ആദിച്ചോദിവാതപതി,	ആദിത്യഃദിവാതപതി, ചന്ദ്രമാഃ
ചന്ദിമാരത്തിം ആഭാതി	രാത്രൌ ആഭാതി, ക്ഷത്രിയഃ സ
ഖത്തിയോസന്നദ്ധോതപതി,	ന്നദ്ധഃ തപതി, ബ്രാഹ്മണഃ
ബ്രാഹ്മണോഝായീതപതി,	ധ്യായീതപതി, അഥബുദ്ധഃ സ
അഥസബ്ബാം അഹോരത്തിം	ൎവ്വം അഹോരാത്രം തേജസാത
ബുദ്ധോതേജസാതപതി	പതി

അൎത്ഥം:-

സൂൎയ്യൻ പകൽ പ്രകാശിക്കുന്നു. ചന്ദ്രൻ രാത്രിയിൽ ശോഭിക്കുന്നു. ക്ഷത്രിയരാജാവു് സൎവ്വാലങ്കാരഭൂഷിതമായ ചതുരംഗസേനയാൽ പരിവൃതനായി പ്രശോഭിക്കുന്നു. ബ്രാഹ്മണൻ ധ്യാനനിഷ്ഠനായി ശോഭിക്കുന്നു. ബുദ്ധദേവനാകട്ടെ അദ്ദേഹത്തിന്റെ അപൂൎവ്വതേജസ്സിനാൽ രാവും പകലും പ്രകാശിക്കുന്നു.

മൂലം 6.

വാഹിതപാപോതിബ്രാഹ്മണോ
സമചരിയാ സമണോതിവുച്ചതി
പവ്വാജയമത്തനോമലം
തസ്മാപവ്വജിതോതിവുച്ചതി.

അന്വയം

മൂ: ഭാ:-	സം:-
വാഹിതപാപോതി ബ്രാഹ്മണോ-തിവുച്ചതി സമചരിയാസമണോ-തിവുച്ചതി, യസ്മാ അത്തനോ മലംപവ്വാജയതസ്മാപവ്വജിതോ-തിവുച്ചതി.	വാഹിതപാപഃ ഇതിബ്രാ-ഹ്മണ ഇത്യുച്യതേ, സംചൎയ്യ ഇതിശ്രമണ ഉച്യതേ, ആത്മനഃമലം പ്രവ്രാജയൻ തസ്മാൽപ്രവ്രജിതഃഇതി ഉച്യതേ.

അൎത്ഥം:-

പാപവിമുക്തനായ പുരുഷനെ ബ്രാഹ്മണനെന്നും അകുശലാദികളായ പാപങ്ങളെ ഉപശമിപ്പിച്ചു സഞ്ചരിക്കുന്നവനേ ശ്രമണനെന്നും പറയുന്നു. അപ്രകാരം തന്റെ രാഗദ്വേഷാദി മലങ്ങളെ നശിപ്പിച്ചു സഞ്ചരിക്കുന്നവനെ പരിവ്രാജകഭിക്ഷുവെന്നു പറയുന്നു.

മൂലം 7.

ന ബ്രാഹ്മണസ്സ പഹരേയ്യ
നാƒസ്സമുഞ്ചേഥബ്രാഹ്മണോ
ധിബ്രാഹ്മണ സ്സഹന്താരം
തതോധിയസ്സമുഞ്ചതി

അന്വയം

മൂ: ഭാ:-	സം:-
ബ്രാഹ്മണോ ബ്രാഹ്മണസ്സ ന പഹരേയ്യ, ബ്രാഹ്മണോ	ബ്രാഹ്മണഃ ബ്രാഹ്മണം ന പ്രഹരേൽ, ബ്രാഹ്മണഃ അ

അസ്സനമുഞ്ചേഥ, ബ്രാഹ്മണ സ്സഹന്താരം ധി, യോ അസ്സു മുഞ്ചതി തതോതസ്സധി.

സ്യൈ (പ്രഹരകായ) ന (കോപം) മുഞ്ചേൽ-ബ്രാഹ്മണസ്യ ഹന്താരം ധിക്ക തതഃ യഃ അസ്യൈ (കുപ്യതി തം ധിക്.

അത:

ബ്രാഹ്മണൻ ബ്രാഹ്മണനേ ഭത്സിക്കരുത്; ഭത്സിക്കപ്പെട്ട ബ്രാഹ്മണൻ ഭത്സനം ചെയ്യുവനോട്ട കോപിക്കരുത്. ഏതൊരു വ്യക്തി ബ്രാഹ്മണനേ നിന്ദിക്കുന്നു, അവൻ അതിനിന്ദ്യനാകുന്നു. തന്നേ നിന്ദിച്ചവനോട്ട ശത്രുത്വം പ്രകാശിപ്പിക്കുന്നവനും അത്യന്താ നിന്ദ്യൻ തന്നെയാകുന്നു.

മൂലം 8.

ന ബ്രാഹ്മണസ്സേതദകിഞ്ചിസേയ്യോ
യദാനിഭസേധോ മനസാ പിയേഹി
യതോ യതോ ഹിംസമനോ നിവത്തതി
തതോതതോ സമ്മതിമേവദുക്ഖം.

അന്വയം.

മൂ: ഭാ:—

ഏതൽ ബ്രാഹ്മണസ്സ അകിഞ്ചിസേയ്യോ, ന, യദാമനസോ പിയേഹി നിസേധോ, യതോ യതോ ഹിംസമനോ നിവത്തതി, തതോതതോ ദുക്ഖം സമ്മതിമേവ:—

സം:—

ഏതൽ ബ്രാഹ്മണസ്യ അകിഞ്ചിൽ ശ്രേയഃ ന, യദാ മനസഃ പ്രിയേഭ്യഃ നിഷേധഃ യതഃ യതഃ ഹിംസ്രമനഃ നിവർത്തതേ, തതഃ തതഃ ദുഃഖം ശാമ്യതി ഏവ.

അത:—

പ്രീതികരങ്ങളായ വസ്തുക്കളിൽനിന്ന് മനസ്സിനേ പിൻതിരിക്കുന്നതു് ബ്രാഹ്മണനേ സംബന്ധിച്ചേടത്തോളം കുറഞ്ഞ കാര്യമല്ല. മനസ്സിനേ ഏതേതു വസ്തുക്കളിൽനിന്ന് പിന്തിരിക്കുന്നു. വോ അവയിൽനിന്ന് വീണ്ടും ദുഃഖമുണ്ടാകുന്നില്ല.

മൂലം 9.

യസ്സകായേന വാചായ
മനസാനത്ഥിദുക്കതം
സംവുതംതീഹിഠാനേഹി
തമഹം ബ്രൂമി ബ്രാഹ്മണം.

അന്വയം.

മൂ: ഭാ:—

യസ്സ കായേനവാചായ മന സാ ദുക്കതം നത്ഥി, തീഹി ഠാനേഹി സംവുതം തം അ ഹം ബ്രാഹ്മണം ബ്രൂമി.

സം:—

യസ്യകായേന വാചാമനസാ ച ദുഷ്കൃതം നാസ്തി, ത്രിഭിഃ സ്ഥാനൈഃ സംവൃതം തം അ ഹം ബ്രാഹ്മണം ബ്രവീമി-

അന:—

മനോവാക്കകായങ്ങളാൽ പാപമനുഷ്ഠിക്കാതെ ഈ മൂന്നു സ്ഥാനങ്ങളിൽ അത്യന്തം സംയമം ശീലിച്ചിട്ടുള്ള പുരുഷനേബ്രാഹ്മണനെന്നു ഞാൻ പറയുന്നു.

മൂലം 10.

യമ്ഹാധമ്മം വിജാനേയ്യ
സമ്മാസംബുദ്ധദേസിതം
സക്കച്ചം തം നമസ്സേയ്യ
അഗ്ഗിഹുത്തം വ ബ്രാഹ്മണോ

അന്വയം.

മൂ: ഭാ:—

യമ്ഹാ സമ്മാസം ബുദ്ധദേ സിതം ധമ്മം വിജാനേയ്യ, തം അഗ്ഗിഹുത്തം ബ്രാഹ്മണോ ·വ സക്കച്ചം നമസ്സേയ്യ

സം:—

യസ്മാൻ സംബുദ്ധദേശിതം ധർമ്മം വിജാനീയാൽ, തം അ ഗ്നിഹോത്രം ബ്രാഹ്മണ ഇവ സൽകൃത്യ നമസ്യേൽ-

അന:—

ബ്രാഹ്മണൻ അഗ്നിഹോത്രിയേ ഭക്തിപുരസ്സരം പ്രണമിക്കുന്നതുപോലെ ബുദ്ധധർമ്മത്തെ ഉപദേശിക്കുന്ന വ്യക്തിയേയും ഭക്തിപൂർവ്വം നമസ്കരിക്കണം.

മൂലം 11.

ന ജടാഹി ന ഗോത്തേഹി
ന ജച്ചാഹോതി ബ്രാഹ്മണോ
യ മ്ഹിസതിഞ്ചധമ്മോച
സോസുചീസോച ബ്രാഹ്മണോ-

അന്വയം.

മൂ: ഭാ:—

ജടാഹി ബ്രാഹ്മണോ ന ഹോ-
തി, ഗോത്തേഹിജച്ചാചന; യ
മ്ഹിസച്ചഞ്ച ധമ്മോ ചസോ
സൂചീ സോചബ്രാഹ്മണോ

സം:—

ജടാഭിഃ ബ്രാഹ്മണഃ നഭവതി
ഗോത്രൈഃ ജാത്യാചന; യ
സ്മിൻ സത്യം ചധമ്മം ച,
സഃ ശുചീ, സഃച ബ്രാഹ്മണഃ

അന്വ:—

ജടധരിക്കുക കൊണ്ടോ ഗോത്രം, ജാതി മുതലായവകൊണ്ടോ ഒരുവനും ബ്രാഹ്മണനാകുന്നില്ല. ഏതൊരുവനിൽ സത്യധമ്മങ്ങൾ പ്രകാശിക്കുന്നു, അവനത്രേ വിശുദ്ധൻ, അവനത്രേ ബ്രാഹ്മണൻ.

മൂലം 12.

കിംതേ ജടാഹിദുമ്മേധ!
കിംതേ അജിനസാടിയാ
അബ്ഭന്തരം തേഗഹനം
ബാഹിരം പരിമജ്ജസി-

അന്വയം.

മൂ: ഭാ:—

ദുമ്മേധ, തേ ജടാഹികിം,തേ
അജിനസാടിയാകിം? തേ അ
ബ്ഭന്തരം ഗഹനം ബാഹിരം
പരിമജ്ജസി.

സം:—

ഹേ ദുമ്മേധഃ തേ ജടയാകിം?
തേ അജിന ശാട്യാകി? തേ
അഭ്യന്തരം ഗഹനം, ബഹിഃ
പരിമാർജ്ജയസി.

അന്വ:—

ഹേദുർബ്ബുദ്ധിയായ മനുഷ്യ! നിൻെറ ജടകൊണ്ടും മാൻതോൽ കൊണ്ടും എന്തുഫലം? നിൻെറ അഭ്യന്തരം (ഹൃദയം) രാഗദ്വേഷാദികളാൽ നിറയപ്പെട്ടിരിക്കുന്നു,—നീ കേവലം ബാഹ്യശരീരത്തേമാത്രം വെടിപ്പാക്കി വയ്ക്കുന്നു.

മൂലം 13.

പംസുകൂലധരം ജന്തു
കിസാംധമനിസന്തതം
ഏകം വന സ്മിംഝായന്തം
തമഹം ബ്രൂമി ബ്രാഹ്മണം

അന്വയം.

മൂ: ഭാ:-

പാംസുകൂലധരം കിസം ധമനിസന്തതം വനസ്മിം ഏകം ഝായന്താം തം അഹം ബ്രാഹ്മണം ബ്രൂമി.

സം:-

പാംശുകൂലധരം (ധൂളിധൂസരിത ജീൎണ്ണവസ്ത്രധാരിണാം) കൃശം ധമനിസന്തതം വനേ ഏകം ധ്യായന്താം തം അഹം ബ്രാഹ്മണം ബ്രവീമി.

അൎത്ഥ:-

ധൂളി ധൂസരമായ ജീൎണ്ണവസ്ത്രം ധരിച്ചും ധമനികൾ നിറഞ്ഞതും കൃശവുമായ ശരീരത്തോടും വിജനസ്ഥലത്തു് സദാധ്യാന നിമഗ്നനായിരിക്കുന്ന പുരുഷനെ ബ്രാഹ്മണനെന്നു ഞാൻ പറയുന്നു.

മൂലം 14.

നചാഹം ബ്രാഹ്മണം ബ്രൂമി
യോനിജം മത്തിസംഭവം
ഭോവാദിനാമസോഹോതി
സവേഹോതി സകിഞ്ചനോ
അകിഞ്ചനം അനാദാനം
തമഹം ബ്രൂമി ബ്രാഹ്മണം

അന്വയം.

മൂ: ഭാ:-

യോനിജം മത്തി സംഭവം അഹം ബ്രാഹ്മണം നചബ്രൂമി സവേ സകിഞ്ചനോ ഹോതി, സോനാമഭോവാദി ഹോതി, അകിഞ്ചനം അനാദാനം താ അഹം ബ്രാഹ്മണം ബ്രൂമി.

സം:-

യോനിജം (ബ്രാഹ്മണജാത്യാ ഉല്പന്നം) മാതൃസംഭവം (ബ്രാഹ്മണ പത്നീഗൎഭസംഭൃതം) അഹം ബ്രാഹ്മണം നച ബ്രവീമി— സവൈ സകിഞ്ചനഃ ഭവതി, സഃ നാമ, ഭോവാദീ, (ഭോ! അഹം ബ്രാഹ്മണഃ ഇതികഥനശീലഃ) ഭവതി, അകിഞ്ചനം അനാദാനം തം അഹം ബ്രാഹ്മണം ബ്രവീമി.

അൎത്ഥ:-

ബ്രാഹ്മണ ജാതിയിൽ—ബ്രാഹ്മണസ്ത്രീയുടെ ഗൎഭത്തിൽ ജനിച്ചതുകൊണ്ടു് അവനെ ഞാൻ ബ്രാഹ്മണനെന്നു പറയുകയില്ല.

കാരണം, അവൻ രാഗദ്വേഷങ്ങളാൽ മലിനനായിരിക്കം. എങ്കിൽ, അവൻ കേവലം 'ഭോവാദി' (ഹേ! ഞാൻ ബ്രാഹ്മണനാണ് എന്നു പറയുന്നവൻ) യാകാം. എന്നാൽ, ഏതൊരുവൻ ആസക്തി രഹിതനും നിർദ്ദോഷിയുമായിരിക്കുന്നു, അവനേ ഞാൻ ബ്രാഹ്മണനെന്നു പറയുന്നു.

മൂ: 15.

സവ്വസംയോജനം ഛേത്വാ
യോവേനപരിതസ്സതി
സങ്ഗാതിഗം വിസംയുത്തം
തമഹംബ്രൂമി ബ്രാഹ്മണം

അന്വ: —

മൂ: ഭാ: —	സം: —
സവ്വസംയോജനം ഛേത്വാ	സവ്വസംയോജനം ഛിത്വാ
യോവേന പരിതസ്സതി,	യഃ വൈ ന പരിത്രസ്യതി
സങ്ഗാതിഗം വിസംയുത്തം	സങ്ഗാതിഗം വിസംയുക്തം
തം അഹം ബ്രാഹ്മണം ബ്രൂമി	തംഅഹം ബ്രാഹ്മണംബ്രവീമി

അന്വ: —

യാതൊരു പുരുഷൻ സകലബന്ധനങ്ങളെയും ഛേദിച്ച് നിർഭയനായി വർത്തിക്കുന്നു, ആസക്തിരഹിതനും ശൃംഖലാമുക്തനുമായ അവനേ ഞാൻ ബ്രാഹ്മണനെന്നു പറയുന്നു.

മൂ: 16.

ഛേത്വാനന്ദിം വരത്തഞ്ച
സന്ദാനം സഹനുക്കമം
ഉക്ഖിത്തപലിഘംബുദ്ധം
തമഹം ബ്രൂമി ബ്രാഹ്മണം

അന്വ. —

മൂ: ഭാ: —	സം: —
നന്ദിംവരത്തഞ്ചസഹനു	നന്ദിം (ക്രോധം) വരത്രം (ആവരണകാരിണീം തൃഷ്ണാം) ച സഹാ
ക്കമം സന്ദാനം ഛേത്വാ	നുക്രമം സന്താനം ഛിത്വാ
ഉക്ഖിത്തപലിഘം ബുദ്ധം	ഉൽക്ഷിപ്തപരിഘം ബുദ്ധം
താ അഹം ബ്രാഹ്മണംബ്രൂമി	തം അഹം ബ്രാഹ്മണം ബ്രവീമി

അന്വ:—

കോപം, തൃഷ്ണ, മിത്ഥ്യാദൃഷ്ടി ഇവയേ ദൂരീകരിച്ച് അഷ്ടാംങ്ഗമാർഗ്ഗലബ്ധമായ ജ്ഞാനത്താൽ അവിദ്യാരൂപമായ ആവരണം ഭേദിച്ച് ആര്യസത്യങ്ങൾ നാലും വഴിപോലെ പ്രത്യക്ഷപ്പെടുത്തിയിട്ടുള്ള പുരുഷനേ ഞാൻ ബ്രാഹ്മണനെന്നു പറയുന്നു.

മൂ: 17.

അക്കോസം വധബന്ധഞ്ച
അദൂട്ഠോയോ തിതിക്ഖതി
ഖന്തിബലം ബലാനീകം
തമഹം ബ്രൂമി ബ്രാഹ്മണം

അന്വ:—

മൂ: മാ:—	സം:—
യോ അദൂട്ഠോ വധബന്ധഞ്ച	യഃ അദുഷ്ടഃ വധബന്ധഞ്ച
അക്കോസം തിതിക്ഖതി,	അക്രോശൻ തിതിക്ഷതേ
ഖന്തിബലം ബലാനീകം തം	ക്ഷാന്തിബലം ബലാനീകം
അഹം ബ്രാഹ്മണം ബ്രൂമി	തം അഹം ബ്രാഹ്മണംബ്രവീമി

അന്വ:—

പരിശുദ്ധമാനസനായ ഏതൊരു വ്യക്തി, വധബന്ധനങ്ങളിൽ പ്രതികാരബുദ്ധി കൂടാതെ അവയെ സഹിക്കുന്നു, ക്ഷമാപരനും ദശബലസമേതനുമായ ആ പുരുഷനേ ഞാൻ ബ്രാഹ്മണനെന്നു പറയുന്നു.

മൂ: 18.

അക്കോധനം വതവന്തം
സീലവന്തം അനുസ്സദം
ദന്തം അന്തിമസാരീരം
തമഹം ബ്രൂമി ബ്രാഹ്മണം.

അന്വ:—

മൂ: മാ:—	സം:—
അക്കോധനം വതവന്തം	അക്രോധനം വ്രതവന്തം
സീലവന്തം അനുസ്സദം,	ശീലവന്തം അനുശ്രുതം ദാന്തം
ദന്തം അന്തിമസാരീരം	അന്തിമശരീരം തം അഹം
തം അഹം ബ്രാഹ്മണം ബ്രൂമി	ബ്രാഹ്മണം ബ്രവീമി

അൎത്ഥം:-

കോപമില്ലാത്തവനും വ്രതതല്പരനും സത്സ്വഭാവിയും തൃഷ്ണാശൂന്യനും യമനിയമാദികൾ സിദ്ധിച്ചിട്ടുള്ളവനും പുനൎജ്ജന്മരഹിതനുമായ പുരുഷനെ ഞാൻ ബ്രാഹ്മണനെന്നു പറയുന്നു.

മൂലം 19.

വാരിപോക്ഖരപത്തേവ
ആരഗ്ഗേരിവ സാസപോ
യോനലിപ്പതി കാമേസു
തമഹം ബ്രൂമി ബ്രാഹ്മണം.

അന്വയം.

മൂ: ഭാ:-

പോക്ഖരപത്തേ, വാരി ഇവ ആരഗ്ഗേ സാസപോരിവയോ കാമേസു നലിപ്പതി, തം അഹം ബ്രാഹ്മണം ബ്രൂമി.

സം:-

പുഷ്കരപത്രേ വാരി ഇവ ആരാഗ്രേ സഷപമിവയഃ കാമേഷു നലിപ്യതേ തം അഹംബ്രാഹ്മണം ബ്രവീമി.

അൎത്ഥം:-

പത്മപത്രത്തിൽ ജലംപോലെയും സൂച്യഗ്രത്തിൽ കടുകുപോലെയും കാമങ്ങളിൽ മനസ്സ് ചേരാതെ നിൽക്കുന്ന പുരുഷനെ ബ്രാഹ്മണനെന്നു ഞാൻ പറയുന്നു.

മൂലം 20.

യോദുക്ഖസ്സ പജാനാതി
ഇധേ/വ ഖയമത്തനോ
പന്നഭാരം വിസഞ്ഞുത്തം
തമഹം ബ്രൂമി ബ്രാഹ്മണം.

അന്വയം.

മൂ: ഭാ:-

യ ഇധേ/വ അത്തനോദുക്ഖസ്സ ഖയംപജാനാതി, പന്നഭാവം വിസഞ്ഞുത്തം തം അഹം ബ്രാഹ്മണം ബ്രൂമി.

സം:-

യഃ ഇഹ ഏവ ആത്മനോ ദുഃഖസ്യക്ഷയം പ്രജാനാതി, പ്രാന്യഭാരം (ഭാരശൂന്യം) വിസംയുക്തം തം അഹം ബ്രാഹ്മണം ബ്രവീമി.

അൎത്ഥം:-

യാവനൊരുത്തൻ ഈ ജീവിതത്തിൽതന്നെ ദുഃഖശമനത്തിനുള്ള മാൎഗ്ഗമറിഞ്ഞു് ഭാരശൂന്യനും നിസ്സംഗനുമായി ജീവിക്കുന്നു, അവനെ ഞാൻ ബ്രാഹ്മണനെന്നു പറയുന്നു.

മൂലം 21.

ഗമ്ഭീരപഞ്ഞം മേധാവിം
മഗ്ഗാമഗ്ഗസ്സ കോവിദം
ഉത്തമത്ഥം അനുപ്പത്തം
തമഹം ബ്രൂമി ബ്രാഹ്മണം.

അന്വയം.

മൂ: ഭാ:-

ഗംഭീര പഞ്ഞം മേധാവിം മഗ്ഗാ മഗ്ഗസ്സ കോവിദം ഉത്തമത്ഥം അനുപ്പത്തം തം അഹം ബ്രാഹ്മണം ബ്രൂമി.

സം:-

ഗംഭീര പ്രജ്ഞം മേധാവിനം മാൎഗ്ഗാമാൎഗ്ഗസ്യ കോവിദം ഉത്തമാൎത്ഥം അനുപ്രാപ്തം തം അഹം ബ്രാഹ്മണം ബ്രവീമി.

അൎത്ഥം:-

ദൃഢചിത്തനും മേധാവിയും സദസദ്വിചാരപടുവും ബൌദ്ധധൎമ്മത്തിൽ പ്രതിപാദിച്ചിട്ടുള്ള നിൎവ്വാണപദം പ്രാപിച്ചവനുമായ പുരുഷനെ ഞാൻ ബ്രാഹ്മണനെന്നു പറയുന്നു.

മൂലം 22.

അസംസട്ഠം ഗഹട്ഠേഹി
അനാഗാരേഹി ചൂഭയം
അനോകസാരിം അപ്പിച്ഛം
തമഹം ബ്രൂമി ബ്രാഹ്മണം.

അന്വയം.

മൂ: ഭാ:-

ഗഹട്ഠേഹിഅനാഗാരേഹി ച ഉഭയം അസംസട്ഠം അനോകസാരിം,അപ്പിഛം തം അഹം ബ്രാഹ്മണം ബ്രൂമി.

സം:-

ഗൃഹസ്ഥൈഃ അനാഗാരൈഃ ച ഉഭാഭ്യാം അസംസൃഷ്ടം അനോകസ്സാരിണം അല്പേച്ഛും തം അഹം ബ്രാഹ്മണം ബ്രവീമി.

അനു:-

ഗൃഹസ്ഥന്മാരോടും ഭിക്ഷുക്കളോടുമുള്ള സംസൎഗ്ഗംവിട്ടും ഗൃഹവാസംപോലും ഉപേക്ഷിച്ചും അല്പമാത്രംകൊണ്ടു് തൃപ്തനായും ഇരിക്കുന്നവനേ ഞാൻ ബ്രാഹ്മണനെന്നു പറയുന്നു.

മൂലം 23.

നിധായദണ്ഡം ഭൂതേസു
തസേസുഥാ വരേസുച
യോനഹന്തി നഘാതേതി
തമഹം ബ്രൂമി ബ്രാഹ്മണം.

അന്വ:-

മൂ: ഭാ:-

തസേസുഥാ വരേസുച ഭൂതേസുദണ്ഡം നിധായ യോ ന ഹന്തി ന ഘാതേതി തം അഹം ബ്രാഹ്മണം ബ്രൂമി.

സം:-

ത്രസ്തേഷു (ജീവനാപഗമഭയാ ത്ഭീതേഷു ജീവേഷു) സ്ഥാവരേഷു ച ഭൂതേഷു ദണ്ഡം നിധായ യഃ നഹന്തി നഘാതയതി, തം അഹം ബ്രാഹ്മണം ബ്രവീമി.

അനു:-

ഏതൊരു വ്യക്തി ദണ്ഡനത്തെ ത്യജിച്ച് സമസ്ത ജീവികളിലും ഭയമയോടുകൂടി ക്ഷമാശീലനായിട്ട് സ്വയം ഹത്യ ചെയ്യാതെയും അന്യരെ ഹത്യയ്ക്കായി പ്രേരിപ്പിക്കാതെയും ഇരിക്കുന്നു, അവനെ ഞാൻ ബ്രാഹ്മണനെന്നു പറയുന്നു.

മൂലം 24.

അവിരുദ്ധം വിരുദ്ധേസു
അത്തദണ്ഡേസു നിബ്ബുതം
സാദാനേസു അനാദാനം
തമഹം ബ്രൂമി ബ്രാഹ്മണം.

അന്വ:-

മൂ: ഭാ:

വിരുദ്ധേസു അവിരുദ്ധം അത്തദണ്ഡേസു നിബ്ബുതം, സാദാനേസു അനാദാനം തം അഹം ബ്രാഹ്മണം ബ്രൂമി.

സം:-

വിരുദ്ധേഷു അവിരുദ്ധം ആത്തദണ്ഡേഷു നിർവൃതം സാദാനേഷു അനാദാനം തം അഹം ബ്രാഹ്മണം ബ്രവീമി.

അന്വ:-

ശത്രുക്കളിൽ മൈത്രിയോടും ഉപദ്രവകാരികളിൽ സന്തോഷത്തോടും സംസാരാസക്തരായ ജനങ്ങളുടെ ഇടയിൽ ആസക്തിരഹിതനായും വർത്തിക്കുന്ന പുരുഷനെ ഞാൻ ബ്രാഹ്മണനെന്നു പറയുന്നു.

മൂ: 25.

യസ്സരാഗോചദോസോച
മനോമക്ഖോച പാതിതോ
സാസപോരിവ ആരഗ്ഗാ
തമഹം ബ്രൂമി ബ്രാഹ്മണം

അന്വ:-

മൂ: ഭാ:-	സം:-
യസ്സരാഗോ ചദോസോ ച	യസ്യരാഗശ്ച ദ്വേഷശ്ച മാനഃ
മാനോ മക്ഖോ ച ആരഗ്ഗാ	മ്രക്ഷശ്ച ആരാഗ്രാൽസർഷപ
സാസപോരിവ പാതിതോ	ഇവ പാതിതഃ തം അഹം
തം അഹം ബ്രാഹ്മണം ബ്രൂമി	ബ്രാഹ്മണംബ്രവീമി

അന്വ:-

യാവനൊരുത്തന്റെ രാഗം, ദ്വേഷം, മാനം, കാപട്യം ഇവ സൂച്യഗ്രത്തിൽ നിന്നു കടുകുമണിപോലെ വീണുപോയിരിക്കുന്നു, അവനെ ഞാൻ ബ്രാഹ്മണനെന്നു പറയുന്നു.

മൂ: 26.

അകക്കസം വിഞ്ഞാപനിം
ഗിരം സച്ചമുദീരയേ
യായനാഭിസജേകിഞ്ചി
തമഹം ബ്രൂമി ബ്രാഹ്മണം

അന്വ:-

മൂ: ഭാ:-	സം:-
യായകിഞ്ചി നാഭിസജേ	യയാകിഞ്ചിൽ ന അഭിഷജേൽ
അകക്കസം വിഞ്ഞാപനിം	അകർക്കശാം വിജ്ഞാപനീം
സച്ചംഗിരം ഉദീരയേ തം	സത്യാംഗിരം ഉദീരയേൽ, തം
അഹം ബ്രാഹ്മണം ബ്രൂമി	അഹം ബ്രാഹ്മണം ബ്രവീമി

അൎത്ഥം:-

ഏതൊരു പുരുഷൻ കൎശരത്വമുപേക്ഷിച്ച് സദാ സത്യഭാഷണം ചെയ്കയും സദുപദേശങ്ങളെല്ലാം നൽകുകയും ചെയ്യുന്നു, ഇതരവിഷയങ്ങളിൽ ലേശംപോലും ആസക്തി ഇല്ലാത്ത അവനേ ഞാൻ ബ്രാഹ്മണനെന്നു പറയുന്നു.

മൂ: 27.

യോ/ധദീഘംവാരസ്സംവാ
അണുംഥൂലംസുഭാസുഭം
ലോകേഅദിന്നംനാ/ദിയതേ
തമഹംബ്രൂമിബ്രാഹ്മണം.

മൂ: ഭാ:-	അന്വ:-	സം:-
യോഇധലോകേദീഘം വാരസ്സംവാഅണുംഥൂലം സുഭാസുഭംഅദിന്നംനാദി യതേതംഅഹംബ്രാഹ്മണം ബ്രൂമി—		യ:ഇഹലോകേദീൎഘംവാഹ്ര സ്വംവാഅണുംസ്ഥൂലംശു ഭാശുഭംവാഅദത്തംനആ ദത്തേതംഅഹംബ്രാഹ്മ ണം ബ്രവീമി —

അൎത്ഥം: —

ഒരുവൻ ഈ ലോകത്തിൽ വലുതോ ചെറുതോ അല്പമോ ബൃഹത്താ ശുഭമോ അശുഭമോ ആയ ഏതെങ്കിലും വസ്തു തനിക്ക് നൽകാതിരിക്കെ അതിനെ സ്വീകരിക്കാതിരിക്കുന്നവനേ ഞാൻ ബ്രാഹ്മണനെന്നു പറയുന്നു.

മൂ: 28.

ആസായസ്സനവിജ്ജന്തി
അസ്മിംലോകേപരംഹിച
നിരാസയംവിസംയുത്തം
തമഹംബ്രൂമിബ്രാഹ്മണം

അന്വ:

മൂ: ഭാ:—	സം: —
അസ്മിംലോകേപരമ്ഹിച യസ്സആസാനവിജ്ജന്തി നിരാസയംവിസായുത്തം തംഅഹംബ്രാഹ്മണംബ്രൂമി	അസ്മിൻലോകേപരസ്മിൻച യസ്യആശാ:നവിദ്യന്തേനിരാ ശയംവിസംയുക്തംതംഅഹം ബ്രാഹ്മണംബ്രവീമി.

അന്വ:—

ഇഹപരലോകങ്ങളിൽ യാതൊരാകാംക്ഷയുമില്ലാത്ത നിരാശനും നിസ്സംഗനുമായ പുരുഷനേ ബ്രാഹ്മണനെന്നു പറയുന്നു.

മൂലം 29.

യസ്സാലയാനവിജ്ജന്തി
അജ്ഞായഅകഥംകഥീ
അമതോഗധംഅനുപ്പത്തം
തമഹംബ്രൂമിബ്രാഹ്മണം.

അന്വ:-

മൂ: ഭാ:-	സം:-
യസ്സ ആലയാനവിജ്ജന്തി	യസ്യ ആലയാഃന വിദ്യന്തേ,(യഃ)
അജ്ഞായ അകഥം കഥീ	ആജ്ഞായഅകഥം കഥീമ, അമൃ
അമതോഗധംഅനുപ്പത്താ	താവഘാതം അനുപ്രാപ്തം തം
തംഅഹംബ്രാഹ്മണംബ്രൂമി	അഹം ബ്രാഹ്മണം ബ്രവീമി.

അന്വ:-

ഏതൊരു പുരുഷൻ തൃഷ്ണാശൂന്യനായി, സമ്യക്ജ്ഞാനത്താൽ സകല സംശയങ്ങളെയും ഛേദിച്ച് അമൃതമായ പദം പ്രാപിച്ചിരിക്കുന്നു, അവനേ ഞാൻ ബ്രാഹ്മണനെന്നു പറയുന്നു.

മൂലം 30.

യോഽധപുഞ്ഞഞ്ചപാപഞ്ച
ഉഭോസങ്ഗംഉപച്ചഗാ
അസോകംവിരജംസുദ്ധം
തമഹംബ്രൂമിബ്രാഹ്മണം.

അന്വ:-

മൂ: ഭാ:	സം:-
ഇധയോ പുഞ്ഞഞ്ച പാപ	ഇഹയഃപുണ്യഞ്ചപാപഞ്ച
ഞ്ച ഉഭോസങ്ഗംഉപച്ചഗാ,	ഉഭൌസങ്ഗംചഉപാത്യഗാൽ
അസോകം വിരജം സുദ്ധം	അശോകംവിരജസംശുദ്ധം
തംഅഹംബ്രാഹ്മണംബ്രൂമി	തംഅഹംബ്രാഹ്മണംബ്രവീമി.

അന:-

ഏതൊരു വ്യക്തി പാപപുണ്യങ്ങൾ രണ്ടിന്റെയും ബന്ധനത്തിൽ നിന്ന വിമുക്തനായിട്ട് ശോകരഹിതനും രജോഗുണശൂന്യനും നിമ്മലചിത്തനമായിരിക്കുന്നു, അപ്രകാരമുള്ള വ്യക്തിയേ ഞാൻ ബ്രാഹ്മണനെന്ന പറയുന്നു.

മൂ: 31

ചന്ദം വ വിമലംസുദ്ധം
വിപ്പസന്നമനാവിലം
നന്ദീഭവപരിക്ഖീണം
തമഹം ബ്രൂമി ബ്രാഹ്മണം.

മൂ: ഭാ:—	അന്വ:	സം.
ചന്ദം വ വിമലം സുദ്ധം വിപ്പസന്നമനാവിലം,നന്ദീ ഭവപരിക്ഖീണംതംഅഹം ബ്രാഹ്മണംബ്രൂമി.		ചന്ദ്രം ഇവവിമലംശുദ്ധംവിപ്രസന്നംഅനാവിലംനന്ദീഭവപരിക്ഷീണംതംഅഹം ബ്രാഹ്മണം ബ്രവീമി.

അന:

ഏതൊരുപുരുഷൻ ചന്ദ്രനേപ്പോലെ നിമ്മലനും പ്രസന്നചിത്തനും പാപരഹിതനുമായിട്ടും സമസ്തസുഖാഭിലാഷങ്ങളെയും സമ്പൂണ്ണം സന്ത്യജിച്ചിരിക്കുന്നു, അവനേ ബ്രാഹ്മണനെന്നു ഞാൻ പറയുന്നു.

മൂ: 32

യോഇമംപലിപഥംദുഗ്ഗം
സംസാരം മോഹ മച്ചഗാ
തിണ്ണോപാരഗതോഝായീ
അനേജോ അകഥംകഥീ
അനുപാദായ നിബ്ബുതോ
തമഹം ബ്രൂമി ബ്രാഹ്മണം.

മൂ: ഭാ:-	അന്വ:	സം.
യോഇമംപലിപഥംദുഗ്ഗം സംസാരംമോഹംഅച്ചഗാ, തിണ്ണോപാരഗതോ ഝായീ		യ:ഇമംപരിപഥംദുർഗ്ഗംസംസാരം മോഹംഅത്യഗാൽ, തീർണ്ണഃപാരഗതഃധ്യായീ,അനേജ: അകഥംകഥീ

അനജോഅകഥാംകഥീ അനുപാദായനിവ്വൃതഃതം
അനുപാദായനിവ്വൃതോ അഹംബ്രാഹ്മണം ബ്രവീമി-
തംഅഹം ബ്രാഹ്മണംബ്രൂമി.

അന:-

യാവനൊരുത്തൻ പ്രതിബന്ധസ്വരൂപവും ദുരതിക്രമവുമായ ഈ സംസാരമോഹത്തെ അതിക്രമിച്ചിരിക്കുന്നു, സംസാരോത്തീണ്ണനും ധ്യാനശീലനും ആശാരാഹിത്യത്താൽ നിശ്ചലചിത്തനും സംശയശൂന്യനുമായ ആ പുരുഷനെ ഞാൻ ബ്രാഹ്മണനെന്നു പറയുന്നു.

മൂ: 33.

യോധകാമേ പഹതാന
അനാഗാരോ പരിവ്വജേ
കാമഭവ പരിക്ഖീണം
തമഹം ബ്രൂമി ബ്രാഹ്മണം

അന്വ:-

മൂ: ഭാ:	സം-:
ഇധയോ കാമേ പഹന്താന	ഇഹയഃ കാമാൻപ്രഹായ
അനാഗാരോ പരിവ്വജേ	അനാഗാരഃ പരിവ്രജേൽ
കാമഭവപരിക്ഖീണം തം	കാമഭവപരിക്ഷീണം തം
അഹം ബ്രാഹ്മണംബ്രൂമി	അഹം ബ്രാഹ്മണം ബ്രവീമി

അന:-

ഈ ലോകത്തിൽ ആരൊരുവൻ സമസ്തവാഞ്ഛകളെയും ത്യജിച്ച് ഗൃഹത്യാഗിയായി സഞ്ചരിക്കുന്നു, ആശാവിരഹിതനായ അവനെ ഞാൻ ബ്രാഹ്മണനെന്നു പറയുന്നു.

മൂ: 34.

യോധതൺഹം പഹതാന
അനാഗാരോ പരിവ്വജേ
തൺഹാഭവപരിക്ഖീണം
തമഹം ബ്രൂമി ബ്രാഹ്മണം.

മൂ: ഭാ:-	അന്വ:-	സം;-
ഇധയോതൺഹംപഹതാന		ഇഹയഃ തൃഷ്ണാംപ്രഹായ
അനാഗാരോ പരിവ്വജേ ത		അനാഗാരഃ പരിവ്രജേൽ

ൻഹാ ഭവപരിക്ഖീണം
തം അഹം ബ്രാഹ്മണം ബ്രൂമി

തൃഷ്ണാഭവപരിക്ഷീണം
തം അഹം ബ്രാഹ്മണം ബ്രവീമി

മൂലം 35.

ഹിത്വാമാനുസകം യോഗം
ദിബ്ബംയോഗം ഉപച്ചഗാ
സബ്ബയോഗവിസംയുത്തം
തമഹം ബ്രൂമി ബ്രാഹ്മണം.

അന്വയം.

മൂ: ഭാ:-

യോമാനുസകം യോഗം ഹിത്വാ ദിബ്ബം യോഗം ഉപച്ചഗാ സബ്ബയോഗ വിസംയുത്തം തം അഹം ബ്രാഹ്മണം ബ്രൂമി.

സം:-

യഃ മാനുഷകം യോഗാഹിത്വാ ദിവ്യം യോഗം ഉപാത്യഗാൽ, സർവ്വയോഗ വിസംയുക്തം തം അഹം ബ്രാഹ്മണം ബ്രവീമി.

അൎഥ:-

ആരൊരുവൻ മാനുഷവും ദിവ്യവുമായ യോഗത്തെ—ആയുസ്സിനേയും പഞ്ചകാമ ഗുണങ്ങളെയും കുറിച്ചുള്ള ആസക്തിയേ—സമ്പൂർണ്ണം പരിത്യജിച്ച് സമസ്ത സംസാരബന്ധങ്ങളിൽനിന്നും വിമുക്തനായിരിക്കുന്നു, അപ്രകാരമുള്ള വ്യക്തിയേ ഞാൻ ബ്രാഹ്മണനെന്നു പറയുന്നു.

മൂലം 36.

ഹിത്വാരതിഞ്ച അരതിഞ്ച
സീതിഭൂതം നിരൂപധിം,
സബ്ബലോകാഭിഭൂം വീരം
തമഹം ബ്രൂമി ബ്രാഹ്മണം.

അന്വയം.

മൂ: ഭാ:

രതിഞ്ച അരതിഞ്ച ഹിത്വാ സീതിഭൂതം നിരൂപധിം സബ്ബലോകാഭിഭൂം വീരം തം അഹം ബ്രാഹ്മണം ബ്രൂമി.

സം:-

രതിഞ്ച അരതിഞ്ച ഹിത്വാ ശീതീഭൂതം നിരുപധിം സർവ്വലോകാഭിഭവം വീരംതം അഹം ബ്രാഹ്മണം ബ്രവീമി.

അ:-

ഏതൊരു വ്യക്തി ഇച്ഛാദ്വേഷങ്ങൾ കൂടാതെ ശാന്തനും ത ൻമൂലം ക്ലേശരഹിതനുമായിട്ട് സകല സംസ്കാരങ്ങൾക്കും അതീ തനായിരിക്കുന്നു, വീൎയ്യവാനായ ആ വ്യക്തിയേ ഞാൻ ബ്രാഹ്മ ണനെന്നുപറയുന്നു.

മൂലം 37.

ചുതിംയോവേദി, സത്താനം
ഉപപത്തിഞ്ചസവ്വസോ
അസത്തംസുഗതംബുദ്ധം
തമഹംബ്രൂമിബ്രാഹ്മണം.

അന്വ:-

മൂ: ഭാ:-
യോസത്താനംചുതിംചഉപ
പത്തിഞ്ചസവ്വസോവേദി,
അസത്തം സുഗതംബുദ്ധം
തംഅഹംബ്രാഹ്മണംബ്രൂമി.

സം:-
യഃ സത്ത്വാനാം ച്യുതിം ച ഉപ
പത്തിം ച സൎവ്വശഃ വേദ, അ
സക്തം സുഗതം ബുദ്ധം തം
അഹം ബ്രാഹ്മണം ബ്രവീമി.

അനു:-

ആരൊരുവൻ സംസാരാസക്തരായ ജനങ്ങളുടെ ജനനമര ണങ്ങളെ എല്ലാവിധത്തിലും അറിയുന്നു, ആസക്തിയില്ലാത്തവനും ഉൽകൃഷ്ടജന്മം ലഭിച്ചവനും ജ്ഞാനിയുമായ അവനേ ഞാൻ ബ്രാ ഹ്മണനെന്നു പറയുന്നു.

മൂലം 38.

യസ്സഗതിംനജാനന്തി
ദേവാഗന്ധബ്ബമാനുസാ
ഖീണാസവംഅരഹന്തം
തമഹംബ്രൂമിബ്രാഹ്മണം.

അന്വ:-

മൂ: ഭാ:-
യസ്സഗതിം ദേവാ ഗന്ധബ്ബ
മാനുസാനജാനന്തി. ഖീണാ
സവംഅരഹന്തംതംഅഹം
ബ്രാഹ്മണം ബ്രൂമി.

സം:-
യസ്യ ഗതിം ദേവാഃ ഗന്ധ
ൎവ്വമാനുഷാഃ ന ജാനന്തി
ക്ഷീണാസവംഅർഹന്തംതം
അഹംബ്രാഹ്മണംബ്രവീമി.

അന്വ:-

ഏതൊരു വ്യക്തിയുടെ ഗതിയേ ദേവഗന്ധർവ്വാദികൾപോലും അറിയുന്നില്ല. പാപശൂന്യനായി അർഹത്വം പ്രാപിച്ച അവനേ ഞാൻ ബ്രാഹ്മണനെന്നു പറയുന്നു.

മൂ: 39.

യസ്സപുരേചപച്ഛാച
മജ്ഝേചനത്ഥികിഞ്ചനം,
അകിഞ്ചനംഅനാദാനം
തമഹംബ്രൂമിബ്രാഹ്മണം-

മൂ: ഭാ:-	സം:-
യസ്സപുരേച പച്ഛാച	യസ്യപുര: ചപശ്ചാൽച
മജ്ഝേചകിഞ്ചനം നത്ഥി	മദ്ധ്യേചകിഞ്ചന നാസ്തി-
അകിഞ്ചനം അനാദാനം	അകിഞ്ചനം അനാദാനം
തം അഹം ബ്രാഹ്മണം ബ്രൂമി	തം അഹംബ്രാഹ്മണം ബ്രവീമി-

അന്വ:-

യാതൊരുവന്ന് മുമ്പിലും പിമ്പിലും മദ്ധ്യത്തിലും യാതൊന്നും ഇല്ലാ രാഗാദിശൂന്യനും അനാസക്തനുമായ അവനെ ഞാൻ ബ്രാഹ്മണനെന്നു പറയുന്നു.

മൂലം 40.

ഉസഭം പവരംവീരം
മഹേസിം വിജിതാരിനം
അനേജം ന്ഹാതകം ബുദ്ധം
തമഹം ബ്രൂമി ബ്രാഹ്മണം

അന്വ:-

മൂ: ഭാ:-	സം:-
ഉസഭം പവരം വീരം	ഋഷഭം പ്രവരം വീരം
മഹേസിം വിജിതാരിനം	മഹർഷിം വിജിതാരിം
അനേജം നഹാതകം	അനേജം(നിഷ്കമ്പം) സ്നാത
ബുദ്ധംതമഹംബ്രൂമിബ്രാഹ്മണം	കം വിധൌതം ബുദ്ധം
	തം അഹംബ്രാഹ്മണംബ്രവീമി

അന്വ:—

ഏതൊരു വ്യക്തി വൃഷതുല്യം നിർഭയനായിരിക്കുന്നു, മഹാനും ശൂരനുമായിരിക്കുന്നു, മഹർഷിയും മാരജിത്തുമായിരിക്കുന്നു ഏതൊരു വ്യക്തിയുടെ ചിത്തം നിഷ്കമ്പമായിരിക്കുന്നു. ജ്ഞാനത്താൽ കന്മഷരഹിതനായി ആര്യസത്യങ്ങൾ നാലും ഗ്രഹിച്ച ആ പുരുഷനേ ഞാൻ ബ്രാഹ്മണനെന്നു പറയുന്നു.

41.

പൂർവ്വേനിവാസംയോവേദി
സഗ്ഗാപായഞ്ചപസ്സതി
അഥോജാതിക്ഖയംപത്തോ
അഭിജ്ഞാവോസിതോമുനി
സവ്വവോസിതവോസാനം
തമഹംബ്രൂമിബ്രാഹ്മണം.

മൂ: ഭാ —	അന്വ:—
യോമുനിപൂർവ്വേനിവാസം	യ:മുനിപൂർവ്വനിവാസം
വേദിസഗ്ഗാപായഞ്ചപസ്സതി	വേദസ്വർഗ്ഗാപായഞ്ച
അഥോജാതിക്ഖയംപ	പശ്യതിഅഥജാതിക്ഷ
ത്തോഅഭിജ്ഞാവോ	യംപ്രാപ്ത:അഭിജ്ഞാ
സിതോസവ്വവോസിത	വ്യവസിത:സർവ്വവ്യവ
വോസാനംതംഅഹം	സിതവ്യവസായംതം
ബ്രാഹ്മണംബ്രൂമി—	അഹംബ്രാഹ്മണംബ്രവിമി —

അന്വ: —

ഏതൊരു മുനി പൂർവ്വജന്മത്തെയും സ്വർഗ്ഗനരകങ്ങളെയും ജ്ഞാനദൃഷ്ടിയാൽ അറിഞ്ഞിരിക്കുന്നു, പുനർജ്ജന്മരാഹിത്യത്തെ സാധിച്ച് ധർമ്മത്തെ സമ്പൂർണ്ണമായി ഗ്രഹിച്ച് സമസ്തകാര്യങ്ങളെയും സാധിച്ചിരിക്കുന്നു. അപ്രകാരമുള്ള പുരുഷനെ ഞാൻ ബ്രാഹ്മണനെന്നു പറയുന്നു.

ഷഡ്വിംശതിതമഃ

സമാപ്തം.